# ധനകാര്യം

## 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ ഏഴാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2015-16 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ബഡ്ജറ്റ് എസ്റ്റിമേറ്റ് 2015-16 | | | | | | |
|---|---|---|---|---|---|---|
| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | 23-03-2015-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ (രൂപ) |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| (1) | (2) | (3) | (4) | (5) | (6) | (7) |
| II | സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 206,24,88,000 | .. | 412,49,77,000 | .. | 412,49,77,000 |
| III | നീതിന്യായ നിർവ്വഹണം | 191,89,56,000 | .. | 383,79,13,000 | .. | 383,79,13,000 |

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയേയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന വിഷയനിർണ്ണയ സമിതിയുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

## ഖണ്ഡനോപക്ഷേപങ്ങൾ

ധനാഭ്യർത്ഥന നമ്പർ II- സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ
ധനാഭ്യർത്ഥന നമ്പർ III- നീതിന്യായ നിർവ്വഹണം

(ഖണ്ഡനോപക്ഷേപത്തിന് നോട്ടീസ് നൽകിയ ശ്രീ. കെ. ബി. ഗണേഷ് കുമാർ സീറ്റിലില്ലാതിരുന്നതിനാൽ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല)

മി. സ്പീക്കർ: ചെയർ ഒരു കാര്യം പ്രത്യേകം ശ്രദ്ധയിൽ കൊണ്ടുവരുന്നു. നോമ്പുകാലമാണ് വളരെ ദീർഘമായി സഭ നീണ്ടുപോകുന്നത് ശരിയല്ല. അതുകൊണ്ട് സമയത്തിനുള്ളിൽ നിന്നുകൊണ്ടുതന്നെ ബഹുമാനപ്പെട്ട അംഗങ്ങൾ

സംസാരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

**ചർച്ച**

ശ്രീ. ഇ. പി. ജയരാജയൻ: ഏത് ബഡ്ജറ്റിനെക്കുറിച്ചാണ് ഇവിടെ ചർച്ച ചെയ്യേണ്ടത്. കുറച്ച് ലഡുവും തിന്നു കൂക്കിവിളിച്ചുപോയ ബഡ്ജറ്റോ. അതുകൊണ്ടുതന്നെ ഞങ്ങൾ ഈ സബ്ജക്ട് കമ്മിറ്റിയിലൊന്നും പങ്കെടുത്തിട്ടില്ല. കാരണം, ഒരു ശരിയായ നിലപാട് സ്വീകരിക്കാൻ ഇവിടെ ഭരണകക്ഷികൾ തയ്യാറായില്ല. വളരെ ന്യായമായ കാര്യം ഈ സഭയിൽ ഉന്നയിച്ചാൽ പോലും ജനാധിപത്യ രീതിയനുസരിച്ച്, പ്രതിപക്ഷ ബഹുമാനമനുസരിച്ചുള്ള ഒരു സമീപനം സ്വീകരിക്കുക എന്നത് നിങ്ങളുടെ അടുത്തുകൂടെ കടന്നുപോയിട്ടില്ല. ഇതിന്റെ ഫലമായി, ഇവിടെ ബഡ്ജറ്റൊന്നും അവതരിപ്പിച്ചിട്ടില്ല. മാണി സാർ വന്ന് എവിടെയോ നിന്നു, അവിടെനിന്ന് കൈകൊണ്ട് എന്തോ കാണിച്ചു. സ്പീക്കർ കണ്ണുകൊണ്ടു കാണിച്ചു. ഇത് ബഡ്ജറ്റാകുമോ;

ശ്രീ. ജോസഫ് വാഴയ്ക്കൻ: നിങ്ങൾ കസേര വലിച്ചെറിഞ്ഞു.

ശ്രീ. ഇ. പി. ജയരാജൻ: കസേര മാത്രമല്ല ആകെ എടുത്തെറിയേണ്ടതായിരുന്നു. അതാണ് നിങ്ങളിവിടെ കാണിച്ചത്. അതുകൊണ്ട് ഇവിടെ നിങ്ങൾക്ക് ഒരു ആത്മാർത്ഥതയുമില്ല. ഈ

സംസ്ഥാനത്തിന്റെ കാര്യങ്ങളിലൊന്നും സത്യസന്ധതയും നീതിപൂർവ്വമായ സമീപനങ്ങളും, പ്രത്യേകിച്ച് മുഖ്യമന്ത്രിയുടെ ഭാഗത്തില്ല, കോൺഗ്രസ്സിന്റെ ഭാഗത്തില്ല. അപ്പുറത്തിരിക്കുന്ന ബഹുമാന്യരായ മുസ്ലീംലീഗ് നേതാക്കൾ, നിങ്ങൾ ഇതെല്ലാം പേറി നടക്കണോ; ശരിയായ നിലയിലേയ്ക്ക് കാര്യങ്ങൾ കൊണ്ടുപോകാൻ നിങ്ങളുടെ ശബ്ദങ്ങളൊന്നും ഉയരുന്നില്ലല്ലോ; ഇങ്ങനെ നിങ്ങൾ ദുർബ്ബലരാകേണ്ട കാര്യമെന്താണ്; നിങ്ങളുടെ ചെലവിൽ കോൺഗ്രസ്സ് കഴിഞ്ഞുകൂടുകയാണ്. കോൺഗ്രസ്സിന്റെ ചെലവിലൊന്നുമല്ല നിങ്ങൾ കഴിയുന്നത്. കേരള കോൺഗ്രസ്സുണ്ട്, ശ്രീ. പി. ജെ. ജോസഫ് കുറച്ചൊക്കെ കാര്യങ്ങൾ പറയുമായിരുന്നു. നിങ്ങളെന്തിനാണ് ഇങ്ങനെ ഒരു ദുർബ്ബലത കാണിക്കുന്നത്? ഒരു നിയമസഭയുടെ അന്തസ്സും പരിപാവനതയും ജനാധിപത്യരീതിയും സ്വീകരിച്ച് പ്രവർത്തിക്കാൻ തയ്യാറല്ലാത്ത ഒരു നിലപാട് നിങ്ങൾ സ്വീകരിച്ച് ഇതിനെ അലങ്കോലപ്പെടുത്തി. ഇവിടെ ഇങ്ങനെ വന്ന് ഞങ്ങൾ സംസാരിക്കുന്നില്ലേ, ജനങ്ങൾ കേൾക്കട്ടെ, ഈ നാട് അറിയട്ടെ. ഞങ്ങൾ ഇവിടെനിന്ന് ബഹിഷ്ക്കരിച്ച് പോയാൽ നിങ്ങൾക്ക് നല്ല സുഖം. വേഗം ഇതെല്ലാം പാസ്സാക്കി, സഭയും ചേരണ്ട, ചർച്ചയും ചെയ്യണ്ട, വേഗത്തിലങ്ങ് പോകാം. ഇത് ധരിച്ചാണ് നിങ്ങൾ പലരും അവിടെ ഇരിക്കുന്നത്. ഞങ്ങൾ

ഏതായാലും അതിന് തയ്യാറല്ല. ഇതെല്ലാം ജനങ്ങളോട് പറയുക എന്ന നിലപാടുതന്നെയാണ് ഞങ്ങൾ സ്വീകരിക്കുന്നത്. അതുകൊണ്ട് ഞങ്ങൾക്ക് പറയാനുള്ള കാര്യം പറയുകയാണ്. കാരണം, ഈ രാജ്യത്തെ ജനങ്ങളോട് ഞങ്ങൾക്ക് പ്രതിബദ്ധതയുണ്ട്. ഈ നാട്ടിൽ ശരിയായ നിലയിൽ കാര്യങ്ങൾ പോകണമെന്ന് ഞങ്ങൾക്ക് നിർബന്ധമുണ്ട്. അതുകൊണ്ട് ഞങ്ങളുടെ ശബ്ദമുള്ളിടത്തോളം കാലം ഞങ്ങൾ വിളിച്ചുപറയും. നിങ്ങളുടെ ചെവികളെല്ലാം അടഞ്ഞുകിടക്കുകയാണ്. എങ്കിലും ഈ രാജ്യത്തെ ജനങ്ങളുടെ ചെവി അടഞ്ഞിട്ടില്ല. അവർ ഇത് കേൾക്കട്ടെ. യു.ഡി.എഫ്.-ന്റെ ഭരണം നാല് വർഷക്കാലം പിന്നിട്ടുകഴിഞ്ഞു. ഏറ്റവും സങ്കീർണ്ണമായ കുഴഞ്ഞുമറിഞ്ഞ ഒരു രാഷ്ട്രീയ സാഹചര്യമാണ് കഴിഞ്ഞ ഒരു വർഷക്കാലമായി കേരളത്തിൽ കാണുന്നത്. കഴിഞ്ഞ ഒരു വർഷക്കാലത്തിനിടയിൽ ഇവിടെ ഉയർന്നുവന്നിട്ടുള്ള ഒട്ടനവധി വിഷയങ്ങളുണ്ട്. ഇതിൽ ഏതെങ്കിലും ഒന്ന് തെറ്റാണെന്ന് പറയാൻ പറ്റുമോ; ഇതിനോടെല്ലാം നിങ്ങൾ സ്വീകരിച്ച നിലപാടെന്താണ്; എല്ലാ തെറ്റുകളെയും ന്യായീകരിക്കാനും എല്ലാ തെറ്റുകളെയും സംരക്ഷിക്കാനും എല്ലാ ജീർണ്ണതകളെയും സംരക്ഷിക്കാനും നിങ്ങൾ ഇറങ്ങിപ്പുറപ്പെട്ടു. അതിനുവേണ്ടി നിങ്ങൾ എവിടെവരെയെത്തി. ഐ.എ.എസ്.

ഉദ്യോഗസ്ഥരെ, ആർ.ഡി.ഒ.മാരെ, തഹസിൽദാർമാരെ, വില്ലേജ് ഓഫീസറെ, ഉദ്യോഗസ്ഥ വൃന്ദത്തെ മുഴുവൻ നിങ്ങൾ അതിനുവേണ്ടി ദുരുപയോഗപ്പെടുത്തിയില്ലേ; ജുഡീഷ്യറിയെപ്പോലും നിങ്ങൾ ദുരുപയോഗപ്പെടുത്തിയില്ലേ; ഇതിന്റെയൊക്കെ ഫലം എന്താണ്; നിങ്ങൾ അല്പനേരമെങ്കിലും ഈ നാടിനെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടോ; ഞങ്ങൾ പറയുന്നത് സത്യസന്ധമായുള്ള കാര്യങ്ങളാണ്. ഒരു പ്രതിപക്ഷം നിർവ്വഹിക്കേണ്ട കാര്യമാണ്. ഇവിടെ മാധ്യമങ്ങൾ ഒരു പ്രധാന ഘടകമാണ്. ആ മാധ്യമങ്ങളിൽ വരുന്ന കാര്യങ്ങളെല്ലാം തെറ്റാണെന്ന് പറയാൻ പറ്റുമോ; ഇവിടെ അടുത്തകാലത്ത് മാധ്യമങ്ങൾ....... ഈ സഭയിലൊന്നും പറയാൻ പറ്റില്ല, അത്രമാത്രം ജീർണ്ണതയിലേയ്ക്ക് എത്തിയില്ലേ; ഇതിന്റെയെല്ലാം സിരാകേന്ദ്രം മുഖ്യമന്ത്രിയുടെ ഓഫീസല്ലേ; മന്ത്രിമാരുടെ ഓഫീസുകളല്ലേ; മന്ത്രിമാരും എം.എൽ.എ.മാരായിട്ടുള്ളവരല്ലേ, നിങ്ങൾ ഏതെങ്കിലും ഒരു കാര്യത്തെക്കുറിച്ച് പരിശോധിച്ച് ഒരു തിരുത്തൽ പ്രക്രിയയ്ക്ക് ഇന്നുവരെ തയ്യാറായോ; നിങ്ങൾ ഒരു തിരുത്തൽ പ്രക്രിയയ്ക്ക് തയ്യാറാകണ്ടേ; നിങ്ങൾ ഈ ഭരണത്തെക്കുറിച്ച്, നിങ്ങൾക്ക് എല്ലാ കാലത്തും ഇതുപോലെ അധികാരത്തിൽ ഇരിക്കാൻ സാധിക്കുമെന്നാണോ; അതിന്റെയെല്ലാം പോർക്കളമാണ്

അരുവിക്കര. അരുവിക്കരയിൽ നിങ്ങൾ ജയിക്കുമെന്ന് നിങ്ങൾ പറയുന്നുണ്ട്. ഞങ്ങൾ ജയിക്കുമെന്ന് ഞങ്ങളും പറയുന്നു. അതൊക്കെ നാളെ വരാൻ പോകുകയല്ലേ; 24 വർഷക്കാലമായി നിങ്ങൾ കൈവശംവച്ച സീറ്റാണ്. സ്റ്റാറ്റസ്കോ വരുമോ അതോ ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായി അവിടെ ഇരിക്കുമോ; അത് നാളെക്കാണാം. അവിടെ യു.ഡി.എഫ്. പരാജയപ്പെടുന്നതോടുകൂടി ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഭരണം അവിടെത്തകരും. യു.ഡി.എഫ്. തോൽക്കുമെന്നുതന്നെയാണ് ഞാൻ മനസ്സിലാക്കുന്നത്. ശ്രീ. ഉമ്മൻ ചാണ്ടിയുടെ കസേര പുറത്തുപോയാൽ ആ കസേര നോക്കിയിരിക്കുന്നവർ ഇപ്പോൾ ഉണ്ടാകും. പക്ഷെ ഡൽഹിയിലുള്ള ശ്രീ. രാഹുൽ ഗാന്ധി ആരെയാണ് നിശ്ചയിക്കുകയെന്ന് അറിയില്ല. ഏതായാലും ഈ കേരളത്തിന്റെ രാഷ്ട്രീയ രംഗത്തും ഭരണ രംഗത്തും ഒരു പ്രത്യാഘാതം സൃഷ്ടിക്കുന്നത് തന്നെയായിരിക്കും നാളത്തെ ഫലം. ഒരു മഹാദുരന്തം നാളെ സംഭവിക്കുമെന്ന് ഞാൻ കരുതുന്നില്ല. യു.ഡി.എഫ്. വിജയിക്കുന്ന ഒരു മഹാദുരന്തം നാളെ സംഭവിക്കില്ല. കേരളത്തിൽ അങ്ങനെയൊരു ദുരന്തം ഉണ്ടാകരുതെന്നുതന്നെയാണ് ആഗ്രഹിക്കുന്നത്. കഴിഞ്ഞ ഒരു വർഷക്കാലം ഈ സംസ്ഥാനത്തിന്റെ ഭരണരംഗത്ത് എന്ത് ജനക്ഷേമകരമായ

പ്രവർത്തിയാണ് നിങ്ങൾക്ക് നടത്താൻ സാധിച്ചത്. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം അതിരൂക്ഷമാണ്. വിലക്കയറ്റം പിടിച്ചുനിർത്താനും ആശ്വാസം കൊടുക്കാനുമുള്ള രണ്ട് പ്രധാനപ്പെട്ട സ്ഥാപനങ്ങളായിരുന്നു കൺസ്യൂമർഫെഡും സിവിൽ സപ്ലൈസ് കോർപ്പറേഷനും. നിങ്ങളുടെ ഗ്രൂപ്പ് പോരാട്ടവും കിടമത്സരങ്ങളും അഴിമതിയുടെ വ്യാപ്തിയും കൊണ്ട് രണ്ടും തകർന്നില്ലേ; കൺസ്യൂമർഫെഡ് ഇപ്പോൾ എവിടെയത്തിനിൽക്കുന്നു. അഴിമതികൊണ്ട് നശിച്ചുകിടന്നില്ലേ; അതിൽ നടക്കുന്നത് ഗ്രൂപ്പുപോരല്ലേ; കഴിഞ്ഞ നാല് കൊല്ലക്കാലത്തിനുള്ളിൽ പൊതു വിതരണ രംഗത്ത് അതിരൂക്ഷമായ വിലക്കയറ്റം; അരിയുടെ വില 18 രൂപയിൽനിന്നും 40 രൂപയായി വർദ്ധിച്ചു. ഉഴുന്നിന്റെ വില 38 രൂപയിൽനിന്നും 180 രൂപയായി വർദ്ധിച്ചു. എല്ലാ നിത്യോപയോഗ സാധനങ്ങൾക്കും വില വർദ്ധിച്ചില്ലേ; എന്തെങ്കിലും ഒരു നടപടി സ്വീകരിക്കാൻ സാധിച്ചോ; കേരളത്തിൽ വിലക്കയറ്റം കഴിഞ്ഞാൽ ഏറ്റവും വലിയ പ്രശ്നമാണ് തൊഴിലില്ലായ്മ. അത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; തൊഴിലില്ലാത്തവർക്ക് ആശ്വാസം കൊടുക്കുന്നതാണ് എൻ.ആർ.ഇ.ജി. (തൊഴിലുറപ്പു പദ്ധതി). അത് കേന്ദ്ര ഗവൺമെന്റ് വെട്ടിച്ചുരുക്കുന്നു. ആ പദ്ധതി

വ്യാപിപ്പിക്കണം, പട്ടണ പ്രദേശങ്ങളിലൊക്കെ അത് ഫലപ്രദമായി നടപ്പിലാക്കണം എന്ന പൊതുവികാരത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും ഒരു നടപടി സ്വീകരിക്കാൻ സാധിച്ചോ; ശ്രീ. ബെന്നി ബെഹനാൻ, താടിക്ക് കൈകൊടുത്തിരുന്നിട്ട് കാര്യമില്ല, എന്തെങ്കിലും സാധിച്ചിട്ടുണ്ടോ; ഇവിടെ തൊഴിലുറപ്പ് പദ്ധതിയുടെ സ്ഥിതി അതാണ്. ആശുപത്രിയെക്കുറിച്ചൊക്കെ ഇവിടെ പറയുന്നുണ്ട്. ഏത് ആശുപത്രിയിലാണ് മരുന്നുള്ളത്; ഏത് ആശുപത്രിയിലാണ് ആവശ്യത്തിന് ഡോക്ടർമാരും നെഴ്സുമാരുമുള്ളത്. നിങ്ങൾ ഇവിടെ പ്രസംഗിച്ചോ, പക്ഷെ രാജ്യത്തിന്റെ സ്ഥിതി അതല്ല. ഇവിടെ എത്രയോ പനികളാണുള്ളത്. ശ്രീ. കെ. രാധാകൃഷ്ണൻ ഇപ്പോൾ പറഞ്ഞ ഒരു കറുപ്പുപനി, ഡെങ്കിപ്പനി, പന്നിപ്പനി, കുരങ്ങുപനി, എലിപ്പനി, അതുപോലെ കോളറ തിരിച്ചുവരികയാണ്. എന്തൊക്കെ പനികളാണ് രാജ്യത്ത്. പ്രതിരോധിക്കാൻ നിങ്ങളുടെ ഭാഗത്ത് ഒന്നുമില്ല. ഞങ്ങൾക്ക് ജനങ്ങളോടുള്ള ഉത്തരവാദിത്വംകൊണ്ട് ഞങ്ങൾ ഒരു കാര്യം ചെയ്തിട്ടുണ്ട്, മാലിന്യ നിർമ്മാർജ്ജനം. വർഷകാലം ആരംഭിക്കുന്നതിന് മുമ്പുള്ള ശുചീകരണ പ്രവർത്തികൾ നടത്തി നാടിനോടുള്ള ഞങ്ങളുടെ പ്രതിബദ്ധത നിർവ്വഹിച്ചു. ഒരു നല്ല വാക്ക് മുഖ്യമന്ത്രി പറഞ്ഞോ; നിങ്ങൾക്ക് അത് പറയാൻ

സാധിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. പക്ഷെ ഭരണത്തിനപ്പുറത്ത് ജനകീയ താൽപ്പര്യങ്ങൾ നോക്കി ഞങ്ങൾ അത്തരമൊരു നിലപാട് സ്വീകരിക്കുന്നു. ഔഷധ രംഗത്ത് ആവശ്യമുള്ള ഔഷധങ്ങളില്ല. മരുന്നിന് എത്ര രൂപയാണ് വർദ്ധിച്ചത്. സാധാരണക്കാർക്ക് മരുന്ന് വാങ്ങി ആരോഗ്യം സംരക്ഷിക്കാൻ കഴിയാത്ത സ്ഥിതിയിലെത്തിച്ചില്ലേ; നമ്മുടെ പരമ്പരാഗത വ്യവസായം മുഴുവൻ തകർന്നില്ലേ; ചെറുകിട വ്യവസായങ്ങൾ തകർന്നില്ലേ; വൻകിട – ചെറുകിട അല്ലാത്ത വ്യവസായങ്ങളുടെ അടിസ്ഥാന വികസനത്തിനുവേണ്ടി 1222 കോടി രൂപ നിങ്ങൾ കഴിഞ്ഞ ബഡ്ജറ്റിൽ നീക്കിവച്ചു. എത്രയാണ് യൂട്ടിലൈസേഷൻ - സീറോ പെർസന്റേജ്. കേന്ദ്രാവിഷ്കൃത പദ്ധതികൾ വല്ലതും നിങ്ങൾ ഉപയോഗിച്ചോ; അത് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ തകരാറല്ല. കൊടുക്കാൻ ഇവിടെ പണമില്ല. പ്രൊപ്പോസൽ വന്നത് തള്ളിക്കളയുകയാണ്. കരാർ പ്രവൃത്തികൾ എടുത്തില്ല, കരാർ പണികൾ വല്ലതും ഇപ്പോൾ നടക്കുന്നുണ്ടോ; വികസനത്തിന്റെ ഉന്നത കേന്ദ്രമായ അരുവിക്കരയിൽ നിങ്ങളെല്ലാവരും ഉണ്ടായിരുന്നല്ലോ, അവിടെ കണ്ടല്ലോ; മുഖ്യമന്ത്രി സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ കുണ്ടും കുഴിയിലും വീഴുമ്പോഴുള്ള പടമെടുക്കാൻ ശ്രമിച്ച ഒരു പത്രപ്രവർത്തകനെ തല്ലി. പൊൻമുടിയിലേയ്ക്ക് പോകുന്ന

റോഡുകളിൽ നിങ്ങൾ സഞ്ചരിച്ചിട്ടുണ്ടാകും, തരക്കേടില്ല. അത് പൊൻമുടി ടൂറിസ്റ്റ് കേന്ദ്രത്തിലേയ്ക്കുള്ള റോഡാണ്. നിങ്ങളെല്ലാം പോയിട്ടുണ്ടല്ലോ, വേറെ എവിടെയാണ് റോഡ്. അരുവിക്കരയിലെ റോഡുകൾ കുണ്ടും കുഴിയും നിറഞ്ഞ് മനുഷ്യർക്ക് നടന്നുപോകാൻ സാധിക്കുമോ; നിങ്ങളുടെ വികസനത്തിന്റെ കേന്ദ്രമല്ലെ അവിടെ. എം.എൽ.എ. ആയി 24 വർഷക്കാലം നിങ്ങളവിടെ ഭരിച്ചല്ലോ; ഒരു ഇലക്ഷൻ വരുന്നുണ്ടെന്ന് ധരിച്ചിട്ടെങ്കിലും നിങ്ങൾ ചെയ്തോ; നിങ്ങൾ ചെയ്യില്ല. ചെയ്യണമെങ്കിൽ ഖജനാവിൽ പണം വേണ്ടേ; ഖജനാവ് എല്ലാം കാലിയടിച്ചില്ലേ? ഇടതുപക്ഷ ഗവൺമെന്റ് പോകുമ്പോൾ 78,000-ൽ പരം കോടി രൂപ കേരളത്തിന് ബാധ്യതയുണ്ടായിരുന്നു, ഇപ്പോഴെത്രയാണ്; 1,34,000 കോടിരൂപ. കടം ഇരട്ടിയാക്കി വർദ്ധിപ്പിച്ചു. കിട്ടാവുന്നിടത്തുനിന്നെല്ലാം കടം വാങ്ങിയില്ലേ; ഇനി എവിടെനിന്നെങ്കിലും നിങ്ങൾക്ക് ആരെങ്കിലും കടം തരുമോ; ലിക്വിഡേറ്റ് ചെയ്യുന്ന ഒരു ഗവൺമെന്റായി തീർന്നില്ലേ; കേരളത്തെ കടത്തിൽ മുക്കി. ഈ നാടിന്റെ ഒരു പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ നിങ്ങൾക്ക് സാധിച്ചില്ല.

സാർവ്വത്രികമായിട്ട്... ബാർ കേസുകളുടെ വിശദാംശങ്ങളൊക്ക നേരത്തെ ഇവിടെ വിശദീകരിച്ചു. ഞാൻ അതിന്റെ ആവർത്തനത്തിലേയ്ക്ക് പോകുന്നില്ല.

വിജിലൻസ് കേസിൽ കേന്ദ്ര സർക്കാരിന്റെ അഭിഭാഷകരുടെ അഭിപ്രായം കേരളത്തിന്റെ ചരിത്രത്തിൽ ഇതിനുമുൻപ് തേടിയിട്ടുണ്ടോ; എന്തിനാണിപ്പോൾ അഭിഭാഷകരോട് അഭിപ്രായം തേടിയത്. നിങ്ങളുടെ ലക്ഷ്യമെന്താണ്; ഞങ്ങളല്ല, ശ്രീ. കെ. എം. മാണി, നിങ്ങളെ ചീത്തയാക്കി, നന്നാക്കി അടുപ്പിച്ചു നിർത്തുക എന്നുള്ള രാഷ്ട്രീയം പ്രയോഗിക്കുകയായിരുന്നു ഇവിടെ. നിങ്ങളെ ചീത്തയാക്കിയതും അവരാണ്, നിങ്ങളെ ഇപ്പോൾ കൊണ്ടു നടക്കുന്നതും അവരാണ്. അവസാനം നിങ്ങളെ കൊണ്ടുപോയി നശിപ്പിക്കുന്നതും അവരായിരിക്കും. അത് കോൺഗ്രസിനോട് ചേർന്നിട്ടുള്ള കാലഘട്ടങ്ങളിൽ എല്ലാവരും അനുഭവിച്ചിട്ടുള്ളതാണ്. ഇത്തരം നിലപാടുകൾ സ്വീകരിച്ചു കൊണ്ടാണ് ഇവിടെ ഓരോ കാര്യങ്ങളും നീക്കിക്കൊണ്ടിരിക്കുന്നത്.

കുറ്റപത്രം നൽകേണ്ടതില്ലെന്ന് വിജിലൻസ് ഡയറക്ടർ വിൻസെന്റ് എം. പോൾ ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകി. എത്രമാത്രം തെറ്റായ നിലപാടാണ് നിങ്ങൾ സ്വീകരിച്ചത്; ഇല്ലെന്ന് രാവിലെ പറഞ്ഞു. നമുക്ക് കാണാം. ഇനി വരും ദിവസങ്ങളുണ്ടല്ലോ, നിങ്ങൾ എന്തു നിലപാടാണ് സ്വീകരിച്ചതെന്ന് വരും ദിവസം തെളിയിക്കട്ടെ. ഇപ്പോൾ തന്നെ നിങ്ങളതിൽ ഇടപെട്ടിട്ടുണ്ട്. ഇപ്പോൾ നിങ്ങൾ ചോദിച്ചുകൊണ്ടിരിക്കുന്ന ഒരു കാര്യം, ബാർ

കോഴ അഴിമതി പ്രശ്നം വന്നപ്പോൾ കോഴ ചോദിച്ചതിനു തെളിവില്ലെന്നുള്ളതാണ്. ഞാൻ തിരിച്ചൊരു ചോദ്യം ചോദിക്കാം. ഇന്നലെ എറണാകുളത്ത് ഒരു ആർ.ഡി.ഒ.-യെ അറസ്റ്റ് ചെയ്തില്ലേ; ചോദിച്ചതിന് തെളിവുണ്ടോ? ഇങ്ങനെയാണോ കേസ് അന്വേഷണം നടക്കേണ്ടത്. ഇങ്ങനെ അന്വേഷിച്ചാൽ നിങ്ങൾക്ക് ഏതെങ്കിലുമൊരു അഴിമതിക്കേസിൽ ആരെയെങ്കിലും ശിക്ഷിക്കാൻ പറ്റുമോ? ഏതെങ്കിലും ഒരു കേസിൽ കുറ്റപത്രം തയ്യാറാക്കാൻ സാധിക്കുമോ; ഇതുവരെ നമ്മൾ സ്വീകരിച്ചുവന്നിരുന്ന നടപടികളിൽനിന്നും വ്യത്യസ്തമായ നിലപാട് നിങ്ങളെന്തിനുവേണ്ടി സ്വീകരിച്ചു? ഇവിടെ പണം ചോദിച്ചതിനു തെളിവില്ല. കൈപ്പറ്റി.... കൊടുത്ത ആൾ കൊടുത്തു എന്നുപറയുന്നു. നിങ്ങൾ തന്നെ ഒന്ന് ആലോചിച്ചുനോക്കു, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഇവിടുത്തെ ഏറ്റവും വലിയ ബിസിനസ്സുകാരനല്ലേ ഡോ. ബിജു രമേശൻ. നിങ്ങൾക്കൊക്കെ ഏറ്റവും വേണ്ടപ്പെട്ട, നിങ്ങളുടെ പാർട്ടിക്കാരനാണല്ലോ. ഏറ്റവും വിശ്വസ്തൻ. നിങ്ങൾക്ക് അറിയാവുന്ന ആളല്ലേ. രമേശൻ മുതലാളിയുടെ... പിന്നെ ആരാണ്.... നിങ്ങളൊന്ന് അന്വേഷിച്ചു നോക്ക്, ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, മറ്റേ ഗ്രൂപ്പിലായിരിക്കും അയാൾ. ബിജു രമേശ് ഒരു ബിസിനസുകാരനാണ്. കൊടുക്കാത്തൊരു കൈക്കൂലി

കൊണ്ടുക്കൊടുത്തെന്ന് അയാൾ പറയുമോ. ഇത് ആരെങ്കിലും വിശ്വസിക്കുമോ; ഇത് ആരെക്കുറിച്ചാണ് പറയുന്നത്; ഒരു മന്ത്രിയെക്കുറിച്ച് അങ്ങനെ ആരെങ്കിലും പറയുമോ; 10 കോടി രൂപ മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവിന് കൊടുത്തു. കൊടുക്കാത്ത പണം കൊടുത്തെന്ന് ഈ മുതലാളിമാർ ആരെങ്കിലും പറയുമോ; നിങ്ങൾ പറയുന്നത് മുഴുവൻ വിശ്വസിക്കാൻ ഈ ജനങ്ങളത്ര വിഡ്ഢികളല്ലെന്ന് നിങ്ങളാദ്യം മനസ്സിലാക്കണം. കൊടുക്കാതെ ഒരാളും പറയില്ല. കൊടുത്തത് തെറ്റ്, കൊടുക്കാൻ പാടില്ല. ഇതുസംബന്ധിച്ച് ഒരു നിലപാട് സ്വീകരിച്ചുപോകുകയല്ലല്ലോ നിങ്ങൾ ചെയ്തത്. കൊടുക്കുന്നതും വാങ്ങുന്നതും തെറ്റ്. കേസെടുക്കണം. നിങ്ങൾ കേസെടുത്തോ. എന്താണ് കേസെടുക്കാൻ കഴിയാത്തത്; നിങ്ങളിതിന്റെയൊരു ഭാഗമായി തീർന്നിരിക്കുകയാണ്. കോഴ കൈപ്പറ്റി. 418 ബാറുകൾക്ക് ലൈസൻസ് കൊടുക്കുന്നതിനുവേണ്ടി ഉണ്ടാക്കിയ വ്യവസ്ഥയുടെ ഭാഗമായിട്ട് പണം വാങ്ങി. ഈ പറയുന്നതിന് അപ്പുറത്തും പണം വാങ്ങി. കുറച്ചുമാത്രമെ വന്നിട്ടുള്ളൂ. ഇതൊക്കെ നമ്മുടെ നാട്ടിൽ നടക്കാൻ പാടില്ലാത്തതാണ്. ഈ പ്രശ്നങ്ങളോട് നീതിപൂർവ്വമുള്ള ഒരു സമീപനമല്ല സ്വീകരിച്ചത്. ഇത് നമ്മുടെ രാജ്യത്തിന്റെ മുന്നിൽ കൊടുത്തുകൊണ്ടിരിക്കുന്ന

സന്ദേശം അങ്ങേയറ്റം അപകടകരമായിട്ടുള്ള ഒരു സ്ഥിതിവിശേഷത്തെയാണ് കൊണ്ടുചെന്നെത്തിക്കുക. അതുകൊണ്ട് നമ്മുടെ നിയമസഭയുടെ ചരിത്രത്തിൽപ്പോലും ഇല്ലാത്തവിധം ഈ സ്ഥിതിവിശേഷങ്ങളാകെ, കേരളത്തിന്റെ സ്ഥിതിഗതികളാകെ വഷളാക്കിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് വിലക്കയറ്റം, തൊഴിലില്ലായ്മ, അഴിമതി...

നമ്മുടെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെയില്ല. ജൂൺ ഒന്നാം തീയതി സ്കൂൾ തുറക്കുമെന്ന് ആർക്കാണ് അറിയില്ലാത്തത്; ശ്രീ. ബെന്നി ബെഹനാൻ, ജൂൺ ഒന്നാം തീയതി സ്കൂൾ തുറക്കില്ലേ; സ്കൂളിൽ പോകുമ്പോൾ കുട്ടികൾക്ക് പുസ്തകം വേണ്ടേ; നിങ്ങൾ പുസ്തകം അച്ചടിക്കാൻ കൊടുത്തോ; 48 ലക്ഷം പുസ്തകം അച്ചടിക്കണം. എന്താണ് മനുഷ്യൻ മനസ്സിലാക്കേണ്ടത്. പ്ലസ് ടു അഡ്മിഷന് 5 ലക്ഷം കുട്ടികൾക്ക് സർട്ടിഫിക്കറ്റ് കൊടുത്തിട്ടില്ല. എന്തുഭരണമാണ് ഇവിടെ നടത്തുന്നത്?

<u>മി. ചെയർമാൻ</u>: യെസ്... ശ്രീ. ഇ.പി. ജയരാജൻ. പ്ലീസ്...

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, ക്രമസമാധാനത്തെക്കുറിച്ച്.. ഇവിടെ വഷളായിക്കൊണ്ടിരിക്കുകയാണ്. മുൻപ് ഇവിടെ ചർച്ച ചെയ്ത ഒരു നിർമ്മൽ മാധവൻ സെൽഫ് ഫൈനാൻസ് എഞ്ചിനീയറിംഗ് കോളേജിൽ അഡ്മിഷൻ

വാങ്ങി. ഗവൺമെന്റ് കോളേജിൽ നിങ്ങൾ മാറ്റം കൊടുത്തു. മുഖ്യമന്ത്രി പറഞ്ഞു, ഞാൻ തന്നെയാണ് അതിന്റെ ആൾ. എന്തടിസ്ഥാനത്തിലാണ് നിങ്ങൾക്ക് ഈ അധികാരം പ്രയോഗിക്കാനുള്ളത്; നിങ്ങൾ നിയമവിരുദ്ധമായിട്ടാണ് പ്രവർത്തിക്കുന്നത്. ഈ ആനുകൂല്യം നിങ്ങൾ എല്ലാവർക്കും കൊടുക്കുമോ;

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്..

ശ്രീ. ഇ. പി. ജയരാജൻ: സർ, ഇവിടെ ചീഫ് സെക്രട്ടറിയായിരുന്ന ശ്രീ. സി. പി. നായർ ട്രാവൻകൂർ ദേവസ്വം ബോർഡിന്റെ കമ്മീഷണറായി.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.. പതിനഞ്ച് മിനുട്ടായി. പ്ലീസ് കൺക്ലൂഡ്.

ശ്രീ. ഇ. പി. ജയരാജൻ: സർ, ഇത് പറഞ്ഞ് അവസാനിപ്പിക്കാം. ഞാൻ വഴിവിട്ടിട്ടൊന്നും പോകുന്നില്ല. ശ്രീ. സി. പി. നായർ ദേവസ്വം കമ്മീഷണറായിരിക്കുന്ന അവസരത്തിൽ പത്തനംതിട്ടയിൽ ഒരു ക്ഷേത്രത്തിൽ എട്ടരക്കോടി രൂപയുടെ അഴിമതി പ്രശ്നം സംബന്ധിച്ച് അന്വേഷിക്കാൻ പോയി. അദ്ദേഹത്തെ ബന്ദിയാക്കി. ഇതുപറയുമ്പോൾ ശ്രീ. കെ. ശിവദാസൻ നായർ എം.എൽ.എ.-യ്ക്ക് കുറച്ച് വിഷമമുണ്ടാകും.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം കൺക്ലൂഡ് ചെയ്യൂ. അങ്ങയുടെ

സമയം കഴിഞ്ഞു.

ശ്രീ. ഇ. പി. ജയരാജൻ: സർ, അഴിമതിയെക്കുറിച്ച് അന്വേഷിക്കാൻ ചെന്ന ദേവസ്വം കമ്മീഷണറെ ബന്ദിയാക്കി വധിക്കാൻ ശ്രമിച്ചു. പോലീസ് കേസെടുത്തു, കോടതിയിൽ വിചാരണ നടത്തി. വിചാരണയെല്ലാം പൂർത്തിയായി വിധിപറയാൻ വച്ചിരിക്കുന്നു. ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി ഈ കേസ് പിൻവലിക്കാൻ തീരുമാനിക്കുന്നു. മുഖ്യമന്ത്രി അതിന് അനുമതി കൊടുക്കുന്നു. മുഖ്യമന്ത്രി പറയുന്നു, ഞാൻ തന്നെയാണ് അതിന്റെ ആൾ. നിങ്ങൾക്ക് എന്തും ചെയ്യാനുള്ള അധികാരമുണ്ട്. നിങ്ങൾ അഹന്തയും ധിക്കാരവും മസിൽ പവറുമാണ് ഇവിടെ കാണിച്ചുകൊണ്ടിരിക്കുന്നത്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.. പ്ലീസ് കൺക്ലൂഡ്.

ശ്രീ. ഇ. പി. ജയരാജൻ: സർ, ആ മസിൽ പവറും ധിക്കാരവും അഹന്തയും ഈ സംസ്ഥാനത്തിന് ഗുണം പിടിക്കുന്നതല്ല. ഈ നിയമസഭ തന്നെ നിങ്ങൾ കലാപത്തിന്റെ വേദിയാക്കി. കഴിഞ്ഞ സമ്മേളനത്തിന്റെ കാര്യത്തിൽ....

മി. ചെയർമാൻ: ശ്രീ. സണ്ണി ജോസഫ്.

ശ്രീ. ഇ. പി. ജയരാജൻ: സർ, അങ്ങനെ പറഞ്ഞാൽ ഞങ്ങളെല്ലാം പോകും. പിന്നെ നിങ്ങൾ... ആ പൊയ്ക്കോ എന്നാണല്ലേ. അതാണ് നിങ്ങൾ

കാത്തിരിക്കുന്നത്.

മി. ചെയർമാൻ: 6 മിനുട്ട് കഴിഞ്ഞു.

ശ്രീ. ഇ. പി. ജയരാജൻ: സർ, 6 മിനുട്ടല്ല. ഇവിടെ 10 മിനുട്ട് പ്രസംഗിക്കാറുണ്ട്. നിങ്ങളതിന്റെ അഹംഭാവമൊന്നും കാണിക്കാൻ പാടില്ല.

മി. ചെയർമാൻ: നോ.. നോ.. 6 മിനുട്ട് കഴിഞ്ഞു. എല്ലാവർക്കും അത്രയേ കൊടുക്കാൻ സാധിക്കുകയുള്ളൂ. ....ശ്രീ. സണ്ണി ജോസഫ്....

ശ്രീ. ഇ. പി. ജയരാജൻ: സർ, ഇവിടെ ഇത്തരത്തിലുള്ള നിലപാടുകളാണ് സ്വീകരിക്കുന്നത്. ........... (...ബഹളം..) .............

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്. നോ. നോ. ആ ഭീഷണി വേണ്ട. Can you conclude?

ശ്രീ. ഇ. പി. ജയരാജൻ: സർ, എം.എൽ.എ.-മാരെ പിടിക്കാൻ പോയ പണിയൊന്നും ഇവിടെ നടക്കില്ല. മര്യാദക്ക് വേണം കാര്യങ്ങൾ നടത്താൻ. ചെയറിലിരിക്കാൻ നിങ്ങൾ അയോഗ്യനാണ്.

(...ബഹളം..)

മി. ചെയർമാൻ: പ്ലീസ്.... ഇരിക്കു.. ഇരിക്കു... ശ്രീ. ഇ.പി. ജയരാജൻ, പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, എന്ത് കൺക്ലൂഡ്?

...........(...ബഹളം...) ..............

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ശ്രീ. ഇ.പി.ജയരാജന്റെ പ്രസംഗം ആരംഭിച്ചപ്പോൾ എല്ലാവരും ധരിച്ചത് ശ്രീ. ഇ.പി.ജയരാജന് കുറച്ച് മനഃ പരിവർത്തനം വന്നിട്ടുണ്ടെന്നാണ്. നിയമസഭയിൽ ജനാധിപത്യ അവകാശങ്ങളെക്കുറിച്ചുള്ള ബോധ്യം അദ്ദേഹം ഇവിടെ ആവർത്തിച്ചത് നന്നായി, ഈ സഭയിൽ നടന്ന സംഭവവികാസങ്ങൾ നമ്മൾ എല്ലാവരും അങ്ങോട്ടുമിങ്ങോട്ടും കണ്ടവരാണ്. ശ്രീ. ഇ.പി.ജയരാജനാണ് അങ്ങിരിക്കുന്ന കസേര ഇളക്കി താഴേക്കിട്ടത്. അത് കേരളത്തിലേയും ലോകത്തിലേയും മലയാളികൾ കണ്ടതാണ്. ശ്രീ. ഇ.പി.ജയരാജൻ മനഃസാക്ഷിക്കുത്താണ് ഇവിടെ പ്രകടിപ്പിക്കേണ്ടത്, അതിനുപകരം ജനാധിപത്യവേദി - നിയമസഭ ഭരണകക്ഷിയും സ്പീക്കറും പ്രതിപക്ഷത്തിന്റെ ജനാധിപത്യ അവകാശങ്ങൾ നിഷേധിച്ചുവെന്ന ശ്രീ. ഇ.പി. ജയരാജന്റെ പരാമർശം തെറ്റാണ്. ഈ സഭയിൽ ഞങ്ങളും ഇരിക്കുന്നു. ഏതാണ്ട് ഈ സഭ തുല്യ അംഗബലമുള്ള സഭയാണ്. 72 ഉം 68 ഉം ആയി തുടങ്ങിയ സഭയാണ്. ഈ സഭയിൽ ഇപ്പോഴത്തെ സ്പീക്കറും, ഇതിനു മുൻപ് ബഹുമാന്യനായ ജി. കാർത്തികേയനും

പ്രതിപക്ഷത്തിനു നൽകിയ അവകാശങ്ങൾ സത്യത്തിൽ നിയമത്തിനപ്പുറത്താണ്, കീഴ്വഴക്കങ്ങൾക്കപ്പുറത്താണ്. പ്രതിപക്ഷത്തിന്റെ എല്ലാ ആവശ്യങ്ങളും നിയമവിരുദ്ധമായിട്ട് കൊണ്ടുവന്ന അടിയന്തിരപ്രമേയം ഉൾപ്പെടെ ആവർത്തിച്ച തന്നെ........

ശ്രീ. വി. ശിവൻകുട്ടി: സർ, പോയിന്റ് ഓഫ് ഓർഡർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ ഇവരെ സംബന്ധിച്ചിടത്തോളമാണ് ഇവിടെ ചർച്ച നടക്കുന്നത്. ഈ പറഞ്ഞ വിഭാഗത്തിൽപ്പെട്ട ഏതെങ്കിലും ആൾക്കാർ ഉദ്യോഗസ്ഥ ഗാലറിയിൽ ഉണ്ടോ എന്ന് നോക്കണം, ഉണ്ടോ? അങ്ങ് റൂളിംഗ് നൽകണം.

മി. ചെയർമാൻ: മന്ത്രിമാർ ഇവിടെയുണ്ട്.

ശ്രീ. വി. ശിവൻകുട്ടി: മന്ത്രിമാർ മാത്രം മതിയോ ഇവിടെ, ഇതാണ് അഹങ്കാരം എന്നുപറയുന്നത്.

ശ്രീ. സണ്ണി ജോസഫ്: സർ, ഈ സഭയിൽ പ്രതിപക്ഷത്തിനു ലഭിച്ച അവസരങ്ങളും അവകാശങ്ങളും അവർ ഫലത്തിൽ ദുരുപയോഗം ചെയ്യുകയാണ്. സർക്കാരിനെ ക്രിയാത്മകമായി വിമർശിക്കുന്നതിനോ സഭാനടപടികളിൽ ക്രിയാത്മകമായി സഹകരിക്കുന്നതിനോ, വാദഗതികൾ

ഉന്നയിക്കുവാനോ തയ്യാറാകാതെ അസംബ്ലിക്കകത്തുതന്നെ പലപ്പോഴും ബഹളങ്ങൾ സൃഷ്ടിച്ചു, അത് ബഡ്ജറ്റ് അവതരണവേളയിൽ നമുക്കറിയാം, ചരിത്രത്തിൽ കേട്ടുകേഴ്വി ഇല്ലാത്ത ജനാധിപത്യ വിരുദ്ധ സംഭവങ്ങളാണ് ഇവിടെ അരങ്ങേറിയത്, അതിനെയാണ് ശ്രീ. ഇ.പി. ജയരാജൻ വീണ്ടും ന്യായീകരിക്കാൻ ശ്രമിക്കുന്നത്, ഇപ്പോൾതന്നെ സമയം സംബന്ധിച്ച് അങ്ങയുടെ റൂളിംഗിനെപ്പോലും ധിക്കാരത്തോടെ സമീപിക്കുന്നത് ശരിയല്ല. ഈ സർക്കാരിനെ സംബന്ധിച്ച് ജനങ്ങൾക്കറിയാം, ഇവരിപ്പോൾ എന്താണ് പറഞ്ഞത്, അരുവിക്കരയിൽ കാണാം എന്നുപറഞ്ഞു, അത് ശ്രീ. ഇ.പി.ജയരാജൻ പറഞ്ഞപ്പോൾ ഞാൻ ഓർമ്മിക്കുന്നത് പിറവത്ത് കാണാം; നെയ്യാറ്റിൻകരയിൽ കാണാം; പാർലമെന്റ് ഇലക്ഷനിൽ കാണാം എന്നൊക്കെ മുൻപ് പറഞ്ഞവരാണ്. അതിനൊക്കെ ഇവർക്ക് ജനങ്ങൾ മറുപടി നൽകിയിട്ടുണ്ട്. അരുവിക്കരയിലും ആ മറുപടി തന്നെ ജനങ്ങൾ നൽകും. ശ്രീ. ഇ.പി. ജയരാജൻ മുൻകൂർ ജാമ്യം എടുത്തിരിക്കുകയാണ്. 24 വർഷമായി യു.ഡി.എഫ് അസംബ്ലിയിൽ ജയിക്കുന്ന സീറ്റാണ് എന്ന് ശ്രീ. ജയരാജൻ പറയുമ്പോൾ അത് മുൻകൂർ ജാമ്യമാണ്. കഴിഞ്ഞ പാർലമെന്റ് ഇലക്ഷനിൽ എൽ.ഡി.എഫ്. ലീഡുചെയ്ത സീറ്റാണ്, പകുതി പഞ്ചായത്തുകളിൽ

എൽ.ഡി.എഫ് ഭരണമുള്ള കോൺസ്റ്റിറ്റ്യുവൻസിയാണ് എന്ന കാര്യം ശ്രീ. ജയരാജൻ സൗകര്യപൂർവ്വം മറന്ന് നാളത്തെ കാര്യത്തിൽ മുൻകൂർ ജാമ്യമെടുത്തിരിക്കുന്നു. ഈ സർക്കാരിന്റെ നയം വികസനവും കരുതലുമാണ്. വികസനരംഗത്ത് നമുക്കറിയാം വൻകിട പദ്ധതികൾ മാത്രമല്ല, സ്മാർട്ട് സിറ്റിയോ അല്ലെങ്കിൽ മെട്രോ പദ്ധതിയോ, വിഴിഞ്ഞം പദ്ധതിയോ അല്ലെങ്കിൽ വിമാനത്താവളം പോലുള്ള വൻകിട പദ്ധതികൾക്ക് മാത്രമല്ല കേരളത്തിന്റെ സന്തുലിത സമഗ്ര വികസനത്തെ ലക്ഷ്യം വച്ചുകൊണ്ടാണ് യു.ഡി.എഫ്. ഗവൺമെന്റ് മുന്നോട്ടു പോയത്. അതിൽ ഒരു കാര്യം പറയാനുള്ളത്, ഞങ്ങൾ വരുമ്പോൾ ഒരു നിയോജകമണ്ഡലത്തിൽ എം.എൽ.എ. വികസന ഫണ്ട് 75 ലക്ഷം രൂപയായിരുന്നു, ഈ സർക്കാർ അത് 6 കോടി രൂപയായി വർദ്ധിപ്പിച്ചു. കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലും - 72 പേർ ഭരണകക്ഷിയും 68 പേർ പ്രതിപക്ഷത്തും ഉള്ളപ്പോൾ അവർക്കുകൂടി ലഭിക്കുന്ന ഒരു സാഹചര്യം ഉണ്ടാക്കി. കോളേജ് ഇല്ലാത്ത നിയോജകമണ്ഡലങ്ങളിൽ എല്ലാ സ്ഥലത്തും കോളേജ് അനുവദിച്ചു. അതിന്റെ ബനിഫിറ്റ് കിട്ടിയത് പ്രതിപക്ഷത്തിനാണ്. യു.ഡി.എഫ്./എൽ.ഡി.എഫ് എന്ന വേർതിരിവില്ലാതെ ഹയർ സെക്കണ്ടറി ഇല്ലാത്ത എല്ലാ പഞ്ചായത്തുകളിലും ഹയർ സെക്കണ്ടറി അനുവദിച്ചു. അതിന്റെ

ബനിഫിറ്റും കൂടുതൽ കിട്ടിയത് പ്രതിപക്ഷ എം.എൽ.എ.-മാർക്കാണ്. ഈ സർക്കാർ വന്നതിനുശേഷം വില്ലേജ് ഓഫീസ് ഇല്ലാത്ത എല്ലാ പഞ്ചായത്തുകളിലും പുതിയ വില്ലേജ് ഓഫീസുകൾ ആരംഭിച്ചു. ആശുപത്രികളുടെ കാര്യത്തിലും അത്തരത്തിലുള്ള മാനദണ്ഡം സ്വീകരിച്ച്, തത്ത്വാധിഷ്ഠിതമായി മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വികസനപ്രക്രിയ കൊണ്ടുപോയി. റോഡുകൾ ഇത്ര നന്നായ ഒരു കാലഘട്ടമുണ്ടായിട്ടില്ല, മന്ത്രി ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞിന് അതു സംബന്ധിച്ച് 100 ൽ 250 മാർക്കാണ് എല്ലാക്കാലത്തും നൽകിയത്. കുറച്ച് സാമ്പത്തിക ബാദ്ധ്യത സർക്കാരിന്റെ മുൻപിൽ വരുന്നത് തന്നെ പി.ഡബ്ല്യു.ഡി. നിരവധി വർക്കുകൾ ഏറ്റെടുത്തതിന്റെ അടിസ്ഥാനത്തിലാണ്. അരുവിക്കരയിൽ ശ്രീ. ഇ.പി. ജയരാജൻ പോലും പറയുന്ന പ്രധാനപ്പെട്ട റോഡുകളെല്ലാം നവീകരിച്ചിട്ടുണ്ട് എന്ന്. നമ്മളെല്ലാവരും അരുവിക്കരയിൽ ആഴ്ചകൾ ചിലവഴിച്ചവരാണ്. ഒന്നോ, രണ്ടോ റോഡുകൾ, പ്രധാനമായും മുഖ്യമന്ത്രിയുടെ വാഹനം ഒരു കുഴിയിൽ ചാടി എന്നു പറയുന്ന റോഡിനുതന്നെ 25 കോടി രൂപ ഭരണാനുമതി ലഭിച്ച് ടെണ്ടർ കഴിഞ്ഞ് അതിന്റെ പ്രവൃത്തി തുടങ്ങാൻ നേരത്ത് എൽ.ഡി.എഫ്.-കാരാണ് ഇലക്ഷന്റെ പേരിൽ തുടങ്ങേണ്ട എന്നുപറഞ്ഞ് ആ

പ്രവൃത്തി തടസ്സപ്പെടുത്തിയത്. ഒരു കോൺസ്റ്റിറ്റ്യുവൻസിയിലും 100 ശതമാനം റോഡുകളും നവീകരിച്ചിട്ടില്ല. മുഖ്യമന്ത്രിയുടേതാകട്ടേ, ഏത് മന്ത്രിയുടേതോ ആകട്ടേ, മരാമത്ത് വകുപ്പ് മന്ത്രിയുടെ കോൺസ്റ്റിറ്റ്യുവൻസിയിലും നമ്മൾ യാത്രചെയ്തിട്ടുണ്ട്, 100 ശതമാനമായിട്ടില്ല. പക്ഷേ 90 ശതമാനം അരുവിക്കരയിൽ ആയി. അരുവിക്കരയിൽ മാത്രമല്ല, കേരളത്തിലെ എല്ലാ സ്ഥലത്തും ആ ഒരു സന്തുലിത ശാസ്ത്രീയ വികസനം നടപ്പിലാക്കാൻ സാധിച്ചു. പ്രതിപക്ഷം ഇവിടെ സ്വീകരിക്കുന്ന സമീപനമെന്താണ്? പ്രതിപക്ഷം അക്രമത്തിന്റെ സമീപനം സ്വീകരിക്കുന്നു. നിയമസഭയ്ക്ക് അകത്ത് അക്രമണം അരങ്ങേറാൻ പരിശ്രമിച്ചു. ആ പരിശ്രമത്തെ കേരളത്തിലെ ജനങ്ങൾ കണ്ടു. സഭയ്ക്കകത്ത് മാത്രമല്ല, പ്രത്യേകിച്ച് കണ്ണൂരിൽ ഈ അടുത്തകാലത്ത് ഉണ്ടായ ബോംബ് സ്ഫോടനം ശ്രീ. ഇ.പി. ജയരാജന് മറക്കുവാൻ സാധിക്കുമോ? ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അതിനെക്കുറിച്ച് എന്താണ് പറഞ്ഞത്? പ്രതിപക്ഷ ഉപനേതാവ്, പാർട്ടി സെക്രട്ടറി കേന്ദ്ര കമ്മിറ്റി യോഗത്തിനുശേഷം പാർട്ടിക്ക് അതിൽ ബന്ധമില്ല എന്നുപറഞ്ഞു. പക്ഷേ പകൽപോലെ വ്യക്തമല്ലേ, മാർക്സിസ്റ്റ് പാർട്ടിയുടെ രണ്ട് ബ്രാഞ്ച് സെക്രട്ടറിമാർക്കെതിരെ ബോംബ് നിർമ്മാണത്തിന് പോലീസ് കേസ്സെടുത്തിരിക്കുന്നു. മാർക്സിസ്റ്റ്

പാർട്ടിയുടെ മുൻ പഞ്ചായത്ത് മെമ്പർ കൂടിയായ ഒരു വനിതാ നേതാവിനെ പോലീസ് അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിട്ടിരിക്കുന്നു. മൂന്ന് ആളുകൾ റിമാന്റിലാണ്. മാർക്സിസ്റ്റ് പാർട്ടി പരസ്യമായ സ്ഥലത്ത്, ഒരു തോട്ടത്തിൽ ബോംബ് നിർമ്മിക്കുന്നതിനിടെയാണ് ബോംബ് പൊട്ടിയത് എന്ന് എല്ലാവർക്കുമറിയാം. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു, അതിനെക്കുറിച്ച് ഞങ്ങൾക്ക് ഉത്തരവാദിത്തമില്ല, പാർട്ടിക്ക് അതിൽ ഉത്തരവാദിത്തമില്ല, അവർ ഒരിക്കലും അത് ഏറ്റെടുക്കുകയില്ല, സമ്മതിക്കുകയുമില്ല. പക്ഷേ പ്രതിപക്ഷ നേതാവ് പറഞ്ഞു, ഞാൻ അതിനെക്കുറിച്ച് അന്വേഷിച്ച് മറുപടി പറയും എന്ന്. അരുവിക്കരയിൽ തെരഞ്ഞെടുപ്പ് കഴിഞ്ഞിരിക്കുന്നു, പ്രതിപക്ഷ നേതാവ് ഈ സഭയിലെങ്കിലും തലശ്ശേരിയിലെ, ചെറ്റക്കണ്ടിയിലെ ബോംബ് സ്ഫോടനത്തിൽ 2 സി.പി.എം. സഖാക്കൾ മരിച്ചതു സംബന്ധിച്ച് അഭിപ്രായം പറയണം. പ്രതിപക്ഷ നേതാവ് സ്ഥലത്തുപോയി അന്വേഷിച്ചിട്ടുണ്ടോ? എല്ലാസ്ഥലത്തും അദ്ദേഹം പോകുന്ന വ്യക്തിയാണ്. അന്വേഷണത്തിൽ നിന്നും അദ്ദേഹത്തിനു കിട്ടിയ റിസൽട്ട് എന്താണ്? റിപ്പോർട്ട് എന്താണ്? ഈ സഭയിൽ പറയാൻ, അല്ലെങ്കിൽ പാർട്ടി കമ്മീഷനെങ്കിലും വച്ച്, ടി.പി. ചന്ദ്രശേഖരൻ വധക്കേസ്സിൽ പാർട്ടി കമ്മീഷൻ അന്വേഷണം നടത്തി,

പാർട്ടിക്ക് പങ്കില്ല അല്ലെങ്കിൽ അവസാനം പാർട്ടിക്കാർക്ക് പങ്കുണ്ട് എന്നതാണ് നിഗമനമെങ്കിൽ..... തലശ്ശേരിയിലെ ബോംബ് സ്ഫോടനത്തിൽ പാർട്ടിക്കോ, പാർട്ടിക്കാർക്കോ പങ്കുണ്ടോ എന്ന് പ്രതിപക്ഷ നേതൃത്വം പറയണം. മാർക്സിസ്റ്റ് പാർട്ടിക്ക് അതിൽ വ്യക്തമായ പങ്കുണ്ട്. അല്ലെങ്കിൽ നാട്ടിൽ ആളുകൾക്ക് ജീവിക്കാൻ അവർ അവസരം ഒരുക്കുകയില്ല. ഇവിടെ നമുക്കറിയാം ജില്ലാ സെക്രട്ടറിയുടെ മകൻ, കണ്ണൂരിൽ ശ്രീ. ഇ.പി. ജയരാജന്റെ മകൻ ബോംബ് നിർമ്മിക്കുമ്പോൾ കയ്യിൽനിന്ന് ബോംബ് പൊട്ടി കൈക്ക് പരിക്കുപറ്റി. ആദ്യം പറഞ്ഞത് എന്താണ്? ഇത് ഓണത്തിന് പടക്കംപൊട്ടിച്ചപ്പോൾ ഉള്ള പരിക്കാണ് എന്നാണ്. പടക്കം പൊട്ടിക്കുന്നത് പാലത്തിന്റെ അടിയിൽ ഇരുന്നാണോ? എൽ.ഡി.എഫ്. സർക്കാരിന്റെ പോലീസ് അന്വേഷിച്ച് ബോംബ് നിർമ്മാണത്തിൽ പരിക്കുപറ്റിയതാണ് എന്ന് കേസ്സ് ചാർജ്ജ് ചെയ്തു. ജില്ലാ സെക്രട്ടേറിയറ്റ് മെമ്പർ കെ.എം. ജോസഫിന്റെ വീട്ടിൽ നിന്ന് ബോംബ് നിർമ്മിക്കുന്നതിനിടയിൽ ബോംബ് പൊട്ടി രണ്ട് ആൾക്കാർ മരിച്ചു. അന്ന് മാർക്സിസ്റ്റ് പാർട്ടി പറഞ്ഞതെന്താണ്? ശ്രീ. പിണറായി വിജയനാണ് സംസ്ഥാന സെക്രട്ടറി, അവർ പറഞ്ഞു, വീട് വൃത്തിയാക്കിയപ്പോൾ എന്തോ സ്ഫോടനം ഉണ്ടായി രണ്ടാൾക്കാർക്ക് പരിക്കുപറ്റി എന്ന്. മാർക്സിസ്റ്റ് പാർട്ടി

നേതാക്കൻമാരുടെ കണ്ണൂർ ജില്ലയിലെ വീടുകൾ വൃത്തിയാക്കുമ്പോൾ ബോംബ് പൊട്ടുമോ? വീടിനകത്തൊക്കെ ബോംബാണോ സൂക്ഷിക്കുന്നത്. ബോംബ് പൊട്ടി മരിച്ചു, അവസാനം രണ്ട് ആൾക്കാർക്ക് അംഗവൈകല്യം വന്നു. അവർക്കവസാനം നഷ്ടപരിഹാരം കൊടുക്കാൻ സംസ്ഥാന സെക്രട്ടറി വന്നിട്ടു പറഞ്ഞു, വർഗ്ഗീയതയ്ക്ക് എതിരെയുള്ള പോരാട്ടത്തിൽ ഇങ്ങനെ രക്തസാക്ഷികൾ ഉണ്ടായി എന്നിരിക്കും, അവരെ പാർട്ടി കൈവിടില്ല എന്ന്. ഞങ്ങൾ ചോദിക്കുന്നു, ഇന്നലെയുണ്ടായ, കണ്ണൂരിലെ പാനൂരിൽ ഉണ്ടായ ബോംബു സ്ഫോടനത്തിൽ, മന്ത്രി ശ്രീ. കെ.പി. മോഹനന്റെ വീടിന്റെ 3 കിലോമീറ്റർ ദൂരത്തിലാണ്. ആ സ്ഫോടനത്തിലും അവരെ പാർട്ടി രക്തസാക്ഷികളാക്കി നാളെ സി.പി.എം. പ്രഖ്യാപിക്കുമോ, ഏറ്റെടുക്കുമോ എന്ന്, സി.പി.എം. നേതാക്കാൾ ഇവിടെ ഈ സഭയിൽവച്ച് മറുപടി പറയണം. അരുവിക്കര തെരഞ്ഞെടുപ്പിൽ ഒരു ചർച്ചാ വിഷയം വികസനമാണ്, മറ്റൊരു ചർച്ചാ വിഷയം യു.ഡി.എഫ്. ഉയർത്തിയത്, കേരളത്തിൽ മാർക്സിസ്റ്റ് പാർട്ടി പ്രധാനമായും നടപ്പിലാക്കുന്ന അക്രമ രാഷ്ട്രീയത്തിനെതിരെ, സമാധാനത്തിനു വേണ്ടിയുള്ള ഒരു ജനാധിപത്യ വിധിയാണ് അരുവിക്കരയിൽ ചോദിച്ചത്. ആ ജനവിധി ഉണ്ടാകും എന്ന കാര്യത്തിൽ സംശയമില്ല. ഇവർ ഇനിയെങ്കിലും

തിരുത്തേണ്ടതായിട്ടുണ്ട്. ശ്രീ. ഇ.പി. ജയരാജൻ ഇവിടെ അഴിമതിയെക്കുറിച്ച് പറയുന്നു, വളരെ വാചാലമായിട്ട് സംസാരിക്കുന്നു. കഴിഞ്ഞ കുറേ ദിവസങ്ങൾ, സഭാ സമ്മേളനങ്ങൾ അതിനായിട്ട് മാത്രം അലങ്കോലപ്പെടുത്തുന്നു. ഞങ്ങൾ ചോദിക്കട്ടേ? അഴിമതിയെക്കുറിച്ചുള്ള പ്രതിപക്ഷത്തിന്റെ കാഴ്ചപ്പാട് എന്താണ്? മാണി സാറിനെക്കുറിച്ച് പറഞ്ഞു, വെടക്കാക്കി തനിക്കാക്കുന്നു എന്ന്. ആരെയാണ്, ആരാണ് വെടക്കാക്കി തനിക്കാക്കിയത്? ഇവിടെ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെക്കുറിച്ചും, ശ്രീ. കെ.ബി. ഗണേഷ് കുമാറിനെക്കുറിച്ചും പ്രതിപക്ഷം ഈ സഭയിൽ പറഞ്ഞതെന്താണ്? ഈ സഭയിലെ പ്രധാനപ്പെട്ട ചർച്ചാ വിഷയങ്ങൾ എന്തായിരുന്നു; ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെ പ്രതിപക്ഷ നേതാവ് 17 കൊല്ലം നിയമയുദ്ധം നടത്തി ജയിലിൽ അടപ്പിച്ചു. ആ ആർ. ബാലകൃഷ്ണപിള്ളയെ യു.ഡി.എഫ്. ജയിലിൽനിന്ന് മോചിതനാക്കി, അതിനേക്കുറിച്ചല്ലേ ഈ നിയമസഭയിൽ ഏറ്റവും കൂടുതൽ പ്രക്ഷുബ്ധരംഗങ്ങൾ ഉണ്ടായത്. പിന്നീട് വന്നത് വാളകം കേസ്സല്ലേ? വാളകം കേസ്സിൽ അദ്ധ്യാപകനെ പാരകയറ്റി ഗുരുതരമായ പരിക്കുണ്ടാക്കി എന്നു പറഞ്ഞായിരുന്നില്ലേ ഈ നിയമസഭയിൽ ചർച്ചകളും ബഹളങ്ങളും പ്രശ്നങ്ങളും. പിന്നീട് ശ്രീ. കെ.ബി. ഗണേഷ് കുമാറിന്റെ കുടുംബകോടതിയിലെ

പ്രശ്നങ്ങളുമായി ബന്ധപ്പെട്ടല്ലേ ഇവിടെ ചർച്ചകൾ നടന്നത്? എത്രയോ ദിവസങ്ങൾ നിയമസഭ പ്രക്ഷുബ്ധമായി, പ്രതിപക്ഷം ബഹിഷ്കരിച്ചു. അടിയന്തിരപ്രമേയങ്ങൾ ആവർത്തിച്ച് അവതരിപ്പിച്ചു. അവിടെയെല്ലാം ഇവർ കുറ്റക്കാരായി കണ്ടു, അഴിമതിക്കാരായി കണ്ടു, ക്രിമിനലുകളായി കണ്ടു, കുറ്റവാളികളായി കണ്ട ആളുകൾ ഇപ്പുറത്തു നിന്ന് യു.ഡി.എഫിന്റെ മുന്നണി ബന്ധം വിച്ഛേദിച്ച് അപ്പുറത്തേക്ക് വന്നാൽ അവരെല്ലാം കുറ്റ വിമുക്തർ, അവരെല്ലാം അഴിമതി വിമുക്തർ എന്ന പരിവേഷം നൽകാൻ പ്രതിപക്ഷത്തിന് സാധിക്കും. പ്രതിപക്ഷത്തിന്റെ അഴിമതി വിരുദ്ധ നയത്തിൽ, നിലപാടിൽ എന്തെങ്കിലും ആത്മാർത്ഥതയുണ്ടെങ്കിൽ അഴിമതിക്കാരായി കോടതി പ്രഖ്യാപിച്ച ആളുകളെ, അവർതന്നെ ആക്ഷേപിച്ച ആളുകളെ തള്ളിപ്പറയാൻ അവർ തയ്യാറാകണം. അവരെയിരുത്തിക്കൊണ്ട് അഴിമതി വിരുദ്ധ സമരം നടത്തിയാൽ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയേയും ടീമിനേയും ഇരുത്തിക്കൊണ്ട് അഴിമതി വിരുദ്ധ സമരം നടത്തുന്നത് മാർക്സിസ്റ്റ് പാർട്ടിക്കകത്ത് തന്നെ, അവരുടെ അണികളിൽത്തന്നെ അതിനെക്കുറിച്ച് ശക്തമായ അഭിപ്രായ വ്യത്യാസമുണ്ട്. അതുകൊണ്ട് അവരുന്നയിക്കുന്ന അഴിമതി ആരോപണങ്ങൾ അടിസ്ഥാനരഹിതമാണ്. കേസ് അന്വേഷണത്തിൽ അഡ്വക്കേറ്റ്

ജനറലിന്റേയും, മറ്റ് നിയമ വിദഗ്ദ്ധരുടേയും ഉപദേശം സ്വീകരിക്കുന്നത് ശരിയാണ് എന്ന് ശ്രീ. സുനിൽകുമാർ കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷനിൽ വിധി പറഞ്ഞത് ക്വാട്ട് ചെയ്തുകൊണ്ട് ഇന്നുതന്നെ ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പ് മന്ത്രി പറയുകയുണ്ടായി. ശ്രീ. സുനിൽകുമാറിന്റെ തന്നെ കേസ്സിൽ ജസ്റ്റിസ് കെ.റ്റി. തോമസ്സിന്റെ 2000-ാം ആണ്ടിലെ വിധി ചൂണ്ടിക്കാണിച്ചുകൊണ്ടാണ് അങ്ങനെ പറഞ്ഞത്. ആവശ്യമെങ്കിൽ ബന്ധപ്പെട്ട നിയമ വിഷയങ്ങളിൽ അന്വേഷണ ഉദ്യോഗസ്ഥന് നിയമോപദേശം തേടാം. ഒരു കേസ്സിന്റെ ചാർജ്ജ് ഷീറ്റ് എന്നുപറഞ്ഞാൽ, അവിടെ question of law and facts, law coupled with facts. നിയമവും വസ്തുതയും ബന്ധിപ്പിച്ചുകൊണ്ടാണ് ഒരു കേസ്സിൽ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കേണ്ടത്. തെറ്റായ അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചാൽ, അന്വേഷണ ഉദ്യോഗസ്ഥനെ സംബന്ധിച്ച് Law against malicious prosecution ആണ്. തെറ്റായി നിയമ നടപടികൾ സ്വീകരിക്കുന്നത് തന്നെ കുറ്റകരമാണ്. അന്വേഷണോദ്യോഗസ്ഥൻ ആ നിയമത്തിനും ബാദ്ധ്യസ്ഥനായിരിക്കും എന്നുകൂടി കണക്കിലെടുക്കേണ്ടതുണ്ട്. പ്രതിപക്ഷം അവിടേയും ഉന്നയിക്കുന്ന ആക്ഷേപങ്ങൾ ശരിയല്ല, രാവിലെ ആഭ്യന്തരവകുപ്പ്

മന്ത്രി മറുപടി പറഞ്ഞു. വിജിലൻസ് ഡയറക്ടർ സുപ്രീം കോടതി അഭിഭാഷകന്റെ നിയമോപദേശം തേടിയിട്ടുണ്ട്, ഒരു പ്രത്യേക അഭിഭാഷകന്റെ നിയമോപദേശം തേടണമെന്ന് വിജിലൻസ് ഡയറക്ടറോട് ഇൻസ്ട്രക്ട് ചെയ്തത് മുഖ്യമന്ത്രി ആയിരുന്നു എന്ന് ആഭ്യന്തര വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച കടലാസ്സിൽനിന്ന് മനസ്സിലാക്കാൻ സാധിക്കും. അതുകൊണ്ട് പ്രതിപക്ഷത്തിന്റെ അഴിമതി വിരുദ്ധ പ്രസംഗങ്ങളിൽ യാതൊരു അടിസ്ഥാനവുമില്ല. അവർ കേരളത്തിലെ സർക്കാരിന്റെ ജനക്ഷേമ നടപടികളുമായി, വികസനവും കരുതലും - ഈ രണ്ട് നടപടികളുമായിട്ട് സഹകരിക്കുവാൻ പ്രതിപക്ഷം തയ്യാറാകണം, നിയമസഭാ നടപടികൾ അലങ്കോലപ്പെടുത്തുന്ന, സ്പീക്കറുടെ ഡയസ്സിൽ കയറി നൃത്തമാടുന്ന, മേശപ്പുറത്തു കയറി ശ്രീ. വി. ശിവൻകുട്ടിയെപ്പോലുള്ള ആളുകൾ നടത്തിയ പേക്കൂത്തുകൾ കേരളത്തിലെ ജനങ്ങൾ കണ്ടു. എന്നിട്ട് ശ്രീ. വി. ശിവൻകുട്ടിയുടെ ഫ്ലക്സ് അടിച്ചു വച്ചിരിക്കുകയാണ്. ശ്രീ. വി.ശിവൻകുട്ടി ഇവിടെ നടത്തിയ യഥാർത്ഥ വീഡിയോ ചിത്രം കാണാൻ പ്രതിപക്ഷ നേതൃത്വനിരയെ മുഖ്യമന്ത്രിയും, ഭരണകക്ഷിയും ന്യായമായിട്ടും അവരോട് അഭ്യർത്ഥിച്ചു. യഥാർത്ഥത്തിൽ സഭയിൽ സംഭവിച്ച കാര്യങ്ങൾ നമുക്ക് ഒന്നിച്ചിരുന്നു കാണാം, കക്ഷി

നേതാക്കൾക്ക് ഒരുമിച്ച് ഇരുന്ന് കാണാം ആ സംഭവങ്ങൾ എന്താണ് എന്ന്, ആ വീഡിയോ ക്ലിപ്പിങ്ങ്സ് കാണാം എന്നു പറഞ്ഞിട്ട്, പ്രതിപക്ഷത്തിന് ഒന്നിച്ചിരുന്നു കാണാൻ കഴിയില്ല, കണ്ടാൽ അതിലെന്ത് എന്ന് അവർക്ക് തന്നെയറിയാം, കാരണം അവർതന്നെ ഇവിടെ നടത്തിയ അക്രമങ്ങളാണ്, അവർ നടത്തിയ പേക്കൂത്തുകളാണ്, നാടകങ്ങളാണ്. അവർക്കത് നന്നായി അറിയാം. പ്രതിപക്ഷത്തിന്റെ ഈ തെറ്റായ നിലപാട് തിരുത്താൻ പ്രതിപക്ഷ നേതാവ് ഇനിയെങ്കിലും ഉപദേശിക്കണം. പാർട്ടി അച്ചടക്ക നടപടികൾക്ക് വിധേയനായ അദ്ദേഹം ഇപ്പോഴും പാർട്ടിക്കുവേണ്ടി പ്രസംഗിക്കുമ്പോൾ, പാർട്ടി പ്രവർത്തകർ അദ്ദേഹത്തെ ക്രൂശിക്കുന്നത് അവസാനിപ്പിക്കാൻ അദ്ദേഹം ഒരു ഡിമാന്റ് മുന്നോട്ടുവയ്ക്കും എന്ന വിശ്വാസത്തോടെ ഞാൻ ഈ ഡിമാന്റിനെ പൂർണ്ണമായും പിന്തുണയ്ക്കുന്നു.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, ഇവിടെ ഒരു ഗവൺമെന്റ് ഉണ്ടോയെന്നുള്ളതാണ് ഏറ്റവും പ്രസക്തമായിട്ടുള്ള ചോദ്യം. സാങ്കേതികമായി വേണമെങ്കിൽ ഗവൺമെന്റ് ഉണ്ടെന്ന് പറയാം. ഗവൺമെന്റുണ്ട് എന്ന് പറയുന്ന ചോദ്യത്തോട് ചേർത്ത് ഇവിടെ ഒരു ഭരണമുണ്ടോയെന്ന് ചോദിച്ചാൽ ഇല്ലായെന്നുള്ളതാണ് മറുപടി. സാങ്കേതികമായി നിൽക്കുന്ന ഗവൺമെന്റിന്

വേണമെങ്കിൽ ടെക്നിക്കലായി പറയാം സാങ്കേതികമായി ഒരു ഗവൺമെന്റ് ഉണ്ട് എന്ന്. ഭരണമുണ്ടോയെന്ന ചോദ്യത്തിന് ഭരണമില്ല, പകരം കുറെ പൊതുജനസമ്പർക്ക പരിപാടികൾ നടക്കുന്നുണ്ട് എന്നുള്ള മറുപടിയിൽ നമ്മൾ അവസാനിപ്പിക്കേണ്ടതായി വരും. ബഡ്ജറ്റ് അവതരിപ്പിച്ചുവെന്ന് പറയുന്നു. കേരളത്തിലെ ജനങ്ങൾ ആരും ആ ബഡ്ജറ്റ് കണ്ടിട്ടില്ല. ഈ നിയമസഭയിൽ ഇരുന്ന ആരും ആ ബഡ്ജറ്റിനെപ്പറ്റി കേട്ടില്ല. ബഡ്ജറ്റ് അവതരിപ്പിച്ചുവെന്ന് പറയുന്ന സാങ്കേതികതയിൽ തൂങ്ങി........ സ്പീക്കറുടെ റൂളിംഗ് നിയമസഭയെ സംബന്ധിച്ചിടത്തോളം ആധികാരികമാണ്, അത് അവസാന വാക്കാണ്. അതുകൊണ്ട് ആ ടെക്നിക്കൽ ടേമിൽ തൂങ്ങി സ്പീക്കറുടെ കാൽ പിടിച്ച് ഒരു ബഡ്ജറ്റിനെ അംഗീകരിച്ച് മുന്നോട്ട് പോകുന്ന ഗവൺമെന്റ്, സ്പീക്കറുടെ കാരുണ്യത്തിലും സ്പീക്കറുടെ ദയയിലും പ്രവർത്തിക്കുന്ന ബഡ്ജറ്റ് അവതരിപ്പിക്കാത്ത ഒരു ഗവൺമെന്റ് അങ്ങനെ മാത്രമെ ഈ ഗവൺമെന്റിനെ നമുക്ക് കാണാൻ കഴിയൂ. സ്പീക്കറുടെ ദയ ഈ ഗവൺമെന്റിന് കിട്ടിയില്ലായിരുന്നുവെങ്കിൽ... ഒരുപക്ഷേ സ്പീക്കർ ഒരു നിഷ്പക്ഷ നിലപാട് സ്വീകരിച്ചിരുന്നുവെങ്കിൽ ഈ ഗവൺമെന്റ് രാജി വയ്ക്കേണ്ട സാഹചര്യം അന്നുണ്ടാകുമായിരുന്നു. സഭയിൽ പ്രതിപക്ഷം ഒന്നടങ്കം നടത്തിയ സമരം മുൻകൂട്ടി

പ്രഖ്യാപിച്ചതാണ്. അഴിമതി ആരോപണത്തിന് വിധേയനായ ശ്രീ. കെ. എം. മാണിയെ നിയമസഭയിൽ ബഡ്ജറ്റ് അവതരിപ്പിക്കാൻ അനുവദിക്കില്ലായെന്ന് ഇടതുപക്ഷ നേതാക്കന്മാർ വളരെ മുൻകൂട്ടി പ്രഖ്യാപിച്ചതാണ്. അവയൊന്നും ഒരു ദിവസം കൊണ്ട് പ്രഖ്യാപിച്ചതല്ല. ആ ബഡ്ജറ്റവതരണത്തിന് മുമ്പ് അതിന്റെ തലേദിവസം, അതായത് 12-ാം തീയതി രാവിലെമുതൽ നിയമസഭയിൽ ഞങ്ങൾ സമരം ആരംഭിച്ചു. പെട്ടെന്നൊരു ദിവസം സമരത്തിലേയ്ക്ക് പോയതല്ല. മുൻകൂട്ടി പ്രഖ്യാപിച്ച അഴിമതിക്കെതിരെയുള്ള സമരമാണ്. അഴിമതിക്കെതിരെ ഒരു നിലപാട് സ്വീകരിച്ച് മുൻകൂട്ടി പ്രഖ്യാപിച്ച് ബഡ്ജറ്റിന്റെ തലേദിവസം തന്നെ നിയമസഭയിൽ സമരം ആരംഭിച്ച് ഇവിടെ കിടന്ന് ഉറങ്ങുകയും ചെയ്ത ആളുകളാണ് പ്രതിപക്ഷത്തുള്ളവർ. എന്തുകൊണ്ടാണ് ഒരഴിമതി ആരോപണത്തിന് വിധേയനായ തന്റെ വകുപ്പിലെ ഒരു മന്ത്രിയെ മാറ്റി നിർത്തിക്കൊണ്ട് ബഡ്ജറ്റ് മറ്റൊരാളെക്കൊണ്ട് അവതരിപ്പിക്കാത്തത്? വേണമെങ്കിൽ മുഖ്യമന്ത്രിക്ക് തന്നെ ആ ബഡ്ജറ്റ് അവതരിപ്പിക്കാമായിരുന്നു. എന്നാൽ അത്തരത്തിൽ അവതരിപ്പിക്കില്ലാ യെന്ന വാശിപൂർണ്ണമായ നിലപാട് കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി സ്വീകരിച്ചതെന്തുകൊണ്ടാണ്? ധാർമ്മികമായി മാണി സാറിനെ ബഡ്ജറ്റവതരണത്തിൽ നിന്നും മാറ്റി നിർത്തുവാൻ തന്റെ മനസ്സാക്ഷി

അനുവദിച്ചില്ലായെന്നതുകൊണ്ട് ഈ നിയമസഭയ്ക്കുള്ളിൽ എന്തെല്ലാം കുഴപ്പങ്ങളുണ്ടായോ എന്തെല്ലാം കുറവുകളുണ്ടായോ ജനാധിപത്യ കേരളത്തിന് എന്തെല്ലാം ആക്ഷേപമുണ്ടായി എന്ന് ഭരണപക്ഷമുന്നയിക്കുന്ന സംഭവവികാസങ്ങൾക്കൊക്കെയും ഉത്തരവാദിയെന്ന് പറയുന്നത് കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും അദ്ദേഹത്തിന്റെ നിലപാടുകളുമാണ്. അദ്ദേഹത്തിന്റെ ഭരണം പിന്നിട്ടിട്ട് നാലഞ്ചുവർഷക്കാലമായി. ഇപ്പോൾ അഞ്ചാം വർഷത്തിലേയ്ക്ക് ഭരണം പ്രവേശിക്കുകയാണ്. ഈ അഞ്ചാം വർഷത്തിലേയ്ക്ക് പ്രവേശിച്ചപ്പോൾ മെയ് 18 എന്തുകൊണ്ടാണ് ആഘോഷിക്കാത്തത്? ഒന്നാം വർഷവും രണ്ടാം വർഷവും ഗംഭീരമായി ആഘോഷിച്ച്, നിങ്ങളുടെ ഭരണത്തിന്റെ മൂന്നാം വർഷത്തിലേക്ക് കടന്നപ്പോൾ ഭരണത്തിന്റെ നിറം കെട്ടുതുടങ്ങി. നാലാം വർഷം ആഘോഷിച്ചതേയില്ല. കുറെ പരസ്യങ്ങൾ പത്രമാധ്യമങ്ങളിൽ കണ്ടതല്ലാതെ ഒരു ആഘോഷ പരിപാടിയും കണ്ടില്ല. ഏത് വകുപ്പിലാണ് ക്രിയാത്മകമായി ഇടപെടലുകൾ നടത്തുന്നത്? ഒരു വകുപ്പിലും ക്രിയാത്മകമായി ഇടപെടാൻ കഴിയുന്നില്ല. മന്ത്രിമാർ തന്നെ നിരാശരാണ്. പല വകുപ്പുകളും നിഷ്ക്രിയമായിരിക്കുന്നു. ഭരണത്തലവന്മാർ എന്തിനാണ് അവരുടെ കർത്തവ്യം മറന്ന് ഇവിടെ ഇരിക്കുന്നത്? അവർ മാനസികമായി തകർന്നിരിക്കുകയാണ്. ഈ

ഭരണത്തിന്റെ ഭാഗമായി, ഭരണത്തലവന്മാരായി ഇരിക്കുന്നതിന്റെ അപമാനം കൊണ്ടായിരിക്കാം അവർ ഈ ഗാലറിയിൽ വന്നിരിക്കാത്തത്. ഇവിടെ ആരോ ഇരിപ്പുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഗാലറിയിൽ ഒരാൾ ഇരിപ്പുണ്ടെന്നതിൽ സന്തോഷം. ആരെങ്കിലും ഒരാൾ ഇരിപ്പുണ്ടല്ലോ. ഈ ഗവൺമെന്റിനെ സംരക്ഷിക്കാൻ ആരെങ്കിലും ഒരാൾ... നിയമസഭയിൽ സ്പീക്കർ ഈ ഗവൺമെന്റിനെ സംരക്ഷിച്ചതുപോലെ, ഈ ഗവൺമെന്റിനെ സംരക്ഷിക്കാൻ ആരെങ്കിലും ഒരാൾ ഗാലറിയിൽ ഉണ്ടെങ്കിൽ അതും സന്തോഷമുള്ള ഒരു കാര്യമാണ്.

ശ്രീ. എ. കെ.ബാലൻ: സാധാരണ ചീഫ് സെക്രട്ടറിയെങ്കിലും വരാറുള്ളതാണ്. ഇന്ന് അദ്ദേഹവും വന്നില്ല.

ശ്രീമതി ഇ. എസ്. ബിജിമോൾ: അദ്ദേഹത്തിനും മനസ്സ് മടുത്തിരിക്കുകയല്ലേ, ആർക്കാണ് ഇവരോട് സ്നേഹമുള്ളത്? ഗവൺമെന്റിന്റെ ഭാഗമായി ഒരു മന്ത്രിമാർക്കും അവരുടെ വകുപ്പുമായി ബന്ധപ്പെട്ട് ഒരു പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കാൻ കഴിയുന്നില്ല. അവരൊക്കെ മനസ്സ് മടുത്ത് നിൽക്കുകയാണ്. എങ്ങനെയങ്കിലും ഈ കാലാവധി ഒന്ന് അവസാനിപ്പിക്കണം എന്ന ചിന്താഗതിയുമായി നടക്കുന്ന മന്ത്രിമാരും ഇതിനോടൊട്ടും സഹകരിക്കാത്ത വകുപ്പ് തലവന്മാരുമാണുള്ളത്. അവർക്ക് പണം കൊടുക്കുന്നതിനെപ്പറ്റിയും, അവതരിപ്പിക്കാത്ത

ബഡ്ജറ്റിനെപ്പറ്റിയും, ചലിക്കാത്ത ഗവൺമെന്റിനെപ്പറ്റിയുമാണ് ഇവിടെ ചർച്ച നടത്തുന്നത്. കേരളം ഇത്രമാത്രം അപമാനിക്കപ്പെട്ട ഒരു കാലഘട്ടം ഉണ്ടായിട്ടില്ല. ആരുടെ ഭരണമാണെന്ന് ചോദിച്ചാൽ...... ആർക്കുവേണ്ടിയാണ് വികസനവും കരുതലും..... വളരെ ഗംഭീര മുദ്രാവാക്യമാണ്. കേൾക്കുമ്പോൾ നമുക്ക് വളരെ ആകർഷണം തോന്നുന്ന മുദ്രാവാക്യം. വികസനം ഉണ്ട്, ആരാണ് ഇതുകൊണ്ട് വികസനം ഉണ്ടാക്കിയത്? ആരാണ് ഇതുകൊണ്ട് നേട്ടം ഉണ്ടാക്കിയത്? ആരാണ് കരുതലിലേയ്ക്ക് വന്നത്? മൂന്നാല് പേർ കരുതലിലേയ്ക്ക് വന്നിട്ടുണ്ട്. അവർ കരുതൽ തടങ്കലിൽ ആണെന്ന് മാത്രം. കരുതൽ കിട്ടിയിട്ടുണ്ട്. കരുതൽ തടങ്കലിലല്ല, ഇപ്പോൾ അവർ എന്നന്നേയ്ക്കുമായി ജയിലറയ്ക്കുള്ളിലേയ്ക്ക് പോകാൻ പാകത്തിന് കാര്യങ്ങൾ ഏതാണ്ട് കോടതിയുടെ മുന്നിലും തെളിഞ്ഞുവരുന്നു. ഞങ്ങൾ ഉന്നയിച്ച ആരോപണങ്ങളൊക്കെയും ശരിയാണെന്ന് പറയത്തക്കവിധത്തിൽ പലരും ജയിലഴിക്കുള്ളിലാണ്. ഇനി എത്രപേർ അങ്ങോട്ട് പോകാൻ പോകുന്നുവെന്നറിയുവാൻ കേരള ജനത ആകാംക്ഷാപൂർവ്വം നോക്കിക്കൊണ്ടിരിക്കുകയാണ്. ജനങ്ങളെ കുറച്ചുകാലത്തേയ്ക്ക് മാത്രമെ പറ്റിക്കാൻ കഴിയുകയുള്ളൂ. എല്ലാ കാലത്തേയ്ക്കും എല്ലാവരെയും പറ്റിക്കാം എന്ന് പറയുന്ന ധാരണ ശരിയല്ല. ഇപ്പോൾ യു.ഡി.എഫ്. മുന്നണി മരണ വീടിന് തുല്യമായി

മാറിയിരിക്കുകയാണ്. പലരും അതിൽ നിന്ന് കൊഴിഞ്ഞുപൊയ്ക്കൊണ്ടിരിക്കുന്നു. കൂടെയുണ്ടായിരുന്നവർ എത്ര പേർ ഉണ്ട്? ഓരോ ആളുകൾ മുന്നണി വിട്ടുകൊണ്ടിരിക്കുകയാണ്. മുന്നണിക്കുള്ളിൽ നിൽക്കുന്നവർ പോലും മാനസികമായി മുന്നണിയോട് പൊരുത്തപ്പെട്ടു നിൽക്കുന്നു എന്ന് നമുക്ക് പറയാൻ കഴിയില്ല. മാനസികമായി മുന്നണിയിൽ നിന്ന് അകന്നുമാറി നിൽക്കുകയാണ്. ഈ ഗവൺമെന്റിന്റെ നടപടിക്രമങ്ങളോട് അവർക്ക് ഉള്ളിന്റെയുള്ളിൽ വിയോജിപ്പുണ്ട്. കേരളത്തിന് നേട്ടമുണ്ടായില്ല എന്നു പറയാൻ കഴിയില്ല, നേട്ടമുണ്ടായിട്ടുണ്ട്. 78,000 കോടി രൂപയിൽ നിന്ന് നമ്മുടെ കടം 1,83,000 കോടിയിലേക്ക് മാറി. ഇത് 55 വർഷത്തെ കടമാണ്. 55 വർഷംകൊണ്ട് കേരളത്തിലെ ബാധ്യത എത്രയായിരുന്നുവോ ആ ബാധ്യത ഈ നാലുവർഷം കൊണ്ട് ഇരട്ടിപ്പിക്കുവാൻ കഴിഞ്ഞു എന്നു പറയുന്നതാണ് ഈ ഗവൺമെന്റിന്റെ നേട്ടം. കേരളത്തിന് അതുകൊണ്ട് നേട്ടമൊന്നുമുണ്ടായില്ല, ഒരു മാസം വായ്പ എടുത്തില്ലെങ്കിൽ അപ്പോൾ ട്രഷറി പൂട്ടേണ്ട സാഹചര്യമുണ്ടാകുന്നു. ഇവിടെ ക്രിയാത്മകമായ ഒരു ഗവൺമെന്റില്ല എന്നുള്ളതാണ് ഇതിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത്. ക്രിയാത്മകമായി ടാക്സ് അടക്കമുള്ള കാര്യങ്ങളിലേയ്ക്ക് ഗവൺമെന്റിന് ഇടപെടാൻ കഴിയുന്നില്ല. ധനകാര്യ വകുപ്പുമന്ത്രി ബാർകോഴ വിവാദത്തിൽ പെടുന്നതിനുമുമ്പും പെട്ടതിനുശേഷവും ടാക്സ്

ഡിപ്പാർട്ടുമെന്റ് നിർജ്ജീവമാണ്. ഏതെങ്കിലും വകുപ്പുമന്ത്രിമാർക്ക് എന്റെ വകുപ്പ് സജീവമായി ഈ ധനകാര്യ മന്ത്രിയുടെ സഹായത്തോടുകൂടി, ഗവൺമെന്റിന്റെ സഹായത്തോടുകൂടി മെച്ചപ്പെട്ട നിലയിൽ കൊണ്ടുപോകാൻ കഴിയുമെന്ന് പറയാൻ കഴിയുമോ? ഒരാൾക്കും പറയാൻ കഴിയില്ല. കരാറുക്കാർക്ക് കാശുകൊടുക്കുമെന്ന് കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ആവർത്തിച്ചു പറഞ്ഞിട്ടും 3,100 കോടി രൂപയിലധികം തുക കരാറുക്കാർക്ക് ഇനിയും കൊടുക്കാനുണ്ട്. ഒരു ടെണ്ടർ വർക്കുകളും നടക്കുന്നില്ല. ടെണ്ടർ അവർ എടുക്കാതിരിക്കുകയും ബഹിഷ്കരിക്കുകയും ചെയ്യുന്നു. നിരവധി കേന്ദ്രങ്ങളിൽ കരാറുകാർ സമരത്തിലാണ്. പഞ്ചായത്തുകൾക്കെങ്കിലും കാശ് കൊടുക്കേണ്ടതാണ്. 50 ശതമാനം തുകപോലും പഞ്ചായത്തുകൾക്ക് കൊടുക്കുവാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് പണം കിട്ടാത്തതുകൊണ്ട് അവർക്ക് ചെലവഴിക്കാൻ സാധിക്കുന്നില്ല. കാലാവധി നീട്ടികൊടുക്കുന്ന തന്ത്രം അവരോട് പരീക്ഷിക്കുകയാണ്. നിങ്ങൾ കാലാവധി നീട്ടി കൊടുക്കുന്നതിൽ തെറ്റില്ല. ഇവിടെ ഭവന നിർമ്മാണ പദ്ധതികൾക്കുള്ള തുക ഒരു ലക്ഷം രൂപയിൽ നിന്ന് രണ്ടു ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചതായി വാശിപൂർവ്വം മന്ത്രിമാർ പ്രഖ്യാപിച്ചപ്പോൾ ഞങ്ങളെല്ലാവരും ഇവിടെയിരുന്ന് കൈയടിച്ചതാണ്. പുരമട്ടം

തീർത്തിട്ടിരിക്കുന്നവർ, തറ കെട്ടിയിട്ടിരിക്കുന്നവർ, ഷീറ്റ് വാങ്ങി വച്ചിരിക്കുന്നവർ, അതൊന്ന് കൂരയിൽ കയറ്റി വീടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിയാത്തവർ, എത്ര പേരാണ്....... ആ പണമെങ്കിലും കൊടുക്കുന്നതിനുള്ള ഒരു നടപടി ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകണം. ആയിരക്കണക്കിനാളുകളുടെ കണ്ണീരാണ് കേരളത്തിൽ വീണുകൊണ്ടിരിക്കുന്നത്. പെരുമഴ പെയ്യുകയാണ്. ഇവിടെയൊക്കെ ശാന്തമായ ഒരു കാലാവസ്ഥയാണ്. ഇടുക്കി പോലുള്ള സ്ഥലങ്ങളിൽ ശാന്തമായ കാലാവസ്ഥയില്ല. അതിഭീകരമായിട്ടുള്ള മഴയും കാറ്റും കാരണം വൻകൃഷി നാശവും വീട് തകർച്ചയും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഈ പ്രശ്നത്തിലൊന്നും ഒരു വകുപ്പിനും ക്രിയാത്മകമായി ഇടപെടാൻ കഴിയുന്നില്ല. കൃഷിക്കാരന്റെ പ്രശ്നങ്ങളിൽ ഇടപെടാൻ കഴിയുന്നില്ല. റബ്ബർ കർഷകരെ വഞ്ചിക്കുന്ന നിലപാട് സ്വീകരിച്ചു. തേയിലക്കർഷകരെ വഞ്ചിക്കുന്ന നിലപാട് സ്വീകരിച്ചു. സമയബന്ധിതമായി പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങളെങ്കിലും, ഏറ്റവും കുറഞ്ഞത് ഐ.എ.വൈ. ഭവന പദ്ധതിയടക്കം ഈ സംസ്ഥാനത്ത് വിവിധ ഭവന നിർമ്മാണ പദ്ധതികളുണ്ട്. പേര് ഏതാണെങ്കിലും അവർക്കൊന്നും പണം ലഭിക്കാത്ത സാഹചര്യമുണ്ടായി എന്നുള്ളതുകൊണ്ട് ഈ പണമെങ്കിലും അനുവദിക്കാൻ, ബന്ധപ്പെട്ട വകുപ്പുതലവന്മാർക്ക് ഇടപെടാൻ, വകുപ്പുകൾ ഒന്ന് സജീവമാകാൻ

ഇനിയുള്ള നാളുകളിലെങ്കിലും എന്തെങ്കിലും ചെയ്യാൻ കഴിയുന്നില്ലെങ്കിൽ എന്തിനാണ് പണം? എന്തിനാണ് ഈ പണം വേണമെന്ന് ഇവിടെ വന്ന് അഭ്യർത്ഥിക്കുന്നത്. ഇല്ലാത്ത ബഡ്ജറ്റിന്റെ പേരിൽ, അവതരിപ്പിക്കാത്ത ബഡ്ജറ്റിന്റെ പേരിൽ....... ഞാൻ മറ്റു വിഷയങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. നിയമസഭ ജനാധിപത്യ സംവിധാനങ്ങളുടെ പരമോന്നത ശ്രീകോവിലായാണ് കാണുന്നത്. പക്ഷേ, ഈ ശ്രീകോവിലിന്റെ മഹത്വം പ്രയോജനപ്പെടുത്തികൊണ്ട് കള്ളന്മാരെ സംരക്ഷിക്കുന്നതിനുള്ള ഒരു വേദിയായി മാറ്റരുത്. ഇൻഡ്യയിലാകെ ലോകത്തിലാകെ വിലക്കയറ്റം എന്നുപറയുന്നത് ഒരു സാർവ്വത്രിക പ്രതിഭാസമാണ്, എന്ന് പറയുമ്പോൾ ഗവൺമെന്റ് ഇടപെടുന്നില്ല. മാർക്കറ്റ് ഇന്റർവെൻഷന്റെ കാര്യത്തിൽ നമ്മുടെ സംസ്ഥാനം രാജ്യത്തിനാകെ ഒരു മാതൃകയായിരുന്നു. ആ മാതൃക നിലനിർത്തി കൊണ്ടുപോകണം എന്നുണ്ടെങ്കിൽ ബന്ധപ്പെട്ട വകുപ്പുമന്ത്രിക്ക് കാശു കൊടുക്കേണ്ടതാണ്. അദ്ദേഹത്തിന് പണം കൊടുക്കുന്നില്ല. ഇവിടെ രാവിലെ ചർച്ച ചെയ്യപ്പെട്ട വിഷയം ട്രൈബൽ ഡിപ്പാർട്ടുമെന്റിൽ കമ്മ്യൂണിറ്റി കിച്ചനുപോലും പണം കൊടുക്കാത്തതുകൊണ്ട് സപ്ലൈകോ അതിന്റെ പ്രവർത്തനങ്ങൾ നിർത്തുന്ന സാഹചര്യമുണ്ടായിരിക്കുന്നു. ഏത് വകുപ്പുമന്ത്രിമാരോടു ചോദിച്ചാലും അവർ പറയുന്നത് ഞങ്ങൾക്ക് പണം കിട്ടാത്തതുകൊണ്ട് ഞങ്ങളുടെ വകുപ്പിന്റെ

പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നില്ല എന്നാണ്. എന്താണ് യഥാർത്ഥ പ്രശ്നം? യഥാർത്ഥ പ്രശ്നമെന്നു പറയുന്നത് ഗവൺമെന്റ് നിഷ്ക്രിയമാണ് എന്നുള്ളതാണ്. ഈ ഗവൺമെന്റിന്റെ മുഖമുദ്ര എന്താണ്; പ്രതിച്ഛായ എന്താണ്; എന്ന ചോദ്യത്തിന് അഴിമതിയാണ് ഈ ഗവൺമെന്റിന്റെ പ്രതിച്ഛായ എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഒരു സ്ഥലംമാറ്റം വേണമെങ്കിൽ പണം കൊടുക്കണം, ഒരു ട്രാൻസ്ഫറിന്റെ പേരിൽ ഒരു കാൻസലേഷൻ വേണമെങ്കിൽ പണം കൊടുക്കണം. അഴിമതി മുഖമുദ്രയാക്കി മാറ്റിയ ഈ ഗവൺമെന്റിന് തുടരാൻ അവകാശമില്ല എന്നുള്ളതാണ് സത്യം. ഒരു ഗവൺമെന്റ് സാങ്കേതികതയിൽ തൂങ്ങി, സമസ്ത മേഖലയിലും കേരളം കൈവരിച്ചിട്ടുള്ള വിജയത്തെ പിന്നോട്ട് അടിക്കുന്നതിനുള്ള നിലപാടുകൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകരുത് എന്ന് അഭ്യർത്ഥിക്കുന്നു. ഇല്ലാത്ത ഒരു ഗവൺമെന്റിനുവേണ്ടി ഇല്ലാത്ത ഒരു ബഡ്ജറ്റിനും വേണ്ടി പണം അഭ്യർത്ഥിക്കുന്നതിനുള്ള നടപടി തെറ്റാണെന്ന് ഈ അവസരത്തിൽ സൂചിപ്പിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. ഐക്യജനാധിപത്യ മുന്നണിയുടെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നടന്നിട്ടുള്ള വികസന പ്രവർത്തനങ്ങളും ക്ഷേമ പ്രവർത്തനങ്ങളും പരിശോധിച്ചാൽ കഴിഞ്ഞ 40 വർഷക്കാലംകൊണ്ട്

കേരളത്തിലെ ഗവൺമെന്റുകൾക്ക് നടപ്പിലാക്കുവാൻ സാധിച്ചതിലേറെ കാര്യങ്ങൾ നാലുവർഷംകൊണ്ട് നടപ്പിലാക്കുവാൻ സാധിച്ച ഒരു ഗവൺമെന്റാണ് ശ്രീ. ഉമ്മൻചാണ്ടിയുടെ ഗവൺമെന്റ് എന്ന് ആർക്കും സംശയാതീതമായി പറയാനും തെളിയിക്കുവാനും കഴിയുന്ന ഒരു രാഷ്ട്രീയ സാഹചര്യമാണ് ഇവിടെയുള്ളത്. പ്രതിപക്ഷം ഈ ഗവൺമെന്റിന്റെ നിരന്തരമായ വികസന പ്രവർത്തനങ്ങളിലും മറ്റുമുള്ള പ്രതിബദ്ധതയോടുകൂടിയ പ്രവർത്തനങ്ങൾ കണ്ട് അങ്കലാപ്പിലായി പലവിധ വിമർശനങ്ങളും സമരങ്ങളും പ്രക്ഷോഭങ്ങളും ഈ ഗവൺമെന്റിനെതിരായി ആവിഷ്കരിക്കുകയുണ്ടായി. പക്ഷേ, ഈ പ്രതിപക്ഷം കഴിഞ്ഞ നാലുവർഷക്കാലം നടത്തിയ പ്രകടനം പരിശോധിച്ചാൽ ഒരു കാര്യം നമുക്ക് വ്യക്തമാകും. ഈ ഗവൺമെന്റിന്റെ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടതോ കേരളത്തിലെ ജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ടതോ ആയ പ്രശ്നങ്ങൾ ഏറ്റെടുത്ത് ഒരു സമരമോ പ്രക്ഷോഭമോ നടത്തുവാൻ പോലും പ്രതിപക്ഷത്തിന് കഴിഞ്ഞ നാലുവർഷക്കാലം സാധിച്ചിട്ടില്ല. ഒരു ഗവൺമെന്റിന് നാലുവയസ്സായി എന്നു നാം പറയുമ്പോൾ ഗവൺമെന്റിനുമാത്രമല്ല നാലു വയസ്സ് ആകുന്നത്. പ്രതിപക്ഷവും ഗവൺമെന്റും ഒരേ ദിവസം ജനിക്കുന്ന ഇരട്ടപെറ്റ മക്കളാണ്. ഇടതുപക്ഷത്തിന്റെ നാലു വർഷത്തെ പ്രവർത്തനവും ഗവൺമെന്റിന്റെ പ്രവർത്തനവും ഒരു പോലെ

പരിശോധിക്കപ്പെടേണ്ടതാണ്. ഇവിടെ കൃഷിക്കാർക്കുവേണ്ടിയുള്ള സമരങ്ങൾ, അതുപോലെ സെക്രട്ടേറിയറ്റിൽ ഉപരോധസമരം, ഉദ്യോഗസ്ഥന്മാരുടെ സമരം, ഇങ്ങനെ എണ്ണിയെണ്ണി പറയാൻ ഞാൻ മെനക്കെടുന്നില്ല. എത്രയോ സമരങ്ങൾ അവർ നടത്തി, എല്ലാ സമരങ്ങളും പരാജയപ്പെട്ടു. ഇടക്കാലത്തു നടന്ന സകല തെരഞ്ഞെടുപ്പുകളിലും തോറ്റു. നമുക്കറിയാം സോളാർ കേസ് പോലുള്ള ചില പരാമർശങ്ങളും വിമർശനങ്ങളുമാണ് ഈ ഗവൺമെന്റിനെതിരായി ഉന്നയിച്ചത്. വാസ്തവത്തിൽ ഈ ഗവൺമെന്റ് ചെയ്ത നല്ല കാര്യങ്ങൾ കൊണ്ട് അവർക്ക് അങ്ങനെ ചെയ്യാൻ മാത്രമേ സാധിക്കുമായിരുന്നുള്ളു. ഇടുക്കി, നെടുമ്പാശ്ശേരി തുടങ്ങിയ രണ്ട് വൻ പദ്ധതികൾ നടപ്പിലാക്കിയതിനുശേഷം ആദ്യമായിട്ടാണ് കേരളത്തിൽ ഇത്രയധികം വൻകിട പദ്ധതികൾ ഈ ഗവൺമെന്റിന്റെ നേതൃത്വത്തിൽ നടപ്പിലാക്കാൻ സാധിച്ചത്. 2016 - ൽ പൂർത്തിയാകാൻ പോകുന്ന കൊച്ചി മെട്രോ, 2015 ഡിസംബറിൽ പൂർത്തിയാകാൻ പോകുന്ന കണ്ണൂർ വിമാനത്താവളം, അടുത്ത ജ്യൂൺ മാസത്തിൽ പൂർത്തീകരിക്കാൻ പോകുന്ന സ്മാർട്ട് സിറ്റി പദ്ധതിയുടെ ഒന്നാം ഘട്ടം, 35 വർഷങ്ങൾക്കുശേഷം ഇത്രയും മെഡിക്കൽ കോളേജുകൾ ഒറ്റയടിക്ക് വന്ന സംസ്ഥാനം കേരളമല്ലാതെ ഇൻഡ്യയിലെവിടെയുമില്ല. 15 മെഡിക്കൽ കോളേജുകളാണ് ഈ ഗവൺമെന്റിന്റെ ടാർജെറ്റ്. തിരുവനന്തപുരം, കോന്നി

തുടങ്ങിയ ജില്ലകളിൽ അടുത്ത വർഷം മെഡിക്കൽ കോളേജുകൾ ആരംഭിക്കുവാൻ പോകുന്നു. ഇതിനകംതന്നെ അനേകം മെഡിക്കൽകോളേജുകൾ പുതിയതായി സ്ഥാപിക്കാൻ സാധിച്ചു. കൊച്ചി പോലുള്ള മെഡിക്കൽ കോളേജുകൾ ഗവൺമെന്റ് ഏറ്റെടുത്തു. വ്യാവസായിക രംഗത്ത് യുവരക്തം പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി, യുവാക്കളെയും വിദ്യാർത്ഥികളെയും അവരുടെ ഭാവനാ സമ്പന്നമായ ആശയങ്ങൾ വ്യവസായ വികസനത്തിനുവേണ്ടി പ്രയോജനപ്പെടുത്താൻ 900 സ്റ്റാർട്ട്-അപ് സംരംഭങ്ങൾ നാം ആരംഭിച്ചു. ആ 900 സ്റ്റാർട്ട് അപ് സംരംഭങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള നമ്മുടെ ചെറുപ്പക്കാർക്ക് 20 ലക്ഷം രൂപ വരെ പലിശ രഹിത വായ്പയായി നൽകാനുള്ള പദ്ധതികൾ ഗവൺമെന്റ് ആവിഷ്കരിച്ചു. കള്ള് ചെത്തുപോലെ നീര ചെത്തിയെടുക്കാനുള്ള ഒരു സംരംഭം കേരളത്തിലെ കൃഷിക്കാർ എത്രയോ ചിരകാലമായി ആഗ്രഹിച്ചിരുന്ന ഒരു കാര്യമാണ്. നീര ചെത്തുന്നതിന് 173 ലൈസൻസുകളാണ് കേരളം ഈ കാലയളവിൽ നൽകിയത്. ധാരാളം പരാതികളും വിമർശനങ്ങളും ഉന്നയിക്കാൻ വകയുണ്ടാകുമെന്ന് പ്രതീക്ഷിച്ചുനടന്നിരുന്ന ആളുകളെ നിരാശപ്പെടുത്തിക്കൊണ്ട് വളരെ വിജയകരമായി ദേശീയ ഗെയിംസ് പൂർത്തിയാക്കാൻ നമുക്ക് സാധിച്ചു. വിഴിഞ്ഞം ഹാർബർ പദ്ധതി തടസ്സപ്പെടുത്തുന്നതിനുവേണ്ടി ആവനാഴിയിലെ എല്ലാ അമ്പുകളും

പ്രയോജനപ്പെടുത്തിയെങ്കിലും അവസാനം വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമാകുമെന്നുള്ള സാഹചര്യം സംജാതമായി. അതുപോലെതന്നെ മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി- ശ്രീ. ഉമ്മൻ ചാണ്ടിയെപ്പോലുള്ളൊരു മുഖ്യമന്ത്രിയെ നമുക്കെവിടെ കാണാൻ സാധിക്കും; ജനമധ്യത്തിൽ നിന്നുകൊണ്ട്, ഇത്രയേറെ പ്രതിബദ്ധതയോടുകൂടി, ക്ഷീണമില്ലാതെ, ദാഹമില്ലാതെ, മുഷിപ്പില്ലാതെ ആർക്കാണ് ജോലി ചെയ്യാൻ സാധിക്കുന്നത്; സാധാരണ മനുഷ്യർക്കാർക്കെങ്കിലും ഇതുപോലെ ജോലി ചെയ്യാൻ സാധിക്കുമോ; ജനമധ്യത്തിൽ നിന്നുകൊണ്ട് അവരുടെ പ്രശ്നങ്ങൾ ഇത്രയേറെ ക്ഷമാപൂർവ്വം കേൾക്കാൻ ആർക്കെങ്കിലും സാധിക്കുമോ; അങ്ങനെ കേട്ട് മനസ്സിലാക്കി അതിനെല്ലാം പരിഹാരം കാണുന്ന രീതിയിൽ മുഖ്യമന്ത്രി മൂന്നു തവണയാണ് എല്ലാ ജില്ലകളിലുമായി ജനസമ്പർക്ക പരിപാടി നടത്തിയത്. പാലക്കാട് ഐ.ഐ.റ്റി. വരുന്ന സംവിധാനമായി. അതുപോലെ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി നടപ്പിലാക്കിയ 'ഓപ്പറേഷൻ കുബേര' എന്ന പരിപാടിയിലൂടെ പലിശ വാങ്ങുന്നവർക്കും ബ്ലേഡ് കമ്പനിക്കാർക്കുമെതിരെ 2836 കേസ്സുകളാണ് രജിസ്റ്റർ ചെയ്തത്. 1700 പേരെ അറസ്റ്റ് ചെയ്ത 'ഓപ്പറേഷൻ കുബേര' പോരേ സംസ്ഥാനത്തെ ആഭ്യന്തരവകുപ്പിന്റെ മികവ് തെളിയിക്കാൻ. എത്ര ഭംഗിയായിട്ടാണ് അതെല്ലാം നടപ്പിലാക്കുന്നത്.

ഇപ്പോൾ അതിന്റെ രണ്ടാംഘട്ടം ആരംഭിച്ചിരിക്കുന്ന സന്ദർഭമാണ്. അതുപോലെ നിയമനം നിരോധിച്ചിരിക്കുന്നുവെന്ന മുദ്രാവാക്യങ്ങൾ വിളിച്ചിരുന്ന യുവാക്കളെ ഇപ്പോൾ കാണുന്നുണ്ടോ; മുഖ്യമന്ത്രിയും ആസ്ഥാനഭരണവും പൊതുഭരണവും മോശമാണെന്ന് പറയാൻ ആർക്കെങ്കിലും സാധിക്കുമോ; നിയമനങ്ങൾ എല്ലാ രാജ്യങ്ങളും എല്ലാ സംസ്ഥാനങ്ങളും വെട്ടിക്കുറയ്ക്കുന്ന കാലത്ത് 1,22,391 പേർക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നൽകുന്നതിന് സാധിച്ച ഒരു ഗവൺമെന്റാണിത്. അതുപോലെ സ്ഥിരം കുറ്റവാളികൾക്കെതിരെ ആഭ്യന്തര വകുപ്പ് ഗുണ്ടാ നിയമം പ്രയോജനപ്പെടുത്തി. കുറ്റവാളികളെ അമർച്ച ചെയ്യുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചുകൊണ്ടാണ് ആഭ്യന്തര വകുപ്പ് മുന്നോട്ടുപോകുന്നത്. അതുമാത്രമല്ല ആരോപണമുന്നയിച്ച കേസ്സുകളിലെല്ലാം നിഷ്പക്ഷവും സ്വതന്ത്രവുമായിട്ടുള്ള അന്വേഷണങ്ങൾ നടത്താൻ നേതൃത്വം കൊടുക്കാൻ മുഖ്യമന്ത്രിക്കും ആഭ്യന്തര വകുപ്പുമന്ത്രിക്കും ഈ ഗവൺമെന്റിനും സാധിച്ചത് നിസ്സാര കാര്യമല്ല. ഇവർക്ക് വേറൊന്നും പറയാനില്ലാത്തതുകൊണ്ടാണ് ഇത്തരം കാര്യങ്ങൾ പറയുന്നത്. അതുപോലെ തദ്ദേശ ഭരണസ്ഥാപനങ്ങളിൽ വരാൻ പോകുന്ന തെരഞ്ഞെടുപ്പുകളിൽ ചരിത്രത്തിലാദ്യമായി പ്രവാസികൾക്ക് വോട്ടവകാശം ലഭിക്കുകയാണ്. 2002-ൽ പ്രവാസികൾക്ക് വോട്ടവകാശം

നൽകുന്നതിന് നിയമം ഭേദഗതി ചെയ്യണമെന്നാവശ്യപ്പെട്ട് ഒരു അനൗദ്യോഗിക പ്രമേയം ഈ സഭയിൽ അവതരിപ്പിച്ച ഒരാളാണ് ഞാൻ. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രി ആയിരുന്ന സമയത്ത് ആ പ്രമേയം ഏകകണ്ഠമായി പാസ്സാക്കിയിട്ടുള്ളതാണ്. അതിനെത്തുടർന്ന് ആ വിഷയം വളരെ സജീവമായിത്തീർന്നു. ഇപ്പോൾ തദ്ദേശ ഭരണസ്ഥാപനങ്ങളിലേയ്ക്കുവരെ പ്രവാസികൾക്ക് വോട്ടവകാശം നൽകുന്ന സാഹചര്യം ഉണ്ടാക്കാൻ നമുക്ക് സാധിച്ചു. അതുപോലെ റോഡുകളുടെയും പാലങ്ങളുടെയും കാര്യം നമുക്ക് എങ്ങനെ നിരാകരിക്കാൻ കഴിയും; ഒരു റോഡ് മോശമായിക്കണ്ടാൽ അല്ലെങ്കിൽ ഒരു പാലം പൂർത്തീകരിക്കപ്പെട്ടില്ലെങ്കിൽ അതുമാത്രം ഉയർത്തിപ്പിടിച്ചുകൊണ്ട് വർത്തമാനം പറയുന്നതിന് എന്ത് ന്യായമാണുള്ളത്; ലോകനിലവാരമുള്ള എത്ര റോഡുകളും പാലങ്ങളുമാണ് കേരളത്തിലുണ്ടായത്; റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി രൂപീകരിക്കാൻ പൊതുമരാമത്ത് വകുപ്പിന് സാധിച്ചു. 1970 കോടി രൂപയുടെ പുതിയ ബൈപാസ് റോഡുകൾ നിർമ്മിക്കുകയുണ്ടായി. ഇന്ത്യാ രാജ്യത്ത് ആദ്യമായി ഇന്റർനാഷണൽ കൺസ്ട്രക്ഷൻ അക്കാദമി രൂപീകരിക്കാൻ കേരളത്തിന് സാധിച്ചത് നിസ്സാരമായ കാര്യമാണോ; ഇവിടെ നൈപുണ്യ മികവിനായി സ്കിൽ ക്യാമ്പസ്സുകളുണ്ടായി. വൈദ്യുതി ചാർജ്ജ് ഓൺലൈൻവഴി അടയ്ക്കാനുള്ള

സംവിധാനമുണ്ടായി. സഹകരണ വകുപ്പ് വളരെ നിശ്ശബ്ദമായി വളരെ വലിയ മാറ്റങ്ങൾക്ക് നേതൃത്വം കൊടുത്തു. സഹകരണ ബാങ്കുകളെല്ലാം ചേർന്ന് 6082 കോടി രൂപയുടെ കുടിശ്ശിക പിരിച്ചെടുത്തു എന്നുമാത്രമല്ല 935 കോടി രൂപയുടെ ആനുകൂല്യം വായ്പയിലും പലിശയിനത്തിലും കട ബാദ്ധ്യതയുണ്ടായിരുന്ന ആളുകൾക്ക് അനുവദിച്ചുകൊടുക്കുകയും ചെയ്തു. കാരുണ്യ പദ്ധതി- റയിൽവെ സ്റ്റേഷനിൽ എപ്പോൾ പോയാലും അവരുടെ പരസ്യങ്ങളിലൂടെ മാണി സാർ സംസാരിക്കുന്നത് കേൾക്കാം. ബുദ്ധിമുട്ടനുഭവിക്കുന്ന, പ്രയാസപ്പെടുന്ന, മാരകമായ രോഗങ്ങൾ കാരണം കഷ്ടപ്പെടുന്ന ആളുകൾക്ക് അവരുടെ ചികിത്സയ്ക്കുവേണ്ടി പണം നൽകുന്ന ഇതുപോലൊരു പദ്ധതി ഇന്ത്യയിൽ ഏത് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്; 650 കോടി രൂപയുടെ ധനസഹായമാണ് കാരുണ്യ പദ്ധതി പ്രകാരം നൽകപ്പെട്ടിട്ടുള്ളത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 412 കോടി രൂപ നൽകി. അപകടമരണം സംഭവിക്കുമ്പോൾ മുഖ്യമന്ത്രിയെ ചെന്നുകണ്ടാൽ, ഭരണ-പ്രതിപക്ഷ കക്ഷി വ്യത്യാസമില്ലാതെ ഒരു ലക്ഷം രൂപ മുതൽ 5 ലക്ഷം രൂപവരെയുള്ള ധനസഹായം ആ കുടുംബത്തിന് നൽകുന്നത് നിസ്സാര കാര്യമാണോ; അത് നിസ്സാരമാണെന്ന് ഞാൻ കരുതുന്നില്ല. രോഗബാധിതരായ ആളുകൾക്ക് ഇത്രയേറെ സൗകര്യങ്ങൾ ഏർപ്പെടുത്തിയ ഒരു കാലം

എന്നാണുണ്ടായിട്ടുള്ളത്; ചികിത്സയ്ക്കുവേണ്ടി ഇത്രയേറെ സാമ്പത്തിക സഹായം നൽകുന്ന ഒരു ഗവൺമെന്റും മുഖ്യമന്ത്രിയും ഏത് കാലത്താണുണ്ടായിട്ടുള്ളത്? അതുപോലെ പുതിയതായി 60 ലക്ഷം പേർക്കുകൂടി ഒരു രൂപയുടെ അരി നൽകാനുള്ള പദ്ധതി ആവിഷ്കരിച്ചിരിക്കുകയാണ്. അത് നിസ്സാരമായ കാര്യമാണോ; 2000 മെട്രിക് ടൺ റബ്ബർ സംഭരണത്തിനുവേണ്ടി 300 കോടി രൂപ നീക്കിവച്ച ഗവൺമെന്റാണിത്. റബ്ബർ കൃഷിക്കാരുടെ ബുദ്ധിമുട്ടുകൾ മുഴുവൻ പരിഹരിക്കപ്പെട്ടു എന്നുഞാൻ പറയുന്നില്ല. കോഴിക്കോട്ടും തിരുവനന്തപുരത്തും വരാൻ പോകുന്ന ലൈറ്റ് മെട്രോ നിസ്സാര കാര്യമാണോ; ദേശീയ നിരക്കിനേക്കാൾ വളർച്ചയുണ്ടായ ഒരു സംസ്ഥാനമാണ് കേരളം എന്നുപറയാൻ എനിക്ക് യാതൊരു മടിയുമില്ല. 2013-14-ൽ 15.35 ശതമാനം വളർച്ചയാണ് കേരളത്തിലുണ്ടായത്. ഇന്ത്യയുടേത് 11.54 ശതമാനം മാത്രമായിരുന്നു. അന്യസംസ്ഥാനത്തൊഴിലാളികൾ പെരുകിവരുന്ന കേരളത്തിൽ അവർക്കുവേണ്ടി പ്രത്യേക കർമ്മപദ്ധതികൾ ആവിഷ്കരിച്ചു. അതുപോലെ 3000 കോടി രൂപയുടെ ജപ്പാൻ കുടിവെള്ള പദ്ധതി ഇവിടെ നടപ്പിലാക്കി. ക്ഷേമപെൻഷനുകൾ എല്ലാം വർദ്ധിപ്പിച്ചതോടൊപ്പം സാധാരണക്കാർക്കുവേണ്ടി പുതിയ പല പെൻഷനുകൾ ഏർപ്പെടുത്തുകയും ചെയ്തു. 36491 ഭൂരഹിതർക്ക് 3 സെന്റ് ഭൂമി വീതം നൽകി. ഭൂരഹിതരായ സകലർക്കും ഭൂമി

നൽകുക എന്നത് ഈ ഗവൺമെന്റിന്റെ ലക്ഷ്യമായി ഏറ്റെടുത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സമയമാണ്. എൻഡോസൾഫാൻ പാക്കേജ് കൊണ്ടുവന്നു. എല്ലാവർക്കും പാർപ്പിടം നൽകുന്ന പദ്ധതി ആവിഷ്കരിച്ചു. അദ്ധ്യാപക പാക്കേജ് കൊണ്ടുവന്നു. മൂലമ്പള്ളി പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി പാക്കേജുകൾ കൊണ്ടുവന്നു. നൂറുദിനംകൊണ്ട് നടപ്പിലാക്കുന്ന കർമ്മപദ്ധതികൾ, 107 പദ്ധതികൾ അന്ന് പ്രഖ്യാപിച്ചതിൽ 101 പദ്ധതികൾ നടപ്പിലാക്കുവാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. ഇതെല്ലാം ഈ ഗവൺമെന്റ് നാലുകൊല്ലംകൊണ്ട് ചെയ്ത കാര്യങ്ങളാണ്. ഒരു ഗവൺമെന്റിനും ജനങ്ങളുടെ മുഴുവൻ പ്രശ്നങ്ങളും പരിഹരിക്കാൻ സാധിക്കുകയില്ല. അഞ്ചുവർഷക്കാലംകൊണ്ട് പരിഹരിക്കാൻ കഴിയുന്നതല്ല കേരളത്തിലെ പ്രശ്നങ്ങളെന്ന് മനസ്സിലാക്കാനുള്ള ബുദ്ധിയെങ്കിലും നമുക്ക് വേണ്ടേ; പ്രതിപക്ഷത്തുള്ള എന്റെ സ്നേഹിതന്മാർ സംസാരിക്കുമ്പോൾ ആദ്യം ചോദിക്കുന്നത് ഇവിടെ ഒരു ഗവൺമെന്റ് ഉണ്ടോ എന്നാണ്. ഗവൺമെന്റില്ലെങ്കിൽ പിന്നെ എന്തിന് ഇവിടെ ഇരിക്കണം; അവതരിപ്പിക്കപ്പെടാത്ത ബഡ്ജറ്റിനെതിരെ, ഇല്ലാത്ത ഗവൺമെന്റിനെതിരെ എന്തിനാണ് ഈ നിഴൽയുദ്ധം നടത്തുന്നത്; അവതരിപ്പിക്കപ്പെടാത്ത ഒരു ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളെ എതിർക്കേണ്ട കാര്യമെന്താണ്; ബഡ്ജറ്റ്

അവതരിപ്പിച്ചിട്ടില്ലല്ലോ. അവതരിപ്പിച്ച ബഡ്ജറ്റിനെയല്ലേ എതിർക്കേണ്ടത്; അവതരിപ്പിക്കാത്തതിനെ എതിർക്കുന്നത് എങ്ങനെയാണ്. ഗവൺമെന്റില്ലെങ്കിൽ എന്തിനാണ് നിയമസഭയിൽ ഇരിക്കുന്നത്; വളരെ നിർഭാഗ്യകരമായ, ആശയപരമായിട്ടുള്ള പാപ്പരത്വംകൊണ്ട് അക്രമത്തിന്റേയും ബലപ്രയോഗത്തിന്റേയും മാർഗ്ഗത്തിലൂടെ മാത്രമേ എതിരാളികളെ രാഷ്ട്രീയമായി നേരിടാൻ സാധിക്കാതെ മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ എന്നാണ് പ്രതിപക്ഷം കരുതുന്നത്. കമ്മ്യൂണിസ്റ്റുകാർക്ക് രാഷ്ട്രീയ സമരം, ആശയ സമരം, സാമ്പത്തിക സമരം എന്നിങ്ങനെ മൂന്നുതരത്തിലുള്ള സമരമുണ്ടെന്നാണ് കാറൽ മാർക്സ് പറഞ്ഞിട്ടുള്ളത്. ഇതിൽ ഏത് സമരമാണ് ഇപ്പോൾ ഇവർക്ക് നടത്താൻ കഴിയുന്നത്. മൂന്നു സമരരംഗത്തും അവർ പരാജയപ്പെട്ടിരിക്കുകയാണ്. മൂന്നുസമരവും നടത്താൻ കഴിയാത്ത നിർഭാഗ്യകരമായ സാഹചര്യം അവർക്ക് വന്നിരിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ ഞാൻ ആക്ഷേപിക്കുകയല്ല. ഒരു വെല്ലുവിളിയും നടത്താൻ ഞാൻ ആഗ്രഹിക്കുന്നില്ല. തെരഞ്ഞെടുപ്പിന്റെ ഫലം നാളെ കാണാം. നമ്മൾ മനുഷ്യരുടെ കയ്യിലാണ് വോട്ടിരിക്കുന്നത്. ജനങ്ങൾ ചെയ്യുകാണുമെന്ന് അവരും ഞങ്ങളും വിശ്വസിക്കുന്നു. പക്ഷേ ഞങ്ങൾ ആത്മാർത്ഥമായി വിശ്വസിക്കുന്നു. ഇവിടെ മരണവീടുപോലെയാകും എന്ന് ചിലർ മുൻകൂട്ടി

പ്രസ്താവിച്ചത് എന്തിനാണെന്ന് മനസ്സിലായില്ല. ഏതായിരിക്കും മരണവീട് എന്ന് നാളെ കാണാം എന്നുമാത്രമേ തൽക്കാലം അതിനെക്കുറിച്ച് പറയാൻ സാധിക്കുകയുള്ളൂ. ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരണം നടത്തിയിരുന്ന കാലത്ത് ലീസ് കോഴയുടെയും, സാന്റിയാഗോ മാർട്ടിന്റെയും, ഫാരിസ് അബൂബക്കറിന്റെ ഫുട്ബോളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുമുണ്ടായിരുന്നു. കസ്റ്റഡി മരണങ്ങളുണ്ടായിരുന്നു. മലപ്പുറത്ത് വിഷക്കള്ള് ദുരന്തത്തിൽ 27 പേരാണ് മരിച്ചത്. ലോട്ടറി തട്ടിപ്പുണ്ടായിരുന്നു. തെരഞ്ഞെടുപ്പുകളിൽ തോൽവിയുണ്ടായിരുന്നു. കർഷക സമരങ്ങളും ഉദ്യോഗസ്ഥ സമരങ്ങളും പരാജയപ്പെട്ടിരുന്നു. ഹർത്താലുകൾ നടത്തിയിരുന്നു. രാഷ്ട്രീയ കൊലപാതകങ്ങൾ ഉണ്ടായിരുന്നു. 1957-ലാണ് ലോകത്തിലാദ്യമായി തെരഞ്ഞെടുപ്പിലൂടെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ കേരളത്തിൽ അധികാരത്തിൽ വന്നത്. 1957-ൽ തന്നെ, കണികാണുക എന്നൊക്കെ പറയുന്നത് വളരെ പ്രധാനപ്പെട്ടൊരു സംഗതിയാണ്. കൈ നീട്ടത്തിലൊക്കെ ആളുകൾ വിശ്വസിക്കുന്നുണ്ട്. കൈനീട്ടം തന്നെ ഈ രാജ്യം കമ്മ്യൂണിസ്റ്റുകാരുടെ കയ്യിലേയ്ക്ക് പോയതുകൊണ്ടാണ് ഇത് ഇപ്പോഴും ക്ലച്ച് പിടിക്കാതെ വഴുതി വഴുതി പോകുന്നത് എന്നെനിക്ക് എപ്പോഴും തോന്നിയിട്ടുണ്ട്. ആ കാലഘട്ടത്തിലും ഇതുപോലുള്ള ആരോപണങ്ങളുണ്ട്. ആന്ധ്രാ അരി കുംഭകോണം, അങ്കമാലി വെടിവെയ്പ്,

ഗർഭിണിയെ വെടിവച്ച് കൊന്ന സംഭവം, ചന്ദനത്തോപ്പ് വെടിവെയ്പ്പ് തുടങ്ങിയവ പോലുള്ള ഒരുപാട് പ്രശ്നങ്ങളുണ്ട്, അന്നുതന്നെ വെടിവെയ്പ്പും ആക്രമണങ്ങളുമുണ്ട്. കെ. ദാമോദരനെപ്പോലുള്ള ആളുകളെ അറിഞ്ഞുകൂടെ? അന്ന് ചന്ദനത്തോപ്പ് വെടിവെയ്പ്പ് നടന്നുകഴിഞ്ഞപ്പോൾ ആർ.എസ്.പി. കാരായ തൊഴിലാളികളാണ് ആ വെടിവെയ്പ്പിൽ മരിച്ചത്. അന്നത്തെ വെടിവെയ്പ്പിൽ കെ. ദാമോദരനെപ്പോലുള്ള ആളുകൾ ഇത് ശരിയാണെന്ന് ന്യായീകരിക്കാൻ പറഞ്ഞ കഥയ്ക്ക്, അദ്ദേഹത്തിന്റെ ആത്മകഥയിൽ അത് കാണാൻ സാധിക്കും. അന്ന് കെ. ദാമോദരൻ അവിടെനിന്ന് മടങ്ങി വന്നശേഷം വീട്ടിൽപോയി ഭക്ഷണം കഴിച്ചപ്പോൾ, ഭക്ഷണത്തിന്റെ തളിക വലിച്ചെറിഞ്ഞതിനെക്കുറിച്ചുള്ള സംഭവം ഞാൻ എവിടേയോ വായിച്ചിട്ടുണ്ട്. കൃത്യമായി ഏത് പുസ്തകമാണെന്നും ഏത് പേജാണെന്നും ഇപ്പോൾ എനിക്ക് പറയാൻ സാധിക്കില്ല. ഞാനത് തപ്പിയെടുത്ത് വേണമെങ്കിൽ കൊണ്ടുവരാം. കെ. ദാമോദരൻ മടങ്ങി വന്നശേഷം ഭക്ഷണം കഴിക്കാൻ വേണ്ടി ഭാര്യ ഭക്ഷണമെടുത്തുകൊടുത്തപ്പോൾ ആ തളിക വലിച്ചെറിഞ്ഞു; എനിക്ക് ഈ കൊലച്ചോർ വേണ്ടായെന്ന് അദ്ദേഹം കരഞ്ഞു പറഞ്ഞു. ഭാര്യ ചോദിച്ചു, നിങ്ങൾ എന്താണ് ഈ പറയുന്നത്? എങ്ങനെയാണ് ഈ ചോർ കൊലച്ചോർ ആകുന്നത്; നമ്മൾ അദ്ധ്വാനിച്ച് ഉണ്ടാക്കിയതല്ലേ? ഞാൻ ഇപ്പോൾ എവിടെ നിന്നാണ്

വരുന്നതെന്ന് തനിക്ക് അറിയാമോയെന്ന് ഭാര്യയോട് അദ്ദേഹം ചോദിച്ചു. ഇല്ലായെന്ന് ഭാര്യ മറുപടി പറഞ്ഞു. ഞാൻ ചന്ദനത്തോപ്പിൽ വെടിയേറ്റുമരിച്ച മൂന്നു സഖാക്കൾ അല്ലെങ്കിൽ മൂന്ന് തൊഴിലാളികളുടെ ജീവരക്തം തളം കെട്ടി നിൽക്കുന്ന സ്ഥലത്തൊരു കൊടി വച്ച് ആ വെടിവെയ്പ്പ് ശരിയായിരുന്നുവെന്ന് പ്രസംഗിച്ചിട്ട് വരുന്നയാളാണ് ഞാൻ. അങ്ങനെയാണെങ്കിൽ നിങ്ങൾ എന്തിനാണ് അവിടെ പോയതെന്ന് ഭാര്യ ചോദിച്ചു? അപ്പോൾ ഞാനൊരു കമ്മ്യൂണിസ്റ്റുകാരാനായിരുന്നുവെന്ന് മറുപടി പറഞ്ഞു. ഇപ്പോൾ അങ്ങ് എന്തിനാണ് ഈ ചോർ വലിച്ചെറിഞ്ഞ് കരയുന്നതെന്ന് ഭാര്യ ചോദിച്ചു; ഇപ്പോൾ ഞനൊരു മനുഷ്യനാണെന്ന് മറുപടിയും പറഞ്ഞു. ഇത് രണ്ടും തമ്മിലുള്ളൊരു വ്യത്യാസം കണ്ടപ്പോൾ ഇങ്ങനെയുള്ള വെടിവെയ്പ്പുകൾ ഏതുകാലത്തുമുണ്ടായിരുന്നുവെന്ന് കെ. ദാമോദരനും തോന്നി. ഇങ്ങനെയുള്ള നിർഭാഗ്യകരമായൊരു അവസ്ഥയിൽ, ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് വാസ്തവത്തിൽ ശ്രീ. ഉമ്മൻചാണ്ടിയുടെ ഗവൺമെന്റിനെതിരെയും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ ഗവൺമെന്റിനെതിരെയും ശ്രീ. കെ. എം. മാണിയുടെ ഗവൺമെന്റിനെതിരെയും ശ്രീ. രമേശ് ചെന്നിത്തലയുടെ ഗവൺമെന്റിനെതിരെയും കൃത്യമായൊരു ആക്ഷേപമുന്നയിക്കാനാവില്ല. ഇന്ന് സഭയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്

വി. എസ്. അച്ചുതാനന്ദൻ അടിയന്തരപ്രമേയ പ്രസംഗത്തിൽ യേശുവിനെക്കുറിച്ചൊക്കെ പ്രസംഗിക്കുകയുണ്ടായി. ഇന്ന് അദ്ദേഹം പുതിയ പാസ്റ്ററായിരിക്കുകയാണ്. അദ്ദേഹം ബൈബിളിലുള്ള കാര്യങ്ങളൊക്കെ തെറ്റിച്ചാണ് പറഞ്ഞിരിക്കുന്നത്. ബൈബിൾ വചനങ്ങളോ, ഖുറാൻ വചനങ്ങളോ ക്വാട്ട് ചെയ്തുപറയുന്നതിന് കുഴപ്പമില്ല. പക്ഷേ ആ ബൈബിളിലുള്ളതുപോലെ പറയണം. അതിലുള്ളതുപോലെ പറയാതെ പറയുന്നത് വാസ്തവത്തിൽ ഒരു ആക്ഷേപകരമായിട്ടുള്ള കാര്യമായിട്ടാണ് എനിക്ക് തോന്നുന്നത്. ഞാൻ ഇതിൽ പരാതി പറയുന്നതല്ല. നിങ്ങൾ എന്നെ ഗുരു, ഗുരു എന്ന് എന്നെ വിളിക്കുകയും ഞാൻ പറയുന്നതുപോലെ ചെയ്യാതിരിക്കുകയും ചെയ്യുന്നത് എന്തെന്ന് യേശു ചോദിച്ചിട്ടുണ്ട്. അതുപോലെയാണ് ശ്രീ. വി. എസ്. അച്ചുതാനന്ദന്റെയും പ്രതിപക്ഷത്തിന്റേയും കാര്യം. ജീസസ് ക്രൈസ്റ്റ് ഉണ്ടായിരുന്നെങ്കിൽ പോളിറ്റ് ബ്യൂറോ മെമ്പറാകുമായിരുന്നുവെന്ന് പണ്ട് ശ്രീ. എം. എ. ബേബി പ്രസംഗിച്ചത് ഞാൻ മലയാള മനോരമ പാത്രത്തിന്റെ 11-ാം പേജിൽ വായിച്ചിട്ടുണ്ടായിരുന്നു. കൃത്യമായി അതിന്റെ ഡേറ്റ് അറിയില്ല. ഞാൻ അത്ഭുതപ്പെട്ടുപോയി. അന്ന് ഞാൻ ഇക്കാര്യം മനസ്സിൽ കല്ലുപോലെ കൊത്തിവച്ചതാണ്. ഏതോ ഒരു സാംസ്കാരിക സമ്മേളനത്തിൽ ശ്രീ. എം. എ. ബേബി പ്രസംഗിച്ചതാണ്. യേശുക്രിസ്തു

ജീവനോടെ ഉണ്ടായിരുന്നെങ്കിൽ അദ്ദേഹം പോളിറ്റ് ബ്യൂറോ മെമ്പറാകുമായിരുന്നുവെന്ന്. യേശുക്രിസ്തു ജീവനോടെ ഉണ്ടെങ്കിൽ തന്നെ പോളിറ്റ് ബ്യൂറോ മെമ്പർ സ്ഥാനമേ കൊടുക്കുകയുള്ളൂ, സെക്രട്ടറി സ്ഥാനം കൊടുക്കില്ല. അത്രയ്ക്കൊന്നും അദ്ദേഹം എത്തിയിട്ടില്ല എന്നാണ് എനിക്ക് തോന്നുന്നത്.

കേന്ദ്ര ഗവൺമെന്റ് എന്ന് പറഞ്ഞാൽ അത് വർഗ്ഗീയ വൽക്കരണത്തിന്റേതുപോലെ ബാങ്ക്, ഇൻഷ്വറൻസ്, കര, കടൽ തുടങ്ങിയ മേഖല മുഴുവൻ സ്വകാര്യ മുതലാളിമാർക്ക് തീറെഴുതി കൊടുക്കുന്നൊരു ഗവൺമെന്റാണ്. നമ്മുടെ രാജ്യത്തിന്റെ അയൽസംസ്ഥാനം മുഴുവൻ ശത്രുക്കളെക്കൊണ്ട് നിറഞ്ഞുകൊണ്ടിരിക്കുകയാണ്. നമുക്കറിയാം, മാലിദ്വീപിനടുത്തുള്ള ഒരുപാട് ദ്വീപുകൾ ചൈന കയ്യടക്കിയിട്ടുണ്ട്. അവിടെ അമേരിക്കൻ സൈനിക താവളമുണ്ട്, ശ്രീലങ്ക, പാകിസ്താൻ, ചൈന തുടങ്ങിയ ചുറ്റുപാടുമുള്ള രാജ്യങ്ങളെ മുഴുവൻ ശത്രുക്കളാക്കിയിട്ട് പൊതു മേഖലയിലുള്ള സാധനങ്ങളെല്ലാം സ്വാകാര്യ മേഖലയ്ക്ക് തീറെഴുതി, വർഗ്ഗീയവൽക്കരണത്തിലൂടെ കേന്ദ്ര ഗവൺമെന്റ് മുന്നോട്ടുപോകുമ്പോൾ കേരളത്തിലെ ജനങ്ങൾക്കും ഇന്ത്യാക്കാർക്കും ഒരു മാതൃകയും ഒരു പ്രതീക്ഷയുടെ പ്രകാശ ഗോപുരവുമാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഗവൺമെന്റെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥയെ പിന്താങ്ങുന്നു.

ശ്രീ. സി. കെ. നാണു: സർ, കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ബഡ്ജറ്റ് അവതരിപ്പിക്കാൻ ഭരണപക്ഷത്തിന് സാധിക്കുമായിരുന്നു. അതിനുള്ള സൗകര്യങ്ങൾ ഒരുക്കാതിരുന്നത് പ്രതിപക്ഷമല്ല, ഭരണപക്ഷമാണ്. ചിലപ്പോൾ പ്രതിപക്ഷത്തുള്ള എം.എൽ.എ.മാർ വെല്ലിലിറങ്ങുകയും സ്പീക്കറുടെ വേദിയിൽ കയറുകയും ചെയ്യുന്ന സംഭവങ്ങളൊക്കെ ഇവിടെ ഉണ്ടായിട്ടുണ്ട്. പ്രതിപക്ഷത്തുള്ള എം.എൽ.എ.-മാർ ശിക്ഷിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. പക്ഷേ ബഡ്ജറ്റ് അവതരിപ്പിക്കാൻ ധനകാര്യ വകുപ്പുമന്ത്രിയെ അനുവദിക്കാതിരുന്നതിന്റെ യഥാർത്ഥ ഉത്തരവാദിത്വം ഭരണകക്ഷിക്കാർക്കാണ്. അവിടെ നാല് ആളുകളുടെ നടുവിലിരുന്ന് രണ്ട് പേജ് വായിച്ചതുകൊണ്ട് ബഡ്ജറ്റ് അവതരണമാകില്ല. 150 ഓളം വാച്ച് ആന്റ് വാർഡിനെ ഉപയോഗിച്ചാണ് നിങ്ങൾ ബഡ്ജറ്റ് അവതരിപ്പിച്ചത്. ബഡ്ജറ്റ് അവതരണം നല്ലനിലയിൽ നടക്കണമായിരുന്നെങ്കിൽ, പ്രതിപക്ഷത്തുള്ള അംഗങ്ങളെ തടയാൻ ഒരാൾക്ക് മൂന്നാൾ എന്ന നിലയിൽ വാച്ച് ആന്റ് വാർഡിനെ കൊണ്ടുവന്ന് ഇത്രയും സാഹസമൊന്നും സഭയിൽ വേണ്ടായിരുന്നു. എന്റെ പ്രസംഗത്തിന്റെ സമയം വളരെ കുറവായതിനാൽ ഞാൻ കൂടുതലായിയൊന്നും പറയുന്നില്ല. ശ്രീ. കെ. എൻ. എ. ഖാദർ പ്രസംഗിച്ച അവസാന ഭാഗം വളരെ പ്രധാനപ്പെട്ട പോയിന്റാണ്. ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന

മുതലാളിത്ത സമീപനം, സാർവ്വദേശീയ/ഇന്ത്യൻ കുത്തകകൾക്കനുകൂലമായ നിലപാടുകളെ എതിർക്കാൻ, ഇന്ത്യയിൽ ഒരു മോഡൽ ആകാൻ കേരളത്തിലെ ഈ ഗവൺമെന്റിനെ, ആ രൂപത്തിൽ കൊണ്ടുപോകാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ട്. പിന്നെ എന്തിനാണ് നിങ്ങൾ ഇതൊക്കെ പറയുന്നത്? നിങ്ങൾ അവരെക്കാളും മത്സരിച്ചവരാണ്. ഇപ്പോൾ മരുന്നിന്റെ വില വർദ്ധിക്കാനുള്ള കാരണമെന്താണ്? ഇന്ത്യയിലെ വൻകിട കുത്തകക്കാരായ അംബാനിക്കും മറ്റും വിലകൂടിയ മരുന്നുകൾ ഉണ്ടാക്കാനുള്ള അനുവാദം കൊടുത്തത് കേന്ദ്ര ഗവൺമെന്റാണ്. കേരളത്തിലടക്കം മരുന്നിന്റെ വില വർദ്ധനവ് കാരണം പാവപ്പെട്ട രോഗികൾ, സാധാരണക്കാരായ ആളുകൾ ആശുപത്രിയിൽ പോയാൽ മരുന്ന് വാങ്ങാൻ സാധിക്കുന്നില്ല. അതിന് കാരണക്കാരായത് നിങ്ങളുടെ കേന്ദ്ര സർക്കാരാണ്. പനിയും മറ്റ് രോഗങ്ങളും ബാധിച്ചവർക്ക് ആശുപത്രിയിൽ നിന്നുള്ള മരുന്നിന് പുറമേ പുറത്തുനിന്ന് മരുന്ന് വാങ്ങേണ്ടി വരുമ്പോൾ അതിന് എത്ര ഇരട്ടി വിലയാണ് ഈടാക്കുന്നത്? ആ വില വർദ്ധനവ് ഒഴിവാക്കുന്നതിന് കേരളത്തിലെ പൊതുമേഖലയിലുള്ള മരുന്ന് ഉൽപ്പാദിപ്പിക്കുന്ന ഫാക്ടറികളിൽ മരുന്നിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കാനാവശ്യമായ എന്ത് നടപടികളാണ് സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായത്? ഇതുപോലുള്ള പല പ്രശ്നങ്ങളും

കേരളത്തിലുണ്ട്. കുറേ മാസങ്ങളായി മത്സ്യത്തൊഴിലാളികൾക്ക് തൊഴിലില്ല. കടപ്പുറം മുഴവൻ വളരെ ദയനീയ അവസ്ഥയിലാണ്. വീട്ടീൽ താമസിക്കാൻ സാധിക്കാത്ത തരത്തിൽ ക്ഷോഭിച്ച കടൽ കരയിലേയ്ക്ക് കയറുകയാണ്. ഞങ്ങളുടെ മണ്ഡലത്തിലുള്ള മത്സ്യത്തൊഴിലാളികൾ അവരുടെ ദയനീയാവസ്ഥയെ സംബന്ധിച്ച് ഞങ്ങളോട് പറയും. അവിടെ കടൽ ഭിത്തി നിർമ്മിച്ചിട്ടില്ല. മിക്ക ഭാഗത്തുള്ള കടൽ ഭിത്തികളും താഴ്ന്നുപോയിരിക്കുന്നു. അടിയന്തരമായി കടൽ ഭിത്തി നിർമ്മിക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുന്നുണ്ടോ; മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ അനുവദിക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ടോ? ഇതുപോലുള്ള അടിസ്ഥാനപരമായ പ്രശ്നങ്ങൾ ഈ ഗവൺമെന്റ് ശ്രദ്ധിക്കുന്നില്ല. ബഹുമാനപ്പെട്ട ഒരംഗം കണ്ണൂർ എയർപോർട്ടിനെ സംബന്ധിച്ച് പ്രസംഗിക്കുകയുണ്ടായി. കേരള സംസ്ഥാനത്തിന് എന്തെങ്കിലുമൊരു വികസനപരമായ കാര്യങ്ങൾ നടന്നിട്ടുണ്ടെങ്കിൽ, ആരംഭിച്ചിട്ടുണ്ടെങ്കിൽ അതെല്ലാം കേരളത്തിൽ യു.ഡി.എഫ്. ഗവണ്മെൻറ് അധികാരത്തിൽ വന്ന ഘട്ടത്തിലല്ല. കണ്ണൂർ എയർപോർട്ട്, ആലപ്പുഴ റെയിൽവെ, തീരദേശ റെയിൽവെ ഇവയെല്ലാം ആരുടെ കാലത്താണ് ഉണ്ടാക്കിയത്? അതിലൊക്കെ ദേഗഗൗഡ മധു ദന്തവതെ എന്നിവരുടെ പേര് കാണാം. കൊങ്കൺ റെയിൽവെ ആരുടെ കാലത്താണ്

ഉണ്ടാക്കിയത്? നിങ്ങൾ അത്തരം കാര്യങ്ങളെസംബന്ധിച്ചൊന്നും പറയേണ്ട.

ഇപ്പോൾ അരുവിക്കരയെ സംബന്ധിച്ച് പറയുകയുണ്ടായി. അവിടത്തെ വികസനത്തിന്റെ കാര്യമൊന്നും നിങ്ങൾ പറയേണ്ട? ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്താണ് അവിടെ രണ്ടുമൂന്ന് ട്രാൻസ്പോർട്ട് സ്റ്റേഷൻ അനുവദിച്ചത്. ഇവിടത്തെ അടിസ്ഥാനപരമായ പ്രശ്നങ്ങളൊന്നും സർക്കാർ ശ്രദ്ധിക്കുന്നില്ല. അതാണ് ഇവിടത്തെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ഇവിടെ ഗവൺമെന്റ് കുത്തകകൾക്കെതിരായ നിലപാട് സ്വീകരിക്കേണ്ടതാണ്. കേന്ദ്ര ഗവൺമെന്റ് അടിക്കടി ഇന്ത്യയിലെ കുത്തകകളെയും സാർവദേശീയ കുത്തകകളെയും ഏതെല്ലാം തരത്തിൽ സഹായിക്കാൻ സാധിക്കുമെന്നാണ് നോക്കുന്നത്. ഇപ്പോൾ ഇന്ത്യൻ റയിൽവേയിലേയ്ക്ക് കേന്ദ്ര റെയിൽവേ മന്ത്രി വിദേശകുത്തകകളെ ക്ഷണിക്കുന്നു. വിദേശമൂലധനമില്ലാതെ റെയിൽവേയെ നമുക്ക് മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുന്നില്ല. ഇതിനെതിരായി യു.ഡി.എഫ്-ന്റെ ഭാഗത്തുനിന്ന് ഒരു വാക്കെങ്കിലും ഉയർന്നോ? റെയിൽവേ വിദേശമൂലധനത്തിന് കൊടുക്കേണ്ടതാണോ; ഇന്ത്യയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ വിദേശ മൂലധനത്തിന് കൊടുക്കേണ്ടതാണോ? ഇത്തരം നിലപാട് ഞങ്ങൾക്കില്ല എന്ന് പറയാൻ നിങ്ങൾക്ക് സാധിക്കില്ല. കാരണം പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ

കാലത്ത് പൊതുമേഖലയെ സംബന്ധിച്ച് നെഹ്റുവിന് ഒരു സമീപനമുണ്ടായിരുന്നു. ആ സമീപനത്തിൽനിന്ന് വ്യത്യസ്തമായി വിദേശ കുത്തകകൾക്ക് സഹായകരമായ നിലപാട് സ്വീകരിച്ചതിന്റെ ഫലമായാണ് ഈ സ്ഥിതിവിശേഷം നമ്മൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിലും അവസരം കിട്ടുമ്പോൾ കുത്തകകളെ എങ്ങനെ സഹായിക്കാൻ സാധിക്കുമെന്നാണ് നമ്മളും പരിശോധിച്ചത്. വിദേശ തൊഴിലെടുക്കുന്ന കേരളീയർ കേരളത്തിലേയ്ക്കയച്ച ലക്ഷക്കണക്കിന് കോടി രൂപ ബാങ്കിലുണ്ട്. നമ്മുടെ നാട്ടിലെ പ്രധാനപ്പെട്ട ആവശ്യങ്ങൾക്ക് ആ പണം എങ്ങനെ ഉപയോഗിക്കാൻ സാധിക്കുമെന്നത് സംബന്ധിച്ച ആലോചന നമ്മുടെ ഭാഗത്തുനിന്നുണ്ടായില്ല. അവരും നമ്മളും കുത്തകകളുടെ ഭാഗത്തുപോകുന്നു. പിന്നെ എന്തിനാണ് കുത്തകകളുടെ കൈയിലേയ്ക്ക് ഇന്ത്യയെ കൊടുക്കുന്നു എന്നുപറയുന്നത്. ഇന്ത്യയെ കുത്തകകളുടെ കൈയിലേയ്ക്ക് കൊടുക്കുമ്പോൾ അതിന് സഹായകരമായ നിലപാട് നിങ്ങൾ സ്വീകരിച്ചതിന്റെ ഫലമായിട്ടാണ് ബി.ജെ.പി. ക്ക് അധികാരത്തിൽ വരാൻ സാധിച്ചത്. നിങ്ങളും അവരും തമ്മിൽ വ്യസ്യാസമില്ലാത്ത സമീപനം അഴിമതിയുടെ കാര്യത്തിൽ ഓരോ സംസ്ഥാനത്തും ....... അത് സംബന്ധിച്ച് ഞാൻ ഇപ്പോൾ പറയുന്നില്ല. ഇപ്പോൾ ചില സംസ്ഥാനങ്ങളിൽ ബി.ജെ.പി. യുടെ മന്ത്രിമാരെ അറസ്റ്റ് ചെയ്യാൻ പോകുന്നു,

ബി.ജെ.പി. യുടെ മന്ത്രിമാർ രാജി വയ്ക്കേണ്ടി വരും എന്നൊക്കെ കേൾക്കുന്നു. നാളെ ഇത് സംബന്ധിച്ച ചർച്ചകൾ നടക്കുമ്പോൾ കേരളത്തിലെ മന്ത്രിമാരെ ചൂണ്ടിക്കാണിച്ചുകൊണ്ട് കേരളത്തിൽ ഇത്തരം പ്രശ്നങ്ങൾ ഉണ്ടായിട്ട് ആരെങ്കിലും രാജി വച്ചോ എന്ന് അവർ ചോദിക്കുന്ന സാഹചര്യമുണ്ടാകും. അതുകൊണ്ടാണ് നിങ്ങൾ കുറച്ചുകൂടി ശ്രദ്ധിക്കണമെന്നും ഒരു മോഡലാകണമെന്നും ഞാൻ പറയുന്നത്. കേന്ദ്രത്തിൽ ബി.ജെ.പി. യുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് എന്തൊക്കെ കാര്യങ്ങൾ ചെയ്യുന്നു. ഗാന്ധിജി, നെഹ്റു തുടങ്ങിയ നേതാക്കളുടെ നേതൃത്വത്തിൽ രൂപംകൊണ്ട ഒരു ജനാധിപത്യ രാജ്യമായ നമ്മുടെ രാഷ്ട്രത്തിന്റെ സ്വഭാവം തകരുമെങ്കിൽ ആ തകർച്ചയിൽനിന്ന് ഇന്ത്യയെ രക്ഷിക്കാൻ ബാധ്യതപ്പെട്ടവരാണ് നമ്മൾ. നമ്മൾ ബാധ്യതപ്പെട്ടവരാകണമെങ്കിൽ അഴിമതിക്കെതിരായ നിലപാട് സ്വീകരിക്കാൻ സാധിക്കണം. ജനാധിപത്യപരമായ, കുത്തകകൾക്കെതിരായ അതിശക്തമായ നിലപാട് സ്വീകരിക്കാൻ നമുക്ക് സാധിക്കണം. അതൊന്നും സ്വീകരിക്കാൻ സാധിക്കാതെ എന്തെങ്കിലുമൊരു മെല്ലെപ്പോക്ക് നയം നടത്തിയിട്ട് ഞങ്ങളാണ് പല കാര്യങ്ങളും ചെയ്തതെന്ന് പറയുന്നത് ഈ കാലഘട്ടത്തിൽ കേരളത്തെപ്പോലെ ജനാധിപത്യത്തിൽ വിശ്വസിക്കുന്ന കക്ഷികൾ മാത്രമുള്ള നിയമസഭയിൽ സംസ്ഥാനത്തിന്റെ ഉത്തരവാദിത്വങ്ങൾ നിർവഹിക്കുന്നതിൽ

അങ്ങേയറ്റം പരാജയപ്പെട്ട ഗവൺമെന്റാണ്.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. ബഹുമാന്യരും പ്രിയങ്കരരുമായ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ അംഗങ്ങൾ ബഡ്ജറ്റിന്റെ ഭാഗമായി നടത്തപ്പെടുന്ന ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയിൽ ഗൗരവമായി പങ്കെടുക്കുന്നതിൽ ഞാൻ ഒരിക്കൽകൂടി അഭിനന്ദിക്കുകയാണ്. വികസനവും കരുതലും എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന ഐക്യജനാധിപത്യമുന്നണിയുടെ നേട്ടങ്ങളും അതോടൊപ്പം ഇടതുപക്ഷജനാധിപത്യമുന്നണി ഉയർത്തുന്ന അനാവശ്യമായുള്ള ആരോപണങ്ങളും പരിപൂർണ്ണമായി മനസ്സിലാക്കിക്കൊണ്ടിരിക്കുന്ന ജനതയുടെ ഒരു വലിയ പ്രഖ്യാപനം നാളെ ഇവിടെ നടക്കാൻ പോവുകയാണ്. അരുവിക്കരയിൽ നടന്ന തെരഞ്ഞെടുപ്പിലൂടെ ബഹുമാന്യനായ ശബരീനാഥിനെ ഏതാനും മണിക്കൂറുകൾ കഴിയുമ്പോൾ വിജയശ്രീലാളിതനായി, കരഘോഷത്തോടെ ഈ നിയമസഭയിലേയ്ക്ക് ആനയിക്കാൻ പറ്റുന്ന നിമിഷങ്ങൾ കടന്നുവരാൻ പോവുകയാണ്. ഐക്യജനാധിപത്യമുന്നണി അരുവിക്കരയിൽ വലിയ വിജയം നേടാൻ പോകുന്നു. എല്ലാ കാലഘട്ടങ്ങളിലും, പ്രത്യേകിച്ച് 2006 മുതൽ പരാജയത്തിന്റെ പാതയിലൂടെ

മാത്രം മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയെയാണ് നമുക്കിവിടെ കാണാൻ കഴിയുന്നത്. അത് അരുവിക്കരയിലും ആവർത്തിക്കുമെന്ന കാര്യത്തിൽ സംശയമില്ല. 2006-ൽ നടന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് ദയനീയമായ പരാജയം നേരിട്ടത് നാം കാണുകയുണ്ടായി. പാർലമെന്റ് തെരഞ്ഞെടുപ്പിന്റെ ഭാഗമായി നടന്ന ഇടക്കാല തെരഞ്ഞെടുപ്പുകളിൽ മൂന്നിലും പരാജയപ്പെട്ട ചരിത്രമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കുള്ളത്. പിന്നീട് നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പുകളിലും ആ പരാജയം ആവർത്തിക്കുകയുണ്ടായി. പിറവം തെരഞ്ഞെടുപ്പിലും നെയ്യാറ്റിൻകര തെരഞ്ഞെടുപ്പിലുമൊക്കെ ആ പരാജയം ആവർത്തിച്ചു. കഴിഞ്ഞ കാലഘട്ടങ്ങളിലൊക്കെ നടന്ന തെരഞ്ഞെടുപ്പുകളിലെ പരാജയം ആവർത്തിക്കുന്ന അവസ്ഥയിലേയ്ക്ക് പോകുന്ന സാഹചര്യത്തിൽ ഇനി നടക്കാൻ പോകുന്ന തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിലായാലും അതിനുശേഷം നടക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പിലായാലും ഐക്യജനാധിപത്യ മുന്നണി വർദ്ധിത വീര്യത്തോടെ വിജയത്തിലേയ്ക്ക് വരും. അതുകൊണ്ട് കഴിഞ്ഞ കാലഘട്ടങ്ങളിലെ ഭരണ തുടർച്ചയുണ്ടാകില്ല എന്ന സിദ്ധാന്തം നമുക്ക് മാറ്റാൻ കഴിയുകയാണ്. നമ്മുടെ സംസ്ഥാനത്ത് കുറെ നാളുകളായി ബഹുമാന്യനായ ശ്രീ. കെ. എം. മാണിക്കെതിരെ

ഒരാരോപണം ഉണ്ടായിരിക്കുന്നു. നഷ്ടക്കച്ചവടമുണ്ടായ ഒരു വ്യാപാരിയുടെ നുണ പ്രചരണത്തിൽ ചുറ്റിക്കറങ്ങി അദ്ദേഹത്തിന്റെ വാദഗതികൾ ഏറ്റെടുത്ത് ഇടതുപക്ഷം നടത്തുന്ന ചില ശ്രമങ്ങൾ കാണുമ്പോൾ കേരളം ലജ്ജിച്ച് തല താഴ്ത്തുകയാണ് എന്ന കാര്യത്തിൽ സംശയമില്ല. കാരണം ഇങ്ങനെയൊരു ആരോപണം ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ അത് സംബന്ധിച്ച് അന്വേഷണം നടത്തുന്ന സാഹചര്യമുണ്ടായി. ഈ അന്വേഷണത്തെ സംബന്ധിച്ച കാര്യങ്ങൾ ശരിയായ നിലയിലല്ല പോകുന്നത് എന്നൊക്കെ ആക്ഷേപിച്ചുകൊണ്ട് ഹൈക്കോടതിയിൽ കേസ് കൊടുത്തുവെങ്കിലും അന്വേഷണം തൃപ്തികരമായി നീങ്ങുന്നുവെന്നും അതിൽ ഇടപെടേണ്ട കാര്യമില്ലെന്നും ഹൈക്കോടതി പറയുകയുണ്ടായി. ലോക് ആയുക്തയിലും വിജിലൻസ് കോടതിയിലും കേസ് കൊടുത്തുവെങ്കിലും കേസ് തള്ളുകയാണുണ്ടായത്. ഏകദേശം മുന്നൂറിൽപ്പരം സാക്ഷികളുടെ മൊഴി രേഖപ്പെടുത്തുകയുണ്ടായി. പല തരത്തിലും ഇത് സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ ഉയരുകയുണ്ടായി. പക്ഷേ വാർത്താമാധ്യമങ്ങളിൽ വരുന്നത് വിശ്വസിക്കാമെങ്കിൽ, ഇതുവരെ ഇത് സംബന്ധിച്ച ഒരാരോപണവും തെളിയിക്കപ്പെട്ടിട്ടില്ലെന്നത് യാഥാർത്ഥ്യമാണ്. മാത്രമല്ല, ഇത് സംബന്ധിച്ച് നിയമജ്ഞൻമാരുടെ റിപ്പോർട്ട് പരിശോധിക്കുന്ന സാഹചര്യമുണ്ടായി. അവിടെയൊക്കെ ഒരു തരത്തിലുള്ള ആരോപണവും തെളിയിക്കപ്പെടാത്ത

സാഹചര്യത്തിൽ എന്തിനാണ് ഇടതുപക്ഷ സുഹൃത്തുക്കൾ കേരളം ആദരിക്കുന്ന, പരിണിതപ്രജ്ഞനായ, ഭരണതന്ത്രജ്ഞനായ ഒരു വ്യക്തിയെ ഇങ്ങനെ വേട്ടയാടുന്നത്. ആരോപണങ്ങൾ എഴുതിക്കൊടുക്കുക എന്നതും ആരോപണങ്ങളെ സംബന്ധിച്ച് സംസാരിക്കുക എന്നതും സ്വാഭാവികമാണ്. ആരോപണങ്ങൾക്ക് മറുപടി പറയാൻ ഇതുമായി ബന്ധപ്പെട്ട മന്ത്രി എഴുന്നേൽക്കുമ്പോൾ മന്ത്രിയെ മറുപടി പറയാൻ അനുവദിക്കാതിരിക്കുന്നത് ഏത് നീതിയാണ്. കഴിഞ്ഞ എട്ടുമാസക്കാലമായി നമ്മുടെ സംസ്ഥാനത്ത് യാതൊരു അടിസ്ഥാനവുമില്ലാത്ത ആരോപണം ഉന്നയിച്ച് ഒരു വലിയ വ്യക്തിയെ തേജോവധം ചെയ്യുന്നതിൽ പരാജയപ്പെട്ടപ്പോൾ പരാജയത്തിന്റെ ഭീതി ഇന്നിവിടെ പ്രകടിപ്പിക്കുകയാണ്. ഇത് എന്തൊരു നീതിയാണ്, എന്ത് ന്യായമാണ്? ശ്രീ. കെ.എം. മാണി കഴിഞ്ഞ കാലഘട്ടങ്ങളിൽ എത്രയോ വലിയ നേട്ടങ്ങളാണ് നമ്മുടെ സംസ്ഥാനത്തിന് നൽകിയിട്ടുള്ളത്. അദ്ദേഹം നടപ്പിലാക്കിയ കാരുണ്യ പദ്ധതിതന്നെ അദ്ദേഹത്തെപ്പറ്റി മനസ്സിലാക്കാൻ കഴിയുന്ന എത്രയോ മഹത്തരമായ കാര്യമാണ്. സാന്റിയാഗോ മാർട്ടിനെപ്പോലുള്ള വ്യക്തികൾ ലോട്ടറി മലിനപ്പെടുത്തിയപ്പോൾ ആ ലോട്ടറി പാവപ്പെട്ട രോഗികൾക്കുവേണ്ടി ഉപയോഗിച്ച മന്ത്രിയാണ് ശ്രീ. കെ. എം. മാണി. 718 കോടി രൂപ തൊണ്ണൂറായിരത്തോളം പാവപ്പെട്ട രോഗികൾക്കുവേണ്ടി

ചികിത്സാ സഹായമായി കൊടുക്കാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് കഴിഞ്ഞിരിക്കുകയാണ്. ഇന്ന് രോഗത്തിന്റെ കാര്യത്തിൽ നമ്മുടെ നാട്ടിലെ അവസ്ഥ വളരെ ദയനീയമാണ്. കേരളം വലിയ നിലയിൽ രോഗത്തിന്റെ പിടിയിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. ക്യാൻസർ, കിഡ്നി രോഗങ്ങൾ, ഹൃദയസംബന്ധമായ രോഗങ്ങൾ തുടങ്ങി എത്രയോ മാരകരോഗങ്ങൾ നമ്മെ പിടികൂടുകയാണ്. ചികിത്സയ്ക്ക് വലിയ തുക ചെലവഴിക്കേണ്ടിവരുന്നതിനാൽ ഈ രോഗികളുടെ കുടുംബങ്ങൾ വളരെ പ്രയാസത്തിലാണ്. അങ്ങനെയൊരു സന്ദർഭത്തിൽ ഒരു ദൈവദൂതനെപ്പോലെയാണ് ശ്രീ. കെ.എം. മാണി കാരുണ്യ ലോട്ടറിയുമായി വന്ന് ആ തുക ഉപയോഗിച്ച് പാവപ്പെട്ട രോഗികളെ സഹായിക്കുന്നത്. ഇങ്ങനെയുള്ള ശ്രീ. കെ. എം. മാണി പന്ത്രണ്ടാമത്തെ ബഡ്ജറ്റ് അവതരിപ്പിച്ചു. പതിമൂന്നാമത്തെ ബഡ്ജറ്റ് അവതരിപ്പിച്ച സന്ദർഭത്തിൽ നമ്മുടെ നിയമസഭയിൽ കണ്ടത് എന്താണ്? ഇന്ന് ലോകത്തുള്ള മലയാളികൾ മുഴുവൻ ഇക്കാര്യത്തിൽ ലജ്ജിക്കുകയാണ്. അങ്ങ് ഇരിക്കുന്ന ചെയർ എത്രയോ പരിപാവനമാണ്. ആ ചെയർ വലിച്ചെറിഞ്ഞ ഒരു സാഹചര്യമുണ്ടായത് കേരള നിയമസഭയിൽ മാത്രമാണ്. ഡയസിലേയ്ക്ക് കയറി മുണ്ട് മടക്കിക്കുത്തി കവലച്ചട്ടമ്പികളെപ്പോലെ നടത്തിയ പ്രവർത്തനങ്ങൾ എങ്ങനെയാണ് മറക്കാൻ

കഴിയുന്നത്? അന്ന് നടന്ന പ്രവർത്തനങ്ങൾക്ക് സമാനമായി ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലോ ലോകത്ത് മറ്റെവിടെയെങ്കിലുമോ നടന്നിട്ടുണ്ടോയെന്ന് പരിശോധിക്കുകയുണ്ടായി. ലോകത്ത് ഒരു സ്ഥലത്തും, ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും സമാനതയില്ലാത്ത നിലയിൽ കേരള നിയമസഭയിൽ നടന്ന കാര്യങ്ങൾ മലയാളികളെ ലജ്ജിപ്പിക്കുന്നവയാണ്. അത്രമാത്രം മോശമായിട്ടുള്ള ഒരു പെരുമാറ്റത്തിന് സാക്ഷ്യം വഹിക്കാൻ നമുക്ക് കഴിഞ്ഞു. ഇത് അങ്ങേയറ്റം ലജ്ജാകരമാണ്, ഇത് ആവർത്തിക്കപ്പെടാതിരിക്കേണ്ടതാണ്. പുതുതായി കടന്നുവരുന്ന ശ്രീ. ശബരീനാഥനെപ്പോലെയുള്ള എം.എൽ.എ. മാർക്ക് ഒരു പുതിയ അനുഭവം നമുക്ക് സമ്മാനിക്കേണ്ടതായിട്ടുണ്ട്. നമ്മൾ ധാരാളം കാര്യങ്ങളിൽ നേട്ടം കൈവരിച്ചിട്ടുള്ള നിയമസഭയാണ്. ആ നിയമസഭയിൽ കഴിഞ്ഞ സന്ദർഭങ്ങളിലുണ്ടായ ഏറ്റവും വേദനാജനകമായ കാര്യങ്ങൾ നമുക്ക് ആവർത്തിക്കാതിരിക്കാനുള്ള സാഹചര്യമുണ്ടാകട്ടെ എന്ന് ഞാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. ശ്രീ. ശബരിനാഥൻ, തെരഞ്ഞെടുപ്പിൽ ജയിക്കുമെന്ന് പറഞ്ഞാൽ മനസ്സിലാകും. പുതിയതായി കടന്നുവരുന്ന ശബരിനാഥനെ പോലുള്ള എം.എൽ.എ. മാർ എന്ന്

പറയുന്നത് എന്തടിസ്ഥാനത്തിലാണ്? തെരഞ്ഞെടുപ്പ് ഫലം ഡിക്ലയർ ചെയ്തിട്ടില്ല.

മി. ചെയർമാൻ: അതിൽ എന്താണ് പോയിന്റ് ഓഫ് ഓർഡറുള്ളത്?

ശ്രീ. ജി. സുധാകരൻ: സർ, ഒരു കഴമ്പുമില്ലേ; ശബരീനാഥൻ എം.എൽ.എ. ആയോ?

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, പറഞ്ഞതിൽ എന്തെങ്കിലും ഗ്രാമർ മിസ്റ്റേക്ക് ഉണ്ടെങ്കിൽ അത് പിൻവലിച്ചിരിക്കുന്നു. നമ്മുടെ നിയമസഭയിൽ കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായിട്ടുള്ള സംഭവങ്ങൾ ഇനിയുണ്ടാകരുതെന്നാണ് ഞാൻ ഉദ്ദേശിച്ചത്. അത് നമുക്ക് ലജ്ജാകരമാണെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. അത്തരം സംഭവങ്ങളിൽ ലജ്ജിക്കുന്ന മലയാളികളുടെ സംസ്കാരം നാം മനസ്സിലാക്കി, അതിന് മാറ്റമുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. കേരളത്തിനായി യു.ഡി.എഫ്. ഒരുക്കിയ വികസന രഥം പൂർണ്ണവേഗതയിലേയ്ക്ക് കടന്നിരിക്കുകയാണ്. കൊച്ചി മെട്രോയുടെ കാര്യത്തിൽ പണി പൂർത്തീകരിച്ച് കൗണ്ട് ഡൗൺ തുടങ്ങിക്കഴിഞ്ഞു. കണ്ണൂർ വിമാനത്താവളത്തിൽ നിന്ന് ആദ്യ വിമാനം അടുത്ത വർഷം ഉയർന്നുപൊങ്ങും. യുവജനങ്ങളുടെ പ്രതീക്ഷയും ആവേശവുമായ കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി പ്രവർത്തനക്ഷമമായിക്കഴിഞ്ഞു. തിരുവനന്തപുരം-കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതി ചൂളം വിളിക്കാൻ

തയ്യാറെടുക്കുന്നു. പ്രതിപക്ഷം തടസ്സങ്ങൾ ഉയർത്തിയിട്ടും വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമാകുന്നു. ഈ സുവർണ്ണ പദ്ധതികൾ പ്രതിപക്ഷത്തിന്റെ ഉറക്കം കെടുത്തുമെന്ന കാര്യത്തിൽ സംശയമില്ല. ജനങ്ങൾ ഇക്കാര്യങ്ങളെല്ലാം കൃത്യമായി വീക്ഷിക്കുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ കെടുകാര്യസ്ഥതയും ദുർഭരണവും വിലയിരുത്തേണ്ടതായിട്ടുണ്ട്. ശ്രീമതി സുഷമാ സ്വരാജ് ഉൾപ്പടെയുള്ള വനിതകൾ ഉൾപ്പെട്ട വിവാദങ്ങളും ജനങ്ങൾ കാണുന്നുണ്ട്. പുതിയ ആസൂത്രണ നയത്തിന്റെ മറവിൽ കേന്ദ്രത്തിൽ നിന്നുള്ള സഹായം സംസ്ഥാനങ്ങൾക്ക് നിഷേധിക്കപ്പെടുന്നു. ഇതിനെല്ലാമെതിരെ സംസ്ഥാനത്തിന് ശബ്ദിക്കാൻ നാം ഒരുമിച്ച് നിൽക്കേണ്ടതായിട്ടുണ്ട്. സഭയിൽ സങ്കുചിതമായ രാഷ്ട്രീയം മാറ്റിവയ്ക്കണം. രചനാത്മകവും പുരോഗമന പരവുമായ സമീപനം നമുക്ക് കൈക്കൊള്ളാൻ കഴിയണം. ആരോപണ പെരുഴമയിൽ ഒലിച്ചുപോകുന്ന മഹത്വവും വീര്യവുമല്ല യു.ഡി.എഫ്. നേതാക്കന്മാർക്കുള്ളതെന്ന കാര്യം പ്രതിപക്ഷ ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുന്നു. നിങ്ങൾ ചൊരിഞ്ഞ ആക്ഷേപാസ്ത്രങ്ങൾ തകർത്ത് ബഹുമാന്യനായ കെ. എം. മാണി ഉൾപ്പെടെയുള്ള നേതാക്കന്മാർ ഫിനിക്സ് പക്ഷിയെപ്പോലെ ഉയർത്തെഴുന്നേറ്റ് രാഷ്ട്രസേവന പാതയിൽ തങ്ങളുടെ പ്രയാണം തുടരുകതന്നെ ചെയ്യുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. ഈ ചർച്ചാ വേളയിൽ

സംസ്ഥാനം ഏറെ ഗൗരവത്തോടെ ചിന്തിക്കേണ്ട രണ്ട് കാര്യങ്ങൾ കൂടി സൂചിപ്പിക്കാനാഗ്രഹിക്കുന്നു. ഇതുസംബന്ധിച്ച് ഞാൻ കുറച്ച് ദിവസങ്ങൾക്ക് മുമ്പ് ഒരു യോഗം വിളിച്ചിരുന്നു. സംസ്ഥാനത്ത് തെരുനായ്ക്കളുടെ കടിയേറ്റ് കഷ്ടപ്പെടുന്ന ജനങ്ങളുടെ പ്രശ്നങ്ങളാണ് അതിൽ ഒന്ന്. ഇക്കാര്യത്തിൽ വളരെ അടിയന്തരമായി പരിഹാരം കാണണം. നിയമം തടസ്സമായി നിൽക്കുന്നതുകൊണ്ടാണ് തെരുവ് നായ്ക്കളെ കൊല്ലാൻ കഴിയാത്തതെന്ന് പറയുന്നുണ്ടെങ്കിലും നിയമ തടസ്സങ്ങൾ ഇല്ലെന്നുള്ളതാണ് വസ്തുത. ഇക്കാര്യത്തിൽ രാഷ്ട്രീയ പ്രസ്ഥാനങ്ങളും സഭയും ഉണരേണ്ടതായിട്ടുണ്ട്. മറ്റൊന്ന്, കോതമംഗലത്ത് ബസ്സിനുമുകളിൽ മരം വീണുണ്ടായ സംഭവത്തിൽ പിഞ്ചുകുട്ടികൾ മരണപ്പെട്ടതാണ്. മരം വച്ചുപിടിപ്പിക്കുന്നതിൽ തമിഴ്നാട് സംസ്ഥാനത്തിന്റെ രീതികൾ കണ്ടുപഠിക്കേണ്ടതായിട്ടുണ്ട്. തമിഴ്നാടിൽ വച്ചുപിടിപ്പിക്കുന്നത് എളുപ്പത്തിൽ വീഴാത്ത മരങ്ങളാണ്. എന്നാൽ കേരളത്തിൽ വേഗം വളരുന്നതിനായി ബലക്കുറവുള്ള മരങ്ങൾ വച്ചുപിടിപ്പിക്കുന്നു. ഈ മരങ്ങൾ പലപ്പോഴും അപകടകാരികളായി മാറുന്നു. അതിന് മാറ്റം വരുന്നതിന് കേരളത്തിലും ബലവത്തായ മരങ്ങൾ വച്ചുപിടിപ്പിക്കണം. പക്ഷികളേയും മൃഗങ്ങളേയും പ്രകൃതിയേയും സ്നേഹിക്കുന്നവരുടെ മനോഭാവത്തെ തകർക്കരുത്. എന്നാൽ

മനുഷ്യജീവന് കൊടുക്കേണ്ട വിലയെക്കുറിച്ച് നാം ചിന്തിക്കണം. മനുഷ്യജീവനക്കേൾ വലുതാണ് പക്ഷിമൃഗാദികളുടെ ജീവൻ എന്ന ചിന്തയ്ക്ക് മാറ്റമുണ്ടാകണം. മനുഷ്യജീവൻ രക്ഷപെടുത്തുന്ന കാര്യത്തിൽ മനുഷ്യർ ഒരുമിച്ച് നിൽക്കണം. പക്ഷിമൃഗാദികൾ വർഗ്ഗസ്നേഹം കാണിക്കാറുണ്ട്. ഒരു നായ പ്രസവിച്ച് കുട്ടികളുമായി കഴിയുമ്പോഴും കോഴി അടയിരുന്ന് കുഞ്ഞുങ്ങൾ ഉണ്ടാകുമ്പോഴും അവ മനുഷ്യരെ അടുപ്പിക്കാറില്ല. അതുപോലെയാണ് പ്രകൃതിയിലെ ഓരോ ജീവികളും. എന്നാൽ മനുഷ്യർ മാത്രമാണ് മനുഷ്യനെക്കുറിച്ച് ചിന്തിക്കുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. തനിക്കല്ലാതെ മറ്റുള്ളവർക്ക് എന്തും സംഭവിക്കട്ടെയെന്ന മനോഭാവത്തിന് മാറ്റമുണ്ടാകണം. വർഗ്ഗവികാരം മനുഷ്യനും ഉണ്ടാകണം. നാം മറ്റുള്ള ജീവികളാൽ കൊല്ലപ്പെടേണ്ടവരല്ലെന്ന് ചിന്തിക്കേണ്ട കാലഘട്ടം കൂടിയാണ്. അമിതമായ പ്രകൃതിസ്നേഹത്തിലേയ്ക്ക് പോയി മനുഷ്യജീവൻ നഷ്ടപ്പെടുത്തുന്ന കാര്യത്തിൽ മാറ്റമുണ്ടാകണം. പ്രകൃതിയും നിയമങ്ങളും മനുഷ്യന് വേണ്ടിയുള്ളതാണെന്ന ചിന്തയോടെ മുന്നോട്ട് പോകണമെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം വികസന കാര്യത്തിൽ വളരെ വ്യക്തമായ കാഴ്ചപ്പാടുണ്ട്. മറ്റ് സംസ്ഥാനങ്ങളെക്കാളും രാജ്യങ്ങളെക്കാളും അതിശക്തമായി വികസന പാതയിൽ മുന്നോട്ട് പോകാൻ

ആഗ്രഹിക്കുന്ന ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാ പിന്തുണയും വിജയാശംസകളും നേർന്നുകൊണ്ടും ഒരിക്കൽക്കൂടി ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ടും ഞാൻ നിർത്തുന്നു.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇവിടെ ശ്രീ. കെ.എൻ.എ. ഖാദറും ശ്രീ. തോമസ് ഉണ്ണിയാടനും സംസാരിച്ചപ്പോൾ മുന്നോട്ട് വച്ച രണ്ട് നിർദ്ദേശങ്ങളെ ഞാൻ സ്വാഗതം ചെയ്യുന്നു. ശ്രീ. തോമസ് ഉണ്ണിയാടൻ പറഞ്ഞത്, കേന്ദ്രത്തിൽ ശ്രീമതി സുഷമാ സ്വരാജും ശ്രീമതി വസുന്ധരാ രാജെയും നമ്മെ അപമാനിച്ചു കൊണ്ടിരിക്കുന്നതുപോലുള്ള സാഹചര്യങ്ങളെ കേരളം ഒറ്റക്കെട്ടായി നേരിടണമെന്നാണ്. രണ്ടാമതായി, ശ്രീ. കെ.എൻ.എ. ഖാദർ പറഞ്ഞത്, ഇവിടത്തെ പൊതുമേഖലയെ സ്വകാര്യമേഖലയ്ക്ക് അടിയറവ് പറയുന്ന വർഗ്ഗീയതയെ ഇളക്കിവിടുന്ന കേന്ദ്രനയത്തെ എതിർക്കണമെന്നാണ്. ഈ മനോഭാവം യു.ഡി.എഫ്. ന്റെ മനോഭാവമാണോ? ഈ നിലപാടാണോ യു.ഡി.എഫ്. നുള്ളത്. എങ്കിൽ ശ്രീമതി സുഷമാ സ്വരാജിന്റെയും ശ്രീമതി വസുന്ധരാ രാജെയുടെയും മാതൃക കേരളത്തിലെ യു.ഡി.എഫ്.-ന് ഭൂഷണമല്ലെന്ന് തുറന്ന് സമ്മതിക്കാൻ യു.ഡി.എഫ്. ന്റെ നേതൃത്വത്തിലുള്ള മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ തയ്യാറാകണം. രണ്ടാമതായി, വിഴിഞ്ഞം പദ്ധതി പൊതുമേഖലയിൽ വേണമെന്ന ജനകീയ ആവശ്യത്തെ

അട്ടിമറിച്ചുകൊണ്ട് അദാനി ഗ്രൂപ്പിന് പണയപ്പെടുത്താനുള്ള തീരുമാനം ശ്രീ. കെ.എൻ.എ. ഖാദറും ശ്രീ. തോമസ് ഉണ്ണിയാടനും ഇവിടെ ഉന്നയിച്ച വികാരങ്ങളുടെ എതിർചേരിയിൽ നിൽക്കുന്നതാണ്. മറ്റൊരു കാര്യം, ഇവിടെ ആരോപണങ്ങൾ ധാരാളമുണ്ടാകുന്നുവെന്നുള്ളതാണ്. ആരോപണങ്ങളുടെയെല്ലാം കേന്ദ്രബിന്ദുവായി മുഖ്യമന്ത്രിയുടെ ആഫീസ് മാറുന്നു. ഇത് ഞാൻ വെറുതെ പറഞ്ഞുപോകുന്നതല്ല. മന്ത്രിമാരുടെ ആഫീസിൽ ജോലി ചെയ്യുന്ന പേഴ്സണൽ സ്റ്റാഫിൽപ്പെട്ട ആളുകളെ പോലീസ് കേസ്സിൽ പ്രതിയാക്കിയിട്ടുണ്ടെങ്കിൽ ആ പ്രതികൾ മുഖ്യമന്ത്രിയുടെ ആഫീസിലെ ജീവനക്കാരായിരിക്കും. അവർ മുഖ്യമന്ത്രിയുടെ ആഫീസിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ നടത്തിയിട്ടുള്ള വിക്രിയകളുടെ പേരിലാണ് കേസ്സിലെ പ്രതികളായിട്ടുള്ളത്. ആ സാഹചര്യം നമുക്ക് ഭൂഷണമാണോ? മറ്റൊരു കാര്യം ബാർക്കോഴയുമായി ബന്ധപ്പെട്ടതാണ്. വിജിലൻസ് ഡയറക്ടർ നിയമോപദേശം തേടിയെന്നാണ് ഇതുസംബന്ധിച്ച് ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞത്. ഇവിടെ ഉള്ളവരരോട് നിയമോപദേശം തേടാൻ അവർ ശ്രമിച്ചില്ല. എന്തുകൊണ്ടാണ് ശ്രമിക്കാതിരുന്നത്? അന്വേഷണത്തിന് വിധേയമായി പ്രതിപ്പട്ടികയിലുള്ളത് നിയമവകുപ്പുമന്ത്രി ആയതുകൊണ്ടാണ്. ശ്രീ. കെ. എം. മാണിക്ക് എതിരെ അന്വേഷണം നടക്കുമ്പോൾ അദ്ദേഹം മന്ത്രിക്കസേരയിൽ

ഇരിക്കുന്നത് ഉചിതമല്ല, അധാർമ്മികതയാണെന്നാണ് പ്രതിപക്ഷം പറഞ്ഞതും. അതുതന്നെയാണ് ആഭ്യന്തര വകുപ്പുമന്ത്രി സഭയിൽ പരോക്ഷമായി പറഞ്ഞിട്ടുള്ളത്. ആഭ്യന്തര വകുപ്പുമന്ത്രിക്കുപോലും സമ്മർദ്ദത്തിന് വഴങ്ങി പ്രവർത്തിക്കേണ്ടിവരുന്ന ദുരവസ്ഥയുള്ള ഭരണകൂടത്തിന് അരുവിക്കരയിലെ ജനങ്ങൾ മാത്രമല്ല, കേരളത്തിലെ ജനങ്ങളാകെ ശിക്ഷ നൽകാൻ പോവുകയാണ്; ആ ശിക്ഷ ഭീകരമായിരിക്കും. അത് ഏറ്റുവാങ്ങാനുള്ള ത്രാണി യു.ഡി.എഫ്.-ന് ഉണ്ടാവുകയില്ലെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. ഇൻഡ്യയ്ക്ക് മാതൃകയായിക്കൊണ്ടിരിക്കുന്ന ഒരു ഗവൺമെന്റാണ് കേരളത്തിലെ ഗവൺമെന്റ്. നമ്മുടെ ദേശീയ ശരാശരിയെക്കാൾ ഉയർന്ന വളർച്ചാ നിരക്ക് കൈവരിക്കാൻ ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. 2010-ൽ 13.7% ആയിരുന്ന കേരളത്തിന്റെ വളർച്ചാ നിരക്ക്. അന്ന് ദേശീയ ശരാശരി 18% ആയിരുന്നു. 2011-12-ൽ ദേശീയ ശരാശരി 15 ശതമാനവും നമ്മുടേത് 16 ശതമാനവുമായിരുന്നു. 2012-13-ൽ ദേശീയ ശരാശരി 11% ആയപ്പോൾ കേരളത്തിന്റെ വളർച്ചാ നിരക്ക് 13% ആയി. 2013-14-ൽ 11% വളർച്ചാ നിരക്ക് ദേശീയതലത്തിൽ കാണിച്ചപ്പോൾ നമ്മുടേത് 15% ആയി.

അങ്ങനെ ദേശീയ ശരാശരിയെക്കാൾ വളർച്ചാ നിരക്ക് പ്രകടിപ്പിക്കുന്ന, രാജ്യത്തിന് മാതൃകയായ ഒരു സംസ്ഥാനമായി കേരളം മാറി. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി ഐക്യരാഷ്ട്ര സഭയുടെ അംഗീകാരം നേടിയെടുത്തു. പ്രതിപക്ഷം അതിനോടെടുത്ത സമീപനം വളരെ കൗതുകകരമാണ്. അവർ ചോദിച്ചത് വില്ലേജ് ആഫീസറുടെ ജോലി ചെയ്യുന്നതാണോ മുഖ്യമന്ത്രിയുടെ ജോലി എന്നാണ്. അവർ മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി ബഹിഷ്കരിച്ചു. എന്നിട്ട് കണ്ണൂർ ജില്ലയിൽ അവിടത്തെ എം.എൽ.എ.മാർ അവരുടെ മണ്ഡലത്തിൽ ഒരു ജനസമ്പർക്ക പരിപാടി നടത്തി. ജനസമ്പർക്ക പരിപാടിയെന്ന കൺസെപ്റ്റ്തന്നെ കമ്മ്യൂണിസ്റ്റ് വിരുദ്ധമാണെങ്കിൽ പിന്നെ മണ്ഡലത്തിൽ ജനസമ്പർക്ക പരിപാടി നടത്താൻ പാടുണ്ടോ? എന്നിട്ട് അവിടെനിന്ന് അപേക്ഷയെല്ലാം വാങ്ങി ഇവിടെകൊണ്ടുവന്ന് മുഖ്യമന്ത്രിക്ക് കൊടുത്തു. നിങ്ങൾക്ക് പോസ്റ്റ്മാൻ ചെയ്യുന്ന പണി ചെയ്യേണ്ട കാര്യമില്ലല്ലോ; പാർട്ടി അനുഭാവികൾക്കുതന്നെ മുഖ്യമന്ത്രിയെ നേരിട്ട് കാണുന്നതിനുള്ള അവസരം നിഷേധിക്കുന്ന ഇത്തരം പിടികിട്ടാത്ത ഒരു രാഷ്ട്രീയ സമീപനവും ഇരട്ടത്താപ്പും വ്യക്തതയും കൃത്യതയുമില്ലായ്മയുടെ രാഷ്ട്രീയമാണ് കേരളത്തിലെ ഇടതുപക്ഷം എല്ലാകാലത്തും സ്വീകരിച്ചിട്ടുള്ളത്. എല്ലാത്തിനോടും അവരുടെ സമീപനം ഇതായിരുന്നു. എന്തെന്നാൽ, അവർ പ്രീഡിഗ്രി

ബോർഡിനെയും മെതിയന്ത്രത്തെയും കൊയ്ത്ത് യന്ത്രത്തെയും എതിർത്തവരാണ്. സഹകരണ മേഖലയിൽ കണ്ണൂർ ജില്ലയിലെ പരിയാരത്ത് സ്വാശ്രയ കോളേജ് ആരംഭിച്ചപ്പോൾ വിദ്യാഭ്യാസത്തിന്റെ സ്വകാര്യവൽക്കരണം ആഗോളവൽക്കരണത്തിന്റെ അജണ്ടയാണെന്ന് പറഞ്ഞുകൊണ്ട് കൂത്തുപറമ്പിൽ റോഷന്റെയും ഷിബുലാലിന്റെയും ബാബുവിന്റെയും മധുവിന്റെയും രാജീവന്റെയും രക്തസാക്ഷി മണ്ഡപങ്ങളിൽ 'ഇവരഞ്ചുപേർ നെറികേടുകൾക്കെതിരെ നെഞ്ചുകാട്ടി നിറനെഞ്ച് ഭൂമിക്ക് ബലികൊടുത്തവരാണെന്ന്' പറഞ്ഞ് പ്രകടനം നടത്തി മണ്ഡപങ്ങൾ സ്ഥാപിച്ചവർ, പിന്നീട് പാർട്ടിയുടെ നേതൃത്വത്തിൽത്തന്നെ സ്വാശ്രയ കോളേജുകൾ ആരംഭിച്ചില്ലേ; അവർ നിലപാട് മാറ്റിയില്ലേ? കൗതുകകരമായ ഒരു കാര്യം, 1985 സെപ്റ്റംബറിൽ കമ്പ്യൂട്ടറിനെതിരെ സി.പി.ഐ.(എം)ന്റെ ഒരു യൂണിയൻ ഇറക്കിയ ലഘുലേഖയിൽ പറഞ്ഞിരുന്നത് 'കമ്പ്യൂട്ടർ പ്രവർത്തിക്കുന്നതുമൂലമുള്ള ഉപദ്രവങ്ങൾ നിരവധിയാണ്, റേഡിയേഷനും കാന്തികമണ്ഡലവും വർദ്ധിച്ച ഗർഭച്ഛിദ്ര സാധ്യതയുമുണ്ടാക്കുന്നു, പിറക്കുന്ന കുഞ്ഞിന് അംഗവൈകല്യ സാദ്ധ്യതയുണ്ട്, തലവേദന, സന്ധിവേദന എന്നിവയെല്ലാം ഉണ്ടാകാൻ സാധ്യതയുണ്ട്' എന്നാണ്. 1985 സെപ്റ്റംബറിൽ കമ്പ്യൂട്ടറിനെതിരായി ലഘുലേഖയിറക്കിയ ആളുകളാണ് നിങ്ങൾ. ഇപ്പോൾ നിങ്ങളുടെ പാർട്ടിക്ക് വെബ്സൈറ്റുണ്ട്, നേതാക്കന്മാർ കയ്യിൽ

ലാപ്ടോപ്പുമായി നടക്കുന്നു. ശ്രീ. പിണറായി വിജയൻപോലും വിഴിഞ്ഞം തുറമുഖത്തിനെതിരെയുള്ള ആരോപണങ്ങൾ ഉന്നയിക്കുന്നത് അദ്ദേഹത്തിന്റെ ഫെയ്സ്ബുക്ക് പേജിൽക്കൂടിയാണ്. കമ്പ്യൂട്ടർ പ്രവർത്തിപ്പിച്ചുകഴിഞ്ഞാൽ ഗർഭച്ഛിദ്രമുണ്ടാകും, പിറക്കുന്ന കുഞ്ഞിന് അംഗവൈകല്യമുണ്ടാകും, തലവേദനയും സന്ധിവേദനയുമുണ്ടാകുമെന്ന് പ്രചരിപ്പിച്ച ആളുകൾ എല്ലാകാലത്തും ഇങ്ങനെയാണ്. അതുതന്നെയാണ് ഇപ്പോൾ വിഴിഞ്ഞം പദ്ധതിയുടെ കാര്യത്തിലും എടുത്തിരിക്കുന്ന സമീപനം. ഈ ഗവൺമെന്റ് നിങ്ങളുടെ കാലത്തെ പ്രശ്നങ്ങൾ പോലും പരിഹരിച്ച ഗവൺമെന്റാണ്. നിങ്ങളുടെ കാലത്തുള്ള ചെങ്ങറ സമരം, മൂലമ്പള്ളി പ്രശ്നം എന്നിവ ഈ ഗവൺമെന്റ് പരിഹരിച്ചു. നിങ്ങളുടെ കാലത്തുണ്ടായതായിരുന്നു എൻഡോസൾഫാൻ ഇഷ്യൂ, ഈ ഗവൺമെന്റാണ് അതിൽ ഇടപ്പെട്ടത്. നിങ്ങളുടെ കാലത്ത് നഴ്സുമാരുടെ പ്രശ്നമുണ്ടായിരുന്നു, ഈ ഗവൺമെന്റാണ് ഒരു കമ്മീഷനെ നിയമിച്ച് അവർക്കൊരു മിനിമം വേജസ് തീരുമാനിച്ചത്. അങ്ങനെ ഭൂപ്രശ്നമടക്കം നിങ്ങളുടെ കാലത്തെ പ്രശ്നങ്ങൾ പരിഹരിച്ചത് ഈ ഗവൺമെന്റാണ്. നിങ്ങളൊന്നും പരിഹരിച്ചില്ല. നിങ്ങൾ പരിഹരിച്ചിരുന്നുവെങ്കിൽ ഈ പ്രശ്നങ്ങൾ ഞങ്ങൾക്ക് പരിഹരിക്കാൻ കിട്ടുമായിരുന്നില്ലല്ലോ. ഇച്ഛാശക്തിയോടുകൂടി അതെല്ലാം പരിഹരിച്ച ഒരു

ഗവൺമെന്റാണ് ഈ ഗവൺമെന്റ്. നിങ്ങളുടെ കാലത്ത് ലോട്ടറി നടത്തി. ഞാൻ അന്ന് പ്രതിപക്ഷത്തായിരുന്നു. ബഹുമാന്യനായ ഡോ. ടി. എം. തോമസ് ഐസക് എന്ന ധനകാര്യ വകുപ്പുമന്ത്രിയെ അടുത്തിരുത്തിക്കൊണ്ട് അന്നത്തെ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദൻ, ഈ രാജ്യത്തെ പാവപ്പെട്ടവരുടെ കയ്യിൽനിന്നും 40,000 കോടി രൂപ തട്ടിച്ചുകൊണ്ടുപോയവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരുമെന്ന് പ്രസംഗിച്ചത് ഞങ്ങളെല്ലാം കേട്ടതാണ്. ആ ലോട്ടറിയിൽനിന്ന് ഇന്ന് ബഹുമാനപ്പെട്ട മാണി സാർ 92,000 പേർക്ക് ഏതാണ്ട് 800 കോടി രൂപയുടുത്ത് കാരുണ്യാ ബെനവലന്റ് ഫണ്ട്വഴി കൊടുത്തു. ഇങ്ങനെയുള്ള ഒരു ഗവൺമെന്റിനെ ജനങ്ങൾ പിന്തുണയ്ക്കുന്നതിൽ നിങ്ങൾ അസൂയപ്പെട്ടിട്ട് കാര്യമില്ല. ഇവിടെ 'ആരോഗ്യകിരണം' പദ്ധതിയിൽക്കൂടി ഇരുപത്തിയൊന്ന് ലക്ഷം കുഞ്ഞുങ്ങൾ ഇന്ന് സൗജന്യ ചികിത്സ നേടുന്നുണ്ട്. 'സ്നേഹപൂർവ്വം' എന്ന പദ്ധതിയിൽക്കൂടി പാവപ്പെട്ട കുഞ്ഞുങ്ങൾ ഇന്ന് വിദ്യാഭ്യാസാനുകൂല്യങ്ങൾ നേടുന്നുണ്ട്. 'താലോലം' എന്ന പദ്ധതിയിൽക്കൂടി പാവപ്പെട്ടവർക്കിന്ന് ആശ്വാസം ലഭിക്കുന്നുണ്ട്. 'ശ്രുതിതരംഗം' എന്ന പദ്ധതിവഴി ഈ സംസ്ഥാനത്ത് 473 കുഞ്ഞുങ്ങൾ കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിക്കുശേഷം 'അച്ഛൻ', 'അമ്മ' എന്ന് വിളിക്കുന്നു, അവർക്ക് സംസാരശേഷി നേടിക്കൊടുത്തു. നിങ്ങളുടെ കാലത്ത് ഇങ്ങനെ എന്തെങ്കിലുമൊരു

പദ്ധതിയുണ്ടായിരുന്നോ; മുഖ്യമന്ത്രി പോകുന്നിടത്തെല്ലാം ജനങ്ങൾ വരാറുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ അടുത്തേയ്ക്ക് ആർക്കെങ്കിലും പണികൊടുക്കണമെന്നുള്ള ആളുകൾ മാത്രമല്ലേ പോകാറുള്ളൂ; ഏതെങ്കിലും ആശ്വാസത്തിനുവേണ്ടി ആരെങ്കിലും അങ്ങോട്ട് പോകാറുണ്ടോ; ആളുകളെ ഉപദ്രവിക്കുകയെന്നുള്ളതല്ലേ? ആഭ്യന്തര വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയുമെല്ലാം കേസിലിടപെട്ടുവെന്ന് നിങ്ങൾ പറഞ്ഞല്ലോ; ഇവിടെ ഇന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി അടിയന്തര പ്രമേയത്തിന് മറുപടി പറഞ്ഞപ്പോൾ പറഞ്ഞ കാര്യം......, അദ്ദേഹം മേശപ്പുറത്തുവച്ച ഈ രേഖ വായിച്ചപ്പോൾ ഞാൻ ഞെട്ടിപ്പോയി. ഒരു കേസിൽ അന്നത്തെ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഒരു ഉത്തരവിറക്കിയിരിക്കുകയാണ്. അതിൽ ഇതേ വിൻസൺ എം. പോളിനോട് മുഖ്യമന്ത്രി പറഞ്ഞിരിക്കുന്നത്, " ...........therefore Shri. Vinson M. Paul under whose supervision in the present SIT has been constituted may be directed to meet Sushil Kumar, Senior Advocate (സുപ്രീം കോടതിയിലെ അദ്ദേഹത്തിന്റെ വക്കീൽ) through Standing Council R. Satheesh for further consultation and for a more detailed opinion. Vinson M. Paul may also be directed to sent copies of the following documents in advance to Sushil Kumar and Shanthi

Bhushan such as case diary, statement, visual details, Tour Diary of Accused 1, Agreements and Annual Report. Finally, weekly reports on the progress of investigation should sent to the DG and the Chief Minister in sealed cover." അതായത് ഓരോ ആഴ്ചയും അന്വേഷണപുരോഗതി സംബന്ധിച്ച റിപ്പോർട്ട് സീൽ ചെയ്ത കവറിൽ മുഖ്യമന്ത്രിക്ക് നൽകണമെന്ന് പറയുന്നതിനെക്കാൾ, അത് സർക്കാർ ഉത്തരവുവഴി അറിയിക്കുന്നതിനെക്കാൾ വലിയ ഇടപെടലുണ്ടോ? എന്നിട്ടാണ് മാണി സാറിന്റെ കേസിൽ ഇടപെട്ടുവെന്ന് നിങ്ങൾ പറയുന്നത്. ഉത്തരവുവഴി തനിക്ക് റിപ്പോർട്ട് നൽകണമെന്ന് പറഞ്ഞ ഒരു മുഖ്യമന്ത്രിയാണ് ഇപ്പോഴത്തെ പ്രതിപക്ഷ നേതാവ്. ഇത് സർക്കാർ ഉത്തരവാണ്, തെളിവുള്ളതാണ്. മേശപ്പുറത്തുവച്ച രേഖയാണ്, നിങ്ങൾക്കും ലഭിക്കും. ഇവിടെ ബാർ കോഴ വന്നു. എന്തായിരുന്നു ആരോപണം? Prevention of Corruption Act-ന്റെ സെക്ഷൻ 7 പ്രകാരമാണല്ലോ ഇവിടെ എഫ്.ഐ.ആർ. തയ്യാറാക്കിയിരിക്കുന്നത്. പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്ടിന്റെ സെക്ഷൻ 7 അട്രാക്ട് ചെയ്യണമെങ്കിൽ മൂന്നുകാര്യങ്ങൾ നടന്നിരിക്കണം. ഒന്ന്, ഇൻവെസ്റ്റിഗേഷനിൽ ഡിമാന്റ് പ്രൂവ് ചെയ്തിട്ടുണ്ടോ, രണ്ട് ട്രാൻസ്ഫർ ഓഫ് മണി പ്രൂവ് ചെയ്തിട്ടുണ്ടോ, മൂന്ന് ഫേവർ ഓർ ഡിസ്ഫേവർ ഇൻവെസ്റ്റിഗേഷനിൽ പ്രൂവ് ചെയ്യപ്പെട്ടിട്ടുണ്ടോ; ഒന്നുകിൽ ഏതെങ്കിലും സഹായം

ചെയ്യണം അല്ലെങ്കിൽ ഉപദ്രവം ഒഴിവാക്കണം. ഇവിടെ എന്താണ് സഹായം? ഈ ആരോപണം ഉന്നയിച്ച ആളിന്റെ 11 ബാറുകൾ പൂട്ടി, എന്ത് ഫേവറാണ്; ഈ ആരോപണക്കാരായ ആളുകളായ ബാറുകാരുടെ 700 ബാറുകൾ പൂട്ടി, എന്ത് ഫേവറാണ്? അപ്പോൾ ഡിമാന്റില്ല, ഫേവറോ ഡിസ്പ്ലേവറോയില്ല, ട്രാൻസ്ഫർ ഓഫ് മണിയില്ല. ഇതിലെ ഒരു സാക്ഷി ആരോപണമുന്നയിച്ച ആളുടെ ഡ്രൈവറാണ്. അയാൾ interested witness ആണ്. അതല്ലാതെ വേറെയെന്താണുള്ളത്? ഇവിടെ ഒരു പ്രോസിക്യൂഷനുണ്ടാകണമെങ്കിൽ അതിലെ എവിഡൻസ് എന്നുപറയുന്നത് beyond reasonable doubt ആയിരിക്കണം. ഇല്ലെങ്കിൽ പ്രോസിക്യൂട്ട് ചെയ്യാൻ സാധിക്കില്ല. അത് സംബന്ധിച്ച് നിരവധി സുപ്രീംകോടതി വിധികളുണ്ട്. നിഷ്പക്ഷന്മാരും നീതിമാൻമാരുമായിട്ടുള്ള ചില വക്കീലന്മാർ ചില ചാനലുകളിൽ പ്രത്യക്ഷപ്പെടാറുണ്ടല്ലോ; അതിലെ ഒരു വക്കീൽ ശ്രീ. ഉദയഭാനു, ബിജു രമേശിന്റെ വക്കീലാണെന്ന് ഇന്ന് പത്രത്തിൽക്കൂടിയാണ് അറിഞ്ഞത്. അദ്ദേഹത്തെ നിയമകാര്യ വിദഗ്ദ്ധനായിട്ടാണ് ചാനലുകാർ കൊണ്ടുവരുന്നത്. അതെന്തെങ്കിലുമാകട്ടെ, നിയമോപദേശം ചോദിക്കാൻ പാടുണ്ടോയെന്ന് അവർ ചോദിക്കുകയാണ്. ബഹുമാനപ്പെട്ട മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്, മുൻ വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ, മുൻ

വ്യവസായ വകുപ്പുമന്ത്രി ശ്രീ. എളമരം കരീം, മുൻ സഹകരണ വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ, മുൻ ഫിഷറീസ് വകുപ്പുമന്ത്രി ശ്രീ. എസ്. ശർമ്മ എന്നിവർ ഇവിടെയുണ്ടല്ലോ; ഞാൻ നിങ്ങളോട് ചോദിക്കുന്നു, നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് 2006 മുതൽ 2011 വരെയുള്ള കാലയളവിൽ നിയമോപദേശമില്ലാതെ ഏതെങ്കിലും ഒരു കേസ് നിങ്ങൾ പ്രോസിക്യൂഷന് പറഞ്ഞിട്ടുണ്ടോ; ഞാൻ ആവർത്തിച്ചു ചോദിക്കുന്നു, ഏതെങ്കിലും കേസ് നിയമോപദേശമില്ലാതെ തീർപ്പാക്കിയിട്ടുണ്ടോ? എല്ലാ കേസ്സുകളിലും നിയമോപദേശം തേടിയിട്ടുണ്ട്. പക്ഷെ, മാണിസാറിന്റെ കേസിൽ നിയമപോദേശം ചോദിക്കാൻ പാടില്ല, അതിലെന്ത് ന്യായമാണുള്ളത്? നിങ്ങൾ 2006 മുതൽ 2011 വരെയുള്ള എല്ലാ കേസുകളിലും നിയമോപദേശം ചോദിച്ചിട്ടുണ്ട്. മാണിസാറിന്റെ കേസിൽ ചോദിക്കാൻ പാടില്ല എന്നുപറയുന്നതിൽ എന്ത് നിയമവും ന്യായവും നീതിയുമാണ്? ശ്രീ. കെ. എം. മാണിക്കൊരു നീതി, നിങ്ങൾ രാജ്യത്തെ തട്ടിപ്പുകാർക്കെല്ലാം കൊടുക്കുന്നത് വേറൊരു നീതി. പ്രോസിക്യൂട്ട് ചെയ്യണമെന്നാവശ്യപ്പെട്ട, ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കിയ തട്ടിപ്പ് കേസിൽപ്പോലും നിങ്ങൾ ലീഗൽ അഡ്വൈസ് വാങ്ങിയിട്ട് പ്രോസിക്യൂഷൻ ഒഴിവാക്കിക്കൊടുത്തിട്ടില്ലേ? ആ ന്യായമെന്താണ് ശ്രീ. കെ. എം. മാണിക്ക് ബാധകമാകാത്തത്? ഈ

ഇരട്ടത്താപ്പാണ് നിങ്ങൾക്ക് എല്ലാ കാലത്തും എല്ലാത്തിനോടുമുള്ളത്. നിങ്ങൾ അരുവിക്കരയിലെ....

ശ്രീ. എസ്. ശർമ്മ : സർ, ഞങ്ങളുടെ കാലത്ത്, കൈനീട്ടി കാശുവാങ്ങി പ്രതിയായി മന്ത്രിസഭയിലിരിക്കേ വിജിലൻസ് എഫ്.ഐ.ആർ. ഇട്ട ഒരു സംഭവവും ഉണ്ടായിട്ടില്ല.

ശ്രീ. പി. സി. വിഷ്ണുനാഥ് : ബഹുമാനപ്പെട്ട എസ്. ശർമ്മ, എനിക്കെതിരെയും നിങ്ങൾക്കെതിരെയും ആർക്കെതിരെയും ആരോപണം വരാം. ആരോപണമല്ലേയുള്ളൂ; ഞാൻ ചോദിക്കട്ടെ, ദേശാഭിമാനിയുടെ ജനറൽ മാനേജർ സ്ഥാനത്തുനിന്നും ശ്രീ. ഇ. പി. ജയരാജനെ മാറ്റി ശ്രീ. പി. ജയരാജനെ ജനറൽ മാനേജരാക്കിയത് എന്തിനാണ്? സാന്റിയാഗോ മാർട്ടിനിൽനിന്ന് രണ്ടുകോടി രൂപ വാങ്ങിയതിനാണ്. ദേശാഭിമാനിയിലെ ശ്രീ. വേണുഗോപാലിനെ ആ സ്ഥാനത്തുനിന്ന് മാറ്റിയതെന്തിനാണ്? 'ലിസ് '-ന്റെ ചാക്കോയുടെ കയ്യിൽനിന്നും പണം വാങ്ങിയതിന്റെ പേരിലാണ്. ഫേവർ ഉണ്ടായതിന്റെ പേരിലാണല്ലോ ലോട്ടറി കേസുണ്ടായത്. അതുകൊണ്ട് അതൊന്നും പറയേണ്ട. നിങ്ങളും രണ്ടുകൈയും നീട്ടിത്തന്നെ പണം വാങ്ങിച്ചിട്ടുണ്ട്. ഇവിടെ നിങ്ങൾ ഇരട്ടത്താപ്പ് തുടരുകയാണ്. ഞാൻ ചോദിക്കട്ടെ, നിങ്ങൾ ഇവിടെ ബഡ്ജറ്റ് ചർച്ചയിൽ പങ്കെടുക്കുന്നു. നിങ്ങൾ

എല്ലാ ചാനലുകളിലും വന്നുപറഞ്ഞത് ബഡ്ജറ്റ് അവതരിപ്പിച്ചിട്ടേയില്ല, അവതരിപ്പിച്ചതായി ഞങ്ങൾ അംഗീകരിക്കുന്നില്ല എന്നാണ്. ബഡ്ജറ്റ് സ്കൂട്ടിനിയിലെ ഏതെങ്കിലുമൊരു സബ്ജക്ട് കമ്മിറ്റിയിൽ പ്രതിപക്ഷത്തുള്ള ഏതെങ്കിലുമൊരു എം.എൽ.എ. പങ്കെടുത്തോ; ഇന്നിവിടെ പ്രതിപക്ഷത്തിന്റെ ഏതെങ്കിലുമൊരു എം.എൽ.എ. കട്ട്മോഷൻ കൊടുത്തിട്ടുണ്ടോ; കട്ട്മോഷൻ കൊടുക്കാതെ എങ്ങനെയാണ് ബഡ്ജറ്റ് ചർച്ചയിൽ പ്രസംഗിക്കുന്നത്? എത്രയോ കാലങ്ങളായി നിയമസഭാ നടപടികൾ റിപ്പോർട്ട് ചെയ്യുന്ന മുതിർന്ന മാധ്യമപ്രവർത്തകർ ഇവിടെയുണ്ട്. നിങ്ങൾ ഇവിടെയിരിക്കുന്ന ഗതികേട് ഞാൻ തുറന്നുകാണിക്കുകയാണ്. കാരണം, ബഡ്ജറ്റ് അവതരിപ്പിച്ചിട്ടില്ലായെന്നു പറയുക, ബഡ്ജറ്റ് സ്കൂട്ടിനിയിൽ പങ്കെടുക്കാതിരിക്കുക, കട്ട്മോഷൻ കൊടുക്കാതിരിക്കുക, എന്നിട്ട് പ്രസംഗിക്കേണ്ടിവരിക, ഇതുപോലൊരു ഗതികേടുണ്ടോ? കേരള നിയമസഭയിൽ ഏതെങ്കിലും കാലത്ത് ഏതെങ്കിലും പ്രതിപക്ഷത്തിന് ഇങ്ങനെയൊരു ഗതികേടുണ്ടായിട്ടുണ്ടോ? അരുവിക്കരയിലെ നിങ്ങളുടെ സ്റ്റാർ കാമ്പയിനർ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയായിരുന്നു. ഈ സഭ ഒരു ബഹളവുമില്ലാതെ നന്നായി നടത്തിക്കൊണ്ടുപോവുകയായിരുന്നു. മുഖ്യമന്ത്രിയുടെ നൂറുദിന കർമ്മപരിപാടി, അതുപോലെ നേരത്തെ ഇവിടെ വിശദീകരിച്ച

നല്ലകാര്യങ്ങളൊക്കെ ചെയ്തുകൊണ്ട് നല്ല രീതിയിൽ മുന്നോട്ടുപോകുമ്പോൾ നിയമസഭയിൽ ആദ്യമായിട്ടുണ്ടായ ബഹളമെന്താണ് ? 30.09.2011 – ന് വാളകം പ്രശ്നം. പ്രതിപക്ഷനേതാവ് അവിടെയിരുന്ന് ആംഗ്യം കാണിച്ചുകൊണ്ട് 'അതിനുപയോഗമിനിയുണ്ടോ...' എന്നൊക്കെ ചോദിച്ചു. അദ്ദേഹം പറഞ്ഞത് ഇവിടെ പറയാൻ കഴിയില്ല. കാരണം, അൺപാർലമെന്ററിയാണ്. ഇങ്ങനെയൊക്കെ പറഞ്ഞൊരു പ്രസംഗം നടത്തി നിയമസഭയിൽ ബഹളം വച്ചു. പെയ്ഡ് ന്യൂസ് സംവിധാനമൊക്കെയുള്ള ഒരു ചാനലിൽ ശ്രീ. ആർ. ബാലകൃഷ്ണ പിള്ളയെ ആരോ ഫോൺ വിളിച്ചു, ഫോൺ എടുത്തു എന്നൊക്കെ പറഞ്ഞ് വാർത്തവന്നു. അതുപറഞ്ഞ് നിയമസഭയിൽ നിങ്ങൾ ബഹളം നടത്തി. അതുകഴിഞ്ഞ് ശ്രീ. കെ. ബി. ഗണേഷ് കുമാർ പ്രതിപക്ഷനേതാവിനെ അപമാനിച്ചു എന്നുപറഞ്ഞ് 28.10.2011-ൽ നിയമസഭയിൽ ബഹളമുണ്ടാക്കി. അന്ന് 8.55-ന് സഭ പിരിഞ്ഞു. 8.30- ന് ക്വസ്റ്റ്യൻ അവർ തുടങ്ങി 8.55 -ന് നിയമസഭ അവസാനിപ്പിച്ചതിനുകാരണം പത്തനാപുരത്തെ വിശ്വവിഖ്യാതമായ പ്രസംഗമാണ്. അതൊന്നും ഇവിടെ പറയാൻ കൊള്ളില്ല. ഇപ്പോൾ ആ ഗണേഷ് കുമാറിനെയൊക്കെ നിങ്ങൾ കൊണ്ടുനടക്കുന്നതുകണ്ടാൽ..... ബാലകൃഷ്ണപിള്ള സാറ്...., ബാലകൃഷ്ണപിള്ള ചേട്ടൻ... ഇങ്ങനെ വഴിഞ്ഞൊഴുകുകയല്ലേ; പിന്നെയും ഞങ്ങൾ നല്ല രീതിയിൽ നിയമസഭ

നടത്തിക്കൊണ്ടുപോവുകയായിരുന്നു. എന്നാൽ 02.04.2013-ന് ചർച്ച കൂടാതെ മുഴുവൻ ബില്ലും പാസ്സാക്കി. എന്താണ് വിഷയം? കേരളത്തെ ബാധിക്കുന്ന ഏറ്റവും ഗുരുതരമായ പ്രശ്നമാണ് അന്ന് നിയമസഭയിലെടുത്തത് - യാമിനി തങ്കച്ചിയുടെ വെളിപ്പെടുത്തൽ! ചർച്ച കൂടാതെ അന്നത്തെ ഡിമാന്റ് പാസ്സാക്കിയതിന് കാരണമായത് യാമിനി തങ്കച്ചിയുടെ വെളിപ്പെടുത്തലാണ്. അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ മാന്യമായി നിങ്ങളോട് ചോദിച്ചു, 'അതൊക്കെ അവരുടെ കുടുംബ പ്രശ്നമല്ലേ, നമ്മൾ അതിൽ ഇടപെടേണ്ട കാര്യമുണ്ടോ, അല്ലാതെ വേറെ എന്തെല്ലാം കാര്യങ്ങളുണ്ട് നിയമസഭയിൽ ചർച്ച ചെയ്യാൻ'. അപ്പോൾ നിങ്ങളെന്താണ് പറഞ്ഞത്, 'പറ്റില്ല, യാമിനി തങ്കച്ചിയുടെ പേരിൽ ശ്രീ. കെ. ബി. ഗണേഷ് കുമാറിനെ ഇപ്പോൾത്തന്നെ നിറുത്തിപ്പൊരിച്ച് കൈകാര്യം ചെയ്ത് സുപ്രീംകോടതിയെ ഏൽപ്പിച്ച് നാളെ വൈകിട്ട് നാലുമണിക്ക് തൂക്കിക്കൊല്ലുന്നു എന്നു പറയാതെ ഞങ്ങൾ പോകില്ല' എന്നു പറഞ്ഞവരല്ലേ നിങ്ങൾ. എന്നിട്ട് ഇപ്പോഴെന്താണ് നിങ്ങൾക്ക് മാറ്റമുണ്ടായത്? അവരാരെങ്കിലും ഭരണകക്ഷിക്കെതിരെ എന്തെങ്കിലുമൊന്ന് പറഞ്ഞാൽ പ്രശ്നമാണ്. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിനെതിരെ ശ്രീ. കെ. ബി. ഗണേഷ് കുമാർ പറഞ്ഞതെന്താണ്? അദ്ദേഹത്തിന്റെ പേഴ്സണൽ സ്റ്റാഫ് പ്രശ്നമുണ്ടാക്കിയെന്നാണ്. ശ്രീ. കെ. ബി.

ഗണേഷ് കുമാറിന്റെ പേഴ്സണൽ സ്റ്റാഫ് അഴിമതി നടത്തിയെന്ന് ശ്രീ. ആർ. ബാലകൃഷ്ണ പിള്ള പറഞ്ഞില്ലേ; 'എന്റെ അച്ഛൻ എന്നെ അഴിമതി ചെയ്യാൻ നിർബന്ധിച്ചുകൊണ്ടേയിരിക്കുകയാണ്, ഞാൻ അതിന് കൂട്ടുനിൽക്കുന്നില്ല, അതിന്റെ പേരിലാണ് അദ്ദേഹം എന്റെ രാജി അവശ്യപ്പെടുന്നത് ' എന്ന് ആ മകൻ പറഞ്ഞില്ലേ; ഇതെല്ലാം കേരളത്തിലെ ജനങ്ങൾ കേട്ടതല്ലേ; ഒരു രാഷ്ട്രീയം വേണ്ടേ; അരുവിക്കരയിൽ ജയിക്കണമെന്നുപറഞ്ഞ് സ്വന്തം രാഷ്ട്രീയത്തെ ഇല്ലാതാക്കിക്കൊണ്ട് നിങ്ങളൊരു സമീപനം സ്വീകരിച്ചാൽ ജനം അംഗീകരിക്കുമെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ? 26-ാം തീയതിയാണല്ലോ അരുവിക്കരിയിലെ ഇലക്ഷൻ പ്രഖ്യാപിച്ചത്. 22-ാം തീയതിയിലെ ദേശാഭിമാനി പത്രത്തിന്റെ കട്ടിംഗാണിത്. (22-ാം തീയതിയിലെ ദേശാഭിമാനി പത്രത്തിന്റെ കട്ടിംഗ് സഭയിൽ ഉയർത്തിക്കാണിച്ചു). 26-ാം തീയതി ഇലക്ഷൻ പ്രഖ്യാപിക്കുന്നതിന് മൂന്നുദിവസം മുമ്പുള്ള ദേശാഭിമാനി പത്രമാണ്. മനോരമയും, മാതൃഭൂമിയും, മംഗളവും, കൗമുദിയും, മാധ്യമവും, ചന്ദ്രികയും, വീക്ഷണവുമൊന്നുമല്ല. 'വി. എസ്. പാർട്ടിയെ വെല്ലുവിളിക്കുന്നു' - പാർട്ടി സെക്രട്ടറി കോടിയേരി ബാലകൃഷ്ണനാണ് പറഞ്ഞത്. ശ്രീ. വി. എസ്. അച്യുതാനന്ദനെതിരെ നാലാം പേജിൽ ഒരു പേജ് പ്രമേയം. 26-ാം തീയതി ഇലക്ഷൻ പ്രഖ്യാപിച്ചപ്പോൾ വി.

എസ്. ആരായി? വി. എസ്. വീണ്ടും സംപൂജ്യനായ നേതാവായി. 22-ാം തീയതി പറഞ്ഞത് പാർട്ടിക്ക് അപകടമുണ്ടാകുമ്പോൾ പാർട്ടിയെ പ്രതിസന്ധിയിലാക്കുന്നു, ഭരണപക്ഷത്തിന് കുഴപ്പമുണ്ടാകുമ്പോൾ ഭരണപക്ഷത്തെ സഹായിക്കുന്നു, സമാന്തര പാർട്ടിയുണ്ടാക്കാൻ ശ്രമിക്കുന്നു എന്നൊക്കെയാണ്. ഇങ്ങനെ പറഞ്ഞ ഒരാളെ മുന്നിൽ നിർത്തിക്കൊണ്ട് പ്രചരണം നടത്തുക. എന്നിട്ടും അയിത്തമായിരുന്നില്ലേ; അദ്ദേഹത്തിന്റെ വേദിയിൽ ശ്രീ. പിണറായി വിജയൻ കയറിയോ? അക്കാര്യത്തിൽ ശ്രീ. പിണറായി വിജയനെ ഞാൻ സമ്മതിക്കുന്നു. കാരണം, അദ്ദേഹം ഒരു നിലപാടെടുത്തിരുന്നു. കയറുകയില്ല എന്നുപറഞ്ഞാൽ കയറില്ല. എത്ര വിമർശനമുണ്ടായാലും അതിന്റെ പേരിൽ എന്ത് സംഭവിച്ചാലും കയറില്ല. അതൊരു നിലപാടാണ്. നേരത്തെ പറഞ്ഞത് നിലപാടില്ലായ്മയാണ്. നിങ്ങളുടെ ഇത്തരം ഇരട്ടത്താപ്പുകൾ കൂടുതലായി പുറത്തുവരാൻപോകുന്ന സംഭവങ്ങളാണ് വരും ദിവസങ്ങളിൽ ഉണ്ടാകാൻ പോകുന്നത്. ഇവിടെ ഭരണം മെച്ചപ്പെടുത്താൻ വേണ്ടി ഒരുപാട് കാര്യങ്ങൾ ഈ ഗവൺമെന്റ് ചെയ്തു. ഇ-ഡിസ്ട്രിക്ട് നടപ്പിലാക്കി, ഇ-ഗവേണൻസ് കൊണ്ടുവന്നു. സെന്റർ ഫോർ എക്സലൻസ് ഇൻ അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റ് രൂപീകരിച്ച് നടപടികൾ സ്വീകരിച്ചു. ആളുകൾക്ക് ഫയൽ മൂവ്മെന്റ് അറിയാൻവേണ്ടിയുള്ള സൗകര്യമുണ്ടാക്കി. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി,

ജനങ്ങളുടെ കണ്ണീരിന്റെ ഉപ്പിന്റെ രുചിയുള്ള 49 സർക്കാർ ഉത്തരവുകൾ പാവപ്പെട്ടവർക്കുവേണ്ടി ഈ സർക്കാർ പുറത്തിറക്കി. അങ്ങനെ മുന്നോട്ടുപോകുന്ന ഈ സർക്കാരിന്റെ ഡിമാന്റിനെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുന്നു.

ശ്രീ. എ. കെ. ബാലൻ : സർ, അഴിമതി, ധൂർത്ത്, വികസന മുരടിപ്പ്, സാമ്പത്തികത്തകർച്ച, വാഗ്ദാന ലംഘനം, ഇതിന്റെ ഭാഗമായിട്ടുള്ള ഭരണസ്തംഭനം ഇതാണ് യു.ഡി.എഫ്. ഗവൺമെന്റിന്റെ മുഖമുദ്ര. ബഹുമാനപ്പെട്ട പി. സി. വിഷ്ണുനാഥിനോട് ഞാനൊരു കാര്യം ചോദിക്കാം. ഇവിടെ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ ഒരു ഫെയ്സ്ബുക്ക് പോസ്റ്റിംഗ് ഉണ്ടായിരുന്നു. ഞാൻ അത് പറയാം, അതിനുശേഷം അങ്ങയുടെ കമന്റിന് ഞാൻ ആഗ്രഹിക്കുന്നു. "ബാർ കോഴ വിവാദവുമായി ബന്ധപ്പെട്ട് വിജിലൻസ് നടത്തിയ അന്വേഷണത്തിൽ ഞാൻ യാതൊരുവിധ ഇടപെടലും നടത്തിയിട്ടില്ല. ഈ നിലപാട് കൈക്കൊണ്ടതിന്റെ പേരിൽ യു.ഡി.എഫ്. -ൽ നിന്നും കോൺഗ്രസ്സിൽ നിന്നും കടുത്ത സമ്മർദ്ദമാണ് എനിക്ക് അനുഭവിക്കേണ്ടിവന്നത്." ശ്രീ. പി. സി. വിഷ്ണുനാഥിന്റെ പ്രസംഗം കേട്ട സമയത്ത് ആരുടെ ഭാഗത്തുനിന്നാണ് സമ്മർദ്ദം വന്നതെന്നുള്ളത് ഈ സഭയ്ക്ക് വ്യക്തമായി. ഈ ഗവൺമെന്റിനെ സംബന്ധിച്ച് ഇവരുടെ നേതാക്കന്മാർതന്നെ പറഞ്ഞ ധാരാളം കാര്യങ്ങൾ എന്റെ കയ്യിലുണ്ട്. അതിൽ ഒന്നുരണ്ടെണ്ണം

സാമ്പിളിനുവേണ്ടി ഞാനിവിടെ പറയാം. 'കേരളത്തിൽ അഴിമതി വാഴ്ച'– ശ്രീ. എ. കെ. ആന്റണി. 'അത് കേരളത്തെ ഉദ്ദേശിച്ചല്ല' – മന്ത്രി ശ്രീ. കെ. സി. ജോസഫ്. പിന്നീട് ശ്രീ. വി. ഡി. സതീശൻ പറയുകയാണ്, 'ഈ ഭൂഗോളത്തിലുള്ള ആരും യു.ഡി.എഫ്. ഗവൺമെന്റ് അഴിമതിയില്ലാത്തതാണെന്ന് വിശ്വസിക്കുന്നില്ല.' പിന്നെ ശ്രീ. കെ. സി. ജോസഫ് - 'ശ്രീ. വി. ഡി. സതീശൻ ഹൈക്കമാൻഡ് ചമയേണ്ട, ഹൈക്കമാൻഡിനുള്ളത് ഹൈക്കമാൻഡ് പറയും, ശ്രീ. വി. ഡി. സതീശൻ പറയേണ്ട, ആറ് വൈസ് പ്രസിഡന്റുമാരിൽ ഒരാളാണ് ശ്രീ. വി. ഡി. സതീശൻ'. പിന്നെ ശ്രീ. കൊടിക്കുന്നിൽ സുരേഷ് - 'കേരളത്തിലെ ഹൈക്കമാൻഡ് ആകാനാണ് ശ്രീ. വി. ഡി. സതീശൻ ശ്രമിക്കുന്നത്. ഭരണമാറ്റത്തിലൂടെ മന്ത്രിയാകാനാണ് ശ്രീ. വി. ഡി. സതീശന്റെ ഉദ്ദേശ്യം.' അതിനുള്ള ശ്രീ. വി. ഡി. സതീശന്റെ മറുപടിയുണ്ട്. സമയമില്ലാത്തതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല.

നാല് വാർഷിക പദ്ധതികൾ ഇവിടെ പൊളിഞ്ഞു. 2010-11 ൽ മന്ത്രിസഭ ഹെഡ്ഡിലെ ചെലവ് 546 കോടി രൂപയായിരുന്നു. 2014-15 ൽ അത് 1,200 കോടി രൂപയായി. മന്ത്രിമാരുടെയും മന്ത്രി പദവിയിലുള്ളവരുടെയും പേഴ്സണൽ സ്റ്റാഫിന്റെയും ധൂർത്താണ് ഇതിന് കാരണം. ക്യാബിനറ്റ് യോഗത്തിനല്ലാതെ തിരുവനന്തപുരത്ത് എത്തുന്ന എത്ര മന്ത്രിമാർ ഇവിടെയുണ്ട്? കെ.പി.സി.സി. പറഞ്ഞത് അഴിമതി

തടയണം, മന്ത്രിമാർ ഓഫീസിൽ ഉണ്ടാകണമെന്നാണ്. ഞാൻ അതിന്റെ വിശദാംശത്തിലേയ്ക്ക് കടക്കുന്നില്ല. ആഴ്ചയിൽ മൂന്ന് ദിവസമെങ്കിലും മന്ത്രിമാർ തലസ്ഥാനത്തുണ്ടായിരിക്കണമെന്ന് കെ.പി.സി.സി. പ്രസിഡന്റ് പറയാൻ നിർബന്ധിക്കപ്പെട്ടത് എന്തുകൊണ്ടാണ്? മന്ത്രിമാരിൽ പലരെയും ഫോണിൽ വിളിച്ചാൽ കിട്ടില്ല. ഗൺമാനെ കിട്ടിയാൽ ഭാഗ്യം. സർക്കാരിന്റെ ഏറ്റവും വലിയ അവകാശവാദമായിരുന്നല്ലോ, സേവന അവകാശ നിയമം - നിശ്ചിത പരിധിയ്ക്കുള്ളിൽ സേവനം ലഭ്യമാക്കുക. പരിധിയ്ക്കകത്ത് സേവനം ലഭ്യമായോ? ഇല്ല. ജനസേവനത്തിന് ഗവൺമെന്റ് ഓഫീസുകൾ പറ്റില്ലെന്നതിന്റെ തെളിവല്ലേ ജനസമ്പർക്ക പരിപാടി? സെക്രട്ടേറിയേറ്റിൽ മാത്രം ഒരുലക്ഷത്തി ഇരുപത്തി അയ്യായിരം ഫയലുകൾ കെട്ടിക്കിടക്കുകയാണ്. ഇതിൽ അഞ്ചിലൊരുഭാഗം ഒരു വർഷം പിന്നിട്ടതാണ്. ഓൺലൈനിൽ നാനൂറ് സർക്കാർ സേവനങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചു. ഏതെങ്കിലും ഒരു മന്ത്രി ഓൺലൈൻ ഫയലിൽ തീരുമാനമെടുത്തിട്ടുണ്ടോ? വിവരാവകാശ അപേക്ഷകൾ ഓൺലൈനിൽ സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതാണ്. ഒരു നടപടിയും ഉണ്ടായിട്ടില്ല. സർക്കാർ വകുപ്പുകളുടെ മികവിന്റെ റാങ്ക് പട്ടിക പുറത്തുവന്നിട്ടുണ്ട്. മന്ത്രിമാർ തന്നെയാണ് റാങ്കിട്ടത്. എന്നിട്ടും പൊതുഭരണത്തിന് 2013-ൽ 68.17

ശതമാനം, 2014-ൽ 77.68 ശതമാനം. ഏറ്റവും കൂടുതൽ സേവനം നൽകേണ്ട റവന്യൂ വകുപ്പ് വട്ടപ്പൂജ്യം. വർഷാവസാനം നിയമസഭയിൽ സമർപ്പിക്കേണ്ട ആഡിറ്റ് റിപ്പോർട്ട് വിവിധ വകുപ്പുകൾ നൽകിയിട്ടില്ല. വിവരാവകാശ കമ്മീഷൻ പറയുന്നു, 2012-13 ൽ 18 വകുപ്പുകൾ നൽകിയില്ല, 2013-14 ലും 2014-15 ലും ഒരു വകുപ്പും നൽകിയില്ല. വകുപ്പുകളുടെ കാര്യക്ഷമത അളക്കാൻ ഇതിൽപ്പരം എന്തുതെളിവ് വേണം; കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണം എവിടെയെത്തി? സെക്രട്ടേറിയേറ്റിൽ ജനസമ്പർക്കത്തിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം കൊട്ടിഘോഷിച്ച് കെട്ടിടം പണിതു, ഒരു ദിവസംപോലും അവിടെ പോയിട്ടില്ല. ഇപ്പോൾ അത് അടച്ചിട്ടിരിക്കുകയാണ്. കാരണം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മാത്രമേ അറിയൂ. സർക്കാർ സർവ്വീസ് അഴിമതിയുടെ വിളനിലമാക്കിയ മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും പേരിൽ നടപടിയെടുത്തോ? സരിത-സോളർ കേസിൽ പത്തനംതിട്ട ഫസ്റ്റ്ക്ലാസ് മജിസ്ട്രേട്ട് കോടതിയുടെ വിധിയിൽ - ഞാൻ ഇവിടെ വിധി വായിക്കുന്നില്ല - മന്ത്രിമാർ, രാഷ്ട്രീയക്കാർ, ഉദ്യോഗസ്ഥവൃന്ദം ഇവരുടെ തണലിലാണ് ഈ കൊള്ളനടത്തിയതെന്ന് പറഞ്ഞു. മുഖ്യമന്ത്രിയും മന്ത്രിമാരും തമ്മിലുള്ള അഭിപ്രായ വ്യത്യാസം, മന്ത്രിമാർ പരസ്പരമുള്ള അഭിപ്രായ വ്യത്യാസം, ഉദ്യോഗസ്ഥൻമാരും ഐ.എ.എസ്. ഉദ്യോഗസ്ഥൻമാരും തമ്മിലുള്ള

അഭിപ്രായ വ്യത്യാസം, ചീഫ് സെക്രട്ടറിയും ഐ.എ.എസ്-കാരും തമ്മിലുള്ള അഭിപ്രായ വ്യത്യാസം, ചീഫ് സെക്രട്ടറിയും മന്ത്രിമാരും തമ്മിലുള്ള അഭിപ്രായ വ്യത്യാസം, ഡി.ജി.പി.യും ചീഫ് സെക്രട്ടറിയും തമ്മിലുള്ള അഭിപ്രായ വ്യത്യാസം, എ.ഡി.ജി.പി.യ്ക്കെതിരായും ഐ.ജി.യ്ക്കെതിരായുമുള്ള എസ്.പി. യുടെ അഴിമതി ആരോപണം - രാഹുൽ ആർ. നായർ, ഐ.ജി. മനോജിനെതിരെയും, എ.എസ്.പി. ശ്രീലേഖയ്ക്കുമെതിരെയും അഴിമതി ആരോപണം കൊണ്ടുവന്നില്ലേ; ഈ ചേരിപ്പോരിനിടയിൽ സംസ്ഥാന താത്പര്യം ഇവർക്ക് കാത്തുസൂക്ഷിക്കാൻ കഴിഞ്ഞിട്ടുണ്ടോ? എന്നാൽ ഒറ്റ കാര്യത്തിൽ യോജിച്ച് പ്രവർത്തിക്കും. അഴിമതിയുടെ കാര്യത്തിൽ. പേഴ്സണൽ സ്റ്റാഫ് ദല്ലാളൻമാരുടെയും തട്ടിപ്പുകാരുടെയും കൂട്ടിക്കൊടുപ്പുകാരുടെയും കേന്ദ്രമായില്ലേ; ഒരു മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് കോൺഗ്രസ് (ഐ) ഓഫീസ് ബലാത്സംഗത്തിനും തുടർന്ന് കൊലപാതകത്തിനും ഉപയോഗിച്ചില്ലേ; സ്വന്തം ഓഫീസ് അടിച്ചുവാരാൻ വന്ന സ്ത്രീയെയല്ലേ ബലാത്സംഗം നടത്തി കൊലപ്പെടുത്തിയത്? മുഖ്യമന്ത്രിയുടെ സ്റ്റാഫ് ഗിരീഷ് കുമാർ, സുതാര്യ കേരളം കോൾ സെന്ററിലെ ചുമതലക്കാരനായിരുന്നു. ഒരു ട്രാൻസ്ഫറുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു ടീച്ചറെ ലൈംഗിക ബന്ധത്തിന് പ്രേരിപ്പിച്ചു, പരാതിയായി. അങ്ങനെ കോൾ സെന്റർ കോൾ ഗേൾ സെന്ററാക്കി മാറ്റി. എവിടെ ജോപ്പനും

ജിക്കുമോനും സലീംരാജും ഫിറോസും? ഫിറോസ് പി.ആർ.ഡി ഡയറക്ടറായിരുന്നു, മുഖ്യമന്ത്രിക്ക് നന്നായി അറിയാം. സരിതയേയും ബിജു രാധാകൃഷ്ണനേയും വേൾഡ് ബാങ്കിന്റെ പ്രതിനിധിയായി പലർക്കും പരിചയപ്പെടുത്തി തട്ടിപ്പുനടത്തി ജയിലിലായി. ഇപ്പോൾ ജാമ്യം കിട്ടി. സർവ്വീസിലേയ്ക്ക് തിരിച്ചെടുക്കാൻ പോകുന്നു. വരവിൽ കവിഞ്ഞ കോടികൾ സമ്പാദിച്ച ടി. ഒ. സൂരജ് ഐ.എ.എസ്.-നെതിരെ ഒരു നടപടിയുമില്ല. അദ്ദേഹം പി. ഡബ്ല്യു.ഡി. മന്ത്രിയുടെ ഏറ്റവും  നല്ല സുഹൃത്തായി മാറി. ലക്ഷങ്ങൾ കൈക്കൂലി വാങ്ങിയ രാഹുൽ ആർ. നായർ ഐ. പി.എസ്.-നെ അന്വേഷണം പൂർത്തീകരിക്കുന്നതിന് മുമ്പ് സർവ്വീസിൽ തിരിച്ചെടുത്തില്ലേ; കോപ്പിയടിച്ച ഐ.ജി, റ്റി. ജെ. ജോസ്. ഐ.പി.എസ്. യൂണിവേഴ്സിറ്റി റിപ്പോർട്ട് അവഗണിച്ചുകൊണ്ട് സർവ്വീസിൽ തുടരുകയല്ലേ; പാമേലിൻ കേസുമായി ബന്ധപ്പെട്ടുകൊണ്ട് ചീഫ് സെക്രട്ടറിയെ കള്ളനും വഞ്ചകനുമെന്ന് പറഞ്ഞ മുൻമന്ത്രി ശ്രീ. ടി. എച്ച്. മുസ്തഫയെ മുഖ്യമന്ത്രി ന്യായീകരിച്ചില്ലേ;  ആ കാരണത്താലല്ലേ ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറി ഇന്ന് ഗ്യാലറിയിൽ വരാതിരുന്നത്; പാമോലിൻ ഇറക്കുമതി ചട്ടവിരുദ്ധമായിരുന്നെന്ന് ഇപ്പോൾ തുറന്നുപറയാൻ ചീഫ് സെക്രട്ടറി നിർബന്ധിക്കപ്പെട്ടില്ലേ. ഇതിന്റെ വിരൽ ചൂണ്ടുന്നത് ആർക്ക് നേരെയാണ്; കോടതി കുറ്റപത്രം നൽകിയ വയനാട് ലാന്റ് റവന്യൂ ഡെപ്യൂട്ടി കളക്ടർ പി. അറുമുഖന്

ഐ.എ.എസ്. ശുപാർശ ചെയ്തില്ലേ; അട്ടക്കുളങ്ങര വനിതാ ജയിലിലെ രേഖ അട്ടിമറിച്ചതിനും സരിതയുടെ മൊഴി മാറ്റിമറിക്കുന്നതിനും നേതൃത്വം കൊടുത്ത ഡി.ഐ.ജി. ഗോപകുമാറിനെ ചട്ടം മറികടന്നുകൊണ്ട് ജയിൽ ഐ.ജി. ആക്കിയതാരാണ്; ഹയർസെക്കണ്ടറി ഡയറക്ടർ ദേവേന്ദ്ര കുമാർ ഐ.എ.എസ്.-ന്റെ മുഖത്ത് കരിഓയിൽ ഒഴിച്ച കെ.എസ്.യു.ക്കാരെ രക്ഷിക്കാൻ സെഷൻസ് കോടതിയിൽ ട്രയൽ നടക്കുന്ന സമയത്ത് കേസ് പിൻവലിച്ചില്ലേ? ഒരു സി.ഐ.യെ എം.ജി. കോളേജിൽ വച്ചുനടന്ന അടിപിടിക്കേസുമായി ബന്ധപ്പെട്ടുകൊണ്ട് ആർ.എസ്.എസ്.-കാർ ബോംബെറിഞ്ഞ് വീഴ്ത്തി വെട്ടിനുറുക്കി. 33 എ.ബി.വി.പി./ ആർ.എസ്.എസ്.-കാർ പ്രതികളാണ്. അതിലൊരു പ്രതിയായ ആദർശ് എന്ന അർ.എസ്.എസ്.-കാരൻ തനിക്ക് പോലീസിൽ സെലക്ഷൻ കിട്ടിയിട്ടുണ്ടെന്നും തന്നെ ഈ കേസിൽനിന്ന് ഒഴിവാക്കണമെന്നും പറഞ്ഞ് മുഖ്യമന്ത്രിക്ക് അപേക്ഷ കൊടുക്കുന്നു. അതിന്റെയടിസ്ഥാനത്തിൽ സെഷൻസ് കോടതിയിൽ ട്രയൽ നടക്കുന്ന സമയത്ത് 33 ആർ.എസ്.എസ്./എ.ബി.വി.പി.ക്കാരുടെയും കേസ് പിൻവലിച്ചു. ഈ അപകടത്തിന്റെ ഭാഗമായി സി.ഐ. ഒന്നര വർഷം ചികിത്സയിലായിരുന്നു. എന്ത് സന്ദേശമാണ് ഇത് നൽകുന്നത്; നിർഭയമായി ജോലി ചെയ്യാൻ ഏതെങ്കിലും പോലീസുകാരൻ തയ്യാറാകുമോ? മുൻ ചീഫ് സെക്രട്ടറി ശ്രീ. സി. പി. നായരെ

വധിക്കാൻ ശ്രമിച്ച കോൺഗ്രസ് (ഐ) ക്രിമിനലുകളുടെ പേരിലുള്ള കേസ് പിൻവലിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറായില്ലേ; പ്രവീൺ തൊഗാഡിയയുടെ പേരിലുള്ള കേസ് പിൻവലിക്കുന്നതിന്റെ പിന്നിലുണ്ടായിരുന്നത് എന്ത് പരിഗണനയായിരുന്നു; സത്യസന്ധരായ ഉദ്യോഗസ്ഥർ മാനസിക പീഡനംകൊണ്ട് പൊറുതിമുട്ടുകയല്ലേ? ആത്മഹത്യ ചെയ്യാൻപോലും മനസ്സ് മാറിപ്പോയിയെന്ന് ഒരു അന്വേഷണ ഉദ്യോഗസ്ഥൻ പറഞ്ഞില്ലേ. ബാർ കുംഭകോണ കേസിലെ വിജിലൻസ് എസ്. പി. സുകേശന്റെ അനുഭവമാണ് ഇത്. ജയിൽ ഡി.ജി.പി. അലക്സാണ്ടർ ജേക്കബിന്റെ അനുഭവം അദ്ദേഹം തന്നെ പറഞ്ഞതുകൊണ്ട് ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുന്നില്ല. വിജിലൻസ് എ.ഡി.ജി.പി. ജേക്കബ് തോമസിനെ എങ്ങനെയാണ് ഇവർ കൈകാര്യം ചെയ്തതെന്ന് താങ്കൾക്ക് അറിയാമല്ലോ. ഡി.പി.ഐ.യായിരുന്ന ഗോപാലകൃഷ്ണ ഭട്ട് അവധിയിൽ പോയത് എന്തിനാണ്? എസ്.എസ്.എൽ.സി. മൂല്യനിർണ്ണയത്തിൽ മന്ത്രിയുടെ ഇടപെടൽ. പ്രധാനപ്പെട്ട വകുപ്പുകളിൽ ഇപ്പോൾ ആളില്ല. ഒഴിവുകളിലേയ്ക്ക് പ്രൊമോഷനില്ല. സ്ഥലംമാറ്റത്തിന് പ്രത്യേക നിരക്കാണ്. സത്യസന്ധരായ ഐ.എ.എസ്-കാർ കൂട്ടത്തോടെ സ്ഥലം വിടുകയാണ്. കഴിഞ്ഞ നാല് വർഷത്തിനിടയിൽ റവന്യൂ സെക്രട്ടറി സ്ഥാനത്ത് 11 പേർ വന്നുപോയി. മർമ്മസ്ഥാനത്ത് അഴിമതിക്കാരുടെ

വിളയാട്ടമാണ്.

പി.എസ്.സി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിയന്ത്രണത്തിലുള്ളതാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ നോക്കുകുത്തിയാക്കി, ഓരോ മന്ത്രിമാരും അവരുടെ വകുപ്പുകൾ സാമ്രാജ്യമാക്കി വഴിവിട്ട നിയമനങ്ങൾ നടത്തുകയാണ്. പി.എസ്.സി.യിൽ 85 ലക്ഷം അപേക്ഷ കെട്ടിക്കിടക്കുകയാണ്. റാങ്ക് ലിസ്റ്റിലുള്ള മൂവായിരത്തോളം ആളുകൾ നിയമനം കിട്ടാതെ നിൽക്കുന്നു. ലിസ്റ്റിൽ നിന്നും ആളെ എടുക്കുന്നില്ല. 35,000-ത്തോളം നിയമനം നിലച്ചു. കെ.എസ്.ആർ.ടി.സി.യിൽ 9,000 പേർക്ക് അഡ്വൈസ് മെമ്മോ കൊടുത്തു. 1,500 പേർക്ക് നിയമനം കൊടുത്തു. മലപ്പുറം ജില്ലയിൽ ലോവർ പ്രൈമറി സ്കൂൾ അസിസ്റ്റന്റ് തസ്തികയിൽ അഡ്വൈസ് മെമ്മോ കിട്ടിയ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട 49 പേരുടെ നിയമനം ഇതുവരെ നടന്നിട്ടില്ല. അവർക്ക് ഒന്നര വർഷമായി അഡ്വൈസ് മെമ്മോ കൊടുത്തിട്ട്. ഇതാണ് പി.എസ്.സി.യുടെ സ്ഥിതി. എന്തിനാണ് അഡ്വൈസ് മെമ്മോ കൊടുക്കുന്നത്; അഡ്വൈസ് മെമ്മോ കൊടുത്തുകഴിഞ്ഞാൽ 90 ദിവസത്തിനകം നിയമനം കൊടുക്കേണ്ടേ?

സഭയോടുള്ള സർക്കാരിന്റെ സമീപനം എന്താണ്? 8/6/2015-ന് 375 സ്റ്റാർഡ് ആന്റ് അൺസ്റ്റാർഡ് ചോദ്യത്തിന് ഉത്തരം കിട്ടണം. 271 എണ്ണത്തിനും ഉത്തരം

കിട്ടിയില്ല. 13-ാം സമ്മേളനത്തിലെ 124 ചോദ്യത്തിന് ഉത്തരം കിട്ടിയില്ല. പ്രതിപക്ഷത്തിന്റെ ചോദ്യം തള്ളിക്കളയും, ചട്ടവിരുദ്ധമാണെന്ന് പറയും. ആസ്തി വികസന ഫണ്ടുമായി ബന്ധപ്പെട്ട് എ.എസ്. കൊടുക്കില്ല. എം.എൽ.എ.മാരെ അപമാനിക്കുകയാണ്. എം.എൽ.എ.മാർ ശിപാർശ ചെയ്തുകഴിഞ്ഞാൽ കീഴിലുള്ള ഉദ്യോഗസ്ഥരോട് അഭിപ്രായം ചോദിക്കും. എം.എൽ.എ. ഹോസ്റ്റലിന്റെ സ്ഥിതി ഞാൻ ഒന്നും പറയുന്നില്ല. അത് എം.എൽ.എ.മാർ അനുഭവിക്കുന്ന കഷ്ടപ്പാടാണ്. അത് ഒരു സ്വകാര്യദു:ഖമായി നമ്മളെല്ലാവരും അനുഭവിക്കുന്നതാണ്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. കാര്യക്ഷമതയുടെ ഉദാഹരണമാണ് ഇത്. കൊട്ടിഘോഷിക്കുന്ന ജനസമ്പർക്ക പരിപാടി 87 ശതമാനവും ചികിത്സയ്ക്കാണ് കൊടുക്കുന്നത്. ശ്വാസം കഴിക്കാൻ പറ്റാത്ത രോഗിയെ കൊണ്ടുവരും വഴിയിൽവച്ച് രോഗി മരണപ്പെട്ടാൽ പിന്നെ തിരിഞ്ഞുനോക്കില്ല. ഈ സന്ദർശനം കൊണ്ട് എന്ത് ഗുണം? ഇന്ദിര ആവാസ് യോജന വഴി 62,000 ത്തോളം വരുന്ന ജനറൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വീട് കൊടുക്കാനുണ്ട്. ഒന്നാം ഗഡു കൊടുത്തു. രണ്ടാം ഗഡു കൊടുക്കുന്നില്ല. മൂന്നാം ഗഡു കൊടുക്കുന്നില്ല.

റേഷൻ ഷോപ്പിൽ ബി.പി.എൽ. കാർക്ക് അരി കൊടുക്കുന്നുണ്ടോ. 25 കിലോഗ്രാം അരി കൊടുക്കേണ്ടതാണ്. ഞങ്ങൾ ചില കോളനിയിൽ പോയി. അഞ്ചു

കിലോഗ്രാമോ ആറു കിലോഗ്രാമോ കൊടുക്കും. മണ്ണെണ്ണ കൊടുക്കുന്നില്ല. എ.പി.എൽ. കാർക്ക് 5 കിലോഗ്രാം അരിയും 3 കിലോഗ്രാം പച്ചരിയും കൊടുക്കുന്നില്ല. കഞ്ഞിവെള്ളംപോലും കിട്ടാതെ ആദിവാസി മേഖലയിൽ പിടഞ്ഞുവീണ് മരിച്ച കുട്ടികളുടെ ചരിത്രം പലപ്പോഴും ഇവിടെ പറഞ്ഞതാണ്. വൈദ്യുതി ചാർജ് താങ്ങാൻ കഴിയുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ മൂന്നൂറ് രൂപയും നാനൂറ് രൂപയും വൈദ്യുതി ചാർജ് കൊടുത്ത ആൾക്കാർ 1,800-2,000 രൂപ വരെയാണ് ഇപ്പോൾ കൊടുക്കുന്നത്. അടച്ചില്ലെങ്കിൽ ഫ്യൂസ് ഊരിക്കൊണ്ടുപോവുകയാണ്. ഫ്യൂസ് മാത്രമല്ല മോട്ടോറും മീറ്ററും എടുത്തുകൊണ്ടുപോവുകയാണ്. കോളനികളിൽ ഊരുകളിൽ പണിയില്ല, പട്ടിണിയിലാണ്. തൊഴിലുറപ്പ് പദ്ധതിയില്ല, പൊളിഞ്ഞിരിക്കുന്നു. ഇതിലാണ് ജനസമ്പർക്ക പരിപാടിയുടെ ഗുണം കിട്ടേണ്ടത്. ഇതിന്റെ ഭാഗമായുള്ള ഏതെങ്കിലും ഒരു അപേക്ഷ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കൈകാര്യം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ? മുഖ്യമന്ത്രിയെന്ന നിലയിൽ താങ്കൾ ശ്രദ്ധിക്കേണ്ടത് പശ്ചാത്തല മേഖലാ വികസനത്തിനായിരുന്നു.

വൈദ്യുതി ഉത്പ്പാദനത്തിൽ എന്താണ് സ്ഥിതി? 32 മെഗാവാട്ട് ഉത്പാദനം, അതും ഇടതുപക്ഷം തുടങ്ങിവച്ച പദ്ധതി. ഊർജ്ജ പ്രതിസന്ധി പരിഹരിക്കാൻ

ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയല്ലേ ഗെയിൽ ആന്റ് പെട്രോനെറ്റ്. 7,500 കോടി രൂപയുടെ പദ്ധതിയാണ്. ഒന്നോ രണ്ടോ ജില്ലകളിലെ കുറച്ച് കൃഷിക്കാരുടെ പ്രശ്നത്തിന്റെ പേരിൽ മുടങ്ങിക്കിടക്കുകയല്ലേ; ഏറ്റവും വലിയ പാതകമാണ് നിങ്ങൾ ചെയ്യുന്നതെന്ന് മാതൃഭൂമി മുഖപ്രസംഗം എഴുതി. പാചകവാതകത്തിലും വൈദ്യുതിയിലും സ്വയംപര്യാപ്തത നേടാൻ കഴിയുന്ന, വ്യവസായ വികസനത്തിന് കുതിച്ചുചാട്ടമുണ്ടാക്കാൻ കഴിയുന്നതാണ് ഈ പദ്ധതി. കേരളത്തിന്റെ പശ്ചാത്തല മേഖലയിൽ വൈദ്യുതിയെ ഒഴിവാക്കിക്കൊണ്ട് ഏതെങ്കിലും ഒരു രംഗത്തെ സംബന്ധിച്ച് ആലോചിക്കാൻ സാധിക്കുമോ? കേരളത്തിന്റെ വൈദ്യുത രംഗത്തും പാചകവാതക രംഗത്തും അഫോർഡബിളായ റേറ്റിൽ കൺസ്യൂമേഴ്സിന് കിട്ടേണ്ട ഈ ആനുകൂല്യങ്ങൾ നഷ്ടപ്പെട്ടതിനുകാരണം ഈ പദ്ധതി ഇവിടെ പൂർത്തീകരിക്കാൻ സാധിക്കാത്തതാണ്. ഞങ്ങളുടെ കാലഘട്ടത്തിൽ ചീമേനി പദ്ധതിക്കായി 2200 ഏക്കർ ഭൂമി ഏറ്റെടുത്തിരുന്നുവെങ്കിലും തുടർനടപടിയൊന്നുമുണ്ടായില്ല. ബൈതരണി പദ്ധതിക്കായി ബഹുമാനപ്പെട്ട ഷിൻഡേജി 1000 MW സ്ഥാപിതശേഷിയുള്ള വൈദ്യുതി ഉല്പാദനത്തിനുള്ള കോൾപാടങ്ങൾ ഞങ്ങളുടെ ഭരണകാലത്ത് നൽകിയതാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ശ്രദ്ധിക്കാത്തതിന്റെ ഭാഗമായി ആ പദ്ധതിയും പോയി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കറിയാം, ഞങ്ങളുടെ

കാലത്ത് R-APDRP യുദ്ധകാലാടിസ്ഥാനത്തിൽ തുടരാൻ തീരുമാനിച്ചു. എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചു, അവാർഡ് തുടങ്ങിയപ്പോൾ ഇന്നത്തെ മുഖ്യമന്ത്രിയും അന്നത്തെ പ്രതിപക്ഷ നേതാവുമായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞത്, ഇത് രണ്ടാം ലാവ്ലിനാണെന്ന്. ഞാൻ അത് റീടെണ്ടർ ചെയ്തു. അതേ കമ്പനിക്ക് തന്നെ വീണ്ടും ഇവർ കൊടുത്തു. ഇപ്പോഴും ആ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. കൂടംകുളം പദ്ധതി വഴി കേരളത്തിന് 166 MW കിട്ടേണ്ടതാണ്. എവിടെയാണ് തടസ്സം? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മണ്ഡലത്തിലെ കുറച്ച് റബ്ബർ കൃഷിക്കാരുടെ പ്രശ്നത്തിന്റെ മുകളിൽ....... തമിഴ്നാട്ടിൽ നിന്നും നമുക്ക് കിട്ടേണ്ട വൈദ്യുതി കിട്ടാതായിട്ട് നാലു കൊല്ലമായി. അതിനുപകരം വിഴിഞ്ഞമാണല്ലോ ഇവിടെ കൊട്ടിഘോഷിക്കുന്നത്. 7525 കോടി രൂപയും സ്ഥലവും കൊടുത്തു. അതിൽ 2500 കോടി രൂപ അദാനി നിക്ഷേപിക്കുമെന്നാണ് പറഞ്ഞത്. ബാങ്കിൽ നിന്നുമാണ് അദാനി ഈ തുക വാങ്ങുന്നത്. ബാങ്കിൽ നിന്നും വാങ്ങുന്ന മുതലും അതിന്റെ പലിശയും ഇതിൽ നിന്നും കിട്ടുന്ന ലാഭത്തിൽ നിന്നുമാണ് കൊടുക്കാൻ പോകുന്നത്. ഫലത്തിൽ നമ്മുടേതാണ് 7525 കോടി രൂപയും സ്ഥലവും. ഇതിന്റെ ഭാഗമായി പൊതുമേഖലയിൽ കൊണ്ടുവരുവാൻ സാധിക്കുന്ന ഒരു പദ്ധതിയെ കോർപ്പറേറ്റ് ശക്തിക്ക് കൊള്ള ചെയ്യുവാൻ കൊടുത്തു. അരുവിക്കര ബൈ

ഇലക്ഷനിൽ യു.ഡി.എഫ്. വിജയിക്കുക എന്നത് അദാനിയുടെ അജണ്ടയാണ്. യു.ഡി.എഫ്. തോറ്റാൽ ഈ ഗവൺമെന്റ് രാജിവയ്ക്കേണ്ടി വരും. തുടർന്ന് വിഴിഞ്ഞം കൊള്ള നടത്താൻ കഴിയില്ല. ആവശ്യം പോലെ പണം അദാനി ഇവിടെ ഒഴുക്കിയിട്ടുണ്ട്. രാഷ്ട്രീയം പറഞ്ഞ് എൽ.ഡി.എഫ്.-നെ നേരിടാൻ കഴിയാത്തതുകൊണ്ട് കാർത്തികേയന്റെ അകാലനിര്യാണത്തെ വൃത്തികെട്ട രൂപത്തിലാണ് ഇവർ ഉപയോഗിച്ചത്. കാർത്തികേയന്റെ ഭാര്യ ഇന്നേവരെ പറയാത്ത ഒരു കാര്യം, എൽ.ഡി.എഫ്. കൊടുത്താൽ ഒരു ഗ്ലാസ് വെള്ളം പോലും കുടിക്കാൻ പാടില്ല എന്നാണ്. ഇവരുടെ സ്നേഹത്തെ സംബന്ധിച്ച് ഞാനൊന്നും പറയുന്നില്ല.

ഇത് വീക്ഷണത്തിന്റെ 2015 മാർച്ച് 15-ലെ വാരാന്തപ്പതിപ്പാണ്. അതിൽ തിരുവഞ്ചൂർ രാധാകൃഷ്ണൻ മുതൽ വയലാർ രവി വരെയുള്ള സംസ്ഥാന നേതാക്കളും ദേശീയ നേതാക്കളും ഏത് രൂപത്തിലാണ് പാര വച്ചത് എന്ന് ഈ ലേഖനത്തിൽ പറയുന്നുണ്ട്. ഈ ലേഖനത്തിൽ ശ്രീ. എം.എം. ഹസ്സൻ പറയുന്നത് - കെ.എസ്.യു. സംസ്ഥാന പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് എന്റെ പിൻഗാമിയായി വരേണ്ടിയിരുന്നത് കാർത്തികേയനായിരുന്നു. പക്ഷേ തിരുവഞ്ചൂർ രാധാകൃഷ്ണൻ അതിന് പാര വച്ചു. കേരള യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാൻ സ്ഥാനത്തേയ്ക്ക് വരേണ്ടിയിരുന്നത്

കാർത്തികേയനായിരുന്നു. പക്ഷേ ചിറയിൻകീഴ് എം.പി. യായിരുന്ന വയലാർ രവി തിരുവനന്തപുരത്തെത്തി അതിൽ ഇടപെട്ടു. തീരുമാനത്തിന് അംഗീകാരം തേടാൻ പോയ എന്നോട് വയലാർ രവി പറഞ്ഞത് ഒരു കാരണവശാലും കാർത്തികേയനെ തീരുമാനിക്കാനാവില്ല എന്നാണ്. പകരം ലോ കോളേജിൽ നിന്നും ജയിച്ച നീലലോഹിതദാസൻ നാടാരുടെ പേര് നിർദ്ദേശിക്കണമെന്നാണ്. ഞാൻ വല്ലാത്ത മാനസികാവസ്ഥയിലായി. ഇതിന്റെ ഭാഗമാണ് കെ.പി.സി.സി. പ്രസിഡന്റ് സ്ഥാനവും ഇതേ പോലെ നഷ്ടപ്പെട്ടപ്പോൾ പഴയ നഷ്ടത്തിന്റെ കഥ പലരും ഓർത്തിരിക്കാൻ ഇടയില്ലാത്തതുകൊണ്ട് ഞാൻ ഓർമ്മിപ്പിച്ചുപോയി. ഈ കാർത്തികേയന്റെ പേരിൽ കണ്ണീരൊഴുക്കാൻ എന്തവകാശമാണുള്ളത്? കാർത്തികേയന്റെ വിയോഗത്തിൽ നമ്മൾക്കെല്ലാവർക്കും ദു:ഖമുണ്ട്. ആ ദുഃഖത്തെ, കണ്ണീരിനെ ഉപയോഗപ്പെടുത്തിക്കൊണ്ട് നെറികെട്ട രൂപത്തിലുള്ള രാഷ്ട്രീയപ്രചാരണമാണ് ഇവർ നടത്തിയത്. അങ്ങനെയുള്ള പ്രചരണം നിങ്ങൾ നടത്തിയാലും ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയുകയാണ്, ഒരു രൂപത്തിലും ഈ ബൈ ഇലക്ഷനിൽ നിങ്ങൾക്ക് രക്ഷപ്പെടാൻ കഴിയില്ല. നാളെ എന്തായാലും ഇലക്ഷൻ റിസൾട്ട് വരുമല്ലോ, നിങ്ങൾ ജന്മത്ത് രക്ഷപ്പെടാൻ പോകുന്നില്ല. ബഹുമാനപ്പെട്ട കെ.എൻ.എ. ഖാദർ ഇവിടെ വല്ലാത്ത ഒരു പ്രസംഗം

നടത്തി. സന്ദർഭവശാൽ അദ്ദേഹം ചെയറിലാണല്ലോ. ഒരു കാര്യം മനസ്സിലാക്കണം. മുസ്ലീം ലീഗിൽ ****** ഒരു മനുഷ്യനാണ് കെ.എൻ.എ. ഖാദർ. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ എല്ലാ രാജ്യങ്ങളിലും താങ്കൾ പോയിട്ടുണ്ട്.

മി. ചെയർമാൻ: പോയിന്റ് ഓഫ് ഓർഡർ..........

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, മുസ്ലീങ്ങളുടെ വിശ്വാസപരമായ കാര്യങ്ങളെ മതപരമായി ചോദ്യം ചെയ്യപ്പെടുന്ന വിവരമില്ലാത്ത ഒരു പരാമർശമാണ്. അത് രേഖയിൽ നിന്ന് പിൻവലിക്കണം.

മി. ചെയർമാൻ: ഇത് രേഖയിലുണ്ടാകില്ല.

ശ്രീ. എ. കെ. ബാലൻ: രേഖയിലുണ്ടാകണമെന്ന് എനിക്ക് ഒരു നിർബന്ധവുമില്ല. കേരളത്തിലെ മാർക്സിസ്റ്റ് ദർശനത്തിന് വൈരുദ്ധ്യാധിഷ്ഠിത ഭൗതികാവാദ ആശയവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള രാഷ്ട്രീയ പ്രചരണം നടത്തിയ ഒരു പ്രമുഖനായിരുന്നു താങ്കൾ. ഒരു കാലഘട്ടത്തിൽ ഒരു വൈരുദ്ധ്യവാദിയായിരുന്നു. വൈരുദ്ധ്യവാദിയെന്നു പറഞ്ഞാൽ ******* ഇല്ലാത്ത മനുഷ്യൻ എന്നു തന്നെയാണ് അർത്ഥം. ആ അർത്ഥത്തിലാണ് ഞാൻ പറഞ്ഞത്. അത് ഇപ്പോൾ നീക്കിയല്ലോ. ബഹുമാനപ്പെട്ട അങ്ങ് സോവിയേറ്റ് റഷ്യയിലും കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലുമൊക്കെ സന്ദർശിച്ചിട്ടുണ്ടല്ലോ. ആ രാജ്യങ്ങളെല്ലാം

****** ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ തീരുമാനപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

പൊളിഞ്ഞുപോയത് അങ്ങയുടെ സന്ദർശനത്തിന്റെ ഭാഗമാണ്. ഇതേ അനുഭവം തന്നെയാണ് മുസ്ലീം ലീഗിനും വരാൻ പോകുന്നത്. യാതൊരു സംശയവും വേണ്ട.

കേരളം ഒരു വല്ലാത്ത പ്രതിസന്ധിയിലേയ്ക്ക് എത്തിയിരിക്കുകയാണ്. ആർ.എസ്.എസ്. സംഘപരിവാർ ശക്തികളുമായി ബന്ധപ്പെട്ടുകൊണ്ട് വടകര-ബേപ്പൂർ മോഡൽ രാഷ്ട്രീയ ഗൂഢാലോചനയാണ് ഇവിടെ നടക്കുന്നത്. അത് ഈ കേരളത്തിലെ ജനത തിരിച്ചറിയും. രാഷ്ട്രീയമായോ ധാർമ്മികമായോ ഒരു ദിവസം പോലും ഈ കേരളം ഭരിക്കാനുള്ള അവകാശം ഐക്യജനാധിപത്യ മുന്നണിക്കില്ല. ഈ കേരളത്തെ രക്ഷിക്കുന്നതിനുവേണ്ടി എത്രയും പെട്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ കാബിനറ്റും രാജിവച്ച് ഒഴിയുന്നതാണ് നല്ലത് എന്നഭ്യർത്ഥനയോടു കൂടി ഞാനെന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

<u>ശ്രീ. ജോസഫ് വാഴയ്ക്കൻ</u>: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ, നീതിന്യായ നിർവ്വഹണം എന്നീ വിഷയങ്ങൾക്കുവേണ്ടിയുള്ള ധനാഭ്യർത്ഥനകളാണ് ഗവൺമെന്റ് മുന്നോട്ടുവച്ചിരിക്കുന്നത്. ഞാൻ ഇതിനെ സർവ്വാത്മനാ അംഗീകരിക്കുകയാണ്. കാരണം, കേരളത്തിന്റെ സമീപകാലത്ത് ഇത്രയും ചലനാത്മകമായ ഒരു ഗവൺമെന്റ് ചരിത്രത്തിലുണ്ടായിട്ടില്ല. ഈ ഗവൺമെന്റിന്റെ ഒരു ധനാഭ്യർത്ഥനയെ

എതിർക്കാൻ മന:സാക്ഷിയുള്ള ഒരാൾക്കും സാധിക്കില്ല. പക്ഷേ പ്രതിപക്ഷം അവരുടെ ധർമ്മം നിർവ്വഹിക്കുന്നു. അതുകൊണ്ട് ഞാൻ അവരെ കുറ്റപ്പെടുത്തുന്നില്ല. എന്നാൽ ഈ രാജ്യത്തെ ജനങ്ങൾ ഇത് അംഗീകരിക്കും. ഈ ഗവൺമെന്റിന് എത്ര പൈസ കൊടുത്താലും അത് ചെലവഴിക്കാൻ ആവശ്യപ്പെട്ടാൽ അംഗീകരിച്ചുകൊടുക്കണമെന്നാണ് കേരളത്തിലെ ജനങ്ങൾ ആഗ്രഹിക്കുന്നത്. അത്രമാത്രം കാര്യങ്ങളാണ് ഈ ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്നത്. ഇവിടെ പ്രതിപക്ഷം ഈ ചർച്ചയിൽ പങ്കെടുക്കാൻ വന്നു. വലിയ സന്തോഷമുണ്ട്. കഴിഞ്ഞ ബഡ്ജറ്റ് സമ്മേളനത്തിൽ കണ്ടതാണ്. അതിനുശേഷം ഇവിടെ സബ്ജക്ട് കമ്മിറ്റിയിൽ പങ്കെടുത്തില്ല. ബഡ്ജറ്റ് എന്നുകേട്ടാൽ അങ്ങോട്ട് ഓടുക, ബഡ്ജറ്റ് അവതരിപ്പിച്ചിട്ടില്ല എന്ന് പറയുക, കോടതിയിൽ പോകുക, ഗവർണറെ കാണുക ഇതെല്ലാം നടത്തിയെങ്കിലും അവസാനം ഇത് അംഗീകരിച്ചു. ബഡ്ജറ്റ് അവതരിപ്പിച്ചു, ധനാഭ്യർത്ഥനകൾ നടക്കുന്നു, അതിനകത്ത് പങ്കെടുക്കണമെന്ന് തോന്നി. നല്ല കാര്യം, അങ്ങനെ വഴിക്കുവന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. കാരണം, ബഡ്ജറ്റ് അവതരിപ്പിക്കുന്ന ദിവസം എന്റെ ജീവിതത്തിൽ മറക്കാൻ കഴിയാത്ത ഒരുപാട് കാഴ്ചകൾ കണ്ട ഒരു ദിവസമാണ്. ഈ വേദിയിൽ രാജസ്ഥാൻ മാർബിൾസിന്റെ പരസ്യത്തിൽ കാണുന്നതുപോലെ; സുമോ

ഗുസ്തിക്കാരൻ നിൽക്കുന്നതുപോലെ അങ്ങിരിക്കുന്ന ചെയർ എടുത്തുപോക്കി കൊണ്ട് നമ്മുടെ ഒരംഗം നിൽക്കുന്നതുകണ്ടപ്പോൾ എനിക്ക് അത് പുതുമയുള്ള കാഴ്ചയായിരുന്നു. അതുപോലെ അന്നേദിവസം ഇവിടെ വാച്ച് & വാർഡ് ശക്തമായ ഒരു പ്രതിരോധനിര സൃഷ്ടിച്ചിരുന്നു. ആ പ്രതിരോധ നിരയിൽ തട്ടി ഒരു നേതാവ് തെറിച്ചുവീഴുന്നത്, അതായത് അവരെ ഉന്തുമ്പോൾ ഇദ്ദേഹം തെറിച്ച് പോകുന്ന..... വളരെ മാന്യനായ ഒരു വ്യക്തിയാണ്. അത് എനിക്കും വളരെ അത്ഭുതമായ ഒരു കാഴ്ചയാണ്. വളരെ മാന്യന്മാരാണ് എന്ന് നമ്മൾ വിശ്വസിച്ചിരുന്ന ഒട്ടനവധി ആളുകളുടെ യഥാർത്ഥ പൊയ്മുഖം അഴിഞ്ഞു വീഴുന്നത് അന്നാണ് ഞാൻ കണ്ടത്. ഇതിനുമുകളിലൂടെ ഓടിനടന്ന നേതാക്കന്മാർ, പല രീതിയിലുള്ള അഭ്യാസങ്ങൾ നടത്തിയിട്ടുള്ള ആളുകൾ ഇതെല്ലാം കഴിഞ്ഞിട്ട് അവസാനം..... ശ്രീ. വി. ശിവൻകുട്ടിയെ കുറിച്ച് ഞാനൊന്നും പറഞ്ഞിട്ടില്ല.

<u>മി. ചെയർമാൻ</u>: പോയിന്റ് ഓഫ് ഓർഡർ..........

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, സത്യത്തിൽ ശ്രീ. ജോസഫ് വാഴക്കൻ 13-ാം തീയതിയിലെ കാര്യങ്ങളെല്ലാം കണ്ട് അന്തം വിട്ടുപോയി. പക്ഷെ, സരിതാ എസ്. നായർ ഏറ്റവുമൊടുവിൽ മൂന്നു മന്ത്രിമാരെ സംബന്ധിച്ചിടത്തോളം 76 തവണ ഫോണിനെപ്പറ്റി പറഞ്ഞതിനെ സംബന്ധിച്ച് വല്ലതും കേട്ട് വിരണ്ട........

<u>മി. ചെയർമാൻ</u>: അതിൽ പോയിന്റ് ഓഫ് ഓർഡറൊന്നുമില്ല.

<u>ശ്രീ. ജോസഫ് വാഴയ്ക്കൻ</u>: ശ്രീ. വി. ശിവൻകുട്ടിയെപ്പറ്റി ഞാനൊന്നും പറഞ്ഞിട്ടില്ല. ഇങ്ങനെ ആരൊക്കെയോ ഓടിനടന്നുവെന്ന് മാത്രമേ പറഞ്ഞുള്ളൂ. അല്ലാതെ വേറൊന്നും ഞാൻ പറഞ്ഞില്ല. ഒരാളെക്കുറിച്ചും ഞാനൊന്നും പറയില്ല. ഞാൻ എന്റെ പഴയ ഓർമ്മ പറഞ്ഞുവെന്ന് മാത്രമേയുള്ളൂ. കാരണം, അതിനുശേഷം ഈ ബഡ്ജറ്റിനെക്കുറിച്ച് അങ്ങനെയൊരു സംഭവം ഉണ്ടായിട്ടില്ലായെന്നാണ് പറഞ്ഞത്. ഇന്ന് എതായാലും ചർച്ചയിൽ പങ്കെടുത്തതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. ഇന്ന് ശ്രീ. ഇ.പി. ജയരാജനാണ് ചർച്ച തുടങ്ങിയത്. ശ്രീ. ഇ.പി. ജയരാജൻ ഞങ്ങളെക്കുറിച്ചോ ഗവൺമെന്റിനെക്കുറിച്ചോ മോശമായ കാര്യങ്ങളൊന്നും പറഞ്ഞിട്ടില്ല. പൊതുവായ ചില കാര്യങ്ങൾ അദ്ദേഹം സംസാരിച്ചിട്ടുണ്ട്. അദ്ദേഹം അരുവിക്കര തെരഞ്ഞെടുപ്പിനെ സംബന്ധിച്ച് വലിയ അവകാശവാദമൊന്നും ഉന്നയിച്ചിട്ടില്ല. കഴിഞ്ഞ 24 വർഷം നിങ്ങൾ കയ്യിൽ വച്ചുകൊണ്ടിരുന്നതാണ്, അതിന്റെ സ്റ്റാറ്റസ്കോ നിങ്ങൾ നിലനിർത്തിയെന്ന് മാത്രം ഞങ്ങൾ പറയാം. അതല്ലാ, ചിലപ്പോൾ ഞങ്ങൾ ജയിച്ചേക്കുമെന്ന നിലയിലേ അദ്ദേഹം പറഞ്ഞുള്ളൂ. തീർച്ചയായും നാളെ എണ്ണാൻ പോകുന്ന കാര്യമായതുകൊണ്ട് ഞാൻ അതിനെക്കുറിച്ച് കൂടുതലായൊന്നും സംസാരിക്കുന്നില്ല. ശ്രീ. എ.കെ. ബാലൻ,

ജി. കാർത്തികേയനോട് നിങ്ങൾ കാണിച്ചിട്ടുള്ള മര്യാദകേടുകളെന്ന് പറഞ്ഞു. രാഷ്ട്രീയത്തിൽ ചെറുപ്പം മുതലേ വളർന്നുവരുമ്പോൾ നമ്മൾ കെ.എസ്.യു.,വിലും യൂത്ത് കോൺഗ്രസ്സിലും ആയിരിക്കും നിങ്ങൾ എസ്.എഫ്.ഐ.യിലും ഡി.വൈ.എഫ്.ഐ.യിലും ഒക്കെ ആയിരിക്കുമ്പോൾ പലപ്പോഴും നമുക്ക് അവസരങ്ങൾ നഷ്ടപ്പെടുകയും പലതരത്തിലുള്ള എതിർപ്പുകൾ ഉണ്ടായെന്നുമിരിക്കാം. ഇവിടെത്തന്നെ എത്രയോ പേരെയാണ് നിങ്ങളുടെ പാർട്ടിയിൽ വെട്ടിനിരത്തി കളഞ്ഞിട്ടുള്ളത്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ തന്നെ എത്രയോ പേരെ വെട്ടിനിരത്തിയിരിക്കുന്നു; എന്തെല്ലാം നടപടികൾ എടുത്തിരിക്കുന്നു; അതെല്ലാം നമ്മൾ ലേഖനമായി എഴുതി വായിക്കാൻ തുടങ്ങിയാലുള്ള അവസ്ഥ എന്താണ്? പക്ഷേ, നിങ്ങൾ ജി. കാർത്തികേയന്റെ ആത്മാവിനുപോലും പൊറുക്കാൻ കഴിയാത്ത രീതിയിലുള്ള കൊട്ടുംപാതകമാണ് കഴിഞ്ഞ ഒരു മാസക്കാലം ആ നിയോജകമണ്ഡലത്തിൽ നടത്തിയത്. എന്ത് മാത്രം അപവാദങ്ങളാണ് പറഞ്ഞുകൊണ്ടിരുന്നത്; ഒരു വികസനവും നടത്താത്ത ഒരാൾ; പറയാൻ പറ്റുമോ? ശ്രീ. എ.കെ. ബാലനെക്കാളും കൂടുതൽ ജി. കാർത്തികേയൻ ആദ്യം എം.എൽ.എ. ആയപ്പോൾ മുതൽ ആര്യനാട് പോകാറുള്ളതാണ് ഞാൻ. അവിടെ ഇതുപോലെ അവികസിതമായിരുന്ന പ്രദേശത്ത് വികസനത്തിന്റെ

വെള്ളിവെളിച്ചം കൊണ്ടുവന്നത് ജി. കാർത്തികേയനാണ്. റോഡാണല്ലോ വികസനത്തിന്റെ പ്രധാനപ്പെട്ട മാനദണ്ഡമായി നമ്മൾ പറയുന്നത്. പ്രധാനപ്പെട്ട എല്ലാ റോഡുകളും അവിടെ ബി.എം.ബി.സി. റോഡുകളാണ്. മിക്ക റോഡുകളിലും അവിടെ മെറ്റലിട്ടിരിക്കുകയാണ്. രണ്ട് വർഷക്കാലം ക്യാൻസറിനോട് മല്ലടിച്ച് വിവിധ ആശുപത്രികളിൽ ചികിത്സയിൽ കഴിഞ്ഞിരുന്ന ജി. കാർത്തികേയന് ആ നിയോജകമണ്ഡലത്തിൽ ശ്രദ്ധിക്കാൻ കഴിയാത്തതിന്റെ പേരിൽ അവസാന സമയങ്ങളിൽ അവിടെ ടെണ്ടർ എടുത്തിരിക്കുന്ന കോൺട്രാക്ടർമാർ സമയത്തിന് പണി പൂർത്തിയാക്കാത്തതിന്റെ പേരിൽ നിങ്ങൾ എന്തൊക്കെ ആക്ഷേപങ്ങളാണ് പറഞ്ഞിട്ടുള്ളത്. അതൊക്കെ മനുഷ്യത്വരഹിതമല്ലേ; പറയാൻ പാടുള്ളതായിരുന്നോ; ഞാൻ അതുകേട്ട് അത്ഭുതപ്പെട്ടുപോയിട്ടുണ്ട്. ഇങ്ങനെയും മനുഷ്യർക്ക് പറയാൻ കഴിയുമല്ലോയെന്നുള്ളത്. ഇവിടെ നമുക്കറിയാം പൂർണ്ണ ആരോഗ്യവാനായി നടക്കുന്ന നമുക്കുപോലും അവിടെ എ.എസും ടി.എസും കിട്ടി കോൺട്രാക്ട് എടുത്തുകഴിഞ്ഞാൽ രണ്ട് വർഷത്തെ കാലാവധിയുണ്ടെങ്കിൽ അവന് തോന്നുന്ന സമയത്താണ് പണിയുന്നത്. അവന്റെ പിന്നാലെ നടന്നാൽ പോലും പണി ചെയ്യില്ല. അങ്ങനെയൊരു സാഹചര്യത്തിൽ ഏതെങ്കിലും റോഡിൽ രണ്ട് കുഴി കണ്ടാൽ അവിടെയൊന്നും വികസനമില്ലായെന്ന് തെരഞ്ഞെടുപ്പിൽ ജയിക്കാൻ

വേണ്ടിയാണെങ്കിൽ പോലും മരിച്ചുപോയ, പ്രതിപക്ഷത്തോട് ഇത്രയും മാന്യമായി പെരുമാറിയിട്ടുള്ള, അന്തസ്സിന്റെയും മാന്യതയുടെയും പര്യായമായിട്ടുള്ള ജി. കാർത്തികേയനെക്കുറിച്ച് പറഞ്ഞത് വളരെ മോശമായിപ്പോയി. അങ്ങനെ പറഞ്ഞാൽ ഇരുപത് കൊല്ലം ഇടതുപക്ഷത്തിന്റെ എം.പി. ആയിരുന്നു അവിടെയുള്ളത്. എന്താണ് നിങ്ങൾ അവിടെ ചെയ്തിട്ടുള്ളത്; ഇരുപത് വർഷം എന്തെങ്കിലും ചെയ്തിട്ടുണ്ടോ? ഇപ്പോഴും നിങ്ങളുടെ എം.പി. അല്ലേ അവിടെയുള്ളത്; എം.പി.ക്കും ജോലിയില്ലേ; എം.പി.ക്കും ഒരുപാട് വികസന കാര്യങ്ങൾ ചെയ്യാൻ കഴിയും. കേന്ദ്രഗവൺമെന്റിന്റെ ഒരുപാട് വികസന പദ്ധതികൾ ഏതെങ്കിലും കൊണ്ടുവന്നിട്ടുണ്ടോ? അതുകൊണ്ട് ആ രീതിയിലുള്ള പ്രചരണം ഒട്ടും ശരിയായില്ലായെന്നുള്ളതാണ് എന്റെ അഭിപ്രായം. ശ്രീ. എ. കെ. ബാലൻ ഒരുപാട് കാര്യങ്ങൾ പറഞ്ഞു. മന്ത്രിമാരുടെ ഓഫീസുകളെക്കുറിച്ച് വളരെ മോശമായ ഭാഷയിൽ പറഞ്ഞു. മന്ത്രിമാരുടെ ഓഫീസിൽ എന്തോ മോശപ്പെട്ട കാര്യങ്ങൾ നടക്കുന്നു. പറയാൻ പാടുണ്ടോ അതൊക്കെ? കോൺഗ്രസ് പാർട്ടിയുടെ നിലമ്പൂരിലെ ഓഫീസിൽ നടന്ന കഥയെക്കുറിച്ച് നിങ്ങൾ പറഞ്ഞു. ഇതൊക്കെ പറയാൻ നാണക്കേടാണ്. സ്വന്തം പാർട്ടി ഓഫീസിന്റെ കാര്യങ്ങളൊക്കെ മറന്നുകൊണ്ടാണ് പറയുന്നത്. കണ്ണൂർ മുതൽ എറണാകുളം വരെയും ദേശാഭിമാനി ഓഫീസിലെ

കാര്യങ്ങളെ സംബന്ധിച്ച് ആക്ഷേപം ഉന്നയിച്ചത് ഞങ്ങളാരുമല്ല. ദേശാഭിമാനി ഓഫീസ് മാനേജർക്കെതിരെ മേഴ്സിക്കുട്ടിയമ്മയാണ് ആരോപണം ഉന്നയിച്ചിട്ടുള്ളത്. ഇതുപോലെ ഒളിക്യാമറ ഉൾപ്പെടെ എത്രയെത്ര കഥകളാണ് നിങ്ങൾക്ക് കേൾക്കേണ്ടത്? ഒളിക്യാമറ എന്തിനായിരുന്നു; രാഷ്ട്രീയ വൈരാഗ്യം തീർക്കാൻ വേണ്ടി ഒളിക്യാമറ വച്ചത്. അതിന് പരാതി പറഞ്ഞ ശ്രീ. പത്മനാഭനെ സാമ്പത്തിക കുറ്റം ചെയ്തുവെന്ന് പറഞ്ഞുകൊണ്ട് പാർട്ടിയിൽ നിന്ന് പുറത്താക്കി. ഇങ്ങനെയൊരു സംവിധാനമൊന്നും ഞങ്ങളാരും ഈ പ്രസ്ഥാനത്തിൽ ചെയ്യില്ല. ഇതൊന്നും പറയുന്നത് ശരിയല്ലാത്തതുകൊണ്ട് ഞാൻ കൂടുതലായി ഇക്കാര്യത്തെക്കുറിച്ചൊന്നും പറയുന്നില്ല. അരുവിക്കര ഇലക്ഷൻ പ്രചരണത്തിന് പോയപ്പോൾ പോലും ഉണ്ടായിട്ടുള്ള കഥകളുണ്ട്. ഇതൊന്നും ഞങ്ങൾ പറയാൻ ആഗ്രഹിക്കുന്നില്ല. ഞങ്ങൾ അത് പറയുന്നുമില്ല. അതൊന്നും ഞങ്ങളുടെ ശീലവുമല്ല. നിങ്ങളുടെ മന്ത്രിസഭയുടെ കാലഘട്ടത്തിൽ ഇതുപോലുള്ള പല മന്ത്രിമാരെയും പുറത്താക്കിയിട്ടുണ്ട്. എന്തിന്റെ പേരിലാണ് പുറത്താക്കിയിട്ടുള്ളത്? അതുകൊണ്ട് ആ കഥകളൊന്നും നിങ്ങളെക്കുറിച്ച് പറയണ്ട. ഇതൊക്കെ വിലകുറഞ്ഞിട്ടുള്ള കാര്യമാണ്. നിങ്ങളെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ നാലര വർഷക്കാലം വികസനത്തിന്റെ പാതയിലൂടെ അതിവേഗം മുന്നോട്ടുപോയ ഗവൺമെന്റാണ്.

നിങ്ങൾക്ക് ഒരു ആക്ഷേപവും പറയാനില്ല. നിങ്ങൾ സരിത എന്ന് പറയുന്ന തട്ടിപ്പുകാരിയുടെ വെളിപ്പെടുത്തലിനുവേണ്ടി കാത്തിരിക്കുകയാണ്. നിങ്ങളുടെ തെരഞ്ഞെടുപ്പിന്റെ അജണ്ട തയ്യാറാക്കാൻ ഒളിക്യാമറയുമായി അവർ പറയുന്നത് കാത്തിരിക്കുകയാണ്. നിങ്ങളുടെ രാഷ്ട്രീയ പ്രവർത്തനത്തിന്റെ അജണ്ട തയ്യാറാക്കാൻ ഒരു സരിതയുടെ പിന്നാലെ നടക്കുന്ന ഗതികെട്ട രാഷ്ട്രീയത്തിലല്ലേ നിങ്ങൾ നിൽക്കുന്നത്. അതല്ലെങ്കിൽ എട്ട് ബാറുകൾ പൂട്ടിയ ഒരു ഷാപ്പുടമയായ ബിജു രമേശിന്റെ നേരായ വെളിപ്പെടുത്തലുകൾ കേൾക്കാൻ നിങ്ങൾ നിൽക്കുകയല്ലേ; അതല്ലെങ്കിൽ ഫെനി ബാലകൃഷ്ണൻ എന്ന് പറയുന്ന വക്കീലിന്റെ ഒളിക്യാമറ കേൾക്കാൻ നിങ്ങൾ നിൽക്കുകയല്ലേ; ഇതൊക്കെ പറയുന്നതല്ലാതെ ഏതെങ്കിലും അടിസ്ഥാനപരമായ കാര്യം, കേരളത്തിന്റെ ഖജനാവിൽ ഒരു രൂപ നഷ്ടപ്പെട്ടിട്ടുള്ള ഏതെങ്കിലും അഴിമതി ആരോപണം ഈ ഗവൺമെന്റിനെതിരെ ഉന്നയിക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ? അതേസമയം ഇതിനുമുമ്പ് വന്നിട്ടുള്ള ആരോപണം എന്തൊക്കെയായിരുന്നു? 374 കോടി രൂപ കേരളത്തിന്റെ ഖജനാവിൽ നിന്ന് നഷ്ടമുണ്ടായിട്ടുണ്ടെന്ന് സി.എ.ജി. റിപ്പോർട്ട് ചെയ്ത വിഷയത്തെ സംബന്ധിച്ച് അന്വേഷിച്ച് സി.ബി.ഐ. കുറ്റപത്രം തയ്യാറാക്കി അതിൽ പ്രതിയാക്കി ജയിലിൽ കിടന്നിട്ടുള്ള നിങ്ങളുടെ പാർട്ടിയിലെ നേതാവിനെക്കുറിച്ചാണ്

വന്നിട്ടുള്ളത്. അതുപോലെ ഓരോ നേതാക്കന്മാരെക്കുറിച്ചും വന്നിട്ടുണ്ട്. അങ്ങനെ വന്നിട്ടുള്ള കാര്യങ്ങളെല്ലാം വിസ്മരിക്കരുത്. ആ കേസ് അന്വഷിക്കാൻ പാടില്ലായെന്നായിരുന്നു അന്ന് നിങ്ങളുടെ നിലപാട്. സി.ബി.ഐ. അന്വേഷിക്കണമെന്ന് പറഞ്ഞപ്പോൾ അന്വേഷിക്കണ്ടായെന്നാണ് പറഞ്ഞത്. കാരണം, കേരളത്തിന് 374 കോടി രൂപ നഷ്ടപ്പെട്ടത് പൊയ്ക്കോട്ടെ, അതിനെക്കുറിച്ച് സി.ബി.ഐ. അന്വേഷിക്കണ്ടായെന്ന നിലപാടല്ലേ നിങ്ങൾ എടുത്തത്. നിങ്ങൾ അത് വേണ്ടായെന്ന് പറയാൻ വേണ്ടി കേരളത്തിൽ വക്കീലന്മാർ ഉണ്ടായിട്ടും കേരള ഗവൺമെന്റിനുവേണ്ടി സുപ്രീംകോടതിയിൽ നിന്ന് കേരളത്തിന്റെ ഖജനാവിൽ നിന്നും പണം മുടക്കിയല്ലേ അന്നത്തെ മന്ത്രിയെ രക്ഷിക്കാൻവേണ്ടി വക്കീലിനെ കൊണ്ടുവന്ന് വാദിച്ചത്. ആ രീതിയിൽ എത്രയോ കേസ്സുകൾ നിങ്ങൾ നടത്തിയിരിക്കുന്നു.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, അങ്ങ് പറഞ്ഞുവന്നപ്പോൾ ജയിലിൽ കിടന്നുവെന്ന് പറഞ്ഞു. ഹൈക്കോടത് റദ്ദ് ചെയ്യുകയാണ് ചെയ്തത്. സി.ബി.ഐ. കോടതി കേസ് റദ്ദ് ചെയ്തു. ജയിലിൽ കിടന്നിട്ടില്ല.

<u>ശ്രീ. ജോസഫ് വാഴയ്ക്കൻ</u>: സർ, ജയിലിനടുത്തുവരെയെത്തി. ജയിലിൽ കയറിയില്ല. അത് ഞാൻ സമ്മതിക്കുന്നു. പക്ഷേ കേസിൽ പ്രതിയായിരുന്നു. ജാമ്യം

എടുത്തു. ആ കേസ് എങ്ങനെയാണ് ഇല്ലാതായത്. ആ കേസ്സിലെ മുഖ്യസാക്ഷിയായ ക്ലോസ് ലെന്റൽ എന്ന് പറയുന്ന ലാവ്‌ലിൻ കമ്പനിയുടെ പ്രധാനപ്പെട്ട സാക്ഷിയെ ഒഴിവാക്കിക്കൊണ്ട് കേസ് സെപ്പറേറ്റ് ചെയ്തു രണ്ടാക്കി. അങ്ങനെ വരുമ്പോൾ സ്വാഭാവികമായും മറ്റെ കക്ഷി ഒഴിവാക്കപ്പെടുമല്ലോ. അങ്ങനെ വളരെ തന്ത്രപരമായാണ് കേസ് ഒഴിവാക്കിയത്. യഥാർത്ഥത്തിലുള്ള മെരിറ്റിലേയ്ക്കൊന്നും പോയിട്ടില്ല ആ കേസ്സൊന്നും ഒഴിവായത്. ഞങ്ങൾക്ക് അറിയാൻ പാടില്ലാത്തതുകൊണ്ടല്ല. ആ കേസ് നിങ്ങൾ തന്ത്രപരമായാണ് ഒഴിവാക്കിയെടുത്തത്. ഇത്തരം കാര്യങ്ങളെക്കുറിച്ചൊന്നും കൂടുതൽ സംസാരിക്കാതിരിക്കുന്നതാണ് എല്ലാവർക്കും നല്ലത്. ശ്രീ. എ.കെ. ബാലൻ കുറേ കാര്യങ്ങൾ ഇങ്ങനെ അക്കമിട്ട് പറഞ്ഞു. മിക്കവാറും അങ്ങ് മന്ത്രിയായിരിക്കുന്ന കാലഘട്ടത്തിൽ അന്ന് അങ്ങയുടെ മുമ്പിൽ വന്ന പരാതി വല്ലതും എടുത്ത് വായിച്ചതായിരിക്കും. അന്ന് നടന്നിട്ടുള്ള കാര്യങ്ങളൊക്കെയായിരിക്കും. നിങ്ങൾ ഇവിടെ വായിച്ചിട്ടുള്ളത് ഈ ഗവൺമെന്റിനെതിരെ ഉന്നയിച്ചിട്ടുള്ള ചെറിയ കാര്യങ്ങളാണ്. അത് നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്തും ഇതൊക്കെയുണ്ടാകുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. പരാതി വിമുക്തമായിട്ടല്ലല്ലോ ഒരു ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. നിങ്ങളുടെ

കാലഘട്ടത്തിലും ഈ പരാതികളൊക്കെയുണ്ട്. ഈ ഗവൺമെന്റിനെക്കുറിച്ച്, കേരളത്തിലെ കൊച്ചി മെട്രോയെന്ന് പറയുന്ന സ്വപ്ന പദ്ധതിയെക്കുറിച്ച് ഞങ്ങൾ അഭിമാനത്തോടുകൂടിയാണ് പറയുന്നത്. അഞ്ചുവർഷക്കാലം നിങ്ങൾ അടയിരുന്ന സ്മാർട്ട് സിറ്റിയെക്കുറിച്ച് ഞങ്ങൾ അഭിമാനത്തോടുകൂടി പറയുകയാണ്. ഞങ്ങൾ ആരംഭിച്ച പദ്ധതി ഈ വർഷം കമ്മീഷൻ ചെയ്യാൻ പോവുകയാണ്. പതിനായിരം പേർക്ക് ഈ വർഷം ജോലി കിട്ടാൻ പോവുകയാണ്. അതുപോലെ വല്ലാർപാടം ഞങ്ങളുടെ കാലഘട്ടത്തിൽ തുടങ്ങി പൂർത്തിയാക്കിയിട്ടുള്ളതാണ്. കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം പോർട്ട് ഇതുപോലെ നിരവധി സ്വപ്ന പദ്ധതികളെല്ലാം ഈ ഗവൺമെന്റിന്റെ ഇനിഷ്യേറ്റിവിലാണ് കൊണ്ടുവന്നിരിക്കുന്നത്. കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ നിങ്ങൾ ഭരിച്ചിരുന്ന കാലത്ത് ഇതുപോലെ ഒരു പദ്ധതിയെങ്കിലും പേരെടുത്ത് പറയാൻ കേരളത്തിൽ നിങ്ങൾക്ക് കഴിയുമോ? അന്ന് ശ്രീ. എ.കെ. ആന്റണിയുടെ സഹായത്തോടെ ശ്രീ. എളമരം കരീം ചില പദ്ധതികളൊക്കെ കൊണ്ടു വന്നു. പരസ്പരം സഹായിച്ചുതന്നെയാണെ് പദ്ധതികൊണ്ടുവന്നതെന്ന് രണ്ടുപേരും സമ്മതിക്കുന്നുണ്ട്. അതിനപ്പുറത്ത് കേരളത്തിലെ ജനങ്ങൾ ആഗ്രഹിച്ചിരുന്ന ഒരു പദ്ധതി പേരെടുത്ത് പറയാൻ കഴിയുമോ? നിങ്ങളുടെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. വി. എസ്.

അച്ചുതാനന്ദനെക്കുറിച്ച് എനിക്ക് ബഹുമാനമാണ്, പ്രായത്തിന്റെ പേരിൽ മാത്രം. അദ്ദേഹം പറയുന്ന വാക്കുകൾ ഒരിക്കലും അദ്ദേഹത്തിന്റെ പ്രായത്തിന് ചേർന്നതാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ആളുകളെ ആക്ഷേപിക്കുക, അപമാനിക്കുക, അതിൽ സംതൃപ്തിയടയുക എന്നതിനപ്പുറത്ത് ജീവിതത്തിലിന്നുവരെ പോസിറ്റീവായ ഒരഭിനന്ദനം ആർക്കെങ്കിലും കൊടുക്കുന്നത് ഞാൻ കണ്ടിട്ടില്ല. മലബാർ സിമന്റുമായി ബന്ധപ്പെട്ട കേസ്സിൽ ശ്രീ. എളമരം കരീമിന്റെ പേരിൽ 164 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് വന്നു. അത് ശരിയാണോ തെറ്റാണോയെന്ന് എനിക്കറിയില്ല. അദ്ദേഹത്തെക്കുറിച്ച് വളരെ വലിയൊരു ആരോപണമാണ് ഉന്നയിച്ചിരിക്കുന്നത്. 164 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് ആരെങ്കിലും വെളിപ്പെടുത്തിയാൽ അതിനെക്കുറിച്ച് അന്വേഷണം നടത്തണമെന്നാണല്ലോ നിങ്ങളുടെ നിലപാട്. എട്ട് ബാറുകൾ അടച്ചുപൂട്ടിയ ഒരു ബാർ ഉടമ ബിജു രമേശിന്റെ 164 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് അന്വേഷിക്കണമെന്ന് നിങ്ങൾ പറഞ്ഞത് ഞങ്ങൾ അന്വേഷിച്ചു. അതുപോലെ ശ്രീധരൻ നായരുടെ 164 അനുസരിച്ചുള്ള സ്റ്റേറ്റുമെന്റ് അന്വേഷിക്കണമെന്ന് പറഞ്ഞു. അതും ഞങ്ങൾ അന്വേഷിച്ചു. മാണി സാറിനെതിരെയുള്ള ആരോപണം അന്വേഷിക്കാൻ പറഞ്ഞു. അതും അന്വേഷിച്ചു. ശ്രീ. കെ. ബാബുവിന് എതിരായിട്ടുള്ള ആരോപണം 164 -ലാണ്

പറഞ്ഞിരിക്കുന്നത്. അതിൽ കാര്യമായിട്ടൊന്നും പറഞ്ഞിട്ടില്ല. എന്നിട്ടും ഞങ്ങൾ അന്വേഷിച്ചു. അങ്ങനെയാണെങ്കിൽ 164 അനുസരിച്ച് ശ്രീ. എളമരം കരീമിന്റെ കാര്യവും അന്വേഷിക്കേണ്ടിവരില്ലേ. അതന്വേഷിക്കണമെന്ന് ശ്രീ. വി. എസ്. അച്ചുതാനന്ദൻ പറഞ്ഞിട്ടുണ്ട്. അതിൽ സത്യമുണ്ടെങ്കിൽ അന്വേഷിക്കണമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

ശ്രീ. എ. കെ. ബാലൻ: സർ, മലബാർ സിമന്റുമായി ബന്ധപ്പെട്ട് ശ്രീ. എളമരം കരീമിന്റെ പേരിൽ 164 സ്റ്റേറ്റ്മെന്റ് ഞങ്ങളുടെ കാലഘട്ടത്തിൽ എടുത്തതല്ല. നിങ്ങളുടെ കാലഘട്ടത്തിലെടുത്ത 164 സ്റ്റേറ്റ്മെന്റാണ്. അദ്ദേഹത്തിന്റെ പേരിലൊരു പെറ്റി കേസുപോലും എടുക്കാൻ നിങ്ങൾക്ക് സാധിക്കാതിരുന്നത് എന്താണ്? ധൈര്യമുണ്ടെങ്കിൽ നിങ്ങൾ കേസ്സെടുക്ക്.

ശ്രീ. ജോസഫ് വാഴയ്ക്കൻ: ഇതന്വേഷിക്കണമെന്നാണോ പറയുന്നത്. സി.ബി.ഐ. ആണ് ഈ സാക്ഷിയെ കൊണ്ടുവന്ന് 164 സ്റ്റേറ്റ്മെന്റ് എടുപ്പിച്ചത്. ശ്രീ. വി.എസ്. അച്ചുതാനന്ദനെപ്പോലെ ശ്രീ. എ. കെ. ബാലനും ഇതിനെക്കുറിച്ച് അന്വേഷിക്കണമെന്ന് ആഗ്രഹമുണ്ടെങ്കിൽ തീർച്ചയായും സംസ്ഥാന ഗവൺമെന്റ് ഇടപെട്ട് അന്വേഷിക്കണമെന്നാണ് എന്റെ അഭിപ്രായം. അല്ലെങ്കിൽ ശ്രീ. വി. എസ്. അച്ചുതാനന്ദനെക്കൊണ്ട് അന്വേഷിക്കണ്ടായെന്ന് നിങ്ങൾ പറയിപ്പിക്കൂ.

അദ്ദേഹം ഇവിടെ ഇല്ലല്ലോ. ഞാൻ കുറ്റപ്പെടുത്തുന്നതല്ല. ഈ ഗവൺമെന്റ് കാണിച്ചിട്ടുള്ള മാന്യതയാണ് ഞാൻ പറഞ്ഞത്. ഒരു പാറമട മുതലാളിക്കെതിരെ 164-ലാണ് കേസ്സെടുത്തിട്ടുള്ളത്. ഞങ്ങളാരും പറഞ്ഞിട്ടല്ല അയാൾക്ക് പണം കൊടുത്തത്. അദ്ദേഹം സരിതയുമായി ഏതോ കച്ചവടത്തിന് പോയി പൈസ നഷ്ടപ്പെട്ടു. അങ്ങനെ നഷ്ടപ്പെട്ടതിന് സർക്കാർ കൊടുക്കണമെന്ന് പറഞ്ഞാൽ നടക്കുമോ? മുഖ്യമന്ത്രി ഇതിനനുകൂലമാണെന്ന് വിശ്വസിച്ചുകൊണ്ട് 164 സ്റ്റേറ്റ്മെന്റ് കൊടുത്തുവെന്ന് പറഞ്ഞു. അതിനെക്കുറിച്ചും അന്വേഷിച്ചു. ഏതെങ്കിലുമൊരു വിഷയത്തെക്കുറിച്ചോ മന്ത്രിമാരെക്കുറിച്ചോ മുഖ്യമന്ത്രിയെക്കുറിച്ചോ ഒരാക്ഷേപം ഏതെങ്കിലും തരത്തിലുണ്ടായാൽ അത് സത്യസന്ധമായി അന്വേഷിച്ച പാരമ്പര്യം ഈ ഗവൺമെന്റിന് മാത്രമേയുള്ളൂ. നിങ്ങളുടെ കാലഘട്ടത്തിലും ധാരാളം മന്ത്രിമാർക്കെതിരെ ആക്ഷേപം ഉണ്ടായിട്ടുണ്ട്. ടോട്ടൽ ഫോർ യു കേസ് എവിടെപ്പോയി? ടോട്ടൽ ഫോർ യു കേസിൽ ശബരിനാഥ് എന്ന പയ്യൻ കോടികളാണ് തട്ടിച്ചുകൊണ്ടുപോയത്. അദ്ദേഹത്തിന്റെ വീടിനുമുമ്പിൽ ഒരുപാട് ആഡംബര കാറുകളുണ്ടായിരുന്നു. അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രിയുടെ മകന്റേതായിരുന്നു ആ കാറുകൾ. പടം പത്രത്തിൽ വന്നു. പിറ്റേദിവസം പടം പത്രത്തിൽ കണ്ടില്ല. ആ അന്വേഷണം എവിടെപ്പോയി? ശബരിനാഥ്

എവിടെപ്പോയി? അത്തരം കാര്യങ്ങളെക്കുറിച്ച് പറയാൻ പോയാൽ ഒരുപാട് കഥകൾ നമുക്ക് പറയേണ്ടിവരും. അതുകൊണ്ട് സെക്സും റാക്കറ്റും കഥകളുമൊന്നും പറയാനുള്ള ഒരു യോഗ്യതയും ഇടതുപക്ഷത്തിനില്ലെന്നുകൂടി മനസ്സിൽ ധരിച്ചുകൊണ്ടുവേണം, ആരെങ്കിലും രാഷ്ട്രീയ ലാഭത്തിനുവേണ്ടി നടത്തുന്ന ഇത്തരം കള്ളപ്രചരണങ്ങൾക്ക് കൂട്ടുനിൽക്കുമ്പോൾ നിങ്ങൾ ചെയ്യുന്നത് ശരിയാണോ തെറ്റാണോയെന്ന് ഒന്നുകൂടി ആലോചിക്കണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുന്നു.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ജനിക്കുന്നതിനുമുമ്പേ മരിച്ചുപോയ ചാപിള്ളയെപ്പറ്റി, മാണി സാർ ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ചു, അതിനെപ്പറ്റി ഞങ്ങൾ ചർച്ച ചെയ്യുകയാണെന്ന് പറഞ്ഞുകൊണ്ടാണ് ഭരണഭാഗം ഇപ്പോൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. 2015-16-ലെ ഒരു ചർച്ചയിലും ഞങ്ങളാരും പങ്കെടുക്കുന്നില്ല. അതുകൊണ്ടുതന്നെ നേരത്തെ കട്ട് മോഷനൊന്നും കൊണ്ടുതന്നില്ല. തരികയാണെങ്കിലാണ് ഞങ്ങളുടെ നിലപാടിന് വൈരുദ്ധ്യവും പ്രശ്നങ്ങൾ ഉദിക്കുന്നതും. പക്ഷേ 2014-15-ലെ ബഡ്ജറ്റിന്റെ പെർഫോർമൻസിനെപ്പറ്റി ഞങ്ങൾ ചിലപ്പോൾ സംസാരിക്കുന്നുണ്ട്. അതൊരു ചാപിള്ളയായിരുന്നു. ഇതൊരു പ്രീ ബഡ്ജറ്റ് കടലാസ്സുമാത്രമാണ്. ഡ്രമാറ്റിക് മോണലോഗ് എന്ന ലോക കവിതാ

സാഹിത്യത്തിലെ ഒരു കവിതാ ശാഖയുണ്ട്. മുമ്പിൽ ആളുണ്ടെന്ന് ധരിച്ച് നാടകീയ വ്യക്തിഭാഷണമെന്നാണ് അതിന്റെ മലയാളം. അതാണ് മാണി സാർ നടത്തിയത്. നിങ്ങൾ കുറച്ചുപേർ അവിടെനിന്നെന്നുപറഞ്ഞ്, അത് സഭയല്ല. അദ്ദേഹം ഒറ്റയ്ക്ക് അവിടെനിന്ന് എന്തൊക്കെയോ കടലാസുകൾ വായിക്കുന്നുണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 2015-16 കേരള നിയമസഭയുടെ സാമ്പത്തിക ഇടപാടുകളുടെ കാര്യത്തിലെ കറുത്ത വർഷമാണ്. അത് ചരിത്രത്തിൽ കിടക്കും. ആര് പ്രസംഗിച്ചാലും പ്രസംഗിച്ചില്ലെങ്കിലും അത് മാറുകയില്ല. അമ്പത് വർഷം നിയമസഭാ പ്രവർത്തനത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കാൻ ആഹ്ലാദപൂർവ്വം കാത്തിരുന്ന മാണി സാറിന് സ്വന്തം തെറ്റുകൊണ്ട് സംഭവിച്ചിരിക്കുന്ന ഗുരുതരവും ചരിത്രപരവുമായ വീഴ്ചയെ മാറ്റാൻ കഴിയില്ല. ദേശീയ തലത്തിലുണ്ടായിട്ടുള്ള ഭരണാധികാരികളായ പൊളിറ്റീഷ്യൻസും ബ്യൂറോക്രാറ്റുകളും ക്രിമിനലുകളും ചേർന്നുള്ള ഒരു അവിഹിത ബന്ധം കഴിഞ്ഞ 25 വർഷക്കാലമായി ഈ രാജ്യത്തുണ്ട്. ഇതിനെപ്പറ്റി പഠിച്ച് റിപ്പോർട്ട് നൽകാൻ കേന്ദ്ര ഹോം സെക്രട്ടറിയായിരുന്ന മി. വോറയെ നിയമിക്കുകയും അദ്ദേഹം സി.ബി.ഐ. ഡയറക്ടറടക്കം വിപുലമായ ഒരു കമ്മിറ്റിയെ വച്ച് അന്വേഷിച്ച് റിപ്പോർട്ട് വയ്ക്കുകയും റിപ്പോർട്ട് കൊടുത്ത് രണ്ട് വർഷക്കാലം, അതായത് 1995 ആഗസ്റ്റ് 23-ാം തീയതി

അത് പാർലമെന്റിൽ ഒരു ദിവസം രാപകൽ ചർച്ച ചെയ്യുകയും ചെയ്ത സംഭവത്തിലേയ്ക്ക് ഞാൻ ശ്രദ്ധക്ഷണിക്കുകയാണ്. അത്രത്തോളമുള്ള ഇന്റർനാഷണൽ ക്രിമിനലുകളും ദേശീയ ക്രിമിനലുകളും ഉൾപ്പെട്ടിട്ടില്ലെങ്കിലും ആ ഒരു ലൈനിലുള്ള പരിശീലനമാണ് കേരളത്തിൽ ഈ നാല് വർഷക്കാലം നിങ്ങളുടെ ഭരണകാലത്ത് നടന്നത്. ബഹുമാനപ്പെട്ട ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിൽ അതിന് കാർമ്മികത്വം വഹിച്ചുവെന്നുള്ള ഗുരുതരമായ ആരോപണം ഞങ്ങൾ തുടർച്ചയായി ഉന്നയിക്കുകയും പ്രക്ഷോഭം നടത്തുകയും ചെയ്യുന്നു. ആ പ്രശ്നമാണ് ഞാൻ ഏറ്റവും പ്രധാനമായും ഇവിടെ ഉന്നയിക്കുന്നത്. ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി മുഖ്യമന്ത്രിയാണ്. അതിന് ഒരു പരാതിയുമില്ല. രാഷ്ട്രീയമായ പരാതികളേയുള്ളൂ. അദ്ദേഹം രണ്ട് തവണ ധനകാര്യ വകുപ്പുമന്ത്രിയായിരുന്നു. യു.ഡി.എഫ്.-ലെ ദൗർബല്യമുണ്ടെങ്കിലും നല്ല ധനകാര്യ വകുപ്പുമന്ത്രിയായിരുന്നു. അന്നൊന്നും ഇങ്ങനെ ആരോപണമില്ല. ആരും വെറുതെ ആരോപണമൊന്നും പറയില്ല. അപമാനിക്കാൻ വേണ്ടി പറയുകയുമില്ല. പക്ഷേ അതീവ ഗുരുതരമായിട്ടുള്ള സ്ഥിതിവിശേഷമാണ്. വോറ കമ്മീഷൻ പോലെയല്ലെങ്കിലും ഈ സംസ്ഥാനത്ത് ഭരണാധികാരികൾ ഒരു വിഭാഗവും ഉന്നതരായ ബ്യൂറോക്രാറ്റുകൾ ഒരു വിഭാഗവും അറിയപ്പെടുന്ന ക്രിമിനലുകളുമായി ചേർന്ന് നടത്തുന്ന ഈ മാഫിയ ബന്ധം

അന്വേഷിക്കാൻ ഏതെങ്കിലും തരത്തിലുള്ള ഒരു സംവിധാനം, കോടതി വേണമെന്ന് ഞാൻ പറയുന്നില്ല, വോറ കമ്മീഷൻ പോലെയുള്ള ഒരു സംവിധാനം നാളെ ഇവിടെ വേണ്ടിവരും. ആരെയും ശിക്ഷിക്കാനൊന്നുമല്ല. അതീവ ഗുരുതരമാണ്. നമ്മുടെ ജീവിതത്തെ ഇത് മലീമസമാക്കിയിരിക്കുകയാണ്. 36-40 ലക്ഷം കുട്ടികൾ ഇപ്പോൾ സ്കൂളുകളിൽ പഠിക്കുന്നതായിട്ടാണ് റിപ്പോർട്ട് വന്നത്. കോളേജുകൾ വേറെയുണ്ട്. മറ്റ് അൺ എയ്ഡഡ് കോളേജുകളുമുണ്ട്. ഇത്രയും കുട്ടികളുള്ള കേരളത്തിൽ ഏതെങ്കിലുമൊരു വിദ്യാർത്ഥിക്ക് ഈ ഗവൺമെന്റിനെപ്പറ്റി ആദർശ സമ്പന്നമായ നാല് വാക്കെഴുതാൻ കഴിയുമോ? നിങ്ങൾ പറയൂ. മറ്റ് തലത്തിൽ നന്നായി പ്രശോഭിക്കേണ്ട പല മന്ത്രിമാരും തകർന്നുപോയില്ലേ. എന്ത് മൂല്യമാണ് നിങ്ങൾ ഈ സമൂഹത്തിൽ ഉൽപ്പാദിപ്പിച്ചതെന്ന് പറയൂ. കുറെ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടാകും. എന്ത് മൂല്യമാണ് നിങ്ങൾ പകർന്ന് കൊടുക്കുന്നത്. ജവഹർലാൽ നെഹ്റു, ലാൽ ബഹദൂർ ശാസ്ത്രി, പട്ടം താണുപിള്ള എന്നിവർ പകർന്ന് കൊടുത്തതുപോലെയോ ആർ. ശങ്കർ, കെ. കരുണാകരൻ, ശ്രീ. എ.കെ. ആന്റണി എന്നിവർപോലും ഒരു പരിധിവരെ പകർന്നുകൊടുത്തതുപോലെയോ ഉള്ള എന്ത് മൂല്യമാണ് ഈ ഗവൺമെന്റ് പകർന്ന് കൊടുക്കുന്നത്. ഒരു മൂല്യവും പകർന്ന് കൊടുക്കുന്നില്ല. എല്ലാം സ്നേഹത്തോടും ബഹുമാനത്തോടുംകൂടി വ്യക്തിപരമായ

പരാമർശം നടത്തുന്നതല്ലാതെ ശ്രീമാൻ ഉമ്മൻചാണ്ടി അവർകളെ, അങ്ങയുടെ ഭരണം ക്രിമിനൽ മാഫിയകളുടെയും സിന്റിക്കേറ്റിന്റെയും സ്വാധീനമുള്ള ഭരണമായി മാറിയെന്നാണ് എനിക്ക് പറയാനുള്ളത്. നേരത്തെ പറഞ്ഞ വോറ കമ്മീഷൻ റിപ്പോർട്ട് ചർച്ച ചെയ്യുമ്പോൾ 1995 ആഗസ്റ്റിൽ പാർലമെന്റിൽ കേട്ട വോറ കമ്മീഷനുമായി ബന്ധപ്പെട്ട ചില വരികൾ ഞാൻ ഇവിടെ വായിക്കുകയാണ്; ഇംഗ്ലീഷിലാണ് അത് രേഖപ്പെടുത്തിയിരുന്നത്; അതുകൊണ്ട് ഞാൻ ഇംഗ്ലീഷിലാണ് വായിക്കുന്നത്. " The Cabinet will become honest if the Prime Minister is honest, and if the Prime Minister is dishonest, his Cabinet and his Government will also be dishonest and this will ruin the Government. In this way, the destiny of the country is depending on one person, 'the Prime Minister'." ഇത് Prime Minister എന്നുള്ളത് Chief Minister ആക്കി ഞാൻ ഇവിടെ annotate ചെയ്യുകയാണ്. ഇത് അങ്ങേയ്ക്കും ബാധകമാണ്. Chief Minister honest ആണെങ്കിൽ Cabinet honest ആയിരിക്കും. Chief Minister honest അല്ലെങ്കിൽ Cabinet honest ആയിരിക്കുകയില്ല. Cabinet-ഉം Chief Minister-ഉം honest അല്ലെങ്കിൽ കേരള സംസ്ഥാനം നശിക്കും. Chief Minister എന്ന വ്യക്തിയിലാണ് വാസ്തവത്തിൽ ജനാധിപത്യം ഇവിടെ കറങ്ങുന്നത് എന്നുള്ളത്

ഉന്നയിക്കുകയാണ്. അതിന്റെ ബാക്കി കൂടി ഞാൻ പറയാം. “ The water of Ganges cannot be purified if Gangothri itself is polluted. At the origin of the Ganges, there were some herbs to clean the water. But with the vanishing of those herbs Gangothri has become polluted, Gangothri is not now clean.” ഗംഗാനദി പരിശുദ്ധമായതാണ് എന്ന് പറയാനുണ്ടായ കാരണം അത് ഉത്ഭവിക്കുന്നിടത്ത് ഒരുപാട് മഹാവൃക്ഷങ്ങളുണ്ടായിരുന്നു. ആ മഹാവൃക്ഷങ്ങൾ എല്ലാം നീക്കം ചെയ്യപ്പെട്ടതോടുകൂടി ഗംഗാനദി മലീമസമായി. അതുപോലെയാണ് അങ്ങയുടെ ഗവൺമെന്റ്. ഭരണഘടനയെ മാനിക്കുന്നില്ല.; ഭരണഘടനയുടെ propriety നിങ്ങൾ പാലിക്കുന്നില്ല; കീഴ്വഴക്കങ്ങൾ പാലിക്കുന്നില്ല; പ്രതിപക്ഷത്തുനിന്ന് വേണ്ട നിഷ്പക്ഷമതികളുടെ വിമർശനങ്ങൾ നിങ്ങൾ കേൾക്കുന്നില്ല. നിങ്ങളുടെ കക്ഷികൾ ഞങ്ങൾ കേൾക്കാതെ നിങ്ങളുടെ കമ്മിറ്റികളിലോ മറ്റുള്ളവർ നേരിട്ടോ പറയുന്ന വിമർശനങ്ങൾ നിങ്ങൾ കേൾക്കുന്നില്ല. അതിന്റെ ഫലമായി അങ്ങയുടെ മന്ത്രി കാര്യാലയം മഹത്തായ മുഖ്യമന്ത്രി എന്നുള്ള ആ പദവി (വ്യക്തിപരമായിട്ടല്ല പറയുന്നത്) രാഷ്ട്രീയമായി polluted ആയി. Constitutional ആയി മലീമസമായി, അവിടെ നിന്നുവരുന്നത് മലിനജലമാണ്. പിന്നെ എങ്ങനെയാണ് അങ്ങയുടെ മന്ത്രിമാർക്ക് ആവേശം

ഉണ്ടാകുന്നത്? അതിൽപ്പെട്ട ആറോ ഏഴോ മന്ത്രിമാരും മലീമസമായിപ്പോയി. മലീമസമാകാതെ ആരെങ്കിലും പിടിച്ചുനില്ക്കുന്നുണ്ടെങ്കിൽ ആ പാവങ്ങളുടെ എന്തോ ഒരു ഭാഗ്യം എന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ. ഇവിടെ ഒരു വിശ്വാസത്തകർച്ചയല്ലേ ഈ ഗവൺമെന്റിന്, കുറച്ച് വോട്ട് കിട്ടിയതുകൊണ്ട് വിശ്വാസമായി. നാളത്തെ ഇലക്ഷനെപ്പറ്റിയൊന്നും ഞാൻ പറയുന്നില്ല. അത് വന്നോട്ടെ. ആര് ഇവിടെ ജയിച്ചാലും തോറ്റാലും ഞാൻ ഈ പറയുന്ന പ്രശ്നം അവസാനിക്കില്ല. അത് അവസാനിക്കാൻ ഗവൺമെന്റ് മാറണം. നിങ്ങൾ നാളെ പരാജയപ്പെട്ടാൽ ശ്രീ. എം. വിജയകുമാർ എം.എൽ.എ. ആയി ഇവിടെയൊക്കെ വന്നിരിക്കും എന്ന് പറയാൻ ഞാൻ തയ്യാറല്ല. എം.എൽ.എ. ആയി വരട്ടെ എന്ന് ആശംസിക്കാനേ എനിക്ക് കഴിയൂ. കാരണം അദ്ദേഹം നേരത്തെ എം.എൽ.എ. ആയിരുന്നു. അതാണ് ഞാൻ ഒബ്ജക്ട് ചെയ്തത്. പിന്നീട് അത് തിരുത്തി. ഞാൻ ഉന്നയിക്കുകയാണ്, പുതിയ തലമുറയ്ക്ക് വേണ്ടി എന്തു മൂല്യമാണ് ഉല്പാദിപ്പിക്കുന്നത് എന്ന് വ്യക്തമാക്കണം. കുറെ പൈസ മുടക്കിയതു കൊണ്ടൊന്നുമല്ല; ധാർമ്മികതയില്ല എന്നുള്ളതാണ്. " There is a progress of decline in public life." വോറ പറഞ്ഞതാണ്. കേരളത്തിൽ ഇപ്പോൾ അത് ആവർത്തിച്ചുകൊണ്ടിരിക്കുന്നു. നിങ്ങൾക്ക് ഇത് മനസ്സിലാക്കാൻ സാധിക്കുന്നുണ്ടോ. അങ്ങ് ബിജു രാധാകൃഷ്ണനുമായി ബന്ധപ്പെട്ട കാലത്ത്.....

കോടതി വിമുക്തനാക്കുന്ന കാര്യം ഞാൻ ആരോപിക്കുന്നില്ല. കോടതി വിമുക്തനാക്കുന്നത് നല്ലകാര്യം. ഞാൻ അങ്ങയോടു ചോദിക്കുകയാണ്. അയാൾ വാങ്ങിയ സംഭാവന വാങ്ങിക്കാമോ; വാങ്ങിക്കാൻ പാടില്ല. വാങ്ങിയത് നിങ്ങൾ സമ്മതിച്ചല്ലോ; കുറ്റവാളികൾ ഉണ്ടാക്കുന്ന മലീമസമായ പണം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽപ്പോലും വാങ്ങാൻ പാടില്ല. പക്ഷെ തിയററ്റിക്കലായി കിട്ടിയെന്നാണല്ലോ പറയുന്നത്. അങ്ങനെയാണങ്കിൽ ബോംബെയിലെ ബ്ലാസ്റ്റിൽ ദാവൂദ് ഇബ്രാഹിമിനേയോ അല്ലെങ്കിൽ ചോട്ടാ രാജനേയോ പോലെയുള്ള ആളുകളിൽ നിന്ന് കോടിക്കണക്കിന് രൂപ വരും. ധാർമ്മികത എന്ന് പറയുന്നത് സുപ്രധാനമായ കാര്യമാണ്. അതില്ല എന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് വിശ്വാസത്തകർച്ചയാണ് ഈ നാട്ടിൽ അങ്ങ് ഉണ്ടാക്കിയിരിക്കുന്നത്. ഉമ്മൻചാണ്ടി സാർ മുതൽ അപ്പുറത്തിരിക്കുന്ന വലിയൊരു വിഭാഗം......... ചിലിയിൽ സാന്റിയാഗോ എന്നു പറഞ്ഞ ഒരു സ്ഥലമുണ്ട് അതു മാത്രമേ എനിക്കറിയാവൂ. എനിക്ക് സാന്റിയാഗോ മാർട്ടിനെപ്പറ്റി വലിയ പിടിപാടൊന്നുമില്ല. എനിക്കയാളെ അറിയില്ല; അയാൾ എന്റെയടുത്ത് വന്നിട്ടില്ല; ഞാൻ അയാളെ കണ്ടിട്ടില്ല; എനിക്ക് അയാളെ കാണണമെന്ന് ആഗ്രഹമില്ല. ചിലിയിൽ സാന്റിയാഗോ എന്നു പറയുന്ന പ്രസിദ്ധമായ ഒരു സ്ഥലമുണ്ട്. Ernest Hemingway ലോക പ്രസിദ്ധമായ നോവൽ

എഴുതിയത് അതുമായി ബന്ധപ്പെട്ടാണ്. ദയവായി എന്നെ ഉപദ്രവിക്കരുത്. ഞാനിതൊന്ന് പറഞ്ഞോട്ടെ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം നിങ്ങളിൽ പലർക്കും ഒരു വിശ്വാസമുണ്ട്. നിങ്ങളിൽ നിന്ന് ചരിത്രം തുടങ്ങുന്നു; നിങ്ങളിൽ അവസാനിക്കുന്നു അങ്ങനയല്ല; ചരിത്രം നമ്മളിൽ നിന്ന് തുടങ്ങുന്നില്ല; നമ്മളിൽ അവസാനിക്കുന്നുമില്ല. 'History is progressing.' അതിങ്ങനെ പൊയ്ക്കൊണ്ടരിക്കുകയാണ്. അതിൽ ഓരോരുത്തരും വച്ച ചുവടുകളുടെ ഉറപ്പ്, അതിന്റെ സുതാര്യത, അതിന്റെ ധാർമ്മികത, ചെയ്ത തെറ്റും ശരിയും, ചരിത്രത്തിൽ എവിടെയെങ്കിലും ഒരു പാടുപോലെ കിടക്കും. ആ കാര്യങ്ങൾ മറന്നു പോകേണ്ട. ദേവേന്ദ്ര പട്ട് ഉടുത്ത രാജാവിനെ വിഡ്ഢിയാക്കിയ കാര്യം അറിയാമല്ലോ. അങ്ങനെയൊരു പട്ടില്ല. പുകഴ്ത്തുന്നവരുണ്ടല്ലോ, കൈമണി അടിക്കാൻ തിരുവനന്തപുരത്ത് കൂടുതലാണല്ലോ. രാജവാഴ്ചക്കാലമായതുകൊണ്ട് കൈമണി കുറച്ച് കൂടുതലായിട്ടുള്ള സ്ഥലമാണെന്ന് അറിയാമല്ലോ. ഞാൻ പറയാൻ വരുന്ന പ്രശ്നം, രാജാവിനോട് എല്ലാവരും പറഞ്ഞു അങ്ങ് ഒരു പട്ട് ഉടുത്തിട്ടുണ്ട്, അത് എല്ലാവർക്കും കാണാൻ കഴിയും, അങ്ങേയ്ക്ക് കാണാൻ കഴിയില്ല എന്ന്. തുണിയില്ലാത്ത രാജാവ് ദേവേന്ദ്രപ്പട്ടുടുത്ത് സദസ്സിൽ വന്നിരുന്നു. എല്ലാവരും കണ്ണുംപൊത്തി ഓടി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങ് അങ്ങനെയാവരുത്. അങ്ങ് ദേവേന്ദ്ര പട്ട്

ഉടുത്തിട്ടില്ല. നിങ്ങളുടെ ശരീരത്തുള്ള ശുഭ്ര വസ്ത്രങ്ങൾ വാസ്തവത്തിൽ പറന്നുപോകുന്നത് നിങ്ങൾ അറിയുന്നില്ല, രാഷ്ട്രീയ ശുഭ്രവസ്ത്രം. മനോഹരമായ മുഖമുള്ള അങ്ങയുടെ ശുഭ്രവസ്ത്രത്തെപ്പറ്റിയല്ല ഞാൻ പറഞ്ഞത്. അഴിമതിയുടെ കറുത്ത വസ്ത്രങ്ങൾ നിങ്ങളെ മൂടിയിരിക്കുന്നത് നിങ്ങൾക്ക് കാണാൻ കഴിയുന്നില്ല എന്നത് ദൗഭാഗ്യകരമായ ഒരു കാര്യമാണ്. ജനങ്ങളുടെ സേവകന്മാരാണെന്ന് എപ്പോഴും പറയും. പക്ഷേ നിങ്ങൾ ജനങ്ങളെ സേവകന്മാരായി കാണുന്നു. നിങ്ങൾ യജമാനന്മാരെപ്പോലെ പെരുമാറുന്നു. അതാണ് ഭരണത്തിൽ നിങ്ങളുടെ അസഹിഷ്ണുത; നിങ്ങളുടെ വിഷമം എന്നു പറയുന്നത്. കറപ്ഷന് ഒരു ക്രമിനലിന്റെ കൂട്ട് വേണം. ഒരു പൊളിറ്റീഷൻ കറപ്ഷൻ നടത്തണമെങ്കിൽ ഒരു ക്രിമിനലിന്റെ കൂട്ട് വേണം. ഒരു ക്രമിനലിന് ഒരു പൊളിറ്റീഷന്റെ കൂട്ടു വേണം. ക്രിമിനൽ കുറ്റം ചെയ്യുന്നതിന് ഇതാണ് നക്സസ് എന്നു പറയുന്നത്. അതിവിടെയുണ്ട്. നല്ല തരത്തിലുണ്ട് എന്നാണ് എനിക്ക് പറയാനുള്ളത്. ദാവൂദ് ഇബ്രാഹിമും മേമൻ സഹോദരന്മാരും ഇക്ബാൽ മിർച്ചയും ചോട്ടാ രാജയും, ബോംബെയിൽ പതിറ്റാണ്ടുകളോളമുള്ള തേർവാഴ്ചയുടെ ഫലമായാണ് വോറ കമ്മീഷന് വരേണ്ടി വന്നത്. അതുപോലെ നൈനാ സാഹേബ് എന്നു പറയുന്ന ഒരു പാവപ്പെട്ട സ്ത്രീയെ യൂത്ത് കോൺഗ്രസ്സ് നേതാവ് പൊരിച്ചില്ലേ, തന്തൂരിചിക്കനിൽ? ഡൽഹിയിൽ വച്ച്

ഒരു പോലീസുകാരൻ മുഹമ്മദ് കുഞ്ഞ് കണ്ട് അത് കേസായി. ഒരുപാട് കുറ്റകൃത്യങ്ങളുണ്ട്. അയാളെ രക്ഷിക്കാൻ വേണ്ടി ഒരുപാട് ഇടപെട്ടു. ഇത് ഏറ്റവും കൂടുതൽ ഉണ്ടായത്, ഏറ്റവും കൂടുതൽ ഭാഷ അറിയാവുന്ന പ്രധാനമന്ത്രി നരസിംഹറാവുവിന്റെ കാലത്താണ്. പിന്നെ അത് ഏറ്റവും കൂടുതൽ ഉണ്ടായത് പ്രധാനമന്ത്രി മൻമോഹൻ സിംഗിന്റെ കാലത്താണ്. പ്രധാനമന്ത്രി മൻമോഹൻ സിംഗിന്റെ കാലത്ത് 7 ലക്ഷം കോടി രൂപയുടെ അഴിമതിയാണ് ഉണ്ടായത്. അതിന്റെ പിന്നിൽ എല്ലാം മാഫിയകളുണ്ടായിരുന്നു. അതുകൊണ്ട് ഇതിനെപ്പറ്റി ഗവൺമെന്റ് അന്വേഷിക്കണം. അന്വേഷണം മാത്രം പോരാ, ആരെയും ശിക്ഷിക്കാനല്ല വോറ കമ്മീഷൻ പോലെ പേര് പറയാതെയാണെങ്കിൽപ്പോലും പറഞ്ഞ പേരുകളൊക്കെ രഹസ്യമായി ഇൻഡക്സിൽ ഇരിക്കുകയാണ്. അതൊന്നും വെളിയിൽ വിട്ടിട്ടില്ല. അത് ഒരിക്കലും വെളിയിൽ വിടാനും പോകുന്നില്ല എന്നുള്ളതാണ് അതീവ ഗുരുതരമായ ഒരു സ്ഥിതി. രണ്ടാമതായി, കീഴ്വഴക്കത്തെപ്പറ്റി പറയട്ടെ, ഒറ്റ കീഴ്വഴക്കമേ പറയുകയുള്ളൂ. എന്ത് ആരോപണം വന്നാലും ഞങ്ങൾ രാജി വയ്ക്കില്ല ഞങ്ങൾ ഇവിടെയിരിക്കും എന്ന് പറയുകയുണ്ടായി. ശ്രീ. കെ.എൻ.എ. ഖാദർ നല്ലതുപോലെ സംസാരിക്കുന്നതാണ്. അദ്ദേഹം സംസാരിച്ചപ്പോൾ പറഞ്ഞ കൂട്ടത്തിൽ നാണമില്ലാതെയിരിക്കുകയാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. അത്യദ്ധ്വാനം

ചെയ്ത് കഷ്ടപ്പെട്ട് നാണമില്ലാതെയിരിക്കുന്നതെന്ന്; അല്ലെങ്കിൽ രേഖ നോക്കിക്കോ. ഞാൻ എഴുന്നേറ്റ് ചോദിച്ചില്ലായെന്നേയുള്ളൂ. നാണമില്ലാതെയിരിക്കുന്നതെന്ന് പറഞ്ഞത് ഞങ്ങൾ ആക്ഷേപങ്ങൾ പറയുമ്പോൾ അതിൽ നാണിക്കാതിരിക്കാനുള്ള അർത്ഥത്തിലായിരിക്കും. ഞങ്ങൾ അങ്ങനെ ആക്ഷേപം ഒന്നും പറയുന്നില്ല; കാര്യം പറയുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങ് മനസ്സിലാക്കേണ്ടത്, ലാൽ ബഹദൂർ ശാസ്ത്രിയുടെ ഒരു പാരമ്പര്യമാണ് ഞാൻ പറയുന്നത്. വേറെയാരുടെയും പാരമ്പര്യം ഞാൻ പറയുന്നില്ല. അദ്ദേഹം റെയിൽവേ മിനിസ്റ്റർ ആയിരുന്നത് 1952-56-കാലഘട്ടത്തിലായിരുന്നു. മിനിസ്റ്റർ ആയിരുന്നപ്പോൾ ഒരു അപകടം ഉണ്ടായി. മെഹബൂബ് നഗർ എന്നറിയപ്പെടുന്ന ട്രെയിൻ അപകടത്തിൽ 112 പേർ മരിച്ചു. അതിന് അദ്ദേഹം രാജി എഴുതിക്കൊടുത്തു. നെഹ്റു അത് സ്വീകരിച്ചില്ല. വീണ്ടും താമസിയാതെ തമിഴ്നാട്ടിൽ അരിനെല്ലൂരിൽ മറ്റൊരു റെയിൽവേ അപകടം ഉണ്ടായി. അതിൽ 144 പേർ മരിച്ചു. അപ്പോൾ നെഹ്റു അദ്ദേഹത്തിന്റെ രാജി സ്വീകരിച്ചിട്ട് പറഞ്ഞു. " I am accepting the resignation because it would set an example in constitutional propriety and not because Sasthriji was in no way responsible." ഇതാണ് ഭരണം. ഇപ്പോൾ മാണി സാർ പോലും അഴിമതി കാണിച്ചുവെന്ന് ജനങ്ങൾ വിശ്വസിക്കുന്നു. ഞാൻ കണ്ടില്ല. എന്നോട് ചോദിച്ചാൽ

ഞാൻ അവിടെയില്ലായിരുന്നു. ആളുകൾ അങ്ങനെ വിശ്വസിക്കുന്നു. അങ്ങനെയാണ് സാഹചര്യത്തെളിവുകൾ വന്നിരിക്കുന്നത്. ഞങ്ങൾക്ക് അദ്ദേഹത്തെപ്പറ്റി പറയാൻ വിഷമമുണ്ട്. 2012-ൽ അദ്ദേഹത്തിന് നേർബുദ്ധിയുണ്ടായിരുന്നു എന്ന് ഞാൻ സമ്മതിക്കില്ല. കോൺഗ്രസ്സിന്റെ കൂടാരത്തിലിരിക്കുന്ന ഏതൊരാൾക്കും ഇത് ഉണ്ടാകും. ഞാൻ ഈ അസംബ്ലിയിൽ രണ്ടുവർഷത്തോളം പ്രസംഗിച്ച "വിട്ടയയ്ക്കുക കൂട്ടിൽ നിന്ന് എന്നെ ഞാൻ ഒട്ടു വാനിൽ പറന്നു നടക്കട്ടെ" എന്ന് നിങ്ങളുടെ മനസ്സു പറയുന്നുണ്ട്. മാണിസാറിനെ കൂട്ടിലിട്ട് പൂട്ടിയിരിക്കുകയാണ്. പറഞ്ഞത് ശരിയല്ലേ? അന്ന് അങ്ങ് പറന്നുപോയെങ്കിൽ ഈ സംഭവമൊന്നും ഉണ്ടാകില്ല; ഈ പണമൊന്നും വാങ്ങാൻ ഇടവരില്ല; നിഷ്പക്ഷമായി സ്വതന്ത്രമായി ഒരു കക്ഷിയായിട്ട് അവിടെ നിന്നാൽ മതിയായിരുന്നു. അന്നേരം വലതുപക്ഷ ഗവൺമെന്റ് പോയി ഇടതുപക്ഷ ഗവൺമെന്റ് വരും എന്നൊക്കെ ചിന്തിച്ചാണ്... ഇപ്പോൾ കിട്ടിയല്ലോ. ഇനിയൊരു ഗവൺമെന്റിനും പങ്കാളിയാകേണ്ടിവരില്ല. കേരള കോൺഗ്രസ്സിന് സീറോ ആയിരിക്കും അടുത്ത അസംബ്ലി ഇലക്ഷനിൽ എന്നാണ് എനിക്ക് പറയാനുള്ളത്. മറ്റേത് പാർട്ടിക്ക് സീറ്റ് കിട്ടിയാലും കേരള കോൺഗ്രസ്സിന് കാര്യമായിട്ടൊന്നും കിട്ടാൻ പോകുന്നില്ല. അഴിമതികളുടെ കാര്യം, ഇവിടെ ഒരുപാട് ലിസ്റ്റ് വായിക്കുകയാണ്. സോളാർ അഴിമതി, കടകംപള്ളി ഭൂമി തട്ടിപ്പ്, കളമശ്ശേരി

ഭൂമി തട്ടിപ്പ്, ശ്രീധരൻ നായരുടെ പാറമട അഴിമതി, പാഠപുസ്തക അച്ചടിയിലെ ആരോപണങ്ങൾ, ബാർ കോഴ കേസുകൾ, പാമൊലിൻ കേസ്, യൂണിവേഴ്സിറ്റികളിലെ അഴിമതിക്കേസുകൾ, പ്ലസ് ടു അഴിമതി വിവാദങ്ങൾ, മെഡിക്കൽ കോളേജ് ആശുപത്രിയിൽ നടക്കുന്ന ദുർമരണങ്ങളുമായി ബന്ധപ്പെട്ടുനടക്കുന്ന പ്രശ്നങ്ങൾ എന്നിങ്ങനെ നിരവധി അഴിമതിപ്രശ്നങ്ങളാണുള്ളത്. സരിത, ബിജുരാധാകൃഷ്ണൻ, സലീംരാജ്, ജിക്കുമോൻ, ഫിറോസ് ഇവരെല്ലാം ക്രിമിനലുകളല്ലേ; ഗവൺമെന്റുമായി അവർ ബന്ധപ്പെട്ടിരുന്നില്ലേ; ബിജു രാധാകൃഷ്ണന്റെ കാര്യമാണെങ്കിൽ അയാൾ ഭാര്യയെ കൊന്ന ആളായതിനാൽ അടുപ്പിക്കാൻപോലും പാടില്ല. ഇത് നിഷേധിക്കാൻ കഴിയുമോ; പറ്റില്ല. നരസിംഹറാവുവിന് ചന്ദ്രസ്വാമിയുണ്ടായിരുന്നു. റഷ്യയിലെ സാർക് ചക്രവർത്തിക്ക് റാസ്പുട്ടിൻ ഉണ്ടായിരുന്നു. ബി.ജെ.പി.-ക്ക് ഒരുപാട് സ്വാമിമാരുണ്ട്. ഇന്ദിരാഗാന്ധിക്ക് അബദ്ധവശാൽ കുറേക്കാലം ഒരു സ്വാമിയുണ്ടായിരുന്നു. ആരോപണമുണ്ടായതിനാൽ അദ്ദേഹത്തെ മാറ്റിക്കളഞ്ഞു. അതുകൊണ്ട് സ്വാമിമാരെ സൂക്ഷിക്കണം. ശ്രീനാരായണ ഗുരുവും വിവേകാനന്ദനുമൊന്നും ഇപ്പോഴില്ല. അണ്ടർവെയർ (അടിവസ്ത്രം) ഇടാത്തവരാണ് ഇന്ത്യയിലെ ഭൂരിഭാഗം സ്വാമിമാരും. അത് മനസ്സിലാക്കിയിരിക്കണം. സുരേഷ്ഗോപി മഞ്ഞവസ്ത്രം ഉടുത്തുനടന്നാലും

അദ്ദേഹത്തിന് അണ്ടർവെയർ ഉണ്ടായിരിക്കാം. അണ്ടർവെയറിടാത്ത സ്വാമിമാരെയുംകൊണ്ട് ബി.ജെ.പി. നടക്കുകയാണ്. നിങ്ങളും കുറച്ച് നടന്നിട്ടുണ്ട്. എല്ലാ കാര്യത്തിലും നിങ്ങൾക്ക് ബി.ജെ.പി.-യുമായി സാമ്യമുണ്ട്. അതുകൊണ്ട് അതിൽനിന്ന് മാറാൻ ശ്രമിക്കണമെന്നാണ് എനിക്ക് നിങ്ങളോട് പറയുവാനുള്ളത്. ഈ വർഷം ബഡ്ജറ്റ് അവതരിപ്പിച്ചതായി നമ്മൾ കരുതുന്നില്ല. അതിനാൽ കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് പെർഫോർമൻസിൽ, പ്ലാനിൽ മാർച്ച് 31 വരെ 41 ശതമാനമാണ് നിങ്ങൾ പെർഫോം ചെയ്തിട്ടുള്ളത്. പതിനായിരം കോടി രൂപ ചെലവഴിച്ചിട്ടില്ല. അതിന്റെ കണക്ക് വന്നിരിക്കുകയാണ്. 4500 കോടി രൂപ നിങ്ങൾ നോൺ പ്ലാനിൽ ചെലവഴിച്ചിട്ടില്ല. 14500 കോടി രൂപ ആകെ ചെലവഴിക്കേണ്ടിയിരുന്നത് നിങ്ങൾ ചെലവഴിച്ചിട്ടില്ല. വിശേഷിച്ചും ഭക്ഷ്യസാധനങ്ങൾ, ജലസേചനം, ദുരിതാശ്വാസ പ്രവർത്തനം, എഡ്യൂക്കേഷൻ, ആരോഗ്യം തുടങ്ങിയ സുപ്രധാന ജനകീയ വകുപ്പുകളിൽ ആയിരക്കണക്കിന് രൂപ ചെലവഴിച്ചിട്ടില്ല എന്ന കാര്യം ഞാനിവിടെ ഉന്നയിക്കുകയാണ്. അതുപോലെതന്നെ കടക്കെണി - മാണിസാർ നിയമസഭയ്ക്ക് തന്നിരിക്കുന്ന മറുപടിയാണ്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റ് അധികാരത്തിൽനിന്ന് ഒഴിയുമ്പോൾ, ഡോ. ടി. എം. തോമസ് ഐസക് ധനകാര്യവകുപ്പുമന്ത്രിയായിരുന്നപ്പോൾ പൊതുകടം 78,673

കോടി രൂപ മാത്രമായിരുന്നു. അത് കേരള പിറവി ഉണ്ടായ കാലത്തിനുശേഷം 1957 മുതലുള്ള കാലത്തേതാണ്. ഇപ്പോൾ 1,28,000 കോടി രൂപയാണ്. നാല് വർഷം കൊണ്ടുമാത്രം 49,422 കോടി രൂപ അതിൽ കടമുണ്ടാക്കിയിരിക്കുന്നു. 62.82 ശതമാനമാണത് ഇതുപര്യന്തമുള്ള 2011 വരെയുള്ള പൊതുകടം. ഈ കടം എങ്ങനെ ഉണ്ടായി; ഒന്നര ലക്ഷം കോടി രൂപയായിരിക്കും നിങ്ങൾ 2014-ലെ ഇലക്ഷനെ നേരിടുമ്പോൾ ഉണ്ടാകുന്നത് എന്ന് ഞാൻ 2014-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞതാണ്. അത് ഏകദേശം ശരിയായി. ഇപ്പോൾത്തന്നെ 1,28,000 കോടി രൂപയായി. എങ്ങനെയാണ് ഈ ചെലവ് ഉണ്ടായത്; ഇതിനുപുറമേ 12000 കോടി രൂപ കമ്പോളത്തിൽനിന്ന് കടമെടുത്തിട്ടുണ്ട്. നിങ്ങൾ കടം തിരിച്ചടക്കാൻവേണ്ടി ബഡ്ജറ്റിൽ വച്ചതിൽ നാലായിരംകോടി രൂപ മാത്രമേ തിരിച്ചടച്ചിട്ടുള്ളൂ.

<u>മി. ചെയർമാൻ</u>: പ്ലീസ്.... പ്ലീസ്.....

<u>ശ്രീ. ജി. സുധാകരൻ</u>: സർ, രണ്ട് മിനിട്ടുകൂടി അനുവദിക്കണം. നിങ്ങളുടെ നാല് വർഷത്തെ ഭരണം പരിപൂർണ്ണമായി പൊളിഞ്ഞു. കരാറുകാർക്കുള്ള കുടിശ്ശിക 2105 കോടി രൂപയാണ്. കടലാക്രമണം നടക്കുകയാണ്. എവിടെ ശ്രീ. പി. ജെ. ജോസഫ്; ആ മനുഷ്യനെവിടെ; ആ മനുഷ്യന് കരുണയുണ്ടോ; ആലപ്പുഴ ജില്ലയിൽ മാത്രം 250 വീടുകൾ കടലെടുത്തു, അമ്പലപ്പുഴ, ആലപ്പുഴ, തൃക്കുന്നപ്പുഴ, ചേർത്തല

ഭാഗങ്ങളിൽ കടൽഭിത്തി കെട്ടുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് ശരിയായ തീരുമാനമെടുക്കണം. കടൽഭിത്തി കെട്ടിയതിനെ ഞാൻ അഭിനന്ദിക്കുകയാണ്. പുറക്കാട് അമ്പലപ്പുഴയിൽ നാല് കോടി രൂപയും ചേർത്തലയിൽ നാല് കോടിരൂപയും ഉൾപ്പെടെ 8 കോടിരൂപയുടെ കടൽഭിത്തി. ആദ്യം കെട്ടിയില്ല. പിന്നീട് കുറച്ച് കെട്ടി. ഉടനെ ശ്രീ. പി. ജെ. ജോസഫ് വിളിച്ചുപറഞ്ഞു ഒരു കല്ലുമിടരുത്. അവിടെ ഇപ്പോൾ ദേശീയപാത ജനങ്ങൾ ഉപരോധിക്കാൻ പോകുകയാണ്. ഇതുപോലൊരു മന്ത്രി.... ഈ മന്ത്രി ജീവിച്ചിരുപ്പുള്ള മന്ത്രിയാണോ; ഞാൻ കഴിഞ്ഞ നിയമസഭയിൽ ചോദിച്ചു. എന്ത് നിരുത്തരവാദിത്തമാണ് ഇത്? അവിടെ കടലാക്രമണത്തിൽ കടൽ ഹൈവേയിലേയ്ക്ക് കയറാൻ പോവുകയാണ്. അതുവഴി നിങ്ങൾക്ക് സഞ്ചരിക്കാൻ കഴിയുമോ; ഇത് ആരോപണമൊന്നുമല്ല. അദ്ദേഹം യാതൊന്നും പ്രവർത്തിക്കാത്തതും മനുഷ്യത്വമില്ലാത്തതും  കരിങ്കല്ലിനേക്കാൾ മോശമായ മനസ്സുമുള്ള മന്ത്രിയാണ്. ഇറിഗേഷൻ മന്ത്രി പൈസയൊന്നും ചെലവഴിക്കുന്നില്ല. നിങ്ങൾ ഇപ്പോൾ തമിഴ്നാട്ടിൽനിന്ന് ഒരു ഖുശ്ബുശ്രുവിനെ കൊണ്ടുവന്നു. ഒരു സിനിമാ നടി. ഈ ഖുശ്ബുശ്രു അവിടെ ജയലളിതയുടെ മുമ്പിൽ വെറും പുശ്രുപുശ്രുവാണ്. പത്ത് വോട്ട് കിട്ടുമോ; അവർ ഇവിടെ വലിയ പ്രമാണിയായിരിക്കും എന്നാൽ ഇവിടെ കെട്ടിവച്ച

കാശുപോലും കിട്ടില്ല. ടാക്സും വെട്ടിച്ച് കുറേ വൃത്തികേടും കൊണ്ടുനടക്കുന്ന ആളുകളെ കൊണ്ടുനടന്നിട്ട് കാര്യമില്ല. പിന്നെ ഈ സുരേഷ്ഗോപി വിവരംകെട്ടവനാണെന്ന് പണ്ടേ എല്ലാവർക്കും അറിയത്തില്ലേ; അദ്ദേഹത്തിന് വല്ല കാര്യവുമുണ്ടോ മന്നത്തിന്റെ സമാധിയിൽ പോയിട്ട്. അദ്ദേഹം മന്നത്തിന്റെ കൊച്ചുമകനാണോ?

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്....

ശ്രീ. ജി. സുധാകരൻ: സർ, പുള്ളിയുടെ സംസാരം കേട്ടാൽ തോന്നും ഹൃദയംപൊട്ടി..... അദ്ദേഹത്തിന് ഹൃദയമേയില്ല. അദ്ദേഹം രാവിലെ പറയും ഞാൻ കോൺഗ്രസാണെന്ന്, ഉച്ചയ്ക്ക് പറയും മാർക്സിസ്റ്റെന്നും വൈകുന്നേരം പറയും ബി.ജെ.പി.-യുമാണെന്ന്. ആര് ടിക്കറ്റുകൊടുത്താലും നിൽക്കും. ഇത്തരത്തിലുള്ള കലാകാരൻമാർ കലാഭാസകരാണ്. നിങ്ങളാണ് അവരെ ഒരുകാലത്ത് കൊണ്ടുനടന്നത്. നിങ്ങൾ ശ്രദ്ധിക്കുക. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിനെപ്പറ്റിയാണ് ഞാനിവിടെ പറഞ്ഞത്. ഈ വർഷം ബഡ്ജറ്റ് അവതരിപ്പിച്ചിട്ടേയില്ല. ദേശീയതലത്തിലുള്ള ക്രിമിനൽ സിൻഡിക്കേറ്റ് ഇവിടെ സ്ഥാനമുറപ്പിച്ചിരിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, ഞാൻ ആത്മാർത്ഥമായി പറയുകയാണ് അങ്ങ് മുമ്പ് നല്ല മുഖ്യമന്ത്രിയായിരുന്നു. നല്ല ധനകാര്യവകുപ്പുമന്ത്രിയായിരുന്നു. ഈ ഗവൺമെന്റിന് നിലനിൽക്കാൻപോലും അവകാശമില്ല. അങ്ങ് രാജി വയ്ക്കണമെന്ന് ഞാൻ

പറയുന്നില്ല. ആരോപണവിധേയരായവരുടെ പേരിൽ നിയമാനുസരണം കേസ്സെടുത്ത് സത്യസന്ധമായി പ്രോസിക്യൂട്ട് ചെയ്യാൻ നിങ്ങളെ വെല്ലുവിളിച്ചുകൊണ്ട് ഇവിടെ ഇല്ലാത്ത ബഡ്ജറ്റിനെപ്പറ്റിയല്ല ചർച്ച. നിങ്ങളുടെ ഗവൺമെന്റിനെ ശക്തമായി വിമർശിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. കേരള ചരിത്രത്തിലെ ഏറ്റവും വലിയ വികസനവും കരുതലും നടന്ന ഒരു കാലഘട്ടം ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ് ഉണ്ടായത്. സാധാരണക്കാരായ ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കിക്കൊടുക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മൂന്ന് പ്രാവശ്യം ജനസമ്പർക്കപരിപാടി നടത്തി. 2006 മുതൽ 2011 വരെ കേരളം ഭരിച്ച മുഖ്യമന്ത്രി ഏതെങ്കിലും ഒരു സാധാരണക്കാരനെ കണ്ട് അയാളുടെ പ്രശ്നത്തിന് പരിഹാരം കാണാൻ ആ കാലഘട്ടത്തിൽ ശ്രമിച്ചിരുന്നുവെന്ന് പ്രതിപക്ഷത്തിരിക്കുന്ന ആർക്കെങ്കിലും പറയാൻ സാധിക്കുമോ; എന്നാൽ ഇപ്പോഴുള്ള മുഖ്യമന്ത്രി മൂന്ന് പ്രാവശ്യം ജനസമ്പർക്ക പരിപാടി നടത്തിയതിലൂടെ പാവപ്പെട്ട ആളുകൾക്ക് 470 കോടി രൂപയുടെ ദുരിതാശ്വാസ ഫണ്ട് വിതരണം ചെയ്തു. മാത്രമല്ല ഈ ഗവൺമെന്റിന്റെ വികസനവും കരുതലും എന്നുള്ള

മുദ്രാവാക്യത്തിൽത്തന്നെ പാവപ്പെട്ട ആളുകൾക്ക്, കാരുണ്യ സ്കീമിൽ 86,000 ആളുകൾക്ക് എഴുന്നൂറോളം കോടി രൂപയുടെ ചികിത്സാ ധനസഹായങ്ങൾ കൊടുത്തു. അതുപോലെ ചെറുപ്പക്കാരായ ആളുകൾക്ക് കേരള വിദ്യാർത്ഥി സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സഹായം നൽകുന്നതിനായി സ്റ്റുഡന്റ് എന്റർപ്രണർഷിപ്പ് പോളിസി പ്രഖ്യാപിച്ചു. ദിവസം തോറും സംരംഭങ്ങളെന്ന ആശയം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി യങ് എന്റർപ്രണർഷിപ്പ് സംഘടിപ്പിച്ചു. അവർക്ക് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് കെ.എസ്.ഐ.ഡി.സി.-യും കെ.എഫ്.സി.-യും ചേർന്ന് 20 ലക്ഷം രൂപ വായ്പ കൊടുക്കുവാൻ തീരുമാനിച്ചു. അതുപോലെ സ്റ്റാർട്ട് അപ് ടെക്നോളജി പോളിസി  രൂപീകരിച്ചു. സ്റ്റാർട്ട് അപ് വില്ലേജുകളിലൊക്കെ മികച്ച പ്രതികരണമുണ്ടാവുകയും ചെറുകിട ഇടത്തരം സംരംഭങ്ങളുടെ കൂട്ടത്തിൽ ജനസംഖ്യാനുപാതത്തിൽ ഏറ്റവും കൂടുതൽ യൂണിറ്റ് ആരംഭിച്ചിട്ടുള്ളത് കേരള സംസ്ഥാനത്താണ്. ഈ രംഗത്ത് നമുക്ക് വളരെയധികം മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞു. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഈ ഗവൺമെന്റിന്റെ കാലത്ത് 2392 കോടി രൂപയുടെ മുതൽമുടക്കുള്ള 15455 പുതിയ യൂണിറ്റുകൾ രജിസ്റ്റർ ചെയ്തു. ഇതുമൂലം 83500 ഓളം ആളുകൾക്ക് തൊഴിൽ ലഭിച്ചു. അതുപോലെ ഇ-

ഗവേണൻസ് രംഗത്ത് കേരളമാണ് ഇന്ന് ഏറ്റവും മുന്നിൽ നിൽക്കുന്നത്. കേരളം ഇപ്പോൾ ഇ-റെഡി സ്റ്റേറ്റ് ആയി മാറിക്കഴിഞ്ഞു. ഡിജിറ്റൽ കേരള യാഥാർത്ഥ്യമായി. ഇടുക്കിയിലെ ഇടമലക്കുടി പഞ്ചായത്തടക്കമുള്ള എല്ലാ ഗ്രാമപഞ്ചായത്തുകളിലും ബ്രോഡ് ബാന്റ് കണക്ഷൻ നാഷണൽ ഒപ്റ്റിക്കൽ ഫൈബർ നെറ്റ്‌വർക്ക് മുഖാന്തിരം ലഭ്യമാക്കാനുള്ള നടപടികൾ ആരംഭിച്ചു. 2001-2005 കാലഘട്ടത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് ആരംഭിച്ച അക്ഷയ സെന്റർ മുഖാന്തിരവും പതിനാല് ജില്ലകളിലും ഇ-ഡിസ്ട്രിക്ട് സംവിധാനം നടപ്പിലാക്കിയ ഏക സംസ്ഥാനം കേരളമാണ്. ഒരു കോടി നാല്പത് ലക്ഷം സർട്ടിഫിക്കറ്റുകൾ ഇതിനകം വിതരണം ചെയ്യാൻ സാധിച്ചു. ഐ.റ്റി. രംഗത്തെ കയറ്റുമതിയിലൂടെ നമ്മുടെ സംസ്ഥാനത്തിന് പതിനായിരം കോടിരൂപ കവിഞ്ഞു. രണ്ട് വർഷത്തിനകം ഇത് ഇരുപതിനായിരം കോടിരൂപയാകാൻ പോവുകയാണ്. ഏത് കാര്യത്തിനും പോസിറ്റീവായി ഒരു നിലപാട് സ്വീകരിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് സൂചിപ്പിക്കുവാനുള്ളത് നമ്മുടെ കോടതികളിലൊക്കെ ഒരുപാട് കേസ്സുകൾ കെട്ടിക്കിടക്കുന്ന അവസ്ഥയുണ്ട്. മറ്റ് രാജ്യങ്ങളിൽ കോടതിയിൽ കേസ് വരുന്നതിനുമുമ്പുതന്നെ രണ്ട് പാർട്ടികളെയും വിളിച്ചതിനുശേഷം സമാന്തരമായി ഒരു പ്രശ്നപരിഹാരത്തിന് ശ്രമിക്കാറുണ്ട്. അതുപോലെ കേസിന് പോകുന്നതിനു മുമ്പ്

അവരെ വിളിച്ച് തർക്കപരിഹാരം കാണുന്നതിനുള്ള ഒരു സംവിധാനം നമ്മുടെ സംസ്ഥാനത്തും ഉണ്ടാക്കണം. കാരണം കോടതികളിൽ പോയാൽ ഏതൊരു കാര്യത്തിനും തീരുമാനമാകണമെങ്കിൽ അഞ്ചാറ് വർഷമെടുക്കും. അങ്ങനെ വളരെയധികം സാമ്പത്തിക ബാധ്യതകളുണ്ടാകുന്ന അവസ്ഥയ്ക്ക് മാറ്റമുണ്ടാകണം. അതുപോലെ എനിക്കൊരു നിർദ്ദേശം വയ്ക്കാനുള്ളത് സാക്ഷരതാ രംഗത്ത്, കമ്പ്യൂട്ടർ സാക്ഷരതയിലൊക്കെ വളരെയധികം മുന്നോട്ടുപോയി. ഇപ്പോൾ നമ്മുടെ ബാങ്കുകളിൽ ഓൺലൈനും നെറ്റ്‌വർക്കിംഗ് സംവിധാനവും ഉള്ളതുകൊണ്ട് സാമ്പത്തിക സാക്ഷരത ആളുകൾക്ക് ലഭ്യമാക്കാനുള്ള ഒരു നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ശബരിമല പോലുള്ള തീർത്ഥാടന കേന്ദ്രങ്ങളിൽ ലക്ഷക്കണക്കിന് ആളുകളാണ് വരുന്നത്. അതുകൊണ്ടുതന്നെ പകർച്ചപനികളും മറ്റ് അസുഖങ്ങളുമുണ്ടാകുന്ന ഒരവസ്ഥ നമുക്ക് കാണാൻ സാധിക്കും. ഹജ്ജ് തീർത്ഥാടനമുൾപ്പെടെ വൻ ജനാവലിയെത്തുന്ന തീർത്ഥാടന കേന്ദ്രങ്ങളിൽ പകർച്ചവ്യാധിയും വൈറൽ സംബന്ധമായ രോഗങ്ങളും പടർന്നുപിടിക്കുന്നതുസംബന്ധിച്ച് ശാസ്ത്രീയമായ പഠനങ്ങൾ നടത്തി ഒരു കരുതൽ നടപടി സ്വീകരിക്കാനുള്ള നടപടിയുണ്ടാകണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയുവാനുള്ളത്. അതുപോലെ തന്നെ ഓൺലൈൻ മാർക്കറ്റിംഗ് എല്ലാ

സംവിധാനങ്ങൾക്കും ഉണ്ട്. നേരെ മറിച്ച് നമ്മുടെ കയർ/കൈത്തറി ഉൽപ്പന്നങ്ങൾക്ക് ഗവൺമെന്റ് സംവിധാനത്തിൽ ഒരു ഓൺലൈൻ മാർക്കറ്റിംഗ് ഇല്ലായെന്നുള്ളതാണ് വസ്തുത. നമ്മുടെ ഗവൺമെന്റിൽ നിന്നും കൈത്തറി കയർ ഉൽപ്പന്നങ്ങൾക്ക് ഓൺലൈൻ മാർക്കറ്റിംഗ് ഏർപ്പെടുത്താനുള്ള സംവിധാനം ഉണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ മഴക്കാലത്ത് ഉഷ്ണക്കാറ്റ് അല്ലെങ്കിൽ തീ കാറ്റാണ് നമുക്ക് കാണാൻ സാധിച്ചത്. പല ഗവേഷണങ്ങളും നടത്തുന്നുണ്ട്. എന്നും അഞ്ചും ആറും ആളുകൾക്ക് ഗവേഷണങ്ങൾക്ക് ഡോക്ടറേറ്റ് കിട്ടുന്നതായി പത്രത്തിൽ കാണുന്നുണ്ട്. ഈ ഗവേഷണങ്ങൾക്ക് ഡോക്ടറേറ്റ് കിട്ടിയ ആളുകളുടെ സംഭാവന എന്താണ് സമൂഹത്തിനുള്ളത് എന്നതിനെക്കുറിച്ച് വിലയിരുത്തണം. ഏതെങ്കിലും ഒരു യൂണിവേഴ്സിറ്റി അല്ലെങ്കിൽ ഗവേഷണം നടത്തിയ ഒരു ആൾ ഈ കാറ്റ് എങ്ങനെയാണ് ഉണ്ടായതെന്ന് അറിയാൻ വായ് തുറന്ന് ഇത് എന്ത് പ്രതിഭാസമാണെന്ന് പത്രത്തിൽ പോലും പറഞ്ഞിട്ടില്ലല്ലോ? എല്ലാപേർക്കും ഗവേഷണവും ഡോക്ടറേറ്റും കിട്ടുന്നുണ്ട്. ആദരിക്കുന്നുണ്ട്. ഇക്കാര്യങ്ങൾ സംബന്ധിച്ച്, നമ്മൾ ഗവേഷണം നടത്തുന്ന നമ്മുടെ സർവ്വകലാശാലയും അവിടത്തെ ആളുകളെയും സംബന്ധിച്ച് വിലയിരുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ തന്നെ പേ

നായ്ക്കളുടെ ശല്യം. നമ്മളൊക്കെ നിയമം ഉണ്ടാക്കുന്ന ആളുകളല്ലേ; എത്ര കുട്ടികളെയും ആളുകളെയുമാണ് നായ്ക്കൾ കടിക്കുന്നത്; എത്ര ആൾക്കാരാണ് ചികിത്സയ്ക്കുവേണ്ടി പോകുന്നത്? ഏതെങ്കിലും ഒരു ജഡ്ജി, ഏതെങ്കിലും ഒരു പെണ്ണ് മന്ത്രിയായിട്ട് അതിന് മൃഗസ്നേഹം ഉണ്ടായിട്ട് നാട്ടുകാർ അനുഭവിക്കേണ്ട അവസ്ഥ എന്താണ്; ഇക്കാര്യത്തിൽ ഒരു നിലപാട് ഉണ്ടാകണം. ഇതിനിടയ്ക്ക് എറണാകുളത്ത് ഒരു പരിപാടി നടത്തി. അതിൽ ഒരു പഞ്ചായത്തിലെ ഡോക്ടർ പേ ബാധിച്ച നായ്ക്കളെ കൊല്ലണമെന്ന് പറഞ്ഞു. അപ്പോൾ ഒരു അവതാരക എണീറ്റ് പറഞ്ഞു, പറ്റില്ലായെന്ന്. കടി അതിന് ആദ്യം കിട്ടണം, എന്നാലേ പഠിക്കുകയുള്ളൂ. എന്താണ് അതിന്റെ അവസ്ഥ മനസ്സിലാക്കണം. പേ ബാധിച്ച നായ്ക്കളെ ഇങ്ങനെ വളർത്തികൊണ്ടുപോയാൽ... ഏതെങ്കിലും ഒരു വീടിന്റെ മുമ്പിലൂടെയോ റോഡിന്റെ സൈഡിൽ കൂടിയോ മനുഷ്യന് നടക്കാൻ സാധിക്കുമോ; ബഹുമാനപ്പെട്ട ജി. സുധാകരൻ ഒന്ന് ശ്രദ്ധിക്കണം. നിങ്ങളാണ് അപ്പുറത്തിരിക്കുന്നതിൽ ഏറ്റവും വിവരമുള്ള മനുഷ്യൻ. ഞാൻ എന്താണ് പറയുന്നതെന്ന് വച്ചാൽ പ്രായോഗിക സമീപനത്തിലൂടെ സാധാരണക്കാരുടെ പ്രശ്നങ്ങൾ അറിയണം. ഈ നായ്ക്കളുടെ കാര്യം സംബന്ധിച്ച് നമുക്കൊരു തീരുമാനമെടുക്കണം അല്ലെങ്കിൽ നിയമസഭ ഒരു പ്രമേയം പാസ്സാക്കണം. മൃഗസ്നേഹികൾ ഉണ്ടെന്ന് പറഞ്ഞിട്ട് കാര്യമുണ്ടോ?

നിങ്ങൾ ഒന്ന് ആലോചിച്ചു നോക്കിയേ. ഏത് നാട്ടിലാണ് ഇത്........ നമ്മൾ രണ്ടുകൂട്ടരും ഒരുമിക്കണമെന്നാണ് പറഞ്ഞത്. പ്രതിപക്ഷത്തിനോടാണ് എനിക്ക് ചോദിക്കാനുള്ളത് ആരാണ് നിങ്ങളുടെ നേതാവ്; സി.പി.ഐ. (എം)-നോട് ചോദിക്കട്ടെ ആരാണ് നിങ്ങളുടെ പാർട്ടി സെക്രട്ടറി; നിങ്ങൾ പറയുന്നു ശ്രീ. വി. എസ്. അച്ച്യുതാനന്ദൻ ആണെന്ന്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പാർട്ടി വിരുതനാണ്. ശ്രീ. വി. എസ്. അച്ച്യുതാനന്ദൻ വായ് പൂട്ടണം ആര് പറഞ്ഞു, നിങ്ങളുടെ പാർട്ടി പറഞ്ഞു. ശ്രീ. വി. എസ്. അച്ച്യുതാനന്ദൻ പാർട്ടി വിരുദ്ധൻ- സി.പി.ഐ. (എം) സെക്രട്ടറിയേറ്റ്. ശ്രീ. വി. എസ്. അച്ച്യുതാനന്ദന്റെ ബദൽ സമ്മേളന റിപ്പോർട്ടിൽ എഴുതി കൊടുത്തിരിക്കുന്നു. സി.പി.ഐ. (എം) വച്ചുപൊറുപ്പിക്കില്ല. 'എന്താണ് ശ്രീ. വി. എസ്. അച്ച്യുതാനന്ദൻ'- ശ്രീ. കോടിയേരി ബാലകൃഷ്ണൻ. ഞാൻ ചോദിക്കട്ടെ, പാർട്ടി സമ്മേളനത്തിൽ നിന്നും ഇറങ്ങി പോന്ന ഒരാളെ.... നിങ്ങളുടെ പാർട്ടിയുടെ തെരഞ്ഞെടുപ്പ് പ്രചരണത്തിന് അരുവിക്കര പോയിട്ട് ഒരു പോളിറ്റ് ബ്യൂറോ മെമ്പർ, ഒരു സംസ്ഥാന സെക്രട്ടറി, പ്രതിപക്ഷനേതാവ് മൂന്നാളിന്റെയും ഒരുമിച്ച് ഒരു ഫോട്ടോ നമ്മൾ ആരും കണ്ടിട്ടില്ല. ആരാണ് നിങ്ങളുടെ പാർട്ടി. നിങ്ങളുടെ പാർട്ടിക്ക് ഒരു കെട്ടുറപ്പില്ല. അതുതന്നെയാണ് നിങ്ങളുടെ പാർട്ടിക്ക് പറ്റിയ ഏറ്റവും വലിയ തകരാറ്.

ബംഗാളിൽ പറ്റി. ഇവിടെയും അതുതന്നെയാണ് പറ്റുന്നത്. മാലോകരോട് മുഴുവൻ നിങ്ങളുടെ പാർട്ടി സെക്രട്ടറി വിളിച്ചു പറഞ്ഞു, നിങ്ങളുടെ പോളിറ്റ് ബ്യൂറോ മെമ്പർ വിളിച്ചു പറഞ്ഞു. കാര്യമെന്താണെങ്കിലും നിങ്ങൾക്കിടയിലുള്ള ചെറിയ പാർട്ടിയാണെങ്കിലും സി.പി.ഐ.-ക്ക് അന്തസ്സുള്ള ഒരു പാർട്ടി നിലപാടുണ്ടല്ലോ, നിങ്ങൾക്കുണ്ടോ? നിങ്ങൾ പറയൂ, നിങ്ങളിൽ ആർക്കാണ് ഉള്ളത്? നിങ്ങൾ ശ്രീ. വി. എസ്. അച്ചുതാനന്ദനെ സ്വകാര്യമായി പോയി കാണും. നിങ്ങൾ അസംബ്ലിയിൽ വന്ന് ശ്രീ. വി. എസ്. അച്ചുതാനന്ദനെ കാണാൻ പോകുമോ? ഇല്ല. കാണാനും മിണ്ടാനും പോകുകയില്ല കാരണം നിങ്ങൾക്ക് പേടിയാണ്. നേരെമറിച്ച് നാല് ആൾ കൂടാൻ, അദ്ദേഹം കാണിക്കുന്ന ആംഗ്യങ്ങളും അദ്ദേഹത്തിന്റെ ഭാഷകളും അദ്ദേഹത്തിന്റെ മിമിക്കുകളും കേൾക്കാൻ ആൾ കൂടുമെന്ന് വിചാരിച്ച് അദ്ദേഹത്തെ പ്രചരണത്തിന് അങ്ങ് വിട്ടു. ആരെ പറ്റിയും ശ്രീ. വി. എസ്. അച്ചുതാനന്ദന് എന്തും പറയാം. തൊണ്ണൂറ്റിനാല് വയസ്സുള്ള ശ്രീ. വി. എസ്. അച്ചുതാനന്ദൻ വേണ്ടേ അത് മനസ്സിലാക്കാൻ. നിങ്ങൾ ഒന്നു ആലോചിച്ചു നോക്കിയേ, ഒരു പാർട്ടിയല്ലേ നിങ്ങൾ. ഞങ്ങൾക്ക് മുൻപുള്ള കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് കെട്ടുറപ്പും, അച്ചടക്കവും, അതിനുതക്ക നേതാക്കന്മാരും, പാർട്ടി സെക്രട്ടേറിയറ്റ് കൂടിയാൽ നല്ല നിലപാടുണ്ടെന്ന് വിശ്വസിച്ചിരുന്ന ആളാണ്.

ഞാനൊക്കെ അങ്ങനെ വിശ്വസിച്ചിരുന്നു. പക്ഷെ എന്താണ് നിങ്ങൾക്ക് പറ്റിയത്? നിങ്ങൾ ആലോചിച്ചു നോക്കു, ഒരു പാർട്ടിയാണ് നിങ്ങൾ. തെരഞ്ഞെടുപ്പു പ്രചാരണത്തിന് ശ്രീ. പിണറായി വിജയൻ, കണ്ണൂർകാരൊക്കെ എന്നുപറഞ്ഞാൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ശക്തരായ നേതാക്കളാണ്. സംഗതി എന്തായാലും ഞാൻ ശ്രീ. വി. എസ്. അച്ചുതാനന്ദനെ സമ്മതിക്കുന്നു. നിങ്ങൾ പറഞ്ഞിടത്തൊക്കെ അവർ സറണ്ടർ ചെയ്തു. മൂന്ന് കണ്ടീഷൻ നിങ്ങൾ പറഞ്ഞു ആ മൂന്നും അവർ കേട്ടു. ഒരു പാർട്ടിയാണല്ലോ നിങ്ങൾ. നിങ്ങളുടെ ഈ പാർട്ടിക്ക് ഈ കാര്യത്തിൽ ശ്രീ. വി.എസ്. അച്ചുതാനന്ദൻ..... പ്രചരണരംഗത്തേയ്ക്കു വരാൻ പാടില്ലായെന്നു ശ്രീ. പിണറായി വിജയൻ പറഞ്ഞു, ശ്രീ. വി.എസ്. അച്ചുതാനന്ദൻ തിരിച്ചുപോയി. നിങ്ങളെ സംബന്ധിച്ചോളം വളരെ സന്തോഷമുള്ള കാര്യമാണ്. കാരണം നിങ്ങളുമാത്രമാണ് അപ്പുറത്ത് താരമായിട്ടുള്ളത്. വേറെ ആരും ഉണ്ടായിരുന്നില്ലല്ലോ? നിങ്ങളെ പാർട്ടി സെക്രട്ടറി എന്തുപറഞ്ഞു? ഞാൻ ചോദിക്കട്ടെ, നിങ്ങളുടെ പാർട്ടിയിൽ ഒരാൾ ഒന്നുകിൽ ബ്രാഞ്ച് കമ്മിറ്റിയിലും അല്ലെങ്കിൽ ഒരാൾ ലോക്കൽ കമ്മിറ്റിയിലും അല്ലെങ്കിൽ ഒരാൾ ഏരിയാ കമ്മിറ്റിയിലും അല്ലെങ്കിൽ ഒരാൾ ജില്ലാകമ്മിറ്റിയിലും അല്ലെങ്കിൽ ഒരാൾ സംസ്ഥാന കമ്മിറ്റിയിലും അല്ലെങ്കിൽ ഒരാൾ സെക്രട്ടേറിയറ്റിൽ ഉണ്ടാകും അല്ലെങ്കിൽ ഒരാൾ പോളിറ്റ് ബ്യൂറോയിലുണ്ടാകും. ശ്രീ.

വി. എസ്. അച്യുതാനന്ദൻ ഏത് കമ്മിറ്റിയിലാണ് ഉള്ളത്? ഇല്ലല്ലോ; ശ്രീ. വി.എസ്. അച്യുതാനന്ദൻ കമ്മിറ്റിയിൽ ഇല്ലല്ലോ; എവിടെ വി. എസ്.? ക്ഷണിതാവായേ ഉള്ളൂ. നിങ്ങള് ഞങ്ങളെ പറ്റി കുറെപറയുന്നു. കഴിഞ്ഞ അഞ്ച് കൊല്ലങ്ങൾ നിങ്ങൾ ഞങ്ങളെ തിന്നല്ലോ ഇനി ഞങ്ങൾ തിന്നട്ടെ, ഇരിക്ക് അവിടെ. അന്ന് കുറച്ച് ആളുകൾ ഇത് പറയാനില്ലായിരുന്നു. ഇപ്പോൾ ഞാനൊക്കെ കുറച്ച് പറയട്ടെ, നിങ്ങൾ നന്നാകണം. നിങ്ങളൊന്ന് നന്നാകണം നിങ്ങൾ നന്നായിട്ടില്ലല്ലോ. നിങ്ങൾ അലോചിക്കണം മുപ്പത്തിയെട്ടു കൊല്ലം നിങ്ങൾ ബംഗാൾ ഭരിച്ചു. സാധാരണ ഇപ്പോൾ തമിഴ്നാട്ടിൽ ജയലളിത വന്നു. കുറെ തമിഴൻമാർ ഇവിടെ ജോലിക്ക് വന്നിരുന്നു. അവിടെ അത്യാവശ്യം ഭരണം നന്നായപ്പോൾ എല്ലാ തമിഴൻമാരും അങ്ങോട്ടുപോയി. നിങ്ങൾ മുപ്പത്തിയെട്ടുകൊല്ലം ഭരിച്ചപ്പോൾ..... ആ ബംഗാളികളെ മുഴുവൻ ഇപ്പോൾ നമ്മളാണ് പേറുന്നത്. നിങ്ങളൊന്ന് ആലോചിച്ച് നോക്കിയേ. നിങ്ങൾ തന്നെ പറയുന്നുണ്ടല്ലോ. പിന്നെ നിങ്ങൾക്ക് ഏത് തീരുമാനമാണ് പറ്റിയത്? ഇവിടെ നേരത്തെ ശ്രീമതി ഇ. എസ്. ബിജിമോൾ പ്രസംഗിച്ചു, ബഡ്ജറ്റ് അവതരിപ്പിക്കാൻ സമ്മതിക്കുലായെന്ന് കുറെ മുമ്പ് തീരുമാനിച്ചിരുന്നു. അതിന് തലേന്നൊക്കെ വന്നു. ഞാൻ ചോദിക്കട്ടെ, നിങ്ങൾ സമ്മതിക്കില്ലായെന്നുവച്ച് ഞങ്ങൾക്ക് അവതരിപ്പിക്കാതിരിക്കാൻ പറ്റുമോ? പിന്നെ ഞങ്ങളിവിടെ

ആണുങ്ങളായിട്ട് നടക്കണോ; നിങ്ങൾ എന്താണ് മനസ്സിലാക്കിയത്? ഞങ്ങൾ ബഡ്ജറ്റ് അവതരിപ്പിക്കും. മാണി സാർ നിയമസഭയിൽ ബഡ്ജറ്റ് അവതരിപ്പിച്ചു. ഞാൻ ചോദിക്കട്ടെ, നിങ്ങൾ ഇന്ന് ഇവിടെ പങ്കെടുക്കുകയാണെങ്കിൽ ആ സബ്ജറ്റ് കമ്മിറ്റിയിൽ സജീവമായി പങ്കെടുത്തു കൂടായിരുന്നോ; നിങ്ങളതിൽ പങ്കെടുക്കാതെ പോയത് വളരെയധികം മോശമായി പോയില്ലേ? സബ്ജറ്റ് കമ്മിറ്റിയിൽ പങ്കെടുത്തില്ല അതുപോലെ തന്നെ അസംബ്ലിയിൽ വന്നപ്പോൾ 2014-ലെ ബഡ്ജറ്റിനെ പറ്റിയാണ് ബഹുമാനപ്പെട്ട ജി. സുധാകരൻ പറയുന്നത്. നിങ്ങളൊരു കാര്യം മനസ്സിലാക്കണം ഈ ജനാധിപത്യത്തിൽ പ്രതിപക്ഷത്തിന് റോളുണ്ട്. അതു നിങ്ങൾ ആദ്യം പഠിച്ചോളണം. എന്താണ് 'to propose, to oppose and if possible to depose' അതാണ് പഠിക്കേണ്ടത്. അവിടെയാണ് പഠിക്കേണ്ടത്. നിങ്ങളവിടെ പഠിക്കണം. നിങ്ങൾ കാര്യങ്ങൾ പറയണം വിലയിരുത്തണം അതിന് പോസിറ്റീവായിട്ടുള്ള അപ്രോച്ച് എടുക്കണം. എനിക്ക് വിവരമില്ലായെന്ന് നിങ്ങൾ വിചാരിച്ചു. എനിക്ക് നല്ല വിവരമുണ്ട്. എന്റെ ബാപ്പാ നാലാം ക്ലാസ്സുകാരനായിരുന്നു. മകന് ആ ഗതി വരണ്ടായെന്ന് വിചാരിച്ച് പ്രസിദ്ധമായ മദ്രാസ് ക്രിസ്ത്യൻ കോളേജിൽ അയച്ച് പഠിപ്പിച്ചതാണ്. നിങ്ങൾ അത് മനസ്സിലാക്കണം. നിങ്ങൾ വിചാരിച്ചു ഞാൻ പൊട്ടൻ കളിക്കുകയാണെന്ന്. അങ്ങനെയല്ല. നിങ്ങൾ പറയുന്നത്

എനിക്ക് മനസ്സിലാകാഞ്ഞിട്ടല്ല. ഇങ്ങനെയുള്ള അവസ്ഥയിൽ ഈ വക കാര്യങ്ങളിലൊക്കെ വളരെ ശ്രദ്ധിക്കണം. നിങ്ങൾ ഓരോ സംഗതികളെപ്പറ്റി വെറുതെ ഇല്ലാത്ത ആരോപണവും വിമർശനവും നടത്തി. ഞാൻ നേരത്തെ പറഞ്ഞു. അത് ആവർത്തിക്കുന്നില്ല. ഞാൻ ചോദിക്കട്ടെ, ബിജുരമേശും സരിതയുമില്ലെങ്കിൽ നിങ്ങളുടെ ഗതിയെന്താണ്? നിങ്ങൾ അതൊന്നു ആലോചിച്ചു നോക്കണം. നമുക്ക് സരിതയെ കൊണ്ടുള്ള പ്രശ്നം എന്തായി? നാലു കൊല്ലമായി, സോളാർ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞോ? വിവാദങ്ങൾ ഉണ്ടായപ്പോൾ എല്ലാവർക്കും കൈ പൊള്ളുമെന്ന് വിചാരിച്ച് ആരും ആ പരിപാടി വേണ്ടായെന്ന് വച്ചു. അതൊക്കെ നമ്മുടെ സംസ്ഥാനത്തിന്റെ കോട്ടമായിട്ട് വന്നുവെന്നല്ലാതെ എന്താണ് അതിന്റെയൊരു അവസ്ഥ. നിങ്ങളും അതൊക്കെ കുറെ ആലോചിക്കണം. നമ്മളെയൊക്കെ ജനങ്ങൾ തെരഞ്ഞെടുത്തതാണ്. വാക്കുകൾക്കൊക്കെ ഒരു മൃദുലത വേണം. എന്തെങ്കിലും വിളിച്ചു പറയുക. ആർക്കും പറഞ്ഞു കൂടെ. എന്തും പറയാമല്ലോ. അതൊന്നും ശരിയല്ല. ഞാനൊക്കെ നിങ്ങൾക്ക് ഉൾക്കൊള്ളാൻ കഴിയുന്ന വാക്കുകളെ ഉപയോഗിച്ചിട്ടുള്ളൂ. അല്ലാത്ത വാക്കുകളൊന്നും ഞാൻ ഉപയോഗിച്ചിട്ടില്ല. കാരണം ഞങ്ങൾ നിങ്ങളെപ്പറ്റി ഒന്നും പറയുന്നില്ല. ഞങ്ങളൊക്കെ ആ നിലപാടിലാണ്. നിങ്ങൾ ഉപയോഗിക്കുന്ന വാക്കുകളും ചില

കാര്യങ്ങളൊക്കെ.... അറം പറ്റിയ കാര്യങ്ങൾ ഉണ്ട്. ഞാൻ ചോദിക്കട്ടെ അഴിമതിക്കെതിരെ പോരാടിയ ആളാണല്ലോ ശ്രീ. വി. എസ്. അച്ചുതാനന്ദൻ. ജയിലിൽ കിടന്ന ആളെ തോളിലിട്ടുകൊണ്ടല്ലേ... ഞാൻ അരുവിക്കരയിൽ പോയപ്പോൾ സ്റ്റേജിൽ പ്രസംഗിക്കുന്നത് ഒന്ന് ശ്രീ. വി. എസ്. അച്ചുതാനന്ദൻ, പിന്നെ ആരാണ് നമ്മുടെ ശ്രീ. കെ. ബി. ഗണേശ് കുമാർ. പിന്നെ അവിടത്തെ താരങ്ങൾ ആരാണ്, ഒന്ന് ശ്രീ. ആർ. ബാലകൃഷ്ണ പിള്ള, ഒന്ന് ശ്രീ. കെ. ബി. ഗണേശ് കുമാർ. നിങ്ങൾ ഒന്ന് ആലോചിച്ചു നോക്കു. നിങ്ങളുടെ പാർട്ടി നേതാക്കന്മാർ ഇല്ലേ? ശ്രീ. കോടിയേരി ബാലകൃഷ്ണനൊക്കെ എത്ര സുന്ദരമായി പ്രസംഗിക്കും. ശ്രീ. പിണറായി വിജയൻ വടിവൊത്ത അക്ഷരത്തിൽ ഉഷാറായി പറയും. ഒരു മനുഷ്യനെയും കണ്ടില്ലല്ലോ. ബാക്കി നമ്മുക്ക് നാളെ പറയാം. എങ്ങനെവരുമെന്നുള്ളത് നാളെ അറിയാമല്ലോ. അതിന് ഒരു മുൻകൂർ ജാമ്യം എടുത്തിട്ടുണ്ടല്ലോ ഇരുപത്തിനാല് കൊല്ലമായി നിങ്ങളുടെ കയ്യിലെ സീറ്റായിരുന്നു അതെന്ന്. അതൊക്കെ നമുക്ക് നാളെ പറയാം. സി.പി.ഐ.-കാരോട് പറയുകയാണ്, നിങ്ങൾക്കൊരു നിലവാരവും കാര്യങ്ങളുമൊക്കെ ഉണ്ട്. നിങ്ങൾ ഇങ്ങനെ ആവശ്യമില്ലാത്ത..... ബഹുമാനപ്പെട്ട സി. ദിവാകരനെ എനിക്ക് ഭയങ്കര ബഹുമാനമാണ്. കാരണം നല്ല ശുദ്ധിയുള്ള മനുഷ്യനാണ്. മനസ്സിൽ ഒന്നും

ഇല്ലാത്ത ആളാണ്. എനിക്ക് നിങ്ങളോട് പറയാനുള്ളത് ഏതായാലും മാർക്സിസ്റ്റ് പാർട്ടിക്കാർ ചെയ്യുന്ന എല്ലാ വിഡ്ഢിത്തവും നിങ്ങൾ ഏൽക്കേണ്ട. നിങ്ങൾക്ക് കേരള രാഷ്ട്രീയത്തിൽ ഒരു നിലപാടും നിങ്ങളെപ്പറ്റി ആൾക്കാർക്ക് അത്യാവശ്യം ബുദ്ധിയുള്ളവരാണെന്നും ഒരു വയ്പ്പുമുണ്ട്. നിങ്ങൾ അത് കളയരുത്. അതാണ് എനിക്ക് നിങ്ങളോട് പറയാനുള്ളത്. അതുകൊണ്ട് തെറ്റ് പറ്റി, അബദ്ധം പറ്റി. ഏതായാലും തേരട്ട മുഖത്ത് വീണ് വിളറിനിൽക്കുന്നതുപോലെ ഇപ്പോൾ നിങ്ങൾ നിന്നോളൂ. നാളെ നമുക്ക് സജീവമായി ചർച്ച ചെയ്യാം. ഗവൺമെന്റിന്റെ പോരായ്മകളും കാര്യങ്ങളുമൊക്കെ വിശകലനം ചെയ്ത് വിമർശിച്ച് ഒരു നല്ല അന്തരീക്ഷത്തിൽ ഭരണപക്ഷവും പ്രതിപക്ഷവും നല്ലരീതിയിൽ പോകാൻ തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ച ഈ ധനാഭ്യർത്ഥനയെ പിന്താങ്ങി കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>മി. ചെയർമാൻ</u>: ബഹുമാനപ്പെട്ട എല്ലാ അംഗങ്ങൾക്കും ചായയും സ്നാക്സും ഏർപ്പാട് ചെയ്തിട്ടുണ്ട്.

<u>ശ്രീ. വി. എസ്. സുനിൽകുമാർ</u>: സർ, ഇന്ന് പ്രതിപക്ഷം എന്തുകൊണ്ടാണ് ഈ ചർച്ചയിൽ പങ്കെടുക്കുന്നതെന്ന കാര്യം ഇടതുപക്ഷ നേതാക്കന്മാർ തന്നെ

വ്യക്തമാക്കിയതാണ്. ഞാനത് ആവർത്തിക്കുന്നില്ല. നിയമസഭയിൽ പ്രതിപക്ഷത്തിന് ഭരണഘടനാപരമായ ഉത്തരവാദിത്തമുണ്ടെന്നുള്ളതു കൊണ്ടുതന്നെയാണ് ചർച്ചയിൽ പങ്കെടുക്കുന്നത്. ഇന്നത്തെ ധനകാര്യത്തിൽ ധനാഭ്യർത്ഥന നമ്പർ II - സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ ധനാഭ്യർത്ഥന നമ്പർ - III നീതിന്യായ നിർവ്വഹണം എന്നിവയാണ്. ഞങ്ങൾ അതിന്റെ ചർച്ചയ്ക്കല്ല പങ്കെടുക്കുന്നത്. സത്യത്തിൽ ഇവിടെ നടക്കുന്നത് സംസ്ഥാന കോഴത്തലവൻമാർ, കോഴമന്ത്രിമാർ, ആസ്ഥാന അഴിമതിക്കാർ എന്നിവർക്കുവേണ്ടി നടക്കുന്ന ചില പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്നത്. ഭരണഘടനാപരമായ ഒരു പ്രവൃത്തിയും യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് നടക്കുന്നില്ല. ഈ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഇതുപോലെ നാണംകെട്ട ഒരു കാലഘട്ടമുണ്ടായിട്ടുണ്ടോ? കഴിഞ്ഞ നാല് കൊല്ലത്തിലധികമായി ഇവിടെ യു.ഡി.എഫ് ഭരിക്കുകയാണ്. മന്ത്രിമാരുമായി വ്യക്തിപരമായി ഒരു വിരോധവുമുള്ള ആളുകളല്ല ഇവിടെയിരിക്കുന്നത്. ഞങ്ങളുന്നയിച്ച എന്തെങ്കിലും കാര്യങ്ങൾ വസ്തുതാവിരുദ്ധവും സത്യവിരുദ്ധവുമാണെന്ന് തെളിയിക്കുന്നതിന് പകരം ഭരണത്തിന്റെ സ്വാധീനമുപയോഗപ്പെടുത്തി ജനങ്ങൾക്കിടയിൽ

ഉന്നയിക്കപ്പെട്ട, ഇവർക്കെതിരായ ആരോപണങ്ങളിൽ നിന്നും രക്ഷപ്പെടാൻവേണ്ടി നടത്തിക്കൊണ്ടിരിക്കുന്ന വിലകുറഞ്ഞ പ്രവൃത്തികളാണ് കഴിഞ്ഞ കുറേ കാലങ്ങളായി ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. ഇന്ന് രാവിലെ ഇവിടെ ചർച്ച നടക്കുമ്പോൾ ചീഫ് സെക്രട്ടറി അടക്കമുള്ള ഉദ്യോഗസ്ഥന്മാരുണ്ടായിരുന്നില്ല. ഇപ്പോഴും ചീഫ് സെക്രട്ടറി എത്തിയിട്ടില്ലെന്നാണ് എനിക്ക് തോന്നുന്നത്. ആസ്ഥാന ഉദ്യോഗസ്ഥന്മാരാരുമില്ല. ബഹുഭൂരിപക്ഷം ആളുകളേയും കാണാനില്ലെന്നാണ് എനിക്ക് തോന്നുന്നത്. ഉച്ചയ്ക്ക് ശേഷം വന്നുകാണും. ചീഫ് സെക്രട്ടറി വരാൻ സാദ്ധ്യതയില്ല. കാരണം അദ്ദേഹത്തെപ്പറ്റി ഗവൺമെന്റ് തന്നെ ചില നിഗമനങ്ങളിലെത്തുകയുണ്ടായി.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): ചീഫ് സെക്രട്ടറി സ്ഥലത്തില്ല. അദ്ദേഹം ഒരു ടീമിൽ അംഗമായി ചൈനയിൽ പോയിരിക്കുകയാണ്.

ശ്രീ. വി. എസ്. സുനിൽകുമാർ: അങ്ങ് പറഞ്ഞ വിശദീകരണം ഞാൻ അംഗീകരിക്കുകയാണ്. ചീഫ് സെക്രട്ടറി വരാതായപ്പോൾ ഞാൻ വിചാരിച്ചത് ശ്രീ. ടി.എച്ച് മുസ്തഫ പറഞ്ഞ കാര്യം തന്നെയാണ് അദ്ദേഹത്തെപ്പറ്റി മുഖ്യമന്ത്രിക്കുള്ളതെന്നുകൂടി പറഞ്ഞപ്പോൾ അതിന്റെ പിണക്കം കൊണ്ട്

വരാത്തതെന്ന് തെറ്റിദ്ധരിച്ച് ഞാൻ പറഞ്ഞുപോയതാണ്. ഞാനത് പിൻവലിക്കുന്നു. ഈ ഗവൺമെന്റിന് കീഴിൽ റൂൾ ഓഫ് ലാ തകർന്ന് പോയിരിക്കുകയാണ്. ഈ ഗവൺമെന്റിനെ പറ്റി ഞങ്ങൾ പറഞ്ഞ കാര്യങ്ങൾ നിങ്ങൾ ചർച്ച ചെയ്യേണ്ട. ശ്രീ. വി.ഡി. സതീശൻ കെ.പി.സി.സി-യുടെ വൈസ് പ്രസിഡന്റാണ്, പ്രഗത്ഭനായ പാർലമെന്റേറിയനാണ്, കോൺഗ്രസ്സിന്റെ നേതാവാണ്. മറ്റുള്ള കോൺഗ്രസ്സുകാർക്കിടയിൽ അംഗീകരിക്കുന്ന നേതാവാണ് അദ്ദേഹം. ആ വി.ഡി. സതീശൻ പറഞ്ഞ ഒരു വാക്ക്, ഈ ഗവൺമെന്റ് അഴിമതിയുടെ കരിനിഴലിലാണെന്നാണ്. ശ്രീ. കെ.എം. മാണി ബഡ്ജറ്റ് അവതരിപ്പിക്കുകയും അതിനുശേഷമുണ്ടായ സംഭവ വികാസത്തെപ്പറ്റി കെ.പി.സി.സി. യുടെ വക്താവ് അജയ് തറയിൽ പറഞ്ഞത് 'ഇതിന്റെ പ്രതിഫലനം അരുവിക്കരയിലുണ്ടാകും' എന്നാണ്. സർവ്വേ കല്ലിന് പോലും കൈക്കൂലി കൊടുത്താലേ കാര്യങ്ങൾ നടക്കൂ എന്ന രീതിയാണ് കേരളത്തിലുള്ളതെന്നാണ് ശ്രീ. എ.കെ. ആന്റണി പറഞ്ഞത്. കേരളത്തിലേയും ഇന്ത്യയിലേയും കോൺഗ്രസ്സിന്റെ ഏറ്റവും പ്രഗത്ഭനായ നേതാവാണ് ശ്രീ. എ.കെ. ആന്റണി. അരുവിക്കരയിൽ ഇലക്ഷൻ കഴിഞ്ഞ് നാളെ റിസൾട്ട് കാത്തിരിക്കുകയാണ്. ഏറ്റവും വലിയ വൈരുദ്ധ്യം ഞാൻ

കാണുന്നതെന്താണെന്നുവച്ചാൽ ഇവിടെ ട്രഷറി ബഞ്ചിൽ ഒരാളിരിക്കുന്നുണ്ട്. യു.ഡി.എഫിന്റെ നേതാവ്, യു.ഡി.എഫിലെ ഘടക കക്ഷിയായിരിക്കുന്ന കേരള കോൺഗ്രസ്സ് മാണി ഗ്രൂപ്പിന്റെ വൈസ് പ്രസിഡന്റുമായിരിക്കുന്ന ശ്രീ. പി.സി. ജോർജാ. അദ്ദേഹം സസ്പെൻഷനിലാണോയെന്ന് എനിക്കറിയില്ല. അദ്ദേഹം ഈ ഗവൺമെന്റിന്റെ സ്ഥാനാർത്ഥിക്കെതിരായി ദാസ് എന്ന ഒരു സ്ഥാനാർത്ഥിയെ നിർത്തി. ട്രഷറി ബഞ്ചിലിരിക്കുന്ന യു.ഡി.എഫിന്റെ നേതാവുതന്നെ ഈ ഗവൺമെന്റിന്റെ അഴിമതിയിൽ മനംനൊന്ത്, അഴിമതിയിൽ പ്രതിഷേധിച്ച് യു.ഡി.എഫിന് എതിരായി ഒരു സ്ഥാനാർത്ഥിയെ നിർത്തി മത്സരിപ്പിച്ച് ആ റിസൾട്ടാണ് കാത്തിരിക്കുന്നത്. കേരളത്തിലെ ചരിത്രത്തിലിന്നുവരെ ഒരു ഉപതെരഞ്ഞെടുപ്പിൽ ആ ഗവൺമെന്റ് ഭരണകക്ഷിക്കെതിരായി ആ ഭരണകക്ഷിയുടെ തന്നെ നേതാവ് സ്ഥാനാർത്ഥിയെ നിർത്തി മത്സരിപ്പിച്ചിട്ടുണ്ടോ? ഞങ്ങൾ പറയുന്ന കാര്യങ്ങളല്ല നിങ്ങൾ ശ്രദ്ധിക്കേണ്ടത്. നിങ്ങളുടെ കൂട്ടത്തിലുള്ള ആളുകൾ നിങ്ങളെപ്പറ്റി എന്തുപറയുന്നുവെന്ന കാര്യം നിങ്ങൾ ആലോചിക്കണ്ടേ? അങ്ങനെ ആലോചിക്കുമ്പോൾ നിങ്ങളുടെ കൂട്ടത്തിലുള്ള പല പ്രഗത്ഭമതികളും ശ്രീ. വി.എം. സുധീരനടക്കം ഒരു കാലഘട്ടത്തിൽ പറഞ്ഞ കാര്യം ഞാനിവിടെ

ആവർത്തിക്കുന്നില്ല. യു.ഡി.എഫ് ഗവൺമെന്റ് കഴിഞ്ഞ നാല് കൊല്ലമായി ചെയ്തുകൊണ്ടിരിക്കുന്നതും സമീപകാലത്ത് വളരെ വേഗതയിൽ ചെയ്തുകൊണ്ടിരിക്കുന്നതുമായ കാര്യങ്ങൾ വികസനവും കരുതലുമല്ല; ഈ രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്നത് അഴിമതി മാത്രമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണല്ലോ ഭരണത്തലവൻ, അദ്ദേഹത്തെപ്പറ്റി ഇവിടെ പറയുകയുണ്ടായി, ഞാൻ വ്യക്തിപരമായി ആക്ഷേപിക്കാൻ പറയുകയല്ല. നിയമം നിയമത്തിന്റെ വഴിക്കുപോകുമെന്ന് അങ്ങ് എപ്പോഴും പറയും. അങ്ങ് പറയുന്ന രണ്ടാമത്തെ കാര്യം, നാം ശരി ചെയ്താൽ മാത്രം പോര ശരി ചെയ്തുവെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യണമെന്നാണ്. ഞാൻ അങ്ങയോട് വളരെ വിനീതമായി ചോദിക്കുന്നു, നിങ്ങളുടെ ഗവൺമെന്റ് ഈ അഴിമതിയുമായി ബന്ധപ്പെട്ട് ചെയ്ത പ്രവൃത്തികളിൽ ഏത് കാര്യം നിങ്ങൾക്ക് ജനങ്ങളെ ബോദ്ധ്യപ്പെടുത്തിക്കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ജനങ്ങൾക്ക് ശരിയാണെന്നുതോന്നുന്ന ഏത് കാര്യം നിങ്ങൾക്ക് ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ഏതെങ്കിലും കാര്യം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ? ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി ഇവിടെ പറഞ്ഞ രണ്ട് കാര്യങ്ങൾ ഞാൻ ശ്രദ്ധിച്ചു. അതിൽ ഒരു കാര്യം, എനിക്കുമേൽ സമ്മർദ്ദമുണ്ടായിരുന്നുവെന്നതാണ്. ഞാൻ

ഈ കേസെടുത്തപ്പോൾ എനിക്ക് സമ്മർദ്ദമുണ്ടായിരുന്നു. ഞാൻ അങ്ങയോട് ചോദിക്കുന്നു ആഭ്യന്തര വകുപ്പുമന്ത്രിക്കുമേൽ സമ്മർദ്ദം ചെലുത്താൻ മാത്രം പ്രാപ്തിയുള്ള ഒരൊറ്റയാളേയുള്ളൂ, അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മാത്രമാണ്. ഞാൻ ആരോപിക്കുന്ന ആഭ്യന്തരവകുപ്പുമന്ത്രിയെ സമ്മർദ്ദം ചെലുത്തിയെന്ന് പറയുന്നതിന് മുഖ്യകാരണക്കാരൻ അങ്ങാണ്. ഈ ബാർ കോഴയുമായി ബന്ധപ്പെട്ട് അങ്ങ് രണ്ട് മൂന്ന് കാര്യങ്ങൾ പറഞ്ഞു. ഒന്ന് ഒരു തെളിവും കൊടുക്കാൻ കഴിഞ്ഞില്ല. അപ്പോൾ പത്രക്കാർ ചോദിച്ചു, അങ്ങേയ്ക്കെങ്ങനെ മനസ്സിലായി തെളിവ് കിട്ടിയില്ലെന്ന്; അപ്പോൾ അങ്ങ് പറഞ്ഞു, ഞാൻ ഒരു സിവിലിയൻ എന്ന നിലയിൽ പത്രം വായിച്ചു കണ്ട കാര്യങ്ങളാണ്. അങ്ങയിൽ നിന്നും പ്രതീക്ഷിക്കുന്ന കാര്യങ്ങളതല്ല. അങ്ങ് പത്രം വായിക്കുന്ന ആൾ മാത്രമല്ലല്ലോ? ഈ കേരളത്തിന്റെ ഭരണത്തലവനായ അങ്ങേയ്ക്ക് ഒരുപാട് ഇൻഫർമേഷനുണ്ടാകും. അങ്ങയെ നയിക്കേണ്ടത് ആ ഇൻഫർമേഷൻസാണ്. പക്ഷേ അങ്ങ് പറഞ്ഞു, പത്രം വായിച്ചതിന്റെ അടിസ്ഥാനത്തിലാണ് മറുപടി പറഞ്ഞതെന്ന്. ഒരു കാര്യം കൂടി അങ്ങ് പറഞ്ഞു, ഈ കേസിൽ എഫ്.ഐ.ആർ. ഇടണമായിരുന്നോ എന്നുകൂടി അഭിപ്രായവ്യത്യാസമുണ്ട്. നിയമവിദഗ്ദ്ധന്മാർ പറയുന്നു. ഞാൻ ആഭ്യന്തര വകുപ്പുമന്ത്രിയോട് ചോദിക്കുന്നു.

എഫ്.ഐ.ആർ. ഇട്ടത് തെറ്റായിരുന്നോ; എഫ്.ഐ.ആർ. ഇട്ടത് തെറ്റായിരുന്നുവെന്ന കാര്യത്തിൽ ആളുകൾക്കെതിരഭിപ്രായമുണ്ട്. ഇത് രണ്ടും കൂട്ടിവായിക്കുമ്പോൾ ഇന്ന് ആഭ്യന്തര വകുപ്പുമന്ത്രിയുടെ അഭിപ്രായവും വെളിപ്പെടുത്തലും, തനിക്കുമേൽ സമ്മർദ്ദമുണ്ടായിരുന്നുവെന്ന വെളിപ്പെടുത്തലും അങ്ങയുടെ സ്റ്റേറ്റ്മെന്റും കൂട്ടി വായിക്കുമ്പോൾ ഒരു കാര്യം വ്യക്തമാണ്. അങ്ങും ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ.എം. മാണിയും ഇപ്പോൾ ആഭ്യന്തര വകുപ്പുമന്ത്രിയായിരിക്കുന്ന ശ്രീ. രമേശ് ചെന്നിത്തലയും കൂടി നടത്തിയ ഗൂഢാലോചനയാണ് ഈ കേസിന്റെ അട്ടിമറി. പക്ഷേ നാളെ അരുവിക്കര ഇലക്ഷന്റെ റിസൾട്ടിന് മുമ്പ് ഇവിടെ ഈ നിയമസഭയിൽ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി, എനിക്ക് ഈ രക്തത്തിൽ പങ്കില്ലെന്ന് വരുത്തിതീർക്കാൻ വേണ്ടി കൈകഴുകി മുൻകൂർ ജാമ്യമെടുത്തിരിക്കുന്നു. അദ്ദേഹം പറഞ്ഞ പ്രധാനപ്പെട്ട ഒരു കാര്യം, ഞങ്ങൾ ലീഗൽ അഡ്വൈസ് ചോദിച്ചു. ഞങ്ങൾ ലീഗൽ അഡ്വൈസ് ചോദിച്ചത് ഒരു സുപ്രീം കോടതി വക്കീലിനോടാണ്, കാരണം നിയമകാര്യ വകുപ്പുമന്ത്രിയുടെ കീഴിലുള്ള ഒരു ഉദ്യോഗസ്ഥനോട് എങ്ങനെ ആ മന്ത്രിയെക്കുറിച്ച് അഭിപ്രായം ചോദിക്കുമെന്നുള്ളതുകൊണ്ടാണെന്നാണ്. സത്യത്തിൽ അദ്ദേഹമിപ്പോൾ

പറഞ്ഞകാര്യം, വിജിലൻസിന് തോന്നിയ കാര്യം സാമാന്യമര്യാദയുണ്ടെങ്കിൽ, ജനാധിപത്യമര്യാദയുണ്ടെങ്കിൽ അത് എത്രയോ മുമ്പ് നിങ്ങൾക്ക് തോന്നേണ്ടകാര്യമായിരുന്നു. ഒരു വിജിലൻസിലെ ഉദ്യോഗസ്ഥൻ ഈ നിയമകാര്യ വകുപ്പുമന്ത്രിയെപ്പറ്റി അന്വേഷിച്ചുകൊണ്ടിരിക്കുമ്പോൾ ആ വകുപ്പിലെ ഒരു ഉദ്യോഗസ്ഥനോടുതന്നെ അതിനെക്കുറിച്ച് അഡ്വൈസ് ചോദിക്കുന്നത് തെറ്റാണെന്ന് തോന്നുന്ന വിവേചനമുണ്ടല്ലോ, ആ വിവേചനം നിങ്ങൾക്ക് തോന്നാതെ പോയി എന്നുള്ളതാണ് നിങ്ങൾ ഈ രാജ്യത്തോടു ചെയ്തിരിക്കുന്ന ഏറ്റവും വലിയ പാതകം. നിങ്ങൾ ആ സ്ഥാനത്തിരിക്കുന്നു. ധനകാര്യവകുപ്പുമന്ത്രി കെ.എം. മാണിക്കെതിരെ എഫ്.ഐ.ആർ. ഇട്ടിരിക്കുന്ന ആളാണല്ലോ നമ്മുടെ മിനിസ്റ്റർ. എന്തിനാണ് എഫ്.ഐ.ആർ. ഇട്ടിരിക്കുന്നത്; വെറുതെ ഇട്ടതാണോ? എഫ്.ഐ.ആറിൽ വളരെ വ്യക്തമായി ഇവിടെ എഴുതിയിരിക്കുകയല്ലേ; the version of witnesses prima facie discloses the alleged demand and acceptance of bribe by the accused from the office bearers of Kerala Bar Hotel Association. എന്നു പറഞ്ഞ് തുടങ്ങുന്ന കാര്യത്തിൽ വളരെ വ്യക്തമായി പറയുന്ന ഒരു കാര്യമുണ്ട്. From the evidences collected it is learned that the amount were handed over to the accused

on three occasions, at the residence of the accused at Pala and official residence at Thiruvananthapuram in between 20.3.2014 and 3.4.2014. Hence the above findings of the quick verification necessitate an extensive investigation by registering a case to unner the entire transactions besides. വളരെ വ്യക്തമായി ഇതിൽ മുമ്പേ എഴുതിയിരിക്കുന്ന കാര്യങ്ങൾ, നിയമസഭയിൽ ബഹുമാനപ്പെട്ട ശർമ്മ വായിച്ച കാര്യങ്ങളായതുകൊണ്ട് ഞാൻ വായിക്കുന്നില്ല. കൃത്യമായ തെളിവാണ് നിങ്ങൾ കൈക്കൂലി ചോദിച്ചുവാങ്ങിയെന്നതിന്. നിങ്ങൾ കൈക്കൂലി ചോദിച്ചിട്ടുണ്ടോ, വാങ്ങിയിട്ടുണ്ടോ? ഇതാണ് ചോദ്യം. ഞാൻ ചോദിക്കട്ടെ നോട്ടിൽ പൊടിയിട്ടുകൊടുക്കുന്ന കൈക്കൂലി മാത്രമേ വിജിലൻസ് പിടിക്കുകയുള്ളോ; ട്രാപ്പുണ്ടാക്കിയാൽ മാത്രമേ പിടിക്കുകയുള്ളോ; ബാക്കി അഴിമതി അഴിമതിയല്ലേ? കൈക്കൂലി കൊടുക്കുന്നതും കൈക്കൂലി വാങ്ങുന്നതും കുറ്റമായിരിക്കുന്ന ഒരു സ്ഥലത്ത് കൈക്കൂലി കൊടുത്തത് ബാർ ഉടമസ്ഥന്മാർ, ബിസിനസ്സുകാർ - കൈക്കൂലി വാങ്ങിയതാരാണ്; ധനകാര്യ വകുപ്പുമന്ത്രി, പിന്നെയാരാണ് നിയമകാര്യ വകുപ്പുമന്ത്രി; പിന്നെയാരാണ് ഈ ഗവൺമെന്റിന് താഴെയിറക്കാൻ പോന്ന കെൽപ്പും ശേഷിയുമുള്ള ഒരു

കക്ഷിയുടെ നേതാവ്. ആ നേതാവിനെതിരെ കൈക്കൂലി കൊടുത്തുവെന്ന് പറയാൻമാത്രം ശക്തിയുള്ള ആളുകൾ ഇവിടെയുണ്ടോ? അവർ പറഞ്ഞില്ലേ; എന്നിട്ടും നിങ്ങൾ അന്വേഷിച്ചോ; കെ.എം. മാണിക്കെതിരെ കേസെടുത്ത നിങ്ങൾ ഇന്നുവരെ കെ.എം. മാണിയുടെ വ്യക്തിപരമായ സമ്പത്ത് അന്വേഷിച്ചോ; വീട് റെയ്ഡ് നടത്തിയോ; ഭാര്യയുടെ അക്കൗണ്ട് പരിശോധിച്ചോ; മക്കളുടെ അക്കൗണ്ട് പരിശോധിച്ചോ; കാശുവാങ്ങിയെന്ന് എഫ്.ഐ.ആർ. ഇട്ടുകഴിഞ്ഞാൽ ആ കാശ് എവിടെപോയെന്ന് അന്വേഷിക്കണ്ടേ? അത് നിങ്ങൾ അന്വേഷിച്ചോ; എന്തുകൊണ്ട് നിങ്ങൾ അന്വേഷിച്ചില്ല. എന്നിട്ട് നിങ്ങൾ പറയുന്ന ഇൻവെസ്റ്റിഗേഷൻ കറക്ടാണെന്ന്. ശ്രീ. പി.സി. വിഷ്ണുനാഥ് ഇപ്പോൾ ഇവിടെ ചോദിച്ചല്ലോ നിങ്ങൾ എന്തു പ്രൂവ് ചെയ്തുവെന്ന്. ഒന്നും പ്രൂവ് ചെയ്തില്ല. വിഷ്ണുവിനെവിടെന്നുകിട്ടി ഈ വിവരം. അപ്പോൾ ആഭ്യന്തര വകുപ്പുമന്ത്രി പറയുന്ന റിപ്പോർട്ട് കൊടുത്തില്ലായെന്ന്. ഞാൻ ചോദിക്കുന്ന റിപ്പോർട്ട് കൊടുത്തില്ലായെങ്കിൽ ആഭ്യന്തര വകുപ്പുമന്ത്രി റിപ്പോർട്ട് കണ്ടിട്ടുണ്ടോ; ആഭ്യന്തരവകുപ്പുമന്ത്രി കാണാത്ത റിപ്പോർട്ട് എങ്ങനെ ശ്രീ. പി. സി. വിഷ്ണുനാഥ് കണ്ടു; തെളിവില്ല എന്ന് എങ്ങനെയാണ് ശ്രീ. പി. സി. വിഷ്ണുനാഥ് പറയുന്നത്; എങ്ങനെയാണ് മുഖ്യമന്ത്രിയും ശ്രീ. കെ. എം.

മാണിയും പറയുന്നത്; തെളിവില്ല എന്ന് നിങ്ങൾ മുൻകൂട്ടി പറയുകയാണ്. അത് അക്ഷന്തവ്യമായ തെറ്റാണ്. ഒരുകാര്യം മനസ്സിലാക്കണം. സി.ബി.ഐ.-യെപ്പറ്റി അങ്ങ് പറഞ്ഞല്ലോ, അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നതിനുമുമ്പ് ലീഗൽ അഡ്വൈസ് വാങ്ങാം. നിങ്ങളുടെ മേലുദ്യോഗസ്ഥന്മാർക്ക് സൂപ്പർവിഷൻ നടത്താം. അന്വേഷണത്തിന്റെ റിപ്പോർട്ട് സമർപ്പിക്കുന്നതിനുമുമ്പ്, റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല എന്ന് അങ്ങ് ഇവിടെ സഭയെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട് പറഞ്ഞു. എന്റെ അന്വേഷണത്തിന്റെ റിപ്പോർട്ട് സമർപ്പിച്ചുകഴിഞ്ഞുവെന്ന് സുകേശൻ കോടതിയിൽ പറഞ്ഞു. ഇനി ബാക്കികാര്യം മേലിലുള്ളവർ തീരുമാനിക്കട്ടെയെന്നും പറഞ്ഞു. അങ്ങ് എന്തുകൊണ്ട് അത് നിഷേധിക്കുന്നു; അന്വേഷണ ഉദ്യോഗസ്ഥൻ അദ്ദേഹത്തിന്റെ findings നടത്തിക്കഴിഞ്ഞാൽ റിപ്പോർട്ട് കൺക്ലൂഡ് ചെയ്തുവെന്നാണ് അർത്ഥം. സുപ്രീം കോടതിയുടെ വിധിയിൽ വളരെ വ്യക്തമായി പറയുന്ന ഇൻവെസ്റ്റിഗേഷൻ ഓഫീസറാണ് ഇൻവെസ്റ്റിഗേഷന്റെ ചക്രവർത്തി. അത് ചോദ്യം ചെയ്യാൻ ആർക്കും സാദ്ധ്യമല്ല. വിജിലൻസ് എന്നുപറയുന്നത് 1988-ലെ എക്സിക്യൂട്ടീവ് ഉത്തരവിലൂടെ ഉണ്ടാക്കിയിരിക്കുന്ന ഒരു സ്ഥാപനമാണ്. ആ സ്ഥാപനത്തിന്റെ മാന്വൽ എന്നുപറയുന്നത് നിയമസഭ അവരോട് ആവശ്യപ്പെട്ടതുപ്രകാരം

ഉണ്ടാക്കിയിരിക്കുന്ന ഒരു മാൻഡേറ്ററി മാന്വൽ അല്ല, അത് വെറും കോൺഫിഡൻഷ്യൽ മാത്രമായിരിക്കുന്ന ഒരു റിപ്പോർട്ട് മാത്രമാണ്, ഒരു സർക്കുലർ മാത്രമാണ്. അത് ഇന്ത്യൻ പീനൽ കോഡിനോ നീതിന്യായവ്യവസ്ഥയ്ക്കോ പുല്ലുവില ഇല്ലാത്തതാണ്. നിങ്ങൾ അതനുസരിച്ച് അഡ്വൈസ് വാങ്ങി. ആ അഡ്വൈസ് വാങ്ങിയത് illegal interference ആണ്. നിങ്ങൾ ഇടപെട്ടത് illegal interference ആണ്. സുകേശന്റെ കയ്യിലേയ്ക്ക് തിരിച്ച് റിപ്പോർട്ട് കൊടുക്കാൻ കാരണമെന്താണ്; സുകേശനാണ് ഈ അന്വേഷണത്തിന്റെ പവറിലിരിക്കുന്നയാൾ. നിങ്ങൾ ആ അന്വേഷണ ഉദ്യോഗസ്ഥന്റെ പവർ ഉപയോഗിച്ച് എന്തൊക്കെ ചെയ്യണമെന്ന് കീഴുദ്യോഗസ്ഥന്റെ മേൽ അടിച്ചേൽപ്പിക്കുകയാണ്. ഇപ്പോൾ നാഗേശ്വര റാവുവിനെ ഏൽപ്പിച്ചുവെന്ന് പറഞ്ഞു. നാഗേശ്വര റാവു 2002 മുതൽ ബാർ ഹോട്ടലുകാർക്കുവേണ്ടി വാദിക്കുന്ന വക്കീലാണ്. ആ നാഗേശ്വര റാവുവിന്റെ കൂടെ നിൽക്കുന്ന ധനേഷ് എന്നുപറയുന്ന ബാറുടമസ്ഥൻ പറഞ്ഞു ശ്രീ. കെ.എം. മാണി കൈക്കൂലി ചോദിച്ചതിന്റെ ശബ്ദരേഖ എന്റെ കയ്യിലുണ്ട്, ആ വജ്രായുധം ഞാൻ പ്രയോഗിക്കും. സുപ്രീം കോടതിയിൽ ഞങ്ങൾക്കനുകൂലമായ തീരുമാനമുണ്ടായില്ലെങ്കിൽ ആ വജ്രായുധം ഞങ്ങൾ ഉപയോഗിക്കുമെന്ന്

പറഞ്ഞു.

മി. ചെയർമാൻ: ബഹുമാനപ്പെട്ട വി.എസ്. സുനിൽകുമാർ...പ്ലീസ് കൺക്ലൂഡ്...

ശ്രീ. വി. എസ്. സുനിൽകുമാർ: ആ വജ്രായുധം ഉപയോഗിക്കുമെന്ന് പറയുമ്പോൾ ഈ ധനേഷിന്റെ വക്കീലാണ് നാഗേശ്വര റാവു. നാഗേശ്വര റാവുവിനെത്തന്നെ കണ്ടുപിടിച്ച് നിങ്ങൾ നിയമോപദേശം തേടുന്നത് ബാർ ഹോട്ടലുടമകൾക്ക് സുപ്രീംകോടതിയിൽ ബാർ തുറന്നുകൊടുക്കുന്നതിനുവേണ്ടിയുള്ള അവസരം ഒരുക്കിക്കൊടുക്കാൻവേണ്ടി നിങ്ങൾ നടത്തിയിരിക്കുന്ന കള്ളപ്പണിയാണ്. ഇത് ഈ നാട്ടിലെ ജനങ്ങൾക്കറിയാം. നിങ്ങൾ നീതിന്യായവ്യവസ്ഥയെ ചോദ്യം ചെയ്യുകയാണ്. ഇപ്പോൾ അരുവിക്കരയിൽ ബഹുമാന്യനായ ജി.കെ.യുടെ മകൻ ശബരീനാഥിനെ സ്ഥാനാർത്ഥിയാക്കി. എന്തിനുവേണ്ടിയാണ്; ചെറുപ്പക്കാരുടെ വോട്ട് ലഭിക്കാൻ വേണ്ടിയാണ്. കേരളത്തിലെ ചെറുപ്പക്കാർ അഴിമതിക്കെതിരാണ്. ........(മൈക്ക് ഓഫ്).........

മി. ചെയർമാൻ: ബഹുമാനപ്പെട്ട വി.എസ്. സുനിൽകുമാർ...പ്ലീസ് കൺക്ലൂഡ്...

<u>ശ്രീ. സി. പി. മുഹമ്മദ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. ശ്രീ. കെ. എം. മാണി നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജറ്റ് സമ്പൂർണ്ണമായി പാസ്സാക്കുവാൻവേണ്ടിച്ചേർന്ന ഒരു സമ്മേളനമാണിത്. പക്ഷേ മാണി സാറിന്റെ ബഡ്ജറ്റ് അംഗീകരിക്കുന്നില്ല എന്നുപറഞ്ഞവർ ഈ സമ്മേളനത്തിൽ പങ്കെടുത്തു, സബ്ജക്റ്റ് കമ്മിറ്റിയിൽ പങ്കെടുത്ത് ഭേദഗതികൾ നിർദ്ദേശിച്ചിട്ടില്ല, ഇന്ന് കട്ട്മോഷൻ അവതരിപ്പിച്ചിട്ടില്ല. ഈ വൈരുദ്ധ്യം എത്ര ആലോചിച്ചിട്ടും എനിക്ക് മനസ്സിലാകുന്നില്ല. ബഡ്ജറ്റ് ചർച്ചയിൽ സഹകരിക്കുമെന്നാണ് പറയുന്നത്. ഈ ബഡ്ജറ്റ് വഴി പാസ്സാക്കുന്ന എം.എൽ.എ. ഫണ്ട്, ആസ്തിവികസന ഫണ്ട്, എം.എൽ.എ.മാരുടെ ശമ്പളം എന്നിവ ഇവർ വാങ്ങുമോ എന്നറിയാൻ എനിക്ക് താൽപ്പര്യമുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വിശദമാക്കുമെന്ന് അവർ പറയുന്നു. മാർക്സിസ്റ്റ് പാർട്ടി പല തീരുമാനങ്ങളും ഇപ്പോൾ എടുക്കുന്നത് യുക്തിരഹിതമായിട്ടാണെന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. ഈ യുക്തിരാഹിത്യം അപഹാസ്യത്തിന്റെ ഉന്നത തലകളിൽ എത്തിനിൽക്കുകയാണ്. ഇവിടെ ശ്രീ. വി.എസ്. അച്ചുതാനന്ദൻ സർവ്വീസിൽ തുടരുന്നതിനെക്കുറിച്ച് ശ്രീ. എ. കെ. ബാലൻ ഒന്നും പറഞ്ഞില്ല. പല

ഉദ്യോഗസ്ഥന്മാരെയും സർവ്വീസ്സിൽ നിന്നും സസ്പെന്റ് ചെയ്തിട്ടും ഗവൺമെന്റ് തിരിച്ചെടുത്തു, അവരെല്ലാം സർവ്വീസിൽ തുടരുന്നുവെന്നാണ് പറയുന്നത്. സ്വന്തം പാർട്ടിയിൽ നിന്ന് പടിയടിച്ച് പിണ്ഡം വയ്ക്കാൻ ശ്രമിക്കുകയും ദേശാഭിമാനിയിലെ പാർട്ടി പ്രമേയത്തിന്റെ കോപ്പി കൊടുക്കുകയും തിടമ്പേറ്റിയ കഴുതയാണ് എന്ന് ആക്ഷേപിക്കുകയും ക്യാപ്പിറ്റൽ പണിഷ്മെന്റ് നൽകുകയും ചെയ്യണമെന്ന് പറഞ്ഞ ശ്രീ. വി.എസ്. അച്ചുതാനന്ദൻ സർവ്വീസിൽ തുടരുന്നതിനെക്കുറിച്ച് മാർക്സിസ്റ്റ് പാർട്ടിക്ക് എന്താണഭിപ്രായം? ശ്രീ. കെ.എൻ.എ. ഖാദർ റഷ്യയിൽ പോയതുകൊണ്ടാണ് അവിടത്തെ കമ്മ്യൂണിസം തകർന്നതെന്ന് ശ്രീ. എ.കെ. ബാലൻ പറഞ്ഞു. അപ്പോൾ ശ്രീ. കെ.എൻ.എ. ഖാദറിനെപ്പോലുള്ള ഒരാൾ പോയാൽ തകരുന്ന കമ്മ്യൂണിസം മാത്രമേ റഷ്യയിലുള്ളൂവെന്ന് ശ്രീ. എ.കെ. ബാലൻ സമ്മതിച്ചതിനെ വാഴ്ത്തുകയാണ്. ഏതായാലും ശ്രീ. കെ.എൻ.എ.ഖാദർ ജീവിക്കുന്ന കേരളത്തിൽ കമ്മ്യൂണിസത്തിന് അധികം ഭാവിയില്ല എന്ന് പ്രത്യാശിക്കുന്നു. ഈ നിയമസഭാ സമ്മേളനത്തിൽ ബഡ്ജറ്റ് അവതരിപ്പിച്ചാൽ ഈ സഭയിൽ കാണാത്ത പലകാഴ്ചകളും കാണുമെന്ന് ബഡ്ജറ്റിന് മുമ്പ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു. ചില എം.എൽ.എ.മാർ ആ ഡസ്കിനുമുകളിൽ

കയറിയപ്പോൾ ഞങ്ങളെല്ലാം കാണാത്ത പല കാഴ്ചകളും കണ്ടുവെന്നുള്ളത് സത്യമാണ്. എന്താണ് അതെന്ന് ഞാൻ വിശദീകരിക്കുന്നില്ല. ബഡ്ജറ്റ് അവതരിപ്പിച്ചുവെന്ന് സമ്മതിക്കാതെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് അതും ഒരു വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദമാക്കി എന്റെ സുഹൃത്തുക്കൾ മാറ്റിയിരിക്കുകയാണ്. സി.പി.എം.-ന് ഇപ്പോൾ കഷ്ടകാലമാണ്. കഷ്ടകാലം പിടിച്ചവൻ തലമൊട്ടയടിച്ചപ്പോൾ കല്ലുമഴ പെയ്തു എന്ന സ്ഥിതിയിലാണ് ഇപ്പോൾ സി.പി.എം.ന്റെ സ്ഥിതി. ബംഗാളിൽ പാർട്ടിയുടെ അടിത്തറ പോയി. ത്രിപുരയിൽ മാത്രമാണുള്ളത്. അവിടത്തന്നെ രണ്ട് ഉപതെരഞ്ഞെടുപ്പിൽ നാളെ റിസൾട്ട് എന്താണെന്ന് നമുക്ക് ഊഹിക്കാൻ കഴിയും. ഇവിടെ നടക്കുന്ന ഉപതെരഞ്ഞെടുപ്പിന്റെ കാര്യത്തിലേയ്ക്ക് ഞാൻ കടക്കുന്നില്ല. അത് നേരത്തേ പലരും മുൻകൂർ ജാമ്യമെടുത്തു. പക്ഷെ അരുവിക്കരയിൽ ജി. കാർത്തികേയന്റെ പേരിൽ മുതലെടുത്ത നിങ്ങൾ ജി. കാർത്തികേയന് സ്ഥാനം നഷ്ടപ്പെടുത്തിയതിനെക്കുറിച്ചും ശ്രീ. എ. കെ. ബാലൻ വിലപിച്ചുകണ്ടു. ശ്രീ. എ. കെ. ബാലൻ മാർക്സിസ്റ്റ് പാർട്ടിയിലെ ചില്ലറ നേതാവല്ല. എന്റെ ജില്ലക്കാരനാണ്. അദ്ദേഹത്തിന്റെ ജൂനിയറായ പലരും പോളിറ്റ് ബ്യൂറോയിൽ ഇരിക്കുമ്പോൾ ഇപ്പോഴും കേന്ദ്ര കമ്മിറ്റിയിൽ അംഗത്വം കൊടുത്ത്

തരംതാഴ്ത്തുന്നതിനോളം ജി. കാർത്തികേയനോട് ഞങ്ങളൊന്നും ചെയ്തിട്ടില്ല. ശ്രീ. എസ്. ശർമ്മ സംസ്ഥാന സെക്രട്ടേറിയറ്റ് മെമ്പറായിരുന്നു, അത് കളഞ്ഞു. ശ്രീ. എം. ചന്ദ്രന്റെ സംസ്ഥാന സെക്രട്ടേറിയറ്റ് മെമ്പർ സ്ഥാനം കളഞ്ഞു. ശ്രീ. ജി. സുധാകരനെപ്പോലെ ഒരു വിവരസ്ഥൻ കേന്ദ്ര കമ്മിറ്റി മെമ്പറായിരുന്നു, അത് തഴഞ്ഞു. ഇതെല്ലാം മനസ്സിൽ വച്ചുകൊണ്ട് ജി. കാർത്തികേയനോട് ഞങ്ങൾ അനീതി കാട്ടിയെന്ന് ശ്രീ. എ. കെ. ബാലൻ പറയരുതായിരുന്നു. മാർക്സിസ്റ്റ് പാർട്ടി നടത്തുന്ന ഒരു സമരവും കഴിഞ്ഞ നാലര വർഷമായി വിജയിച്ചിട്ടില്ല. എന്തെല്ലാം സമരങ്ങൾ നടത്തി. ധർണ്ണ, കൂട്ടധർണ്ണ, പ്രഭാത ധർണ്ണ, മദ്ധ്യാഹ്ന ധർണ്ണ, സായാഹ്ന ധർണ്ണ, പാതിരാ ധർണ്ണ, നിശാ ധാർണ്ണ, തിങ്കളാഴ്ച എൻ.ജി.ഒ. സമരം, ചൊവ്വാഴ്ച അദ്ധ്യാപക സമരം, ബുധനാഴ്ച കർഷക സമരം, വ്യാഴാഴ്ച കർഷകത്തൊഴിലാളി സമരം, വെള്ളിയാഴ്ച പൊതുപണിമുടക്ക്, ശനിയാഴ്ച കേരളാ ബന്ദ്, വില്ലേജാഫീസ് വളയൽ, വില്ലേജാഫീസ് പൊളിക്കൽ, താലൂക്കാഫീസ് വളയൽ, ജില്ലാ കളക്ടറേറ്റ് വളയൽ ഇങ്ങനെ എന്തെല്ലാം സമരങ്ങൾ നടത്തി, ഒരു സമരവും വിജയിപ്പിക്കാൻ മാർക്സിസ്റ്റ് പാർട്ടിക്ക് സാധിച്ചിട്ടില്ല. എല്ലാ സമരവും പരാജയപ്പെട്ടാൽ അത് വിജയിച്ചുവെന്ന് ന്യായീകരിക്കുകയാണ് ചെയ്യാറുള്ളത്.

സർക്കസ്സുകാരൻ സൈക്കിളിൽ നിന്ന് വീണാൽ അതും ഒരു സർക്കസ് ആക്കുന്നതുപോലെ. ഈ മാർക്സിസ്റ്റ് - കമ്മ്യൂണിസ്റ്റ് പാർട്ടി 2006-ന് ശേഷം കേരളത്തിൽ ഒരു തെരഞ്ഞെടുപ്പിലും വിജയിച്ചിട്ടില്ല. ശ്രീ. പിണറായി വിജയൻ ശക്തനായ നേതാവാണെന്നാണ് പറയുന്നത്. 15 കൊല്ലത്തോളം അദ്ദേഹം പാർട്ടി സെക്രട്ടറിയായി. 15 കൊല്ലത്തിനകത്ത് നേതൃത്വം കൊടുത്ത ഒരു തെരഞ്ഞെടുപ്പിലും ജയിപ്പിക്കാൻ അദ്ദേഹത്തിന് സാധിച്ചിട്ടുമില്ല. ഇനി സെക്രട്ടറി സ്ഥാനം ഒഴിഞ്ഞ് അരുവിക്കരയിൽ ജയിക്കുമെന്ന പ്രതീക്ഷയിലാണ് ഇരിക്കുന്നത്. അത് നാളെ നമുക്ക് കാണാൻ സാധിക്കും. 2006-ലെ തിരുവമ്പാടിയിൽ മത്തായി ചാക്കോ 6000 വോട്ടുകൾക്ക് ജയിച്ചിടത്ത് 250 വോട്ടിനാണ് ഉമ്മർ മാഷ് തോറ്റത്. ആ ജയത്തിനുശേഷം 2009-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ തോറ്റു, 2009-ൽ തന്നെ മൂന്ന് അസംബ്ലി നിയോജക മണ്ഡലത്തിലേയ്ക്ക് ഉപതെരഞ്ഞെടുപ്പ് നടന്നു. അതിൽ മൂന്നിലും തോറ്റു. 2010-ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ തോറ്റു, 2011-ലെ നിയമസഭ തെരഞ്ഞെടുപ്പിൽ തോറ്റു, ശ്രീ. ആർ. സെൽവരാജിന്റെ മത്സരത്തിൽ തോറ്റു, ശ്രീ. അനൂപ് ജേക്കബിന്റെ മത്സരത്തിൽ തോറ്റു, 2014-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ 20-ൽ 12 സീറ്റിലും തോറ്റു, ഇനി അരുവിക്കര. കേരളത്തിലെ

അബ്കാരി കോൺട്രാക്ടർമാർ കോടികളാണ് അരുവിക്കരയിലെ തെരഞ്ഞെടുപ്പിന് മാർക്സിസ്റ്റ് പാർട്ടിക്ക് നൽകിയിട്ടുള്ളത്. ഇവിടെ മാണി സാർ നടത്തിയ കോഴയെക്കുറിച്ചാണ് പറയുന്നത്. നാലര വർഷത്തിനിടയ്ക്ക് മുഖ്യമന്ത്രിയടക്കം ഈ മന്ത്രിസഭയിലെ ഏതെങ്കിലും ഒരു മന്ത്രിമാർ അവരുടെ വകുപ്പിലെടുത്ത ഒരു തീരുമാനത്തിന്റെ പേരിൽ ഇവർ ഒരു അഴിമതി ആരോപണം കൊണ്ടുവന്നിട്ടില്ല. സരിതയുടെയും ബിജു രമേശന്റെയും മോഹങ്ങളുടെയും വ്യാമോഹങ്ങളുടെയും അവരുടെ നിരാശയുടെയും പേരിലുണ്ടായ ചില സംഭവവികാസങ്ങളാണ് കേരളത്തിൽ ഈ ആരോപണത്തിന് അടിസ്ഥാനം. ഒരു ജനാധിപത്യ വ്യവസ്ഥിതിയിൽ ആർക്കും ഭരണം നടത്തുന്ന മന്ത്രിമാർക്കെതിരെ ആരോപണമുന്നയിക്കാം. ആ ആരോപണത്തിന് വ്യവസ്ഥാപിതമായ രീതിയിൽ അന്വേഷണം നടത്തി അന്വേഷണ ഉദ്യോഗസ്ഥന്മാർ ആരായാലും ആരോപണം ഉന്നയിച്ചത് ശരിവയ്ക്കണമെന്നുള്ള ശാഠ്യമാണ് മാർക്സിസ്റ്റ് പാർട്ടിയെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നത്. ശ്രീ. വി. എസ്. സുനിൽകുമാർ ടി.വി. അഭിമുഖത്തിലായാലും നിയമസഭയിലായാലും വളരെ ധാർഷ്ട്യത്തോടെ ഞങ്ങൾ കോടതിയിൽ പോകുമെന്നാണ് പറയുന്നത്. കോടതിയിൽ പോകുന്നതിന്

ആരാണ് എതിര്, ഐക്യ ജനാധിപത്യ മുന്നണി എതിര് നിന്നിട്ടുണ്ടോ; ഇവിടെ അതല്ല പ്രശ്നം. മാണി സാറിനെതിരെ വ്യവസ്ഥാപിതമായ രീതിയിൽ വിജിലൻസ് അന്വേഷണം നടത്തി, അദ്ദേഹത്തിന്റെ പേരിൽ കേസെടുക്കേണ്ടയെന്നുള്ളത് ശ്രീ. വിൻസെന്റ് എം. പോളിന്റെ സത്യസന്ധതയെക്കുറിച്ച് ഈ രാജ്യത്തെ പ്രതിപക്ഷത്തിനോ പ്രതിപക്ഷ നേതാവിനോ ഈ രാജ്യത്തെ മറ്റാർക്കെങ്കിലുമോ സംശയമുണ്ടോ; നമ്മുടെ സിവിൽ സർവ്വീസിൽ ശ്രീ. വിൻസെന്റ് എം. പോളിനെക്കുറിച്ച് ഏതെങ്കിലും വിധത്തിലുള്ള സംശയമുണ്ടോ; അത്രയ്ക്ക് സത്യസന്ധനായ ഒരു എ.ഡി.ജി.പി.യുടെ നേതൃത്വത്തിൽ നടത്തിയ ഒരന്വേഷണത്തിൽ കഴമ്പില്ലായെന്ന് കാണുമ്പോൾ ഞങ്ങൾ പറയുന്നതാണ് ശരി, അപ്പോൾ ആരുടെയെങ്കിലും പേരിൽ ആരോപണം ഉന്നയിക്കുക. ഇവിടെ ശ്രീ. വി. എസ്. സുനിൽകുമാർ പറഞ്ഞു, ആരോപണത്തിന്റെ പേരിൽ നേരായ വിധത്തിൽ അന്വേഷണം നടത്തിയോയെന്ന്. പ്രതിപക്ഷവും മാർക്സിസ്റ്റ് പാർട്ടിയും പറയുന്ന വിധത്തിൽ അന്വേഷണം നടത്താൻ സാധിക്കുമോ; മാർക്സിസ്റ്റ് പാർട്ടിയുടെ പേരിൽ എന്തെല്ലാം ആരോപണം വന്നാലും അത് അവർ അന്വേഷിക്കും. കൊലപാതകം നടന്നാൽപോലും പാർട്ടി അന്വേഷിക്കുമെന്ന്

പറഞ്ഞ ഒരു പാർട്ടി ലോകത്തിൽ മാർക്സിസ്റ്റ് - കമ്മ്യൂണിസ്റ്റ് പാർട്ടിയല്ലാതെ വേറെയുണ്ടോ; ടി. പി. ചന്ദ്രശേഖരന്റെ കൊലപാതകക്കേസിൽ എന്താണ് പറഞ്ഞത്, അത് ഞങ്ങൾ അന്വേഷിക്കുമെന്ന്. മാർക്സിസ്റ്റ് പാർട്ടിക്ക് താൽപ്പര്യമുള്ള കൊലക്കേസാണെങ്കിൽ അവർ അന്വേഷിക്കും. മാർക്സിസ്റ്റുകാരുടെ പേരിൽ ആരോപണം വന്നാൽ അത് അവർ അന്വേഷിക്കും. ഇപ്പുറത്ത് സത്യസന്ധമായി അന്വേഷണം നടത്തിയാലും അത് തെറ്റാണ്, അത് സമ്മർദ്ദത്തിന്റെ ഫലമായാണെന്ന് വ്യാഖ്യാനം കൊണ്ടുവരുന്നതിന്റെ അർത്ഥം എന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. തൈലാദിവസ്തുക്കൾ അശുദ്ധമായാൽ പൗലോസു തൊട്ടാൽ അത് ശുദ്ധമാകുമെന്നൊരു പഴമൊഴിയുണ്ട്. മാർക്സിസ്റ്റുകാർ തൊട്ടാൽ എല്ലാം ശുദ്ധമാകും. ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെപ്പറ്റി ഈ സഭയിൽ എന്തെല്ലാമാണ് പറഞ്ഞത്, അങ്ങുതന്നെയാണ് ഇവിടെ പറഞ്ഞതെന്ന് എനിക്ക് തോന്നുന്നു. എത്ര ദിവസമാണ് ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുടെ വാളകം സംഭവത്തിന്റെ പേര് പറഞ്ഞ് ഇവിടെ സഭ സ്തംഭിച്ചത്. അന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചെയ്ത പ്രസംഗം പാർലമെന്ററി മര്യാദയ്ക്ക് ചേർന്നതാണോ; സഭ്യതയുടെ അതിർവരമ്പുകൾ ലംഘിച്ച ആ പ്രസംഗം നമ്മളൊക്കെ കേട്ടിരുന്നതാണ്.

എത്ര ദിവസം നിയമസഭ സ്തംഭിപ്പിച്ചു. ശ്രീ. കെ. ബി. ഗണേഷ് കുമാർ എന്ന മന്ത്രി പെണ്ണുപിടിയനാണെന്നാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് ഈ സഭയിലാണ്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ പ്രസംഗിച്ച വാചകം ഞാനിവിടെ ഉദ്ധരിക്കുന്നില്ല. 93 വയസ്സായ അദ്ദേഹത്തിന്റെ പ്രായത്തിന് നിരക്കാത്ത പദപ്രയോഗങ്ങളാണ് ശ്രീ. കെ. ബി. ഗണേഷ് കുമാറിനെക്കുറിച്ച് പറഞ്ഞത്. അരുവിക്കരയിലെ പാർട്ടി തെരഞ്ഞെടുപ്പ് യോഗത്തിൽ എന്റെ അച്ഛനെപ്പോലെയാണെന്നാണ് ശ്രീ. കെ. ബി. ഗണേഷ് കുമാർ ശ്രീ. വി. എസ്. അച്ചുതാനന്ദനെക്കുറിച്ച് പറഞ്ഞത്. ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ അന്നത്തെ ശ്രീ. കെ. ബി. ഗണേഷ് കുമാറിനെക്കുറിച്ചുള്ള വാചകം ഞാനിവിടെ പറഞ്ഞാൽ അച്ഛനും മകനും തമ്മിലുള്ള ബന്ധത്തിന്റെ അതിരസാവഹമായ കാര്യം ഇവിടെ വെളിപ്പെടും. പക്ഷെ പാർലമെന്ററി അല്ലാത്തതുകൊണ്ട് ഞാൻ പറയുന്നില്ല. ശ്രീ. കോടിയേരി ബാലകൃഷ്ണൻ അച്ഛനെപ്പോലെയാണെന്നാണ് ശ്രീ. കെ. ബി. ഗണേഷ് കുമാർ പറയുന്നത്. അഴിമതിയുടെ തൽസ്വരൂപമാക്കി മാറ്റി ജയിലിലടച്ച് ജാമ്യം കിട്ടിയ ശ്രീ. ആർ. ബാലകൃഷ്ണ പിള്ളയ്ക്കെതിരെപോലും പരാതിയുമായി പോയ ശ്രീ. വി. എസ്. അച്ചുതാനന്ദനെ ഈ കാര്യത്തിൽ ലജ്ജയില്ലേയെന്നാണ് എനിക്ക്

ചോദിക്കാനുള്ളത്. ശ്രീ. എ. കെ. ആന്റണി ആകുന്ന ചന്ദനമരത്തിന്റെ കടയ്ക്കൽ ഏത് വിഷസർപ്പം കൊത്തിയാലും അദ്ദേഹത്തിന് ഒന്നും വരാൻ പോകുന്നില്ല. അമേരിക്കയിൽ ഒരു സാഹിത്യകാരനുണ്ടായിരുന്നു, ഈ സാഹിത്യകാരൻ ന്യൂയോർക്ക് തെരുവീഥിയിലൂടെ തന്റെ വാഹനം ഓടിച്ചുപോകുമ്പോൾ റോംഗ് സൈഡിലൂടെ വന്ന മറ്റൊരു വണ്ടി അദ്ദേഹത്തിന്റെ വണ്ടിയിലിടിച്ചു. ഇടിച്ചപ്പോൾ വന്ന വണ്ടിക്കാരൻ ഈ സാഹിത്യകാരനെ വളരെയധികം അസഭ്യം പറഞ്ഞു. ഈ സാഹിത്യകാരൻ ഒരക്ഷരം മിണ്ടിയില്ല. അങ്ങനെ അസഭ്യം പറഞ്ഞ് മറ്റേ വണ്ടിക്കാരൻ പോയിക്കഴിഞ്ഞപ്പോൾ അവിടെ കൂടിയിരുന്നവരിൽ ഒരാൾ ചോദിച്ചു, റോംഗ് സൈഡിലൂടെ വന്ന് നിങ്ങളുടെ വണ്ടിയിൽ ഇടിച്ചു, നിങ്ങളെ ഒരുപാട് അനാവശ്യം പറഞ്ഞു, നിങ്ങൾ എന്താണ് ഒന്നും തിരിച്ചുപറയാത്തത്. അപ്പോൾ സാഹിത്യകാരൻ പറഞ്ഞു, അതൊരു ചവറുവണ്ടിയാണ്, ചവർ നിറയുമ്പോൾ ആ ചവർ എവിടെയെങ്കിലും നിക്ഷേപിക്കണം. അത് എന്റെ പേരിൽ നിക്ഷേപിച്ചുവെന്നേയുള്ളു. അതുകൊണ്ടാണ് ഞാൻ ഒന്നും പറയാത്തതെന്ന്. ശ്രീ. എ. കെ. ആന്റണി മാന്യനായതുകൊണ്ട് ശ്രീ. വി. എസ്. അച്ചുതാനന്ദൻ പറഞ്ഞതിനെക്കുറിച്ച് മറുപടി പറഞ്ഞില്ല. പുന്നപ്ര – വയലാറിലെ സ്കൂളിൽ ശ്രീ. എ. കെ.

ആന്റണിക്ക് ഒരിക്കലും പ്രവേശിക്കാൻ സാധിക്കില്ലായെന്ന് ശ്രീ. വി. എസ്. അച്ചുതാനന്ദൻ പറഞ്ഞു. അങ്ങ് പുന്നപ്ര - വയലാർ സമരനായകനാണെന്ന് വളരെ വീരവാദം അങ്ങയുടെ വചനസംഘം എപ്പോഴും പാടുന്നുണ്ട്. ഞാൻ എം. ടി. ചന്ദ്രസേനന്റെ പുസ്തകമടക്കം പുന്നപ്ര - വയലാറിനെക്കുറിച്ച് വായിച്ചിട്ടുണ്ട്. ആ വായനയിലൊന്നും ശ്രീ. വി. എസ്. അച്ചുതാനന്ദൻ എന്ന പേര് ഞാൻ കണ്ടിട്ടില്ല. എം. എൻ. ഗോവിന്ദൻ നായരുടെ പേര് കണ്ടിട്ടുണ്ട്, ടി. വി. തോമസിന്റെ പേര് കണ്ടിട്ടുണ്ട്, സുഗതൻ സാറിന്റെ പേര് കണ്ടിട്ടുണ്ട്, ശ്രീമതി കെ. ആർ. ഗൗരിയമ്മയുടെ പേര് കണ്ടിട്ടുണ്ട്. പുന്നപ്ര - വയലാറിനെക്കുറിച്ച് ഞാൻ വായിച്ച ഒരു പുസ്തകത്തിലും പേരില്ലാത്ത അങ്ങ് അങ്ങയുടെ വചന സംഘത്തെക്കൊണ്ട് പുന്നപ്ര - വയലാർ സ്മാരക നേതാവാണെന്ന് പറയാൻ തുടങ്ങിയിട്ട് കാലം കുറെയായി. പക്ഷെ അത് അങ്ങയുടെ കാര്യം. ശ്രീ. എ. കെ. ആന്റണിയെപ്പോലെ സത്യസന്ധനായ ഒരു നേതാവിന്റെ മേക്കിട്ടുകേറാൻ മാത്രം അങ്ങയുടെ യശോധാവള്യം വളർന്നിട്ടില്ലായെന്ന് പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. അങ്ങേയ്ക്ക് ഈ 93 വയസ്സിലും ആ വയസ്സിനനുസരിച്ചുള്ള പക്വതയും പാകതയും ഉണ്ടാകണമെന്ന് ഞാൻ വിനീതമായി അപേക്ഷിക്കുന്നു. നമ്മുടെ നാട്ടിൽ ഒരു പഴഞ്ചൊല്ലുണ്ട്, നായ്ക്കുരുണ മൂത്തുകഴിഞ്ഞാൽ ചൊറി

കൂടുമെന്ന്. 93 വയസ്സാകുമ്പോഴേയ്ക്കും ഇങ്ങനെ ചൊറിയാൻ തുടങ്ങിയാൽ അതിനനുസരിച്ച് മറുപടി അങ്ങേയ്ക്കും കിട്ടുമെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്താങ്ങുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ അതിശക്തിയായി എതിർക്കുകയാണ്. എന്നുമാത്രമല്ല ജനാധിപത്യത്തിന്റെ ശ്രീകോവിലായ ഈ മന്ദിരത്തിൽനിന്ന് ഈ ധനാഭ്യർത്ഥനയെ സംബന്ധിച്ച് സംസാരിക്കുന്നതിന് എനിക്ക് ലജ്ജ തോന്നുന്നു. ആരാണ് ഈ ധനാഭ്യർത്ഥന നടത്തിയത്; കൈക്കൂലി വാങ്ങി എന്ന് കേരളമാകെ വിശ്വസിക്കുന്ന ശ്രീ. കെ.എം. മാണിയല്ലേ ഈ ധനാഭ്യർത്ഥന സഭയ്ക്കു മുമ്പാകെ വച്ചത്; ഈ കോഴ മന്ത്രിയെ മാറ്റിനിർത്തണമെന്നും മറ്റേതെങ്കിലും മന്ത്രി ബഡ്ജറ്റ് അവതരിപ്പിക്കണമെന്നും ഞങ്ങൾ ആവശ്യപ്പെട്ടതിനെ തുടർന്നല്ലേ ഈ സഭയിൽ ഒരിക്കലും നടന്നുകൂടാത്ത കയ്യേറ്റങ്ങൾ നടന്നത്; നമ്മുടെ സഹോദരിമാരായ എം.എൽ.എ.മാരെ അപ്പുറത്തിരിക്കുന്ന ചിലർ കൈകാര്യം ചെയ്തതും നമ്മൾ കണ്ടതാണ്. അങ്ങയോടുള്ള ആദരവുകൊണ്ടും ജനാധിപത്യത്തിലുള്ള വിശ്വാസം കൊണ്ടുമാണ് ഞങ്ങൾ ഈ ചർച്ചയിൽ പങ്കെടുക്കുന്നത്. എന്തിനാണ് ഈ സർക്കാർ

ധനാഭ്യർത്ഥന നടത്തുന്നത്? ഇതൊരു സർക്കാരാണോ; നാണമില്ലേ? സർക്കാരെന്ന പേര് കെട്ടിത്തൂക്കിയിട്ട് ഞങ്ങളെ കൊള്ളചെയ്യുന്ന ഈ കാട്ടുകൂട്ടങ്ങൾക്ക്, കള്ളക്കൂട്ടങ്ങൾക്ക് ധനാഭ്യർത്ഥന നടത്തുവാൻ എന്താണ് അവകാശം? ഈ സർക്കാർ ധനാഭ്യർത്ഥന നടത്തുന്നത് പൊതുഭരണം, നീതിന്യായ നിർവ്വഹണം, മന്ത്രിമാർ, സംസ്ഥാന തലവൻമാർ എന്നിവർക്കാണ്. അതിൽ ഉൾപ്പെടുന്നയാളല്ലേ അഡ്വക്കേറ്റ് ജനറൽ; അദ്ദേഹത്തിന്റെ ശമ്പളം ഒരു ലക്ഷത്തിൽനിന്ന് രണ്ട് ലക്ഷമാക്കി നൽകിയില്ലേ; എന്നുമാത്രമല്ല അരക്കോടി രൂപയല്ലേ അദ്ദേഹത്തിന് ശമ്പളക്കുടിശ്ശികയിൽ അനുവദിച്ചു കൊടുത്തത്; എന്താണ് ഇദ്ദേഹത്തിന്റെ തൊഴിൽ; സലിം രാജിന്റെ ടെലഫോൺ കോളുകളുടെ വിശദാംശങ്ങൾ കേരള ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് ആവശ്യപ്പെട്ടപ്പോൾ അന്നുതന്നെ ആ ഉത്തരവിന് ഡിവിഷൻ ബെഞ്ചിന്റെ സ്റ്റേ വാങ്ങിക്കൊടുത്ത വിദ്വാനല്ലേ അദ്ദേഹം; അന്ന് അദ്ദേഹം ഹൈക്കോടതിയിൽ കാണിച്ച പരാക്രമത്തിന് ഒരുലക്ഷം കൂട്ടിക്കൊടുത്താൽ മതിയോ; ഒരുകോടി കൊടുത്താൽ മതിയോ; അന്ന് ആ ലിസ്റ്റ് പുറത്തു വന്നിരുന്നെങ്കിൽ എന്റെ മുൻവശത്തിരിക്കുന്ന ശ്രീമാൻ ഉമ്മൻ ചാണ്ടി 'മാന്യശ്രീ' സരിതയുമായി സംസാരിച്ച കാര്യങ്ങൾ പുറത്തുവരുമായിരുന്നില്ലേ; ഇത്തരത്തിൽ മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും കള്ളത്തരങ്ങളും കൊള്ളകളും

മറച്ചുവയ്ക്കാനല്ലേ ഈ വകുപ്പ് പണത്തിന്റെ ഭൂരിഭാഗവും അവിഹിതമായി ചെലവിടുന്നത്; ഉമ്മൻ ചാണ്ടി നയിക്കുന്ന ഈ കള്ളക്കൂട്ടങ്ങളുടെ സംഘത്തെ എങ്ങനെയാണ് സർക്കാരെന്ന് വിശേഷിപ്പിക്കുക; എന്തൊക്കെയാണ് ഇവരുടെ മുഖമുദ്ര? അഴിമതി, വെട്ടിപ്പ്, തട്ടിപ്പ്, കേസൊതുക്കൽ, കേസ് പിൻവലിക്കൽ, സദാചാരവിരുദ്ധ പ്രവർത്തനങ്ങൾ - അങ്ങനെയുള്ള, സംസ്കാരമുള്ള ഒരു ജനസമൂഹം ആട്ടിയകറ്റുന്ന എല്ലാ വൃത്തികേടുകളുടെയും കേളീകേദാരമല്ലേ ഈ മന്ത്രിസഭ? ഇത്രയും നാൾ അഴിമതിയും വെട്ടിപ്പും തട്ടിപ്പുമൊക്കെ നടത്തുന്ന ഗൂഢസംഘമാണ് ഈ മന്ത്രിസഭയെന്ന ആരോപണമാണ് ഉണ്ടായിരുന്നത്. ഇപ്പോൾ എന്താണ്; സദാചാര വിരുദ്ധത എന്ന സംസ്കൃത പദത്തിൽ മാത്രം ഒതുക്കാവുന്നതാണോ ഈ കൂട്ടരുടെ ചെയ്തികൾ? ഇവരെപ്പറ്റി പറയാവുന്ന തനി മലയാളം ഞാൻ പറയുന്നില്ല. അത് പറഞ്ഞാൽ പിന്നെ അൺപാർലമെന്ററി എന്നെല്ലാം പറഞ്ഞ് ആവശ്യമില്ലാത്ത കോലാഹലങ്ങളുണ്ടാക്കും. അതുകൊണ്ട് സംഗതി അതല്ലേ; സരിത എസ്. നായരുടെ 'കൊണവതിയാരത്തെപ്പറ്റി' ഞാൻ പറയണമെന്നുണ്ടോ; അവരെ ഒരു മന്ത്രി പുംഗവൻ ഒരു രാത്രി മുഴുവൻ 65 തവണ ഫോണിൽ വിളിച്ചു എന്ന വാർത്തയല്ലേ വന്നിരിക്കുന്നത്? അങ്ങനെയെങ്കിൽ ആ രാത്രിയിൽ ആ വിദ്വാൻ ഉറങ്ങിക്കാണുകയില്ല. സാധാരണക്കാരെ മുഴുവൻ ഉദ്ധരിക്കാനുള്ള ശ്രമങ്ങളിലല്ലേ

അദ്ദേഹം ഉറക്കമിളച്ചിരുന്ന് വ്യാപൃതനായത്; എന്തൊരു കഷ്ടമാണ് ഈ മന്ത്രിസഭയുടെ കാര്യം! പക്ഷേ ഒന്നുണ്ട്, ഈ മന്ത്രി ഭയങ്കര ബുദ്ധിമാനാണ് കേട്ടോ. എന്തുകൊണ്ട് ഇത്തരം ഫോൺ വിളികൾക്ക് മാത്രമായി അദ്ദേഹം രഹസ്യമായി ഒരു സിം കാർഡ് എടുത്തു? ഈ മന്ത്രിയുടെ ലീലാവിലാസങ്ങൾ കേരളീയർക്കാകെ ചിരപരിചിതമായ ആ മാന്യമഹതിയുടെ സ്വന്തം ശബ്ദത്തിലല്ലേ കേരളം കേട്ടത്. പക്ഷേ ഒരു കാര്യം സമ്മതിക്കാതെ വയ്യ. ഈ മന്ത്രിമാരൊക്കെ കറകളഞ്ഞ സോഷ്യലിസ്റ്റുകളാണ്. തനിക്കുകിട്ടുന്നത് മറ്റു മന്ത്രിമാർക്കും ഇവർ പങ്കുവയ്ക്കും. അങ്ങനെയുള്ള മന്ത്രിമാരുടെ ഒരു സംഘം. അവർക്കുവേണ്ടിയല്ലേ ഈ ധനാഭ്യർത്ഥന? കേരള നിയമസഭയുടെ ചരിത്രത്തിലെ നാണംകെട്ട ഏട്. സ്പീക്കർ സാർ, ഇതൊക്കെ കേട്ടിട്ട് അങ്ങേയ്ക്ക് നാണം തോന്നുന്നില്ലേ; ഇതുപോലൊരു അപമാനം മറ്റേതെങ്കിലുമൊരു ജനതയ്ക്ക് ഏറ്റുവാങ്ങേണ്ടി വന്നിട്ടുണ്ടോ? ജനങ്ങളുടെ ക്ഷേമകാര്യങ്ങൾ നോക്കാൻവേണ്ടി ജനങ്ങൾ നല്കിയ അധികാരങ്ങൾ ഉപയോഗിച്ച് സ്വന്തം പള്ളയും കീശയും വീർപ്പിക്കുക എന്നതുമാത്രമല്ലേ? അതിന്റെ പേരിൽ വൃത്തികെട്ട നടപടികളിലും ഏർപ്പെടുന്നു. ലോകചരിത്രത്തിൽ ഇത്ര അധമൻമാരായ ഒരു മന്ത്രിസംഘം ഉണ്ടായിട്ടുണ്ടോ; ഇതിന്റെ പേരിലും വേണമെങ്കിൽ നമ്മുടെ മുഖ്യമന്ത്രിക്ക് ഇവരുടെ നേതാവ് എന്നുള്ള നിലയിൽ ഒരു അവാർഡ്

തരപ്പെട്ടുത്താവുന്നതാണ്.

ഞാൻ സെക്രട്ടേറിയറ്റിനെ വ്യഭിചാരശാലയെന്നു വിളിച്ചു എന്ന് ചിലർ ആരോപണം ഉന്നയിക്കുന്നതു കേട്ടു. സെക്രട്ടേറിയറ്റിനെ ചില മന്ത്രിമാർ വ്യഭിചാരശാലയാക്കുന്നു എന്നാണ് ഞാൻ പറഞ്ഞത്. അല്ലാതെ സെക്രട്ടേറിയറ്റ് എന്നല്ല. ഇത് രണ്ടും രണ്ട് കാര്യങ്ങളാണ്. ഏതായാലും ഇതിൽ പ്രതിഷേധിച്ച് സെക്രട്ടേറിയറ്റിലെ ചിലയാളുകൾ ഒരു പ്രതിഷേധ പ്രകടനം നടത്തിയ വാർത്ത ഞാൻ പത്രങ്ങളിൽ വായിച്ചു. ആ പ്രതിഷേധ പ്രകടനം ഉദ്ഘാടനം ചെയ്തത് 'യുവ സിങ്കം' ശ്രീ. പി. സി. വിഷ്ണുനാഥ് എം.എൽ.എ. ആണ്. ഇത്തരമൊരു പരിപാടിക്ക് ഉദ്ഘാടകനായി വരാൻ പരമ യോഗ്യൻ, 'പരമയോഗ്യൻ' ശ്രീ. പി. സി. വിഷ്ണുനാഥ് തന്നെയാണ്. എന്താണ് അദ്ദേഹത്തിന്റെ യോഗ്യത; സരിത എസ്. നായരുടെ പറ്റുപടി പുസ്തകത്തിലെ നാലാമത്തെ പേരുകാരൻ....... നാലാമത്തെ പേരുകാരൻ.... അദ്ദേഹം ഇക്കാര്യത്തിൽ മാത്രമല്ല വിദഗ്ദ്ധൻ. നല്ല വാഗ്മിയാണ്. നട്ടാൽ കുരുക്കാത്ത കള്ളം ജനം വിശ്വസിക്കത്തക്ക രീതിയിൽ തട്ടിവിടാൻ വിദഗ്ധൻ. കോൺഗ്രസിന്റെ നുണപ്രചരണ സെല്ലിന്റെ സ്വയം പ്രഖ്യാപിത കമാൻഡർ...... കമാൻഡർ...... കമാൻഡർ...... ഇദ്ദേഹമിത് നേരത്തെ ഒരിക്കൽ സൂചിപ്പിച്ചതാണ്. ഇപ്പോഴെനിക്ക് തോന്നുന്നു ഹിറ്റ്ലറുടെ പ്രചരണ മന്ത്രിയായിരുന്ന ജോസഫ് ഗീബൽസ്

ജീവിച്ചിരുന്നെങ്കിൽ തീർച്ചയായും ശ്രീ. പി.സി. വിഷ്ണനാഥിന്റെ ശിഷ്യത്വം സ്വീകരിക്കുമായിരുന്നു. നിൽപ്പും ഭാവവും നടപ്പും കണ്ടാൽ പച്ചപരമാർത്ഥി. കൈയ്യിലിരിപ്പോ; അതുകൊണ്ട് ഇനിയും ഇത്തരം പരിപാടികളൊക്കെ ഉദ്ഘാടനം ചെയ്ത് ശ്രീ. പി. സി. വിഷ്ണനാഥിന് കാലം കഴിക്കാവുന്നതാണ്.

ഞാൻ തുടക്കത്തിലേ സൂചിപ്പിച്ചു, എന്തിനുവേണ്ടിയാണ് ഈ സർക്കാർ ധനാഭ്യർത്ഥന നടത്തുന്നത്; ഈ സർക്കാരിന്റെ പ്രവർത്തനം കൊണ്ട് ആർക്കാണ് നേട്ടം ഉണ്ടാകേണ്ടത്; അഴിമതിക്കാരായ ഈ മന്ത്രിമാർക്കും ഇവർക്കിടയിൽ പ്രവർത്തിക്കുന്ന ചില കങ്കാണിമാർക്കുമല്ലേ; ഇവരുടെയൊക്കെ പേരുകൾ ഞാൻ ഇനിയും പറയണമോ; ഈ നാട്ടിലെ സാധാരണക്കാരും പാവപ്പെട്ടവരും തൊഴിലാളികളായിട്ടുള്ളവരുമായ ജനവിഭാഗങ്ങൾക്ക് എന്തെങ്കിലും പ്രയോജനം നിങ്ങളുടെ ഭരണംകൊണ്ട് ഉണ്ടായിട്ടുണ്ടോ? വികസനവും കരുതലുമെന്ന് ആണയിട്ടുകൊണ്ട് എന്താണ് ഇവർ ചെയ്യുന്നത്. സ്വന്തം പള്ളയും കീശയും വീർപ്പിക്കുന്ന മന്ത്രിമാർക്കും നിങ്ങളുടെ പാർശ്വവർത്തികൾക്കുമാണ് വികസനം. പിന്നെ കരുതൽ - ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. കെ. എം. മാണിയും ശ്രീ. കെ. ബാബുവും അടക്കമുള്ളവർക്കും നല്ല കരുതലാണ്. അവരുടെ വരാനിരിക്കുന്ന നാലഞ്ച് തലമുറകളെകുറിച്ചും നല്ല കരുതലാണ്. അതല്ലേ ഇവരുടെ ചെയ്തികളിലൂടെ

ബോധ്യപ്പെടുന്നത്. സാധാരണക്കാരൻ അനുഭവിക്കുന്ന വിലക്കയറ്റത്തിന്റെ സ്ഥിതി എന്താണ്? ഉമ്മൻചാണ്ടി അധികാരത്തിൽ വരുന്നതിന്റെ നാലുവർഷങ്ങൾക്ക് മുൻപ് കിലോയ്ക്ക് 15-16 രൂപ വിലയുണ്ടായിരുന്ന അരിക്ക് ഇപ്പോൾ എത്രയാണ് വില? ഒരു കിലോ അരിക്ക് 40 ഉം 45 ഉം രൂപ വരെയായി. ഈ തെരഞ്ഞെടുപ്പുകാലത്ത് കോൺഗ്രസ്സുകാർ പ്രചരിപ്പിച്ചത് കേട്ടു, ഞങ്ങൾ ഒരു രൂപയ്ക്ക് അരി കൊടുത്തില്ലേ എന്ന്. ഒരു രൂപയ്ക്ക് കൊടുത്ത അരിക്ക് എന്തു സംഭവിച്ചു എന്ന് മാധ്യമങ്ങൾ പുറത്തുകൊണ്ടുവന്നിട്ടുണ്ട്. സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഒരു രൂപ വിലയ്ക്കുള്ള അരി ലോറിക്കണക്കിന് മറിച്ചുവിറ്റ്, കരിഞ്ചന്തയിൽ കളർ ചേർത്ത് മാർക്കറ്റിൽ എത്തുമ്പോൾ ഒരു രൂപയുടെ അരിക്ക് 40 രൂപയായി മാറുകയാണ്. സിവിൽ സപ്ലൈസും കേരളത്തിലെ വലിയ മാളുകളും തമ്മിലുള്ള അവിശുദ്ധ ബന്ധമാണ് ഇവിടെ നടക്കുന്നത്. ഈ അരിവച്ച് ചോറുണ്ണാൻ, ഒരു അയല വാങ്ങണമെങ്കിൽ എത്ര രൂപവേണം? ഒരെണ്ണത്തിന് 60 രൂപ. സാധാരണക്കാർ ഏറെ ഉപയോഗിക്കുന്ന മത്തി ഒന്നിനുപോലും 20 രൂപ വരെ വിലയില്ലേ; പച്ചക്കറിയുടെ കാര്യമോ? മുഴുവൻ വിഷമാണ്. അതിനുതന്നെ തീവിലയും.

കിലോയ്ക്ക് 60 രൂപ വിലയുണ്ടായിരുന്ന വെളിച്ചെണ്ണയ്ക്കും ഇപ്പോൾ 150 രൂപയായി. പഞ്ചസാരയ്ക്ക് വില 15 ൽ നിന്ന് 35 വരെ വർദ്ധിച്ചു. സമാനമായ രീതിയിൽ മറ്റെല്ലാ നിത്യോപയോഗ സാധനങ്ങൾക്കും രണ്ടും മൂന്നും ഇരട്ടി വിലയായില്ലേ? ഈ വിലക്കയറ്റത്തിന്റെ കെടുതിയിൽനിന്നും ജനങ്ങൾക്ക് ആശ്വാസം നൽകാനുള്ള സർക്കാർ സംവിധാനമല്ലേ സപ്ലൈകോയും കൺസ്യൂമർഫെഡും; അവിടെ മുഴുവൻ അഴിമതിയുടേയും കുത്തരങ്ങല്ലേ; എന്തെങ്കിലും സാധനം നീതിസ്റ്റോറിലോ നന്മ സ്റ്റോറിലോ കിട്ടാനുണ്ടോ? ശബ്ദതാരാവലി രചിച്ച ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള ഇന്ന് ജീവിച്ചിരുന്നുവെങ്കിൽ ഈ സർക്കാരിന്റെ ചെയ്തികൾ കണ്ട് 'നീതി, നന്മ' എന്നീ വാക്കുകൾക്ക് വേറെ അർത്ഥമായിരിക്കും നൽകുക. കൺസ്യൂമർഫെഡിലാണെങ്കിൽ ചെയർമാൻ പറയുന്നു, എം.ഡി അഴിമതിക്കാരനാണെന്ന്. എം.ഡി പറയുന്നു, ചെയർമാൻ അഴിമതിക്കാരനാണെന്ന്. ജീവനക്കാരാകട്ടെ, ഈ രണ്ടുപേരും അഴിമതിയുടെ ആശാൻമാരാണ് എന്നു പറയുന്നു, അതല്ല ശരി. ഇന്ന് ഭരിക്കുന്ന മന്ത്രിമാരാണ് അഴിമതിക്കാർ. അവർക്കുവേണ്ടി അഴിമതി നടത്തുന്നവരാണ് ഉദ്യോഗസ്ഥൻമാരും ചെയർമാനും എം.ഡി. യുമൊക്കെ.

പിന്നെയെങ്ങനെ ആ സ്ഥാപനം ജനങ്ങൾക്ക് പ്രയോജനം ചെയ്യും? സിവിൽ സപ്ലൈസിന്റെ മന്ത്രി ആൾ കന്നിക്കാരനാണെങ്കിലും അഴിമതി നടത്തുന്നതിൽ പെരിയസ്വാമിയാണ്..... 'പെരിയസ്വാമിയാണ് '. 4 വർഷം കൊണ്ടുതന്നെ മേൽപ്പടിയാൻ 40 വർഷം കൊണ്ട് നടത്താവുന്ന അഴിമതി നടത്തി റിക്കാർഡ് സൃഷ്ടിച്ചിരിക്കുകയാണ്. സമൂഹത്തിൽ ഏറ്റവും ക്ലേശം അനുഭവിക്കുന്ന ജനവിഭാഗങ്ങളെ ആകെ മറന്ന സർക്കാരല്ലേ ഇത്? കർഷകത്തൊഴിലാളി പെൻഷൻ, കയർ തൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ, വികലാംഗ പെൻഷൻ, തൊഴിലില്ലായ്മ വേതനം എന്നിവയിൽ നൽകേണ്ട പണം പോലും നിങ്ങൾ കട്ടു മുടിച്ചില്ലേ; ആ പാവങ്ങൾക്ക് എത്ര മാസത്തെ പെൻഷനാണ് കുടിശ്ശിക ഉള്ളത്? അരുവിക്കര തെരഞ്ഞെടുപ്പു പ്രചരണവേളയിൽ നമ്മുടെ മുഖ്യമന്ത്രി പല ആദിവാസി കേന്ദ്രങ്ങളിലും ചെന്ന് അവരുണ്ടാക്കിക്കൊടുത്ത കപ്പയും ചമ്മന്തിയുമൊക്കെ മൂക്കറ്റം കഴിച്ച്, ഏമ്പക്കം വിട്ടില്ലേ; പക്ഷേ ആ പാവങ്ങൾ വല്ലതും കഴിച്ചോ എന്ന് അന്വേഷിച്ചോ? അവരുടെ ഒട്ടിയ വയറുകൾ, ചോർന്നൊലിക്കുന്ന കൂരകൾ, പൊട്ടിപ്പൊളിഞ്ഞ റോഡുകൾ, ഇതൊക്കെ മുഖ്യമന്ത്രി

കണ്ടതല്ലേ; പിന്നെ എന്താണ് മിസ്റ്റർ ഉമ്മൻചാണ്ടി, നിങ്ങൾ ആദിവാസി ക്ഷേമത്തെക്കുറിച്ച് പറയുന്നത്? കെ.എസ്.ആർ.ടി.സി. പെൻഷൻകാരെ പറഞ്ഞു പറ്റിക്കുകയല്ലേ ഈ സർക്കാർ ചെയ്യുന്നത്; മാസം 8,300 രൂപയല്ലേ അവർക്ക് പെൻഷനായി കൊടുക്കുന്നത്; എത്രമാസത്തെ കുടിശ്ശികയാണ് അവർക്ക് കൊടുക്കാനുള്ളത്? നിങ്ങളുടെ ഈ പറ്റിക്കൽ സഹിക്കവയ്യാതെയല്ലേ അരുവിക്കര മണ്ഡലത്തിലെ കോൺഗ്രസ്സുകാർ അടക്കമുള്ള ആളുകളും കെ.എസ്.ആർ.ടി.സി പെൻഷൻകാരും യു.ഡി.എഫ്. ന് എതിരെ വോട്ടുചെയ്യുമെന്ന് പ്രഖ്യാപിച്ചത്? ഒരായുസ്സു മുഴുവൻ കെ.എസ്.ആർ.ടി.സി. യിൽ ജോലി ചെയ്ത് പെൻഷൻ പറ്റിയ 24 പേരല്ലേ ഈ സർക്കാരിന്റെ കാലത്ത് മരുന്നിന് പോലും കാശില്ലാതെ ആത്മഹത്യചെയ്തത്? ഇതൊക്കെ നോക്കി നടത്തേണ്ട മന്ത്രി കരിക്ക് കുടിക്കുന്ന ഓർമ്മയിൽ ആഹ്ളാദിച്ചു നടക്കുകയല്ലേ? കരിക്കിന്റെ അംബാസിഡറാണ് അദ്ദേഹം. ബാർ കോഴക്കേസ്സ് എങ്ങനെ അട്ടിമറിച്ചു എന്ന് ഇന്ന് രാവിലെ ഇവിടെ വിശദമാക്കിയതാണ്. എല്ലാം കട്ടുമുടിച്ചിട്ട് അധികാരമുപയോഗിച്ച് കേസ്സെല്ലാം ഇല്ലാതാക്കുകയും ചെയ്യുന്നു. നിങ്ങളുടെ ഭരണം മുഴുവൻ ഇതല്ലേ കാണിക്കുന്നത് ; ഈ

കൊള്ളയ്ക്ക് വേണ്ടിയല്ലേ നിങ്ങളീ ധനാഭ്യർത്ഥന നടത്തുന്നത്? ഈ കൊള്ളയ്ക്ക് കൂട്ടു നിൽക്കാൻ ഞങ്ങൾക്ക് മനസ്സില്ല. അതുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുകയാണ്.

(പ്രതിപക്ഷനേതാവിന്റെ പ്രസംഗത്തെത്തുടർന്ന് പ്രതിപക്ഷനേതാവും പ്രതിപക്ഷം ഒന്നടങ്കം സഭാനടപടികൾ ബഹിഷ്ക്കരിക്കുകയും മുദ്രാവാക്യം മുഴക്കി സഭവിട്ട് പുറത്തുപോവുകയും ചെയ്തു.)

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, പ്രതിപക്ഷം ഇവിടെ പറഞ്ഞതെല്ലാം വളരെ ശ്രദ്ധയോടുകൂടി ഞങ്ങൾ കേട്ടിരുന്നതാണ്. ബഡ്ജറ്റ് അവതരിപ്പിച്ചില്ലാ എന്നു പറഞ്ഞ് എല്ലാ ബഹിഷ്കരണങ്ങളും നടത്തി. അരുവിക്കര തിരഞ്ഞെടുപ്പ് വന്നപ്പോൾ ഗത്യന്തരമില്ലാതെ അവരുടെ നിലപാട് മാറ്റേണ്ടിവന്നു. അതിന് ഞങ്ങൾ നന്ദി പറയുന്നത് അരുവിക്കരയിലെ ജനങ്ങളോടാണ്. ആ ജാള്യത മറച്ചുവയ്ക്കാൻ വേണ്ടിയാണ് ഏറ്റവും ഒടുവിലത്തെ ഈ ഇറങ്ങിപ്പോക്ക് ഉൾപ്പെടെ ഇന്നിവിടെ നടത്തിയ നാടകങ്ങളെല്ലാം. വിമർശിക്കാം, ആ വിമർശനം സഹിഷ്ണതയോടുകൂടി കേൾക്കേണ്ട ബാധ്യത ഞങ്ങൾക്കുണ്ട്. ഈ ഗവൺമെന്റ് അതെല്ലാം കേട്ടു. പക്ഷെ, മറുപടി കേൾക്കാൻ വേണ്ട മര്യാദമാത്രം അവർ കാട്ടിയില്ല.

അത് എന്ത് ജനാധിപത്യമാണെന്ന് എനിക്കറിയില്ല. ഇവിടെ പറഞ്ഞ കാര്യങ്ങൾക്ക് മറുപടിയായി ഗവൺമെന്റിനുവേണ്ടി പറയേണ്ട കാര്യങ്ങൾ ഉണ്ട്. പ്രതിപക്ഷനേതാവിന് ഞാൻ മറുപടി പറയുന്നില്ല. കാരണം, ഈ സഭയ്ക്ക് മാത്രമല്ല അതിനെക്കാൾ കൂടുതൽ ആ പാർട്ടിക്കുകൂടി അപമാനകരമായ ഒരു പ്രസംഗമാണ് ഇവിടെ ചെയ്തത്, അത് അവരുടെ പാർട്ടി തീരുമാനിക്കട്ടെ. ഇതിന് ഞാൻ മറുപടി പറഞ്ഞ് ആ സാഹചര്യം കൂടുതൽ വഷളാക്കുന്ന ഒരു സ്ഥിതി ഞാൻ ആഗ്രഹിക്കുന്നില്ല.

ഞാൻ ഈ സഭയിൽ വന്നിട്ട് 45 വർഷമായി. ഇതുവരെ ഒരവസരത്തിലും ഞാൻ ഈ സഭയ്ക്കോ ഒരു നിയമസഭാ അംഗത്തിനോ ചേരാത്തവിധത്തിലുള്ള ഒരു പരാമർശവും നടത്തിയിട്ടില്ല. ഇനി നടത്തരുത് എന്ന നിർബന്ധവുമുണ്ട്. അതുകൊണ്ട് ആ കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല. പക്ഷെ, ഇതിലൊക്കെ പുലർത്തേണ്ട ചില മര്യാദകൾ ഉണ്ട്. പ്രതിപക്ഷനേതാവ് അതൊന്നും കണക്കിലെടുക്കില്ല. ശ്രീ.എ.കെ. ആന്റണി ഇന്ത്യയിൽ കക്ഷി രാഷ്ട്രീയത്തിനതീതമായി എല്ലാവരും ബഹുമാനിക്കുന്ന ഒരു സമുന്നതനായ നേതാവാണ്. അദ്ദേഹത്തെ പോലും വിമർശിക്കുന്ന അല്ലെങ്കിൽ ആക്ഷേപിക്കുന്ന

പ്രതിപക്ഷ നേതാവ് അത് മനസ്സിലാക്കുമെന്ന് എനിക്ക് തോന്നുന്നില്ല. പക്ഷേ അവരുടെ പാർട്ടിയെങ്കിലും അത് പരിശോധിക്കേണ്ടേ? അരുവിക്കര തെരഞ്ഞെടുപ്പ് നടക്കുന്ന സമയത്ത് ഒരു എം.എൽ.എ.യുടെ പേരിൽ ഒരു ആക്ഷേപം വന്നു. ആരെങ്കിലും തിരിഞ്ഞ് നോക്കിയോ? അത് അതിന്റെ വഴിക്ക് എന്നല്ലാതെ കോൺഗ്രസ്സോ യു.ഡി.എഫ്.-ലെ ഒരു ഘടകകക്ഷിയോ ആരും തന്നെ ആ വഴിക്ക് നോക്കിയിട്ടില്ല. വഴിയിൽ കേൾക്കുന്നതുവച്ചുകൊണ്ട് ഇവിടെ വന്ന് എന്തും പറയാം എന്ന് കരുതിയാൽ എന്ത് ചെയ്യാൻ പറ്റും? ഇവിടെ ചില ഒളിക്യാമറ വച്ചുവെന്ന് പറഞ്ഞു; അവർ അത് നിഷേധിച്ചിട്ടുണ്ട്. പക്ഷേ ആ നിഷേധം പ്രശ്നമല്ല. അതൊക്കെയാണ് വന്ന് പറയുന്നത്. അതുകൊണ്ട് യാഥാർത്ഥ്യവുമായി ഒരു ബന്ധവുമില്ലാത്ത ചില കാര്യങ്ങൾ ഉന്നയിച്ചുകൊണ്ട് നടത്തിയ, ഈ സഭയ്ക്കും ഈ സഭയുടെ പാരമ്പര്യത്തിനും ചേരാത്ത വിധത്തിലുള്ള പ്രതിപക്ഷ നേതാവിന്റെ പ്രസംഗത്തെ ഞാൻ പൂർണ്ണമായും തള്ളിക്കളയുന്നു, അതിന് മറുപടി പറയുവാൻ ആഗ്രഹിക്കുന്നില്ല. അദ്ദേഹത്തിന്റെ പാർട്ടി അത് പരിശോധിക്കട്ടെ. ഈ ഗവൺമെന്റ് നാല് വർഷം പൂർത്തിയാക്കിയതിനുശേഷം ഇങ്ങനെയൊരു

ധനാഭ്യർത്ഥനയുമായി വരുമ്പോൾ അഭിമാനത്തോടുകൂടിയാണ് ഈ സഭയെ ഞാൻ അഭിമുഖീകരിക്കുന്നത്. ജനങ്ങൾ തെരഞ്ഞെടുത്ത ഒരു ഗവൺമെന്റിന്റെ പ്രഥമ കടമ ജനങ്ങൾക്ക് ഒരുറച്ച ഗവൺമെന്റ് കൊടുക്കുകയെന്നതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ രണ്ട് എം.എൽ.എ.മാരുടെ ഭൂരിപക്ഷമേ ഉണ്ടായിരുന്നുള്ളൂ. ആ ഭൂരിപക്ഷത്തെ പ്രതിപക്ഷ നേതാവ് എത്ര തരംതാണ നിലയിലാണ് വിമർശിച്ചത്? പക്ഷേ അദ്ദേഹവും പ്രതിപക്ഷവും പ്രതീക്ഷിച്ചത് ഏതാനും മാസങ്ങൾക്കുള്ളിൽ ഈ ഗവൺമെന്റ് താഴെ വീഴുമെന്നാണ്. പക്ഷെ, എനിക്ക് അഭിമാനത്താടുകൂടി പറയുവാൻ സാധിക്കും, കഴിഞ്ഞ നാലുവർഷവും ജനങ്ങൾ അർപ്പിച്ച വിശ്വാസം പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് ആ കടമ നിർവ്വഹിച്ചു, ഒരു ഉറച്ച ഗവൺമെന്റ് സംസ്ഥാനത്തിന് പ്രദാനം ചെയ്തു എന്നതിൽ ഏറ്റവും അധികം അഭിമാനിക്കുന്നു. ഇവിടെ വന്ന മറ്റൊരു വിമർശനം ഒരു പ്രവർത്തിക്കുന്ന ഗവൺമെന്റ് ഉണ്ടോയെന്നാണ്. കഴിഞ്ഞ നാലുവർഷവും ഒരുറച്ച ഗവൺമെന്റ് ഈ സംസ്ഥാനത്തിന് നൽകിയെന്നതുപോലെതന്നെ ഗവൺമെന്റിന്റെ സാന്നിധ്യം എവിടെയൊക്കെ ആഗ്രഹിക്കുന്നോ അവിടെയൊക്കെ ആ

ഉത്തരവാദിത്വം നിറവേറ്റിയിട്ടുണ്ട്. ഒരു ഗവൺമെന്റ് ആക്ടീവ് ആകേണ്ടത് ആ ഗവൺമെന്റിന്റെ ക്രൈസിസ് പീരിയഡിലും ക്രൈസിസ് മാനേജ്മെന്റിലുമാണ്. എന്തെല്ലാം പ്രശ്നങ്ങളാണ് ഈ നാലുകൊല്ലത്തിനിടയിൽ നേരിട്ടത്? കസ്തൂരി രംഗൻ റിപ്പോർട്ട് വന്നപ്പോൾ കേരളം തിളച്ചുമറിഞ്ഞു. ആറ് സംസ്ഥാനങ്ങളിലായാണ് പശ്ചിമഘട്ടം വ്യാപിച്ചുകിടക്കുന്നത്. പക്ഷെ, കേരളം മാത്രമാണ് കേന്ദ്രഗവൺമെന്റ് പറഞ്ഞ രീതിയിലുള്ള നടപടികൾ മുഴുവൻ പൂർത്തിയാക്കി അതിന്റെ എല്ലാ രേഖകളും കൊടുത്തത്. കേരളത്തിലെ 123 വില്ലേജുകളാണ് കസ്തൂരി രംഗൻ റിപ്പോർട്ടിൽ വരുന്നത്. ആ 123 വില്ലേജുകളിലും പഞ്ചായത്ത് അടിസ്ഥാനത്തിൽ കമ്മിറ്റിയുണ്ടാക്കി മറ്റ് എല്ലാ details-ഉം കൊടുത്തു. ഗ്രീൻ ട്രിബ്യൂണൽ കേരളത്തിന്റെ നടപടിയെ അഭിനന്ദിച്ചുകൊണ്ട് തുടർനടപടികളുമായി മുന്നോട്ട് പോകാൻ കേന്ദ്രഗവൺമെന്റിന് നിർദ്ദേശം കൊടുത്തിരിക്കുകയാണ്. ലോകത്തിന്റെ എല്ലാ ഭാഗത്തും മലയാളികൾ ഉണ്ട്. ലോകത്തിന്റെ ഏത് ഭാഗത്ത് പ്രശ്നങ്ങൾ ഉണ്ടായാലും കേരളത്തിലാണ് ആദ്യം നിലവിളികൾ ഉയരുന്നത്. ഇറാക്കിലും, ലിബിയയിലും, യെമനിലുമുള്ള മലയാളികൾക്ക് പ്രശ്നങ്ങളുണ്ടായപ്പോൾ, സംസ്ഥാന ഗവൺമെന്റിന്

ഒരു ഉത്തരവാദിത്വവുമില്ലെന്ന് പറഞ്ഞ് മാറിനിൽക്കുകയല്ല ഞങ്ങൾ ചെയ്തത്. ആ പ്രശ്നങ്ങളുടെ ഇടയിലേയ്ക്ക് ഇറങ്ങിച്ചെന്നു, അവിടെ ഇടപെട്ടു. ആശ്വാസകരമായ നടപടികൾ സ്വീകരിച്ചതിലൂടെ അവർക്കും അവരുടെ കുടുംബങ്ങൾക്കുമുണ്ടായ ആശങ്കകളകറ്റുവാൻ സാധിച്ചു. പാവപ്പെട്ട രണ്ട് മത്സ്യത്തൊഴിലാളികളെ ഇറ്റാലിയൻ ഭടൻമാർ വെടിവച്ച് കൊന്നപ്പോൾ സംസ്ഥാന ഗവൺമെന്റ് ശക്തമായ നിലപാടെടുത്തു. സംസ്ഥാന ഗവൺമെന്റ് എടുത്ത നിലപാടിനെ അന്നത്തെ കേന്ദ്ര ഗവൺമെന്റ് പൂർണ്ണമായിട്ടും അംഗീകരിച്ചു. സംസ്ഥാന ഗവൺമെന്റിന്റെ ആ നിലപാടിനെ ബഹുമാനപ്പെട്ട സുപ്രീം കോടതിപോലും അംഗീകരിച്ചു. ഈ കേസിൽ ഇറ്റാലിയൻ ഗവൺമെന്റ് എല്ലാ സ്വാധീനങ്ങളും ഉപയോഗിക്കാൻ ശ്രമിച്ചു. അവർ അവരുടെ നയതന്ത്രബന്ധങ്ങൾ അതിനുവേണ്ടി വിനിയോഗിച്ചു. പക്ഷെ, നമ്മുടെ രണ്ട് പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ അകാരണമായി വെടിവെച്ച് കൊന്നവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവന്ന് വിസ്തരിക്കണമെന്ന സംസ്ഥാനത്തിന്റെ നിലപാടിന് അംഗീകാരം കിട്ടിയെന്നുള്ള ഒരു ചാരിതാർത്ഥ്യമുണ്ട്. കേരളത്തിലെ ജനങ്ങൾ ആഗ്രഹിക്കുന്ന രീതിയിലുള്ള പ്രവർത്തനം കാഴ്ചവയ്ക്കാനും കഴിഞ്ഞ നാലു

വർഷം വളരെയേറെ കാര്യങ്ങൾ ചെയ്യാനും സാധിച്ചു. അതുകൊണ്ടുതന്നെയാണ് ഇതിനിടയ്ക്ക് നടന്ന രണ്ട് നിയമസഭാ ഉപതിരഞ്ഞെടുപ്പുകളിലും പാർലമെന്റ് ഇലക്ഷനിലും യു.ഡി.എഫ്. വിജയിച്ചത്. അതുകൊണ്ട്, ഇവിടെ ഒരു ഗവൺമെന്റുണ്ടോയെന്നും ഗവൺമെന്റ് പ്രവർത്തിക്കുന്നുണ്ടോയെന്നും ചോദിക്കുമ്പോൾത്തന്നെ, കഴിഞ്ഞ നാലു വർഷത്തിനിടയിൽ നടന്ന തെരഞ്ഞെടുപ്പുകളിലെല്ലാം കേരളത്തിലെ ജനങ്ങൾ യു.ഡി.എഫ്-നെ വിജയിപ്പിച്ചത് നിശ്ചയമായും ഈ രാഷ്ട്രീയ പശ്ചാത്തലത്തിലാണ് എന്നതിൽ യാതൊരു സംശയവും വേണ്ട.

വികസനവും കരുതലുമാണ് ഈ ഗവൺമെന്റിന്റെ മുദ്രാവാക്യം. ഈ രണ്ട് ആവശ്യങ്ങളോടും പൂർണ്ണമായും നീതി പുലർത്തിക്കൊണ്ടാണ് ഗവൺമെന്റ് മുന്നോട്ട് പോയിട്ടുള്ളത്. ഇവിടെ കൊച്ചി മെട്രോ, സ്മാർട്ട് സിറ്റി, കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം തുറമുഖം, തിരുവനന്തപുരം-കോഴിക്കോട് ലൈറ്റ്മെട്രോ, ദേശീയ ജലപാത തുടങ്ങിയവയെല്ലാം ഈ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള പ്രധാനപ്പെട്ട പദ്ധതികളാണ്. കേരളത്തിൽ അപൂർവ്വങ്ങളിൽ അപൂർവ്വങ്ങളായിട്ടാണ് ഇതുപോലുള്ള

പ്രോജക്ടുകൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഇതൊക്കെ 25 വർഷത്തിലൊരിക്കൽ മാത്രം കേരളത്തിൽ സംഭവിക്കുന്നതാണ്. 1970-കളിൽ ഇടുക്കി പദ്ധതിവന്നു. പിന്നെ 1990-കളിൽ ആണ് നെടുമ്പാശ്ശേരി എയർപോർട്ട് വന്നത്. അങ്ങനെയുള്ള ഈ കേരളത്തിൽ കഴിഞ്ഞ 4 കൊല്ലത്തിനുള്ളിൽ നമ്മുടെ സ്വപ്ന പദ്ധതികൾ ഓരോന്നായി ആവിഷ്കരിച്ചുകൊണ്ടുവരുവാൻ സാധിച്ചു എന്നുള്ളതിൽ ഈ ഗവൺമെന്റിന് അഭിമാനമുണ്ട്. വിഴിഞ്ഞം തുറമുഖം നമ്മുടെ സംസ്ഥാനത്തിന്റെ അഭിമാനവും തിരുവനന്തപുരത്തിന്റെ സ്വപ്ന പദ്ധതിയുമാണ്. അതിനെപ്പോലും എതിർക്കുന്ന സ്ഥിതി വന്നു. പക്ഷെ, എന്ത് എതിർപ്പുണ്ടായാലും വിഴിഞ്ഞം യാഥാർത്ഥ്യമാകണമെന്ന് ജനങ്ങൾ ആഗ്രഹിക്കുന്നു. അതുകൊണ്ട് വിഴിഞ്ഞം യാഥാർത്ഥ്യമാകും, 'ആക്കും' എന്ന് ഉറപ്പുപറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. വികസനം പോലെതന്നെ പ്രധാനമാണ് കരുതൽ. നിരവധി പരിപാടികൾ കരുതലിനുവേണ്ടി മുന്നോട്ട് കൊണ്ടുവന്നിട്ടുണ്ട്. പ്രതിപക്ഷം ഇവിടെ ഇല്ലാത്ത സാഹചര്യത്തിൽ ഞാൻ കൂടുതലായി പറയുവാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ ഒരു കാര്യം പറയാതിരിക്കാൻ സാധ്യമല്ല. അത് കാരുണ്യ

പദ്ധതിയെക്കുറിച്ചാണ്. ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി നേതൃത്വം കൊടുത്തുകൊണ്ടുവന്ന ആ പദ്ധതി ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്കും ലോകത്തിനുംതന്നെ മാതൃകയാണ്. നമുക്ക് സാമ്പത്തികമായ ചില ബുദ്ധിമുട്ടുകൾ ഉണ്ട്. ആ ബുദ്ധിമുട്ടുകളുടെ നടുവിലും ഇതിനായി പണം കണ്ടെത്തി ഈ പദ്ധതി ഏറ്റവും വിജയകരമായി നടപ്പിലാക്കാൻ സാധിച്ചു. 746 കോടി രൂപയാണ് ഇതിനോടകം 92000 കുടുംബങ്ങൾക്കായി വിതരണം ചെയ്തിരിക്കുന്നത്. 92000 കുടുംബങ്ങൾക്കേ ഇതിന്റെ ആവശ്യം വന്നുള്ളൂ, അവർ മാത്രമാണ് അപേക്ഷ തന്നത്. പക്ഷേ ഈ 92000 കുടുംബങ്ങൾക്ക് മാത്രമല്ല ഇതിൽനിന്നും ആശ്വാസം കിട്ടിയിരിക്കുന്നത്. കേരളത്തിലെ മുഴുവൻ കുടുംബങ്ങൾക്കും ഒരു ആശ്വാസം, ഒരു വിശ്വാസം - എനിക്ക് ഒരു പ്രശ്നമുണ്ടായാൽ, എന്റെ കുടുംബത്തിന് ഒരത്യാഹിതമുണ്ടായാൽ ഒരിടത്തൊരു അപേക്ഷ കൊടുക്കാമെന്നും അവിടെനിന്നും ആശ്വാസം കിട്ടുമെന്നുമുള്ള വലിയ ആത്മവിശ്വാസം കേരളത്തിലെ മുഴുവൻ കുടുംബങ്ങൾക്കും ഉണ്ടാക്കാൻ സാധിച്ചു എന്നുള്ളതാണ് കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ പ്രയോജനം. അതാണ് ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ നേട്ടം എന്ന്

പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. വികസനത്തിനും കരുതലിനും വേണ്ടിയുള്ള നിരവധി പരിപാടികൾ മുന്നോട്ടുവച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് നീങ്ങുന്നത്. അതൊക്കെ വിജയകരമായി മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കും. എല്ലാ വിഭാഗം ജനങ്ങളുടെയും പിന്തുണയോടുകൂടി ഈ സർക്കാർ മുമ്പോട്ട് നീങ്ങും. ഇന്ന് രാവിലെ അടിയന്തരപ്രമേയം അവതരിപ്പിച്ച അവസരത്തിൽ ഏറ്റവും വലിയ പ്രശ്നമായി ഉന്നയിച്ചത് ബാർകോഴയുമായി ബന്ധപ്പെട്ട കാര്യമാണ്. അതിനുള്ള മറുപടി ആഭ്യന്തര വകുപ്പുമന്ത്രി വിശദമായി ഇവിടെ പറയുകയും ചെയ്തു. ഈ അടിയന്തരപ്രമേയം ഉന്നയിച്ചുകൊണ്ട് പ്രമേയം അവതരിപ്പിച്ചവർ ഇവിടെ പറയേണ്ടത് എന്തായിരുന്നു? ഈ കേസ് ഇങ്ങനെ അവസാനിപ്പിക്കുന്നതിൽ പ്രതിഷേധിച്ചുകൊണ്ട് ഇവിടെ പ്രമേയം കൊണ്ടുവരുമ്പോൾ പറയേണ്ടത് എന്തായിരുന്നു? മാണിസാറിനെതിരായി ആരെങ്കിലും കൊടുത്ത ഒരു മൊഴിയുടെ വാചകം ഉന്നയിച്ചുകൊണ്ട്....... ഈ വാചകം എന്തുകൊണ്ട് നിങ്ങൾ കണക്കിലെടുത്തില്ല? അതല്ലേ പറയേണ്ടത്. ഞാൻ പ്രതീക്ഷിച്ചത് പ്രതിപക്ഷം അതിനെക്കുറിച്ച് സംസാരിക്കുമെന്നാണ്. പക്ഷേ, അതിനെക്കുറിച്ച് അവർ സംസാരിച്ചതേയില്ല. എന്താണ് അതിന്റെ അർത്ഥം? അവർക്ക് അതിനെക്കുറിച്ച് ഒന്നും പറയാനില്ല എന്നാണ്. എന്റെ പേരിൽ ഞാൻ പറഞ്ഞു എന്നുപറഞ്ഞത്

ശരിയാണെന്നാണ് ഇതിൽ നിന്നും മനസ്സിലാകുന്നത്. ഞാൻ പറഞ്ഞത് പത്രങ്ങളിൽ കണ്ട വാർത്തകളുടെ അടിസ്ഥാനത്തിലാണ്. പത്രത്തിൽ കണ്ട വാർത്തകളുടെ അടിസ്ഥാനത്തിലാണ് ഒരാൾപോലും മാണിസാറിനെതിരായി മൊഴി കൊടുത്തിട്ടില്ല എന്നു ഞാൻ പറഞ്ഞത്. അത് 100 ശതമാനം അംഗീകരിക്കുന്ന ഒരു അവതരണമാണ് ശ്രീ. എസ്. ശർമ്മ നടത്തിയതും, അതിനുശേഷം ഇവിടെയുള്ള പ്രതിപക്ഷ നേതാക്കൾ വാക്കൗട്ടിനു മുമ്പ് സംസാരിച്ചതും അത്തരത്തിൽ തന്നെയാണ്. അവർക്ക് ഒന്നും പറയാനില്ല. 309 സാക്ഷികളുടെ മൊഴിയെ സംബന്ധിച്ച് പറഞ്ഞ സമയത്ത് പറയേണ്ടിയിരുന്നത് സാക്ഷി മൊഴിയിൽ പറഞ്ഞ തെളിവല്ലേ? അതെന്തുകൊണ്ട് ഉപയോഗിച്ചില്ല. പറയാൻ അവർക്ക് കഴിയില്ല. മറ്റൊന്നുകൂടി പറയാമായിരുന്നു. ഞങ്ങൾ പറഞ്ഞ ഏതെങ്കിലും ഒരാളുടെ മൊഴി എടുത്തിട്ടില്ല എന്നു പറയാമായിരുന്നു. അതും പറഞ്ഞില്ല. അപ്പോൾ എടുത്ത മൊഴിയെക്കുറിച്ച് അവർക്കാർക്കും ഒരു തർക്കവുമില്ല. മൊഴി എടുത്തില്ല എന്നുള്ള ആക്ഷേപവും ഇല്ല. അപ്പോൾ ബാർ കോഴയെ സംബന്ധിച്ച് നടത്തിയ അന്വേഷണത്തെക്കുറിച്ച് ആഭ്യന്തരമന്ത്രി ഇവിടെ പറഞ്ഞത് അക്ഷരംപ്രതി പ്രതിപക്ഷം അംഗീകരിച്ചു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ആ കാര്യത്തിൽ അവർക്ക് വേറൊരു അഭിപ്രായവുമില്ല. പിന്നെ രാഷ്ട്രീയപ്രചരണത്തിനുവേണ്ടി

ഇത്രയും നാളുകൾ എടുത്തിരുന്ന നിലപാടിൽ നിന്ന് അവർ ചെയ്യുന്ന എല്ലാ കാര്യങ്ങൾക്കും തിരിച്ചടി വാങ്ങുകയാണ്. സോളാർ കേസ് പറഞ്ഞ് എത്ര ദിവസം ഈ സഭ സ്തംഭിച്ചു. ഒരന്വേഷണം വേണമെന്ന് പറഞ്ഞതനുസരിച്ച് അന്വേഷണം അന്നുതന്നെ പ്രഖ്യാപിച്ചു. അന്വേഷണത്തിനുവച്ച ടേംസ് ഓഫ് റഫറൻസ് ഏതു കാര്യവും കൊണ്ടുവരാവുന്ന വിധത്തിലുള്ളതാണ്. നിയമസഭയ്ക്കകത്ത് പറഞ്ഞതും പുറത്ത് മാധ്യമങ്ങളിൽ വന്നതും എല്ലാം കവർ ചെയ്യുന്ന വിധത്തിൽ ഒരു ടേംസ് ഓഫ് റഫറൻസോടുകൂടിയുള്ള ഒരു അന്വേഷണം കേരളത്തിൽ മാത്രമല്ല ഇൻഡ്യയിൽ പോലും നടന്നുകാണില്ല. എന്തും അന്വേഷണപരിധിയിൽ വരും. കക്ഷി ഏതെന്നുപോലുമില്ല. തെളിവില്ലെങ്കിൽ കക്ഷി ചേർന്നതിനുശേഷം ആ സമയത്ത് എന്തെങ്കിലും കാണിക്കുന്നതിനു പകരം എത്ര ലാഘവ ബുദ്ധിയോടുകൂടിയാണ് അന്വേഷണം വേണമെന്ന് ആവശ്യപ്പെട്ടത് എന്നുള്ളതിന്റെ വ്യക്തമായ തെളിവാണ്. കക്ഷിചേരാൻ പോലും ഈ പ്രതിപക്ഷകക്ഷികളാരും തയ്യാറായില്ല. ഇവിടെ നാഷണൽ ഗെയിംസിനെ സംബന്ധിച്ച് എന്തെല്ലാം ആക്ഷേപങ്ങളാണ് പറഞ്ഞത്. സഭയ്ക്കകത്തു പറഞ്ഞു, പുറത്തു പറഞ്ഞു. സി.ബി.ഐ. അന്വേഷണം വേണമെന്ന് പറഞ്ഞു. സി.ബി.ഐ. പരിശോധിച്ചു. അതിനകത്ത് യാതൊന്നുമില്ലെന്ന് ഇപ്പോൾ സി.ബി.ഐ. ആണ് പറഞ്ഞിരിക്കുന്നത്. ഞാൻ മനസ്സിലാക്കുന്നിടത്തോളം, എന്റെ

ഓർമ്മ ശരിയാണെങ്കിൽ സി.ബിഐ. അങ്ങനെ ഒരു ക്ലീൻ ചിറ്റ് ഒരിക്കലും കൊടുക്കാറില്ല. തെളിവില്ല എന്നുവേണമെങ്കിൽ കൊടുക്കുമായിരിക്കും. പക്ഷേ, ഇവിടെ കൊടുത്തിരിക്കുന്നത് കേസ് എടുക്കത്തക്കവിധത്തിലുള്ള യാതൊന്നുമില്ല എന്ന നിലയിൽ കോടതിക്ക് റിപ്പോർട്ട് ചെയ്യുന്ന എന്നാണ് കേട്ടത്. ബാർകോഴ കേസാണ് പിന്നെ പ്രതിപക്ഷം എല്ലാ വിശ്വാസവും അർപ്പിച്ച ഒരു സംഗതി. അത് ഇങ്ങനെയുമായിരിക്കുകയാണ്. ഇവിടെ ചില മെമ്പർമാർ പ്രതിപക്ഷത്തിരുന്ന് പറഞ്ഞതനുസരിച്ച് മുഴുവൻ അഴിമതിയാണ്. അഴിമതിയിൽ മുങ്ങിക്കുളിച്ച് നിൽക്കുകയാണെന്നാണ്. ആരോപണം പറഞ്ഞാൽ അഴിമതിയാകുമോ? ഒരിക്കലും ആകില്ല. ആരോപണം പറഞ്ഞാൽ അഴിമതി ആകില്ല. അഴിമതി ആകണമെങ്കിൽ അതിന് അടിസ്ഥാനമുണ്ടാകണം. അതിനുള്ള അടിസ്ഥാനം അവർക്കുണ്ടാക്കാൻ സാധിക്കണം. പക്ഷേ, യാതൊരു അടിസ്ഥാനവുമില്ലാതെ അന്വേഷണം വയ്ക്കുമ്പോൾ കക്ഷി ചേരുന്നില്ല. അവർ പറഞ്ഞ ഏജൻസിയായ സി.ബി.ഐ. അന്വേഷിച്ചിട്ട് ഒന്നും കണ്ടെത്താൻ സാധിക്കുന്നില്ല. ബാർ കോഴകേസ്സിൽ ഇതുപോലൊരു അന്വേഷണം എവിടെ നടന്നിട്ടുണ്ട്; എത്ര നാളെടുത്തു; എത്രപേരെ ചോദ്യം ചെയ്തു? എല്ലാം കഴിഞ്ഞു. അപ്പോൾ ഇതൊക്കെ നേരത്തെ ഞാൻ പറഞ്ഞതുപോലെ- ചെറിയ ഭൂരിപക്ഷമാണ്, ഈ ഗവൺമെന്റ് അധികനാൾ നീണ്ടുനിൽക്കില്ല

എന്നൊക്കെ പ്രതീക്ഷിച്ചിടത്ത് ഒരു തടസ്സവുമില്ലാതെ മുന്നോട്ടുപോകുന്നത് കാണുമ്പോൾ ഉണ്ടാകുന്ന രാഷ്ട്രീയ നിരാശയാണ് പ്രതിപക്ഷം കാട്ടുന്നത്. വെറും രാഷ്ട്രീയ നിരാശയാണ്. ആരോപണങ്ങൾ പറഞ്ഞുകൊണ്ട് ഈ ഗവൺമെന്റിനെ ജനങ്ങൾക്കുവേണ്ടി നാടിന്റെ വികസനത്തിനുവേണ്ടി ചെയ്യാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളിൽ നിന്ന് പുറകോട്ട് അയയ്ക്കാൻ അവർക്ക് സാധ്യമല്ല. പക്ഷേ, എന്ത് ആക്ഷേപങ്ങൾ വന്നാലും അതിന് നിയമപരമായ നടപടി എടുക്കാനും അന്വേഷണം നടത്താനും ഗവൺമെന്റ് തന്റേടം കാണിച്ചിട്ടുണ്ട്. ഇനിയും ഇതുപോലുള്ള കാര്യങ്ങളിൽ ധീരമായ നടപടിതന്നെ സ്വീകരിക്കും എന്ന കാര്യത്തിൽ സംശയമില്ല. ഞാൻ അവസാനിപ്പിക്കുകയാണ്. അരുവിക്കരയുടെ പേരിൽ ഇവിടെ പല അവകാശവാദങ്ങളും പറഞ്ഞു. ഞാൻ കൂടുതലൊന്നും അതിനെക്കുറിച്ച് പറയുന്നില്ല. അരുവിക്കര പ്രചരണം ആരംഭിക്കുന്നതിനുമുമ്പ് ഞാനൊരു കാര്യം പറഞ്ഞിട്ടുണ്ട് - ഈ ഗവൺമെന്റിനെക്കുറിച്ചുള്ള വിലയിരുത്തലായിരിക്കും അരുവിക്കരയിലെ തെരഞ്ഞെടുപ്പ് എന്നുപറയുന്നത്. ഞാൻ അവിടെത്തന്നെ നിൽക്കുകയാണ്. അതിനപ്പുറത്തേയ്ക്ക് ഞാനൊന്നും പറയുന്നില്ല. ധനാഭ്യർത്ഥനകൾ ഐകകണ്ഠ്യേന പാസ്സാക്കി തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u> : സംസ്ഥാനഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന

ഉദ്യോഗസ്ഥന്മാർ എന്ന II - ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിലുള്ള കാര്യ വിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2015-16 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനുവേണ്ടി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ..........................

പ്രമേയം ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നീതിന്യായ നിർവ്വഹണം എന്ന III - ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2015-16 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനുവേണ്ടി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ..........................

പ്രമേയം ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2015 ജൂൺ മാസം 30-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.37 – ന് പിരിഞ്ഞു.)

************